മി. സ്പീക്കർ : ശ്രീ. കെ. സി. ജോസഫ്, അങ്ങയുടെ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ ?

ശ്രീ. കെ. സി. ജോസഫ് : ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ : ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു ; റിപ്പോർട്ട് സഭ അംഗീകരിച്ചിരിക്കുന്നു.

VIII ധനകാര്യം

2010-2011 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലേക്കുള്ള ഉപധനാഭ്യർത്ഥനകളെ സംബന്ധിച്ച ചർച്ചയും വോട്ടെടുപ്പും

ദേവസ്വവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി) : സർ, അച്ചടിയും മറ്റു ഭരണപരമായ സർവ്വീസുകളും എന്ന XIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 22,50,00,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

കൃഷി വകുപ്പുമന്ത്രി (ശ്രീ. മുല്ലക്കര രത്നാകരൻ) : സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എ. ബേബി) : സർ, വിദ്യാഭ്യാസം, കായിക വിനോദം, കല, സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 2,08,73,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) : സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. പാലോളി മുഹമ്മദ് കുട്ടി) : സർ, നഗരവികസനം എന്ന XXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 5,00,00,000 രൂപയുടെയും പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1,00,23,000 രൂപയുടെയും സാമൂഹിക വികസനം എന്ന XXXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 42,79,000 രൂപയുടേയും ഉപധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എ. ബേബി) : സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

എക്സൈസും തൊഴിലും വകുപ്പുമന്ത്രിക്കുവേണ്ടി നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ) : സർ, തൊഴിലും തൊഴിലാളിക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 10,00,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം എക്സൈസും തൊഴിലും വകുപ്പുമന്ത്രിക്കുവേണ്ടി ഞാൻ അവതരിപ്പിക്കുന്നു.

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. പാലോളി മുഹമ്മദ് കുട്ടി) : സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

LIBRARY ARCHIVES Kerala Legislative Assembly

കൃഷി വകുപ്പുമന്ത്രി (ശ്രീ. മുല്ലക്കര രത്നാകരൻ) : സർ, കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 7,02,45,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) : സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രിക്കു വേണ്ടി ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) : സർ, ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 14,31,00,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രിക്കുവേണ്ടി ഞാൻ അവതരിപ്പിക്കുന്നു.

കൃഷി വകുപ്പുമന്ത്രി (ശ്രീ. മുല്ലക്കര രത്നാകരൻ) : സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) : സർ, മൽസ്യബന്ധനം എന്ന XXXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1,00,00,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ എം. എ. ബേബി) : സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

പിന്നോക്ക പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി (ശ്രീ എ. കെ. ബാലൻ) : സർ, വൈദ്യുത പദ്ധതികൾ എന്ന XXXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 2,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ) : സർ, ഞാൻ പ്രമേയത്തെ പിൻതാങ്ങുന്നു.

ശ്രീ. പി. സി. വിഷ്ണുനാഥ് : സർ, ഞാൻ സപ്ലിമെന്ററി ഡിമാന്റ്സിനെ എതിർക്കുകയാണ്. ഈ നിയമസഭയിൽ ഭാരതത്തിന്റെ രാഷ്ട്രപതിയായിരുന്ന ശ്രീ. എ. പി. ജെ. അബ്ദുൾകലാം അദ്ദേഹത്തിന്റെ വികസന കാഴ്ചപ്പാടുകൾ അവതരിപ്പിച്ചു. അദ്ദേഹം എപ്പോഴും പറയുന്ന ഒരു കാര്യം, ഉന്നതമായ സ്വപ്നം കാണാൻ കഴിയുന്ന ഒരു തലമുറ നമ്മുടെ രാജ്യത്തിന്റെ വളർച്ചയ്ക്കും പുരോഗതിക്കും അനിവാര്യമാണെന്നാണ്. ഈ മന്ത്രിസഭയിൽ അത്തരത്തിൽ ഉന്നതമായ സ്വപ്നം കാണുന്ന ഒരു മന്ത്രിയെ മാത്രമേ ഞങ്ങൾക്ക് കാണാൻ കഴിയുന്നുള്ളൂ. അത് ബഹുമാന്യനായ മന്ത്രി ശ്രീ. എം. വിജയകുമാറാണ്. അദ്ദേഹം ഒരു ബഡ്ജറ്റിന്റെ ചർച്ചയിൽ നിയമസഭയിൽ പറഞ്ഞിരുന്നു അദ്ദേഹത്തിന്റെ സ്പോർട്സ് വകുപ്പിൽ എല്ലാ പഞ്ചായത്തിലും ഒരു നീന്തൽക്കുളമെങ്കിലും ഉണ്ടാകണമെന്ന സ്വപ്നം ഇവിടെ പങ്കുവച്ചു. ആ സ്വപ്നം യാഥാർത്ഥ്യമായി. പക്ഷെ അപ്പോഴേക്കും അദ്ദേഹം പൊതുമരാമത്ത് വകുപ്പിന്റെ മന്ത്രിയായി. ഇപ്പോൾ ഒരു പഞ്ചായത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

ഒരു കുളമല്ല ഒരുപാട് കുളം ഉണ്ടാക്കുവാനും അദ്ദേഹത്തിന്റെ സ്വപ്നം യാഥാർത്ഥ്യമാക്കുവാനും കഴിഞ്ഞ ചാരിതാർത്ഥ്യമുള്ള ഏക മന്ത്രിയായി ഈ മന്ത്രിസഭയിലുള്ളത് അദ്ദേഹം മാത്രമാണ്. ഇവിടെ ഞാൻ ചെറുപ്പക്കാരുടെ പ്രതിനിധിയായി നിയമസഭയിൽ നിൽക്കുമ്പോൾ ഇന്ന് ഏറ്റവുമധികം ചർച്ച ചെയ്യപ്പെടുന്നത് നിയമന തട്ടിപ്പുകളാണ്. കൃത്രിമ മാർഗ്ഗത്തിൽകൂടി ചില ആളുകൾ നടത്തുന്ന തട്ടിപ്പുകൾ മാത്രമല്ല അധികാര ദുർവിനിയോഗത്തിൽ കൂടി ഗവൺമെന്റ് തന്നെ ഇത്തരം തട്ടിപ്പുകൾക്ക് കൂട്ടു നിൽക്കുന്ന വാർത്തമാനങ്ങളും വാർത്തകളും പുറത്ത് വരികയാണ്. ഇവിടെ കഴിഞ്ഞ ബഡ്ജറ്റിൽ ഒമ്പത് പുതിയ പൊതുമേഖലാ സ്ഥാപനങ്ങൾ പ്രഖ്യാപിച്ചു. അത്

[12.00 Noon]

നിലവിൽ യാഥാർത്ഥ്യമായി വന്നുകഴിഞ്ഞിട്ടില്ല. അതിനുമുമ്പുതന്നെ കഴിഞ്ഞ ക്യാബിനറ്റിൽ 1919 പുതിയ പോസ്റ്റുകൾ സൃഷ്ടിക്കാനുള്ള തീരുമാനമെടുത്തു. ഈ തീരുമാനമെടുക്കുമ്പോൾ ഇത് ധനകാര്യവകുപ്പിന്റെ പരിശോധനയിൽക്കൂടി കടന്നു പോയിട്ടില്ല. അത് ഞാൻ മനസ്സിലാക്കിയതാണ്. ബ്യൂറോ ഓഫ് പബ്ലിക് എന്റർപ്രൈസസ് ഈ വിവരം അറിഞ്ഞിട്ടില്ല. എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയല്ല നിയമിക്കാൻ പോകുന്നത്. 1919 പുതിയ പോസ്റ്റുകൾ സൃഷ്ടിച്ചിട്ട് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴിയല്ലാതെ ഇഷ്ടക്കാരെ ഇഷ്ടംപോലെ പിൻവാതിൽവഴി തിരുകി കയറ്റാനുള്ള ഗവൺമെന്റിന്റെ നേതൃത്വത്തിലുള്ള ഒരു നിയമന തട്ടിപ്പ് ഇവിടെ നടക്കാൻ പോകുകയാണ്. അതിൽത്തന്നെ 1400-ഓളം പോസ്റ്റുകൾ നോൺ-ടെക്നിക്കലാണ്. ആരെയും, നിയമിക്കാൻ കഴിയുന്നതാണ്. ഇവിടെ പതിനഞ്ചും ഇരുപതും വർഷമായി എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്തിട്ട് ഒരു ജോലി കിട്ടേണ്ട അവിടെനിന്ന് മുഷിഞ്ഞ ഒരു കാർഡ് കിട്ടാൻ കാത്തിരിക്കുന്ന പതിനായിരക്കണക്കിന്, ലക്ഷക്കണക്കിന് ആളുകളുള്ള സംസ്ഥാനത്ത് അവരെയെല്ലാം നിരാശപ്പെടുത്തിക്കൊണ്ട് ഇത്തരത്തിൽ പിൻവാതിൽ നിയമനങ്ങൾ നടക്കുകയാണ്. പൊതുമേഖലാ സ്ഥാപനങ്ങളിൽ നടക്കുന്ന നിയമനങ്ങൾ മാത്രമല്ല, ഏറ്റവും പ്രധാനപ്പെട്ട, നമ്മൾ ഏറ്റവും വിലമതിക്കുന്ന ഭരണഘടനാ സ്ഥാപനമായ പബ്ലിക് സർവ്വീസ് കമ്മീഷൻ ചെയർമാന്റെ നിയമനംപോലും വിവാദത്തിലാവുകയാണ്. പി.എസ്.സി. ചെയർമാന്റെ കാലാവധി തീരാൻ ഇനിയും ഒരു വർഷംകൂടിയുണ്ട്. പക്ഷേ തങ്ങൾക്കിഷ്ടമുള്ള ആളെ പി.എസ്.സി. ചെയർമാനായി നിയമിക്കുന്നതിനുവേണ്ടി അദ്ദേഹത്തെ വി.ആർ.എസ്. എന്ന പ്രലോഭനത്തിൽ കുടുക്കി അദ്ദേഹത്തെക്കൊണ്ട് രാജിവയ്പിച്ച് പുതിയ ആളെ പി.എസ്.സി.-യിൽ നിയമിക്കാൻ വേണ്ടിയുള്ള ശ്രമം നടക്കുകയാണ്. പി.എസ്.സി. ചെയർമാന്റെ നിയമനംപോലും ഇത്ര തരംതാണ രീതിയിലേയ്ക്ക് വരുന്നത് ഒരു സമൂഹത്തിന് എങ്ങനെയാണ് ഉൾക്കൊള്ളാൻ കഴിയുക ? കോഴിക്കോട് സർവ്വകലാശാല വി. സി. യുടെ നിയമനംതന്നെ എടുക്കാം. വി. സി. യുടെ പാനലിലേയ്ക്ക് തെരഞ്ഞെടുക്കുന്ന എല്ലാ ആളുകളേയും തീരുമാനിക്കുന്നതടക്കമുള്ള നിയമനവുമായി ബന്ധപ്പെട്ട കാര്യങ്ങൾ നിലനിൽക്കുന്ന വ്യവസ്ഥകൾക്ക് വിരുദ്ധമായി കോഴിക്കോട് സർവ്വകലാശാല വി.സി.-യെ തീരുമാനിക്കാനുള്ള തീരുമാനവുമായി മുന്നോട്ടുപോകുകയാണ്. അവിടത്തെ പ്യൂൺ നിയമന കാര്യത്തിൽ ക്യാബിനറ്റ് തീരുമാനിച്ചു. അത്

LIBRARY ARCHIVES Kerala Legislative Assembly

പി.എസ്.സി.-യെക്കൊണ്ട് ചെയ്യിക്കാമെന്ന്. പക്ഷേ ഇപ്പോൾ എന്താണ് പറയുന്നത് ? നോട്ടിഫിക്കേഷൻ നേരത്തെ കൊടുത്തതാണെന്ന വ്യാജേന ചോദ്യപേപ്പർ പുറത്തായ പരീക്ഷയിലെ ആളുകളെത്തന്നെ വീണ്ടും പ്യൂൺമാരായി നിയമിക്കുന്നതിനുവേണ്ടി കോഴിക്കോട് സർവ്വകലാശാലയിൽ പരസ്യമായ നീക്കങ്ങളാരംഭിച്ചിരിക്കുകയാണ്. എന്റെ കയ്യിൽ ജസ്റ്റിസ് സുകുമാരൻ കമ്മീഷൻ റിപ്പോർട്ടുണ്ട്. ജസ്റ്റിസ് സുകുമാരന്റെ കൂടെ കുരുവിള ജോൺ ഐ.എ.എസ്, മെമ്പറാണ്, കെ. പത്മകുമാർ ഐ.പി.എസ്., മെമ്പറാണ്. ഇവർ രണ്ടുപേരും ഗവൺമെന്റിന്റെ പ്രതിനിധികളാണ്. ജസ്റ്റിസ് സുകുമാരൻ എന്താണ് അന്വേഷിച്ചത് ? ഉപലോകായുക്തയുടെ വിധി വന്നു. കേരള സർവ്വകലാശാലയുടെ അസിസ്റ്റന്റ് നിയമനത്തിൽ വ്യാപകമായ ക്രമക്കേടുണ്ടായി എന്ന് മാത്രമല്ല, കേരളത്തിന്റെ ചരിത്രത്തിൽ ഇതുവരെ ഉണ്ടാകാത്ത രീതിയിൽ അതിന്റെ ഒ.എം.ആർ. ഷീറ്റുകൾ എവിടെപ്പോയി ? അന്തരീക്ഷത്തിൽ അലിഞ്ഞുപോയോ എന്ന് സംശയിക്കുന്ന തരത്തിൽ നിയമസഭയിൽ അടിയന്തര പ്രമേയം കൊണ്ടുവന്ന ഒരു വിഷയമാണ്. അന്ന് ഈ ഗവൺമെന്റ് എന്ത് നിലപാടാണ് സ്വീകരിച്ചത് ? ആ ഉപലോകായുക്താ വിധിക്കെതിരെ ഹൈക്കോടതിയിൽ കേരള സർവ്വകലാശാല കേസ്സിനുപോയത് കേരള സർവ്വകലാശാലയുടെ പണം ഉപയോഗിച്ചാണ്. കുട്ടികൾ ഫീസിനത്തിലടക്കം കൊടുക്കുന്ന പണം ഉപയോഗിച്ചുകൊണ്ട് ഹൈക്കോടതിയിൽ സർവ്വകലാശാല കേസ്സിനുപോയി. ഹൈക്കോടതി നിയമിച്ച ജസ്റ്റിസ് സുകുമാരൻ കമ്മിഷന്റെ റിപ്പോർട്ട് ഇപ്പോൾ പുറത്തുവന്നു; നമ്മുടെയെല്ലാം കയ്യിലുണ്ട്. അതിൽ എന്താണ് പറയുന്നത് ? "The entire selection process is vitiated by illegalities and irregularities" എന്നാണ് പറഞ്ഞത്. വൈസ് ചാൻസലർക്ക് പങ്കുണ്ടെന്നാണ് പറഞ്ഞത്. പ്രോ-വൈസ്ചാൻസലർക്ക് പങ്കുണ്ടെന്നാണ് പറഞ്ഞത്. സിൻഡിക്കേറ്റ് മെമ്പറായ ശ്രീ. റഷീദ്, ശ്രീ. ബി. എസ്. രാജീവ് എന്നിവരെയാണ് വീണ്ടും സെനറ്റ് മെമ്പർമാരാക്കാൻ വേണ്ടി ഗവൺമെന്റ് ഗവർണ്ണർക്ക് അയച്ചതും ഗവർണ്ണർ നിരാകരിച്ചതും. സി.പി.ഐ.(എം)-ന്റെ ഏറ്റവും ഉന്നതരായ രാജീവിനെപ്പോലെയും റഷീദിനെപ്പോലെയുമുള്ള ആളുകൾക്ക് ഈ സർവ്വകലാശാലാ നിയമനത്തിന്റെ ക്രമക്കേടിൽ ഉത്തരവാദിത്വമുണ്ടെന്ന് ചൂണ്ടിക്കാണിച്ചുകൊണ്ട് ജസ്റ്റിസ് സുകുമാരൻ കമ്മിഷന്റെ റിപ്പോർട്ട് പുറത്തുവന്നിരിക്കുകയാണ്. രാജപ്പൻ ചെട്ടിയാരുടെ മക്കളാണ് വയനാട്ടിലെ വ്യാജ നിയമനത്തിൽ പ്രതികളായതെങ്കിൽ ഇവിടെ രാജപ്പൻ ചെട്ടിയാരുടെ മക്കളല്ല, എ. എസ്. സോനാ റാണി, ഫോർമർ യൂണിവേഴ്സിറ്റി യൂണിയൻ വൈസ് ചെയർപേഴ്സൺ ആന്റ് എസ്.എഫ്.ഐ. ലീഡർ; വൈഫ് ഓഫ് എസ്.എസ്. മനോജ്, ഫോർമർ എസ്.എഫ്.ഐ. ഡിസ്ട്രിക്ട് പ്രസിഡന്റ് എന്നിവരാണ്. ഒരു വീട്ടിൽനിന്ന് രണ്ടുപേർ; സീനു സത്യനാഥനും സുജ സത്യനാഥനും. ഇവിടെ പതിനായിരക്കണക്കിനും ലക്ഷക്കണക്കിനും ആളുകൾ ജോലിക്കുവേണ്ടി അലഞ്ഞു നടക്കുമ്പോൾ ഒരു വീട്ടിൽനിന്ന് രണ്ടുപേർക്ക് അസിസ്റ്റന്റായി നിയമനം കൊടുത്തിരിക്കുകയാണ്. നിക്സൺ എൽ.എ., നിഷിമോൾ; two candidates of the same house. അടുത്തത് രാജി. ആർ, രജനി. ആർ.; two candidates of the same house. എന്നുമാത്രമല്ല, അവസാനം ആരേഴ് പേരുണ്ട്; Neighbours of Advocate A. A. Rasheed, Syndicate Member. സിൻഡിക്കേറ്റ്

LIBRARY ARCHIVES Kerala Legislative Assembly

മെമ്പർ റഷീദിന്റെ അയൽപക്കത്തുള്ള ആറേഴ് പേർക്ക് ഈ വ്യാജനിയമനം കൊടുത്തിരിക്കുകയാണ്. ഈ നിയമനത്തട്ടിപ്പ് നടത്തിയത് ആരാണ് ? ഗവൺമെന്റിന്റെ ഓരോ സമീപനങ്ങളിൽനിന്നും ഇത് വ്യക്തമാണ്. ഒരു വശത്ത് കൃത്രിമ മാർഗ്ഗങ്ങളിൽക്കൂടി ചില ആളുകൾ നിയമനത്തട്ടിപ്പ് നടത്തുമ്പോൾ ഉത്തരവാദപ്പെട്ട ആളുകൾ നടത്തുന്ന നിയമനത്തട്ടിപ്പിന് കേരളത്തിലെ ഗവൺമെന്റ് കഴിഞ്ഞ നാല് വർഷമായി ഇതിന് സാക്ഷ്യംവഹിച്ചുകൊണ്ടിരിക്കുകയാണ്. ഇവിടെ വയനാട്ടിലെ അഭിലാഷ് പിള്ളയുടെ കാര്യം പറഞ്ഞു. ബഹുമാനപ്പെട്ട മന്ത്രിക്ക് ധാർമ്മിക ഉത്തരവാദിത്വത്തിൽനിന്ന് ഒഴിഞ്ഞുമാറാൻ കഴിയുമോ ? ഭക്ഷ്യവിഷബാധ ഉണ്ടാകുമ്പോൾ കേന്ദ്ര മന്ത്രിമാർ രാജിവച്ചത് അവർ പലചരക്കു കട നടത്തിയതിന്റെ പേരിലല്ല. അവർ ധാർമ്മികത ഉൾക്കൊണ്ട് രാഷ്ട്രീയ പ്രവർത്തനം നടത്തിയതിന്റെ പേരിലാണ്. ഇവിടെ റവന്യൂ വകുപ്പുമന്ത്രിക്ക് ഈ ധാർമ്മിക ഉത്തരവാദിത്വത്തിൽനിന്ന് ഒഴിഞ്ഞുമാറാൻ കഴിയുമോ ? അഭിലാഷ് പിള്ള ജോയിന്റ് കൗൺസിലിന്റെ വയനാട് പനമരത്തു നടന്ന ജില്ലാ സമ്മേളനത്തിൽ ജില്ലാ കമ്മിറ്റിയംഗമായി ഉയർത്തപ്പെട്ട ആളാണ്. അവിടെ ജോസ് പ്രകാശ് എന്ന ജോയിന്റ് കൗൺസിലിന്റെ നേതാവ് നെടുമങ്ങാട് തഹസിൽദാർ ആയിരുന്നപ്പോൾ അവിടെ കൂടെ ജോലി ചെയ്തിരുന്ന ആളാണ് അഭിലാഷ് പിള്ള. അത് മാത്രമല്ല, ഇവിടെ ലാന്റ് റവന്യൂ കമ്മീഷണറുടെ തസ്തിക കഴിഞ്ഞ ഒരു വർഷമായി ഒഴിഞ്ഞു കിടക്കുകയാണ്. ശ്രീ. രാമാനന്ദൻ ഒഴിഞ്ഞതിനുശേഷം ലാന്റ് റവന്യൂ കമ്മീഷണറെ എന്തുകൊണ്ട് നിയമിക്കുന്നില്ല ? തട്ടിപ്പ് പുറത്തുവന്നശേഷവും, ഞാൻ വിനീതമായി ചോദിക്കുന്നു, ലാന്റ് റവന്യൂ കമ്മീഷണറെ ഇപ്പോഴും നിയമിക്കാത്തത് എന്താണ് ? അവിടെ കെ. ആർ. മുരളീധരന് അധികച്ചുമതലയാണ്. ലാന്റ് റവന്യൂ കമ്മീഷണറായി ആളെ നിയമിക്കാതിരുന്നത് അവിടെ അസിസ്റ്റന്റ് കമ്മീഷണർ (റവന്യൂ) എസ്റ്റാബ്ലിഷ്മെന്റിൽ ജോയിന്റ് കൗൺസിലിന്റെ സംസ്ഥാന ജനറൽ സെക്രട്ടറി ജോസ് പ്രകാശിന് സംസ്ഥാനത്തൊട്ടാകെയുള്ള നിയമനങ്ങളിലും ട്രാൻസ്ഫറുകളിലും ഇടപെടുന്നതിനുവേണ്ടിയാണ് ലാന്റ് റവന്യൂ കമ്മീഷണറെ സ്ഥിരമായി നിയമിക്കാതെ അസിസ്റ്റന്റ് കമ്മീഷണർ (റവന്യൂ) എസ്റ്റാബ്ലിഷ്മെന്റിൽ ഒരു മുന്തിയ ലാവണം കൊടുത്ത് അദ്ദേഹത്തെ അവിടെ ഇരുത്തിയത്. ഒരു യു.ഡി. ക്ലാർക്ക് വിചാരിച്ചാൽ മാത്രം നടക്കുന്ന കാര്യമാണോ ഇത് ? എട്ട് നിയമനങ്ങൾ നടന്നു. വ്യാജ നിയമനങ്ങൾ എട്ടും നടന്നത് എങ്ങനെയാണ്? സൂപ്പർന്യൂമററി തസ്തികവഴിയാണ്. അതിന്റെ ഉത്തരവാദിത്വത്തിൽനിന്നും ബഹുമാന്യനായ ധനകാര്യവകുപ്പുമന്ത്രി തോമസ് ഐസക്കിന് ഒഴിഞ്ഞുമാറാൻ കഴിയുമോ ? അദ്ദേഹത്തിന്റെ സ്വന്തം കുഞ്ഞാണല്ലോ സൂപ്പർന്യൂമററി. ഇവിടെ പെൻഷൻ ഏകീകരണംവഴി അപ്രഖ്യാപിത നിയമന നിരോധനം...............

ശ്രീ. കെ. ബി. ഗണേഷ് കുമാർ : സർ, സൂപ്പർന്യൂമററി തസ്തിക സൃഷ്ടിക്കുമെന്ന് പറയുമ്പോൾ പത്തനംതിട്ട ജില്ലയിൽ എക്സൈസ് ഗാർഡ് ലിസ്റ്റിൽ 134 ഒഴിവുകൾ കിടക്കുകയാണ്. പി.എസ്.സി. വഴി സംവരണ തത്വങ്ങൾ പാലിച്ചു നിയമിക്കേണ്ട എല്ലാ ജില്ലകളിലേയും ഒഴിവ് കിടക്കുമ്പോഴാണ് വ്യാജ നിയമനങ്ങളും തട്ടിപ്പും നടക്കുന്നതെന്ന കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, അതാണ്. ഇത് പ്രത്യേകമായ നിരീക്ഷണത്തിൽപ്പെട്ട ഒരു കാര്യമാണ്. വ്യാജനിയമനങ്ങൾ നടത്താൻ കൂടുതൽ സൗകര്യമുണ്ടായത് 2009-ന് ശേഷമാണ്. പുതിയ സാഹചര്യമുണ്ടായ 2009-ന് ശേഷമാണ് സാങ്കൽപ്പിക ഒഴിവുണ്ടാവണമെന്ന സൂപ്പർന്യൂമററി സംവിധാനം കൊണ്ടു വരുന്നത്. ആ സൂപ്പർന്യൂമററി സംവിധാനത്തിലാണ് ഈ തട്ടിപ്പുകൾ നടന്നിട്ടുള്ളത്. പി.എസ്.സി. ചെയർമാൻ ശ്രീ. കെ. വി. സലാഹുദ്ദീൻ പറഞ്ഞത് ഇത് ഒരുജില്ലയിൽ മാത്രം നടന്ന കാര്യമല്ല എന്നാണ്. ഇത് ഞാൻ പറഞ്ഞതല്ല. അദ്ദേഹം പറഞ്ഞു, വിവിധ ജില്ലകളിൽ സമാനമായ തട്ടിപ്പ് നടന്നിട്ടുണ്ടാകാം എന്ന്. പക്ഷേ ഇപ്പോൾ നടക്കുന്ന അന്വേഷണം എന്താണ്? കളക്ടർമാരുടെ അന്വേഷണം നടക്കുന്നു, പോലീസിന്റെ അന്വേഷണം നടക്കുന്നു, പിന്നെ ഗവൺമെന്റ് തലത്തിൽ അന്വേഷണം നടക്കുന്നു. ഈ അന്വേഷണങ്ങൾ അന്വേഷണ പ്രഹസനങ്ങളാണ്. ഇതിൽ യഥാർത്ഥ പ്രതികൾ പിടിക്കപ്പെടാതെ നിൽക്കുകയാണ്. രാഷ്ട്രീയ സംരക്ഷണം കൊടുത്തവർ പിടിക്കപ്പെടാതെ നിൽക്കുകയാണ്. ഇതിന്റെ മറവിൽ അവരെല്ലാം രക്ഷപ്പെടാനുള്ള ഒരു സാഹചര്യം സംസ്ഥാനത്ത് ഉരുത്തിരിഞ്ഞിരിക്കുകയാണ്. അതുകൊണ്ട്............

ശ്രീ. ബി. ബാബു പ്രസാദ്: സർ, നിയമന തട്ടിപ്പിന്റെ കാരണം ആഗോളവത്ക്കരണമാണെന്ന നിരീക്ഷണം കൃഷിവകുപ്പുമന്ത്രി നടത്തിയതായി അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, ഇത് എന്റെ ശ്രദ്ധയിൽപ്പെട്ടിട്ടും മനസ്സിലാകാത്ത ഒരു കാര്യമാണ്. ഈ സാഹചര്യത്തിൽ സംസ്ഥാനത്തെ തൊഴിൽ അന്വേഷകരായ ചെറുപ്പക്കാരുടെ മുഴുവൻ പ്രതീക്ഷകളേയും തകർത്തുകൊണ്ട് തട്ടിപ്പു നടത്തുന്ന ഈ ഗവൺമെന്റിന്റെ സപ്ലിമെന്ററി ഡിമാന്റ്സ് ഫോർ ഗ്രാന്റ്സിനെ ഞാൻ എതിർക്കുകയാണ്.

ശ്രീ. എം. പ്രകാശൻ മാസ്റ്റർ: സർ, ഞാൻ ഉപധനാഭ്യർത്ഥനകൾ അഭിമാനപൂർവ്വം പിന്തുണയ്ക്കുകയാണ്. ഇവിടെ ചർച്ച ഉദ്ഘാടനം ചെയ്തു കൊണ്ട് ശ്രീ. പി. സി. വിഷ്ണുനാഥിന് നിയമനത്തട്ടിപ്പിനെക്കുറിച്ച് മാത്രം പറയേണ്ടിവന്നത് ഇവിടെ നിയമനങ്ങൾ നടക്കുന്നതുകൊണ്ടാണ്. യു.ഡി.എഫ്. ഗവൺമെന്റ് ഭരിച്ച കാലത്ത് നിയമനനിരോധനം നിലവിലുള്ള സംസ്ഥാനമായിരുന്നു കേരളം. ഇവിടെയിപ്പോൾ നിയമനത്തട്ടിപ്പിനോട് ഇതുപോലെ ശക്തമായി പ്രതികരിച്ചിട്ടുള്ളൊരു ഗവൺമെന്റ് കേരളത്തിൽ എപ്പോഴാണ് ഉണ്ടായിട്ടുള്ളത്? ഏറ്റവും ശക്തമായിട്ട് കളക്ടർ ഉൾപ്പെടെയുള്ള ആളുകൾക്കെതിരെ നടപടി സ്വീകരിക്കാനും അതുപോലെ ഇക്കാര്യം കൃത്യമായി അന്വേഷിക്കാനും സർക്കാർ മുന്നോട്ടുവന്നിട്ടുണ്ട് എന്നുള്ളത് ഇത്തരം കാര്യങ്ങളോട് ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് സ്വീകരിക്കുന്ന ശരിയായ നിലപാടാണ് വ്യക്തമാക്കുന്നത്. കേരളത്തിലെ ധനവകുപ്പ് നേടിയിട്ടുള്ള നേട്ടങ്ങളെ സംബന്ധിച്ച് പറയാൻ ധൈര്യമില്ലാത്തതുകൊണ്ടാണ് യു.ഡി.എഫ്. ബഞ്ചുകൾ ഇത്തരം കാര്യങ്ങളെ സംബന്ധിച്ച് ഇവിടെ സംസാരിക്കുന്നത്. യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് ശ്രീ. ഉമ്മൻ ചാണ്ടി ഭരിക്കുന്ന സമയത്ത് 200-ഉം 300-ഉം ദിവസമൊക്കെ ഓവർഡ്രാഫ്ടും അതുപോലെ വെയ്സ് ആന്റ്

LIBRARY ARCHIVES Kerala Legislative Assembly

മീൻസ് അഡ്വാൻസുമായിരുന്നില്ലേ. അതെല്ലാം പരിഹരിക്കപ്പെട്ടിരിക്കുന്നു. പിന്നിട്ട നാല് കൊല്ലങ്ങളായി ഒരൊറ്റ ദിവസം പോലും ഓവർഡ്രാഫ്റ്റ് കേരളത്തിനകത്ത് ഉണ്ടായിട്ടില്ലെന്നുള്ളത് അഭിമാനത്തോടെയല്ലാതെ എങ്ങനെയാണ് കേരളീയർക്ക് കാണാൻ സാധിക്കുന്നത്? ജീവനക്കാരുടെ ക്ഷാമബത്ത, പാവങ്ങളുടെ പെൻഷൻ, നിർമ്മാണ പ്രവൃത്തികളുടെ ബില്ലുകൾ ഇവയൊക്കെ ഏതാണ്ട് 3,000 കോടി രൂപ ബാക്കി വച്ച് പോയ ഗവൺമെന്റാണ് ഉമ്മൻ ചാണ്ടി ഗവൺമെന്റ്. ഇതെല്ലാം കൊടുത്തുതീർത്ത ഗവൺമെന്റാണ് എൽ.ഡി.എഫ്. ഗവൺമെന്റ്. ഇവിടെ ക്ഷേമപെൻഷനുകൾക്കും അതുപോലെ വികസന പദ്ധതികൾക്കും പണമില്ല എന്ന റായ്ത്താരിയാണ് എല്ലാ കാലത്തും യു.ഡി.എഫ്. ഗവൺമെന്റ് പറഞ്ഞുവന്നിരുന്നതെങ്കിൽ അത്തരമൊരു കാര്യം ഇപ്പോൾ കേരളത്തിൽ കേൾക്കാൻ സാധിക്കുന്നില്ല. 2009-10 വർഷത്തിലെ സർക്കാർ ചെലവ് പ്രതിപക്ഷം പരിശോധിച്ചിട്ടുണ്ടോ ? ഈ ഉപധനാഭ്യർത്ഥനകളുടെ ചർച്ചയിൽ അത്തരം കാര്യങ്ങൾ പറയാൻവേണ്ടി പ്രതിപക്ഷം തയ്യാറാകണം. ഇവിടെ അയ്യായിരം കോടി രൂപയുടെ നിർമ്മാണ പ്രവൃത്തികൾക്കാണ് ഒറ്റ കൊല്ലം കൊണ്ട് അനുമതി കൊടുത്തിട്ടുള്ളത്. ഞാൻ ചോദിക്കട്ടെ, ഉമ്മൻ ചാണ്ടി ഗവൺമെന്റിന്റെ 5 കൊല്ലക്കാലം കൊണ്ട് അയ്യായിരം കോടി രൂപയുടെ അനുമതി കൊടുത്തുവെന്ന് അവകാശപ്പെടാൻ യു.ഡി.എഫ്. ബഞ്ചുകൾക്ക് സാധിക്കുമോ ? ഇവിടെ 2009-10-ലെ പദ്ധതിച്ചെലവ് എന്നുപറയുന്നത് കേരള ചരിത്രത്തിൽ ആദ്യമായി 95 ശതമാനമാണ്. ഈ സംസ്ഥാനത്തെ ധനസ്ഥിതി സുസ്ഥിര മാണെന്ന വാദത്തെ എങ്ങനെയാണ് യു.ഡി.എഫ്. ബഞ്ചുകൾക്ക് ഖണ്ഡിക്കാൻ കഴിയുക ? ഇവിടെ ചെലവ് ചുരുക്കിയിട്ടോ, സാധാരണക്കാരനുമേൽ അധിക ബാദ്ധ്യത ഏർപ്പിച്ചിട്ടോ അല്ല ഇത്തരമൊരു വലിയ ധനകാര്യനേട്ടം കേരളത്തിലെ ഗവൺമെന്റ് കൊയ്തെടുത്തിട്ടുള്ളത്. ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ റവന്യൂ കമ്മി 3.3 ശതമാനമായിരുന്നു. ഇവിടെ ബഹുമാനപ്പെട്ട കെ. എം. മാണി സംസാരിക്കുന്നുണ്ടല്ലോ. ഇപ്പോൾ 2009-10-ൽ അത് 1.9 ശതമാനമായി കുറഞ്ഞിരിക്കുന്നു. ഇക്കൊല്ലം അത് വീണ്ടും കുറഞ്ഞ് 1.4 ശതമാനത്തിലേക്ക് എത്തുകയാണ്. എങ്ങനെയാണ് ഇത് സംഭവിക്കുന്നതെന്ന് കേരളത്തിലെ യു.ഡി.എഫ്-ന്റെ ആളുകൾ പരിശോധിച്ചിട്ടുണ്ടോ ? റവന്യൂ വരുമാനത്തിൽ ഇതുപോലെ മെച്ചമുണ്ടാക്കിയ ഒരു കാലം കേരളത്തിലെപ്പോഴുണ്ട് ? റവന്യൂ വരുമാനത്തിൽ 16.1 ശതമാനം വർദ്ധനവുണ്ടെന്ന് സി.ആന്റ്.എ.ജി. റിപ്പോർട്ട് തന്നെ പറയുകയാണ്. ഇവിടെ റവന്യൂ വരുമാനത്തേക്കാൾ റവന്യൂ ചെലവ് വർദ്ധിക്കുകയാണ് എന്നുള്ളതായിരുന്നല്ലോ നേരത്തെയെല്ലാമുള്ള നില. എന്നാൽ 2008-09-ൽ ഈ നിലയ്ക്ക് മാറ്റമുണ്ടായിയെന്ന് സി.ആന്റ്.എ.ജി. റിപ്പോർട്ടിനകത്ത് തന്നെ പറയുകയാണ്. സി.ആന്റ്.എ.ജി. റിപ്പോർട്ടിനകത്ത് പറയുന്നത് ഇങ്ങനെയാണ് ; 'The growth of revenue receipts was 16.1% while the growth of revenue expenditure was 13.4% over the previous year'. വലിയ ഭദ്രമാണ്. ഇത് മാറ്റമല്ലായെന്ന് എങ്ങനെയാണ് യു.ഡി.എഫ്. കാർക്ക് പറയാൻ കഴിയുക ? സംസ്ഥാനഗവൺമെന്റിനെ പരമാവധി ശരിപ്പെടുത്താൻ പാകത്തിലുള്ള ഒരു കേന്ദ്രനയത്തിന്റെ കാലത്താണ് ഈ നേട്ടം ഉണ്ടാക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

ഇപ്പോൾ പതിമൂന്നാം ധനകാര്യ കമ്മീഷൻ സംസ്ഥാനത്തിന്റെ കേന്ദ്രനികുതി വിഹിതം 2.6 ശതമാനത്തിൽ നിന്ന് 2.3 ശതമാനമായി വെട്ടിച്ചുരുക്കി. കേരളത്തിനുവേണ്ടി വാദിക്കുന്ന പാർട്ടിയാണല്ലോ ശ്രീ. കെ. എം. മാണിയുടെ പാർട്ടി. ഒരൊറ്റ വാക്ക് ആ കാര്യം സംബന്ധിച്ച് സംസാരിക്കാൻ ഇവിടെ ശ്രമിച്ചിട്ടുണ്ടോ ശ്രീ. കെ. എം. മാണി ഉൾപ്പെടെയുള്ള കേരളത്തിലെ പ്രതിപക്ഷങ്ങൾ ? യഥാർത്ഥത്തിൽ കേരളത്തിലെ ഇപ്പോഴത്തെ ധനക്കമ്മിയുടെ അവസ്ഥ എന്താണ് ? റവന്യൂ കമ്മി മാത്രമല്ല, 2004-05-ൽ നിങ്ങൾ ഭരിക്കുന്ന കാലത്ത് 4.04 ശതമാനമായിരുന്നു ധനകമ്മിയെങ്കിൽ അത് 2008-09-ൽ 3.34 ശതമാനമായി, 2009-10-ൽ അത് 3.12 ശതമാനമായി വീണ്ടും കുറഞ്ഞിരിക്കുന്നു. യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്തെ കടബാദ്ധ്യത ഈ സഭയിൽ എത്ര മാത്രം ശക്തമായി ചർച്ച ചെയ്തതാണ്. യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് 2004-05-ൽ ജി.എസ്.ഡി.പി.യുടെ 39.12 ശതമാനം ആയിരുന്നു കടബാദ്ധ്യത. 2010-11-ൽ കേരളത്തിന്റെ കടം ആഭ്യന്തരവരുമാനത്തിന്റെ 32.02 ശതമാനമായി കുറഞ്ഞിരിക്കുന്നു. പലിശച്ചെലവും ആനുപാതികമായി കുറഞ്ഞിട്ടുണ്ട്; 3.28 ശതമാനത്തിൽ നിന്ന് 2.3 ശതമാനമായി കുറഞ്ഞിരിക്കുന്നു. ഈ നേട്ടം കേരളത്തിലെ ഏതെങ്കിലുമൊരു യു.ഡി.എഫ്. ഗവൺമെന്റിന് അവകാശപ്പെടാൻ കഴിയുമോ ? ക്ഷേമപെൻഷനുകൾ രണ്ട് വർഷം കുടിശ്ശികയിട്ട ഗവൺമെന്റല്ലേ യു.ഡി.എഫ്. ഗവൺമെന്റ്. കേരളത്തിൽ ചരിത്രത്തിലാദ്യമായി ക്ഷേമപെൻഷൻ അഡ്വാൻസായി കൊടുത്ത ഗവൺമെന്റ് എൽ.ഡി.എഫ്. ഗവൺമെന്റാണ്. പാവങ്ങൾക്കുവേണ്ടിയുള്ള ചെലവിൽ പിശുക്കനായ ഒരു മുതലാളിയുടെ മനോഭാവമായിരുന്നില്ലേ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് ഉണ്ടായിരുന്നത്. വിവിധ കടാശ്വാസ പദ്ധതികൾക്കുവേണ്ടി ഇതിനകം 500 കോടി രൂപയാണ് ഈ സർക്കാർ ചെലവഴിച്ചിട്ടുള്ളത്. രണ്ട് രൂപയുടെ അരി യുടെ കാര്യം ഇവിടെ പറഞ്ഞല്ലോ. 500 കോടി രൂപയാണ് സർക്കാർ അതിനുവേണ്ടി മാറ്റിവച്ചത്. പൊതുവിദ്യാഭ്യാസത്തിന്റെ നീക്കിയിരിപ്പ് വലിയ നിരക്കിൽ വർദ്ധിപ്പിച്ചിരിക്കുന്നു. വിവിധ ക്ഷേമനിധി ബോർഡുകളുടെ എല്ലാ കുടിശ്ശികയും ചരിത്രത്തിൽ ആദ്യമായി ഈ സർക്കാർ കൊടുത്തുതീർത്തിരിക്കുന്നു. പരമ്പരാഗത മേഖലയ്ക്ക് യു.ഡി.എഫ്.ന്റെ കാലത്തുള്ള അവഗണനയെ സംബന്ധിച്ച് ഞാൻ പറയേണ്ട കാര്യമില്ല. അക്കാര്യം സംബന്ധിച്ച് ഈ സഭ പലപ്പോഴും ചർച്ച ചെയ്തതാണ്. നേരത്തെ നിങ്ങൾ കൈത്തറി മേഖലയ്ക്ക് 28 കോടി രൂപ അനുവദിച്ച സ്ഥാനത്ത് ഈ സർക്കാർ അത് 57 കോടി രൂപയാക്കി. കയർ മേഖലയ്ക്ക് 23 കോടി രൂപയിൽനിന്ന് 82.5 കോടി രൂപയാക്കി. ചെറുകിട വ്യവസായങ്ങൾക്ക് 5 കോടി രൂപ മാത്രമുണ്ടായിരുന്നത് 40 കോടി രൂപയായി വർദ്ധിപ്പിച്ചു. പൊതുമേഖല യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് 100 കോടി രൂപ നഷ്ടമുണ്ടാക്കിയ കാലത്ത് ഇപ്പോൾ 200 കോടി രൂപ ലാഭമാണ് ഉണ്ടാക്കിയത്. ഇത്രയും മെച്ചപ്പെട്ട ഒരു ധനകാര്യ മാനേജുമെന്റ് കേരളത്തിന് മാത്രമല്ല ഇന്ത്യാരാജ്യത്തിന്റെ ഏതെങ്കിലും സംസ്ഥാനത്തിന്റെ ചരിത്രത്തിൽ ഉണ്ടായിട്ടുണ്ടെന്ന് യു.ഡി.എഫ്. ഗവൺമെന്റിന് പറയാൻവേണ്ടി കഴിയുമോ ? ഈ സാമ്പത്തിക വർഷം മാത്രം 125 കോടി രൂപ മുതൽമുടക്കി 8 പൊതുമേഖലാ സ്ഥാപനങ്ങൾ ആരംഭിക്കുകയാണ്. ഒരുപാട് കാലം ഭരിച്ചവരാണ്

LIBRARY ARCHIVES Kerala Legislative Assembly

യു.ഡി.എഫുകാർ. ഒരൊറ്റ സ്ഥാപനം ആരംഭിച്ചെന്ന് പറയാൻ കഴിയുമോ, ശ്രീ. ഉമ്മൻ ചാണ്ടിക്ക്, ശ്രീ. എ. കെ. ആന്റണിക്ക്. കേരളം മാതൃക കാട്ടുകയാണ്. വിലക്കയറ്റംകൊണ്ട് ജനങ്ങൾ പൊറുതി മുട്ടുന്ന കാര്യം ഇവിടെ ഞങ്ങൾ ചർച്ച ചെയ്തല്ലോ. വിലനിലവാരം പിടിച്ചുനിറത്തുന്നതിനു വേണ്ടി 600 കോടി രൂപ ചെലവഴിക്കുന്ന ഒരു സംസ്ഥാന സർക്കാർ ഇന്ത്യയിൽ വേറെയേതുണ്ട് ? കാർഷികമേഖലയ്ക്ക് 250 കോടി രൂപയാണ് യു.ഡി.എഫ്. ഗവൺമെന്റ് അനുവദിച്ചത്. ഇപ്പോൾ എത്ര കോടി രൂപയാണ് ആവറേജ് ആയി അനുവദിക്കുന്നത് ? ഇക്കൊല്ലം മാത്രം അനുവദിച്ചിരിക്കുന്നത് 625 കോടി രൂപയാണ്. കേരളത്തിന്റെ സാമ്പത്തിക കാര്യങ്ങളെക്കുറിച്ച് പരാമർശിക്കുമ്പോൾ അത്ഭുതമാണ് തോന്നുന്നത്. കേരളത്തിൽ വാർഷിക പദ്ധതി 10,000 കോടി രൂപ കവിഞ്ഞ ഒരു കാലമുണ്ടോ ? പതിനായിരം കോടി രൂപ കവിഞ്ഞിരിക്കുന്നു കേരളത്തിന്റെ വാർഷിക പദ്ധതി. കേരളത്തിന്റെ ചരിത്രത്തിലാദ്യമായിട്ടാണ് ഇങ്ങനെയൊരു നില ഉണ്ടായിരിക്കുന്നത്. യഥാർത്ഥത്തിൽ നികുതി വർദ്ധിപ്പിക്കാതെ വരുമാനവർദ്ധനവ് ഉണ്ടാക്കുന്ന കാര്യത്തിൽ കേരളത്തിന്റെ ചരിത്രത്തിലെ മാതൃകാഗവൺമെന്റ് ഏതെന്ന് ആരെങ്കിലും ചോദിച്ചാൽ ഭാവി കേരളം ഉത്തരമെഴുതും അത് വി. എസ്. അച്ചുതാനന്ദന്റെ ഗവൺമെന്റാണ് എന്ന്. വാണിജ്യ ഉൽപ്പാദന നികുതി ഓരോ വർഷവും 20 ശതമാനം കണ്ട് വർദ്ധിക്കുന്നു. നികുതി ചോർച്ചയുടെ വഴി അടച്ചുകൊണ്ടും ശാസ്ത്രസാങ്കേതികവിദ്യയുടെ മികവ് ഉപയോഗപ്പെടുത്തിയും നികുതിപിരിവ് രംഗത്ത് കാര്യക്ഷമത കൈവരിച്ചു കൊണ്ട് ഈ സർക്കാർ വലിയ നേട്ടങ്ങളുണ്ടാക്കുകയാണ്.

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : സർ, മാഷ് വളരെ ആവേശത്തോടെ സംസാരിച്ചത് അംഗീകരിക്കുന്നു. ഇത്തരത്തിലുള്ള നല്ല ഗവൺമെന്റായിട്ടും എന്തുകൊണ്ടാണ് ലോക്കൽബോഡി ഇലക്ഷന് തോറ്റതെന്ന കാര്യം കൂടി അങ്ങ് പറയണം.

ശ്രീ. എം. പ്രകാശൻ മാസ്റ്റർ : സർ, ഇഷ്ടമില്ലാത്ത അച്ചി തൊട്ടതെല്ലാം കുറ്റം എന്നുപറഞ്ഞതുപോലെ ഇവിടെ ഞങ്ങളെ താറടിച്ചുകാണിക്കാൻ നിങ്ങൾക്കുവേണ്ടി പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന മാധ്യമങ്ങളുണ്ട്. അവർ തെറ്റിദ്ധരിപ്പിച്ചതുകൊണ്ടുണ്ടായിട്ടുള്ള താൽക്കാലിക പരാജയമായിട്ടേ അതിനെ ഞങ്ങൾ കാണുന്നുള്ളു. അതൊന്നും കണ്ടിട്ട് നിങ്ങൾ മരുന്നു തരുന്നതിനു മുമ്പേ പരിശോധിക്കാൻ പോകേണ്ടതില്ല. അതിനൊക്കെ കേരളം കൃത്യമായിത്തന്നെ വിധിയെഴുതുമെന്നതിൽ ഒരു സംശയവുമില്ല. ഇവിടെയിപ്പോൾ കോൺഗ്രസ് ഡോ. മൻമോഹൻ സിംഗ് ഗവൺമെന്റിനുമേലെയാണല്ലോ ഊറ്റം കൊള്ളുന്നത്. ഞാൻ പറയുന്നത് യു.എൻ.ന്റെ 119-ാമത് യു.എൻ.ഡി.പി. ഹ്യൂമൺ ഡെവലപ്മെന്റ് റിപ്പോർട്ട്, 2010 കഴിഞ്ഞ മാസമാണ് വന്നത്. കോൺഗ്രസ്സുകാർ അതെടുത്ത് പരിശോധിക്കണം. എത്ര ദയനീയമാണ് ഇൻഡ്യയുടെ ചിത്രം. അതിൽ പറഞ്ഞിരിക്കുന്ന ഒരു വാചകം ഞാൻ വായിക്കാം. 'The robust economic growth, notwithstanding India has 119th rank in the United Nations Human Development index due to poor school infrastructure, mainly in

LIBRARY ARCHIVES Kerala Legislative Assembly

the areas of education and health care..' ആകെ പരിശോധിച്ചത് 169 രാജ്യങ്ങളെയാണ്. ഹ്യൂമൺ ഡെവലപ്മെന്റ് റിപ്പോർട്ട് അനുസരിച്ച് 169 രാജ്യങ്ങളിൽ 119-ാമത്തെ രാജ്യമാണ് നമ്മുടെ മഹത്തായ ഇന്ത്യാ രാജ്യം. നിങ്ങൾ ഭരിച്ച് രാജ്യത്ത് വലിയ പുരോഗതിയുണ്ടാക്കിയെന്നല്ലേ പറഞ്ഞുകൊണ്ടിരിക്കുന്നത്. റിപ്പോർട്ടിനകത്ത് വീണ്ടും പറയുകയാണ് -'In the gender inequality index, India is at the poor 122nd position among 138 countries.' 138 രാജ്യങ്ങളിൽ 122-ാമത്തെ ദയനീയമായ സ്ഥാനം ഇന്ത്യക്ക്. ബംഗ്ലാദേശും പാകിസ്ഥാനും അതിനുമേലെയാണ്. ബംഗ്ലാദേശ് 116-ാം സ്ഥാനത്തും പാകിസ്ഥാൻ 112-ാം സ്ഥാനത്തുമാണ്. റിപ്പോർട്ടിൽ വീണ്ടും പറയുകയാണ്. 'Average life expectancy at birth in India is currently 64 years as against 67 years in Pakistan and Bangladesh.' 67 വയസ്സുവരെ ബംഗ്ലാദേശുകാരും പാകിസ്ഥാൻകാരും ജീവിക്കുമ്പോൾ ഇന്ത്യാക്കാർ ജീവിക്കുന്നത് 64 വയസ്സുവരെയാണ്. വലിയ മുന്നേറ്റമുണ്ടാക്കിയെന്നാണ് നിങ്ങളെല്ലാം പറഞ്ഞുകൊണ്ടിരിക്കുന്നത്. ഒരു ഇന്ത്യൻ കുട്ടി 4.4 വർഷം സ്കൂൾ വിദ്യാഭ്യാസത്തിനുവേണ്ടി ചെലവഴിക്കുമ്പോൾ പാകിസ്ഥാനിലെ കുട്ടികൾ 4.9 വർഷം സ്കൂളുകളിൽ കഴിയുന്നു. നമ്മുടെ ഭാഗമായിരുന്നല്ലോ പാകിസ്ഥാൻ. എത്ര ദയനീയമായ പുറകോട്ടുപോക്കാണ് ഡോ. മൻമോഹൻ സിംഗിന്റെ ഗവൺമെന്റിന്റെ കാലത്ത് ഇന്ത്യാരാജ്യത്തിന് ഉണ്ടായിട്ടുള്ളത്. ഞാൻ പറയുന്നതല്ല ഇത് യു.എൻ. റിപ്പോർട്ടാണ്. 'ഗരീബി ഹഠാവോ' എന്ന മുദ്രാവാക്യത്തിനുമേൽ ഊറ്റം കൊണ്ടവരാണല്ലോ കോൺഗ്രസ്സുകാർ. യു.എൻ.ഡി.പി.-യുടെ റിപ്പോർട്ടിൽ പറയുകയാണ് 'UNDP pointed out that poverty rates in 8 Indian States, that the combined population of 421 million are similar to the 26 of the poorest countries in Africa.' ആഫ്രിക്കയിലുള്ള 24 ദരിദ്ര രാജ്യങ്ങളുടെ പുറകിലാണ് ഇന്ത്യാ രാജ്യത്തിലെ 8 സംസ്ഥാനങ്ങൾ. ഭരിക്കുന്നതെല്ലാം കോൺഗ്രസ്സാണ്. എന്തിനാണ് ഈ സംസ്ഥാനങ്ങൾ നിങ്ങൾ ഭരിക്കുന്നത്? ഇരുണ്ട ഭൂഖണ്ഡമെന്ന് നമ്മൾ വിളിക്കുന്ന ആഫ്രിക്കയിലെ 26 രാജ്യങ്ങളേക്കാൾ പുറകിലാണ് ഈ രാജ്യമെന്ന് പറയുമ്പോൾ നാണം കൊണ്ട് തല കുനിയാനെങ്കിലും കോൺഗ്രസ്സുകാർക്ക് സാധിക്കേണ്ടതല്ലേ; സാധിക്കുന്നുണ്ടോ? അതൊന്ന് പരിശോധിക്കണമെന്നേ ഞങ്ങൾ പറയുന്നുള്ളൂ. ലോകത്ത് കടുത്ത ദാരിദ്ര്യം അനുഭവിക്കുന്ന 25 ശതമാനം ജനങ്ങൾ ജീവിക്കുന്നത് ഇന്ത്യാ രാജ്യത്താണെന്ന് വേറെയാരുമല്ല പറയുന്നത്, യു.എൻ. റിപ്പോർട്ടാണ് പറയുന്നത്. ഇത് എത്ര അപമാനകരമായിട്ടുള്ള നിലയാണെന്ന് കോൺഗ്രസ്സുകാർ ആലോചിക്കണമെന്നേ ഞാൻ പറയുന്നുള്ളൂ. വരുമാന വർദ്ധനവുണ്ട്, ഇല്ലായെന്ന് ഞാൻ പറയുന്നില്ല. നമ്മൾ ജി.ഡി.പി.യുടെ നിരക്ക് നോക്കിയാൽ വലിയ വർദ്ധനവില്ലേ? പക്ഷേ ആ വരുമാനം ആർക്കാണ് പോകുന്നത്? വരുമാന വർദ്ധനവിന്റെ കാര്യത്തിൽ യു.എൻ. റിപ്പോർട്ടിൽ പറയുന്നുണ്ട്. ലോകത്തെ പ്രധാനപ്പെട്ട 10 രാജ്യങ്ങളിലൊന്ന് ഇന്ത്യാരാജ്യമാണ്. പക്ഷേ എവിടെയാണ് ഈ വരുമാനമെല്ലാം പോകുന്നത്? സമ്പന്നന്മാരുടെ കയ്യിൽ ഈ വരുമാനമെല്ലാം കുമിഞ്ഞുകൂടാനുള്ള നടപടികൾ; അതല്ലേ കോൺഗ്രസ്സ് ഗവൺമെന്റ് സ്വീകരിക്കുന്നത്?

LIBRARY ARCHIVES Kerala Legislative Assembly

ഫോബ്സ് മാസികയുടെ ഒരു കണക്കുണ്ട്. ലോകത്തിലെ ഏറ്റവും വലിയ മാസികയാണല്ലോ ഫോബ്സ് മാസിക. ലോകത്തിലെ പത്ത് അതിസമ്പന്നരിൽ 3 പേർ ഇന്ത്യാക്കാരാണ്. ഇന്ത്യയിലുള്ള 6 അതിസമ്പന്നന്മാരുടെ സമ്പാദ്യം പതിമൂന്ന് ലക്ഷത്തി എൺപതിനായിരം കോടി രൂപയാണ്. എന്നുപറഞ്ഞാൽ രാജ്യത്തിലെ ആകെ ആഭ്യന്തര ഉൽപ്പാദനത്തിന്റെ നാലിലൊന്ന് വരും ഇത്. നിങ്ങൾ ആർക്കുവേണ്ടിയാണ് ഭരിക്കുന്നത് ? എന്നാൽ സമ്പന്നന്മാരിൽ ഒന്നാമതായിട്ട് അംബാനിക്കുവേണ്ടിയാണ് ഈ കഴിഞ്ഞ ബഡ്ജറ്റിനകത്ത് 50,000 കോടി രൂപയുടെ നികുതി ആനുകൂല്യം നൽകാൻവേണ്ടി നിങ്ങൾ മുന്നോട്ടേയ്ക്ക് വന്നത്. ഇൻഡ്യയിലെ ശതകോടീശ്വരൻമാരുടെ എണ്ണം 2004-ൽ 9 ആണെങ്കിൽ ഫോബ്സ് മാസിക പറയുന്നു 2010-ൽ അത് 49 ആണെന്ന്. സ്വകാര്യ മേഖലയിൽ ഏറ്റവും മുൻനിരയിലുള്ള കോർപ്പറേറ്റ് സ്ഥാപനങ്ങളുടെ ആസ്തി 3.54 ആണ് 2004-ലെങ്കിൽ 10.34 ലക്ഷം കോടി രൂപയാണ് ഇപ്പോൾ. സമ്പന്നൻമാർക്ക് വീണ്ടും സമ്പത്ത് ഉണ്ടാക്കാനാണ് നിങ്ങൾ ശ്രമിക്കുന്നത്. അതിന്റെ ഭാഗമായിട്ടല്ലേ ഇൻഡ്യാ രാജ്യത്ത് ഇത്രയധികം രൂക്ഷമായ വിലക്കയറ്റമുണ്ടായിരിക്കുന്നത്. പാവങ്ങൾ പാവങ്ങളായി നിൽക്കുകയാണ്. കേന്ദ്ര ഗവൺമെന്റ് നിശ്ചയിച്ച അർജ്ജുൻസിംഗ് ഗുപ്ത കമ്മിറ്റി റിപ്പോർട്ട് അനുസരിച്ച് 20 രൂപയിൽ താഴെ വരുമാനമുള്ള ഇൻഡ്യയിലെ ജനങ്ങളുടെ എണ്ണം 83.6 കോടി രൂപയാണ്. അതുകൊണ്ടാണ് ഞാൻ പറയുന്നത് കോൺഗ്രസ്സുകാർക്ക് ലജ്ജിക്കാൻ സാധിക്കുമെങ്കിൽ അവർ ലജ്ജിച്ച് തല താഴ്ത്തണമെന്ന്. കോൺഗ്രസ് നേതൃത്വം കൊടുക്കുന്ന യു.പി.എ. ഗവൺമെന്റ് പറയുന്നത് എന്താണ് ? എല്ലാവരേയും ഉൾക്കൊള്ളുന്ന ഒരു വികസന നയത്തിനുവേണ്ടിയാണ് ഞങ്ങൾ നിൽക്കുന്നതെന്നാണ്. ആ വികസന നയത്തിനുവേണ്ടിയാണോ നിങ്ങൾ ഇൻഡ്യാ രാജ്യത്തെ ഇന്ധന വില ഏഴ് തവണ വർദ്ധിപ്പിച്ചത് ? ഇവിടെ ചരക്കുകൂലിയിൽ 4 ശതമാനം വർദ്ധനയല്ലേ ഇപ്പോൾ വരുത്തിയിരിക്കുന്നത്. ആർക്കുവേണ്ടിയാണ് ? കേരളത്തിലെ ഗവൺമെന്റിനെ കുറ്റം പറയാൻ അർഹതയുണ്ടോ യു.ഡി.എഫ്-ന്റെ ബന്ധുക്കൾക്ക്. ഇത്ര രൂക്ഷമായ വിലക്കയറ്റം രാജ്യത്തുണ്ടാകുമ്പോൾ നിങ്ങൾ അത് വർദ്ധിപ്പിക്കാൻ പാകത്തിലുള്ള നിലപാട് സ്വീകരിക്കുകയാണ്. ജി-20 രാജ്യങ്ങളിൽ ഏറ്റവും കൂടുതൽ വിലക്കയറ്റമുള്ള രാജ്യമാണ് ഇൻഡ്യ. ഏറ്റവും കൂടുതൽ തൊഴിലില്ലായ്മയുള്ള രാജ്യമാണ് ഇൻഡ്യ. കണക്കുകൾ പറയുന്നത് 2009-10-ൽ 9.4 ശതമാനം ആയിരുന്നു തൊഴിലില്ലായ്മ. ജനവിരുദ്ധമായ നിലപാടുകൾ വ്യാപകമായി സ്വീകരിക്കുന്ന പാരമ്പര്യമാണ് കോൺഗ്രസ്സിനുള്ളത്. ഇവിടെ ഏറ്റവും ഒടുവിൽ എൻഡോസൾഫാന്റെ വിഷയത്തിൽ നിങ്ങൾ സ്വീകരിച്ച നിലപാട് എന്തുമാത്രം ജനങ്ങൾക്ക് ഹിതകരമായിരുന്നു ? നമ്മുടെ സഹ എം.എൽ.എ. ആയിരുന്ന പ്രൊഫ. കെ.വി.തോമസ് എൻഡോസൾഫാൻ നിരോധിക്കാൻ പാകത്തിന് എന്തെങ്കിലും തെളിവുകൾ കിട്ടിയില്ല എന്നു പറയുമ്പോൾ ബഹുരാഷ്ട്ര കുത്തകകൾക്കുവേണ്ടി വാദിക്കാനുള്ള നിങ്ങളുടെ ചർമ്മശക്തിയോർത്ത് ലജ്ജിക്കുകയല്ലാതെ വേറെ എന്താണ് കേരളത്തിലെ ജനങ്ങൾക്ക് ചെയ്യാൻ പറ്റുക. പതിനൊന്ന് പ്രദേശങ്ങളിൽ ആയിരക്കണക്കിന് ആളുകൾ എൻഡോസൾഫാന്റെ ദുരന്തം നേരിട്ടുകൊണ്ടിരിക്കുമ്പോൾ അതിനെപ്പോലും ന്യായീകരിച്ചുകൊണ്ട്

LIBRARY ARCHIVES Kerala Legislative Assembly

രാജ്യത്തെ ജനങ്ങളുടെ മേൽ എന്തെല്ലാം വ്യത്തികേടുകൾ കെട്ടിയേൽപ്പിക്കാൻ കഴിയുമോ അതെല്ലാം കെട്ടിയേൽപ്പിക്കാൻ കഴിയുന്ന നിലപാടുകളാണ് യഥാർത്ഥത്തിൽ യു.ഡി.എഫ്. ഗവൺമെന്റ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. ഇവിടെ ബഹുരാഷ്ട്ര കുത്തക കമ്പനികൾക്കുവേണ്ടി വാദിക്കുകയല്ല ഞങ്ങൾ ചെയ്തുകൊണ്ടിരിക്കുന്നത്. കേരളത്തെ സംബന്ധിച്ച് പരിശോധിക്കുമ്പോൾ ഞങ്ങൾക്ക് ഉറപ്പിച്ച് പറയാൻ സാധിക്കും കേന്ദ്ര ഗവൺമെന്റിന്റെ ജന വിരുദ്ധ നയങ്ങളോട് പൊരുതിക്കൊണ്ടിരിക്കുന്ന ഒരു ഗവൺമെന്റാണ് കേരളത്തിലെ ഗവൺമെന്റ്. ധനകാര്യ രംഗത്ത് ഇത്രമാത്രം ഗുരുതരമായ സാമ്പത്തിക നിലയുള്ള കാലത്ത് ഏറ്റവും മെച്ചപ്പെട്ട ധനകാര്യ മാനേജ്മെന്റിലൂടെ കേരളത്തെ സാമ്പത്തികമായി മുന്നോട്ട് നയിക്കാനും സാമാന്യ ജനങ്ങളുടെ പക്ഷത്തുനിന്നു കൊണ്ട് ജനങ്ങൾക്കനുകൂലമായി കാര്യങ്ങൾ ചെയ്യാനും ശ്രമിക്കുന്ന മറ്റൊരു ഗവൺമെന്റ് ഇൻഡ്യാ രാജ്യത്ത് വേറെയില്ല. അതുകൊണ്ട് ഈ ഗവൺമെന്റിന്റെ ധനകാര്യ നയങ്ങളെ ആ നിലയിൽ നിന്നുകൊണ്ട് പരിശോധിക്കാൻ നിങ്ങൾ മുന്നോട്ടുവരണം. അങ്ങനെ വരുമ്പോൾ ഈ ഗവൺമെന്റ് ചെയ്യുന്ന കാര്യങ്ങളെ അനുകൂലിക്കുകയല്ലാതെ നിങ്ങൾക്ക് യാതൊരു ഗത്യന്തരവുമില്ല എന്ന് കാണാൻ കഴിയും. അതുകൊണ്ട് തികഞ്ഞ സന്തോഷത്തോടെ ഉപധനാഭ്യർത്ഥനകളെ ഞാൻ പിൻതാങ്ങുന്നു. ഏറ്റവും മെച്ചപ്പെട്ട ധനകാര്യ മാനേജ്മെന്റിലൂടെ കേരളത്തെ സമൃദ്ധിയിലേക്ക് നയിച്ചുകൊണ്ടിരിക്കുന്ന ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റിനേയും അതിന് നേതൃത്വം നൽകുന്ന ധനകാര്യ വകുപ്പുമന്ത്രി ഡോ. തോമസ് ഐസക്കിനെയും അഭിനന്ദിച്ചുകൊണ്ട് ഒന്നുകൂടി ഉപധനാഭ്യർത്ഥനകളെ പിൻതാങ്ങുകയാണ്.

ശ്രീ. കെ. എം. മാണി: സർ, ശ്രീ. എം. പ്രകാശൻ മാസ്റ്റർ അതി വേഗത്തിൽ സംസാരിച്ച് ലോകത്തിന്റെ മാതൃകാ സംസ്ഥാനമാക്കി കേരളത്തെ മാറ്റി. ലോകം മുഴുവൻ ശ്രദ്ധിക്കുന്നുണ്ട്, ഇത്ര നല്ല സൗകര്യങ്ങൾ ഒത്തിണങ്ങി നിങ്ങൾക്ക് നൽകിയിട്ട്, കേന്ദ്രം കൈ അയച്ച് സഹായിച്ചിട്ട് ഇത്ര മോശമായ ഒരു ഭരണം നിങ്ങൾക്ക് മാത്രമേ വരുത്താൻ കഴിയൂ. ഇത്ര വഷളായിട്ട് ഒരു ഗവൺമെന്റിനെ കൊണ്ടെത്തിക്കാൻ നിങ്ങൾക്കേ കഴിയൂ. ഞങ്ങൾ പറയുന്നത് ഒരു ധനകാര്യ മാനേജ്മെന്റിന്റെയും ധനകാര്യ സുസ്ഥിരതയുടെയും അളവു കോൽ എ.എസ്. കൊടുത്തതാണോ? 5000 കോടി രൂപയുടെ എ.എസ് കൊടുക്കുന്നത് ധനകാര്യ സുസ്ഥിരതയുടെ അളവുകോലല്ല. അതുകഴിഞ്ഞ് ടി. എസ്. കൊടുക്കണം, ടെണ്ടർ കൊടുക്കണം. എത്ര ചെലവഴിക്കുന്നു എന്നുള്ളതാണ്. ധനക്കമ്മിയെപ്പറ്റി പറയുന്നത് കമ്മി കുറയുന്നു എന്നാണ്. പണം ചെലവഴിച്ചില്ലെങ്കിൽ വികസനച്ചെലവ് കുറച്ചാൽ ധനക്കമ്മി കുറയ്ക്കാൻ കഴിയും. വല്ല സംശയവുമുണ്ടോ, വികസനച്ചെലവ് കുറച്ചാൽമതി. കഴിഞ്ഞ തവണ വികസനച്ചെലവ് എത്രയാണ്? 20 ശതമാനം ലാപ്സായി. അതിലേയ്ക്ക് ഞാൻ പിന്നീട് വരാം. ഇപ്പോൾ ഇവിടെ കൊണ്ടുവന്നിരിക്കുന്ന സപ്ലിമെന്ററി ഡിമാൻറ്സിനെ സംബന്ധിച്ചിടത്തോളം ഈ ഗവൺമെന്റ് വന്ന് രണ്ടാമത്തെ ബാച്ച് ഓഫ് സപ്ലിമെന്ററി ഡിമാൻഡ്സാണ്. 64 കോടി രൂപയാണ് സപ്ലിമെന്ററി ഡിമാൻഡിൽ ചോദിച്ചിരിക്കുന്നത്. അതിൽ ഏറ്റവും പ്രധാനപ്പെട്ട ഡിമാൻഡായി കൊണ്ടുവന്നിരിക്കുന്നത് ഡിമാൻഡ് നമ്പർ-III. അതിൽ

LIBRARY ARCHIVES Kerala Legislative Assembly

പറയുന്നത് '....Rs.15 lakh was sanctioned from the Contingency Fund of the State to meet the expenditure on payment of salaries to the Legal Assistants appointed to the newly created posts in the 14 District Government Pleader's offices.' 14 ഗവൺമെന്റ് പ്ലീഡേഴ്സിന്റെ ഓഫീസിൽ ലീഗൽ അസിസ്റ്റന്റിനെ നിയമിച്ചതിന് ഒരു കാര്യം. രണ്ട്, ഡിമാൻഡ് നമ്പർ-V, കെ.വി.പി. എന്റർപ്രൈസസ് കേസ്സിൽ അനാവശ്യമായി പിരിച്ച തുക തിരിച്ചുകൊടുക്കാൻ ഹൈക്കോടതി പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ തിരിച്ചുകൊടുക്കാൻ വേണ്ടിയുള്ള തുക. ശരിക്കു പറഞ്ഞാൽ ഗവൺമെന്റ് പ്ലീഡേഴ്സുമായി ബന്ധപ്പെട്ട വിഷയത്തിൻമേലാണ് ഇത് കൊണ്ടുവന്നിരിക്കുന്നത്. ഞാൻ ഡോ. ഐസക്കിനോട് ചോദിക്കുന്നത്, നികുതി വകുപ്പിൽ ഗവൺമെന്റ് പ്ലീഡർമാരുടെ കേസ് നടത്തിപ്പിന് മോണിട്ടർ ചെയ്യാൻ നിങ്ങൾക്ക് എന്തെങ്കിലും സംവിധാനമുണ്ടോ ? ലോട്ടറി കേസ്സിൽ നിയമസഭയുടെ മേശപ്പുറത്തുവച്ച ഉത്തരത്തിൽ പറഞ്ഞിരിക്കുന്നത് 32 കേസ്സുകൾ തോറ്റെന്നാണ്. അന്യ സംസ്ഥാന ലോട്ടറി കമ്പനികൾ കൊടുത്ത കേസ്സുകളിൽ 32 കേസ്സുകൾ സംസ്ഥാനത്തിനെതിരായി വിധിക്കുകയുണ്ടായി. ആ ഉത്തരം തന്നതിനുശേഷം നാലഞ്ചുകേസ്സുകൾ കൂടി എതിരായി വിധിക്കുകയുണ്ടായി. ഇത് നമ്മുടെ കണ്ണുകൾ തുറപ്പിക്കേണ്ടതാണ്. ഇന്നലത്തെ കേരള കൗമുദി പത്രത്തിൽ പറഞ്ഞിരിക്കുന്നത് 'സ്വാശ്രയ മെഡിക്കൽ കോളേജിൽ എം.ഡി. കോഴ്സിന് ആവശ്യമായ സൗകര്യം ഇല്ലെന്നാണ് ബന്ധപ്പെട്ട പരിശോധനാ സമിതികൾ റിപ്പോർട്ട് നൽകിയത്. എന്നാൽ ഇതിനെതിരെ മാനേജ്മെന്റുകൾ കോടതിയെ സമീപിച്ചു, ആരോഗ്യ സർവ്വകലാശാലയ്ക്കുവേണ്ടി ഹാജരായ അഭിഭാഷകർ വസ്തുതകൾ കോടതിയെ ബോധ്യപ്പെടുത്താതെ മാനേജ്മെന്റുകൾക്ക് അനുകൂലമായ നിലപാട് സ്വീകരിക്കുകയായിരുന്നു എന്ന് ആരോപിച്ച് മുഖ്യമന്ത്രിയുൾപ്പെടെയുള്ളവർക്ക് പരാതി അയച്ചു' എന്നൊക്കെയാണ്. ഇങ്ങനെയൊക്കെയിരിക്കുന്ന സന്ദർഭത്തിൽ ഗവൺമെന്റ് പ്ലീഡർമാർക്കുവേണ്ടി, അവരുടെ ഓഫീസിനുവേണ്ടി ഉപധനാഭ്യർത്ഥനയുമായി വന്നത് വളരെ കൊള്ളാം. ഞാൻ അതിനെപ്പറ്റി കൂടുതൽ പറയുന്നില്ല. ഏതായാലും വളരെ മോശമായ ഒരു രീതിയിലാണ് ഈ ഓഫീസുകൾ പ്രവർത്തിക്കുന്നത്. അവർക്കുവേണ്ടി നിങ്ങൾ ഉപധനാഭ്യർത്ഥനകൾ ചോദിച്ചിരിക്കുന്നു. വാസ്തവത്തിൽ ഇത് പാസ്സാക്കിത്തരാൻ പാടില്ലാത്ത തുകയാണ്. ഇവിടെ മാർച്ച് 31-ന് അവസാനിക്കുന്ന സി.എ.ജി. റിപ്പോർട്ട് ഇന്നലെ നിയമസഭയിൽ തന്നതാണ്. ഈ സി.എ.ജി. റിപ്പോർട്ടിനകത്ത് ചില കാര്യങ്ങൾ തന്നിട്ടുണ്ട്. ധനകാര്യമന്ത്രിയുടെ അവകാശവാദങ്ങളെ നിരാകരിക്കുന്നതാണ് സി.എ.ജി. റിപ്പോർട്ട്. ധനകാര്യ മന്ത്രി പറഞ്ഞത് ഞാൻ ചെക്ക്പോസ്റ്റുകളിൽ മുഴുവൻ ക്രമീകരണമുണ്ടാക്കി, കമ്പ്യൂട്ടറൈസ് ചെയ്തു, അതിന്റെ ഫലമായി വരുമാനം മുഴുവൻ പരിരക്ഷിച്ചിരിക്കുന്നു എന്നാണ്. സി.എ.ജി. റിപ്പോർട്ടിൽ കേരള സർക്കാരിന്റെ 2010-ലെ റവന്യൂ വരവുകളുടെ വാല്യം-2 ഇന്നലെ ഞങ്ങൾക്ക് തന്നതാണ്. വകുപ്പ് നടപ്പിലാക്കിയ കമ്പ്യൂട്ടർവത്ക്കരണത്തിലെ പോരായ്മകളും എല്ലാ ചെക്ക്പോസ്റ്റുകളും കമ്പ്യൂട്ടർവത്ക്കരിക്കാതിരുന്നതും വ്യാപാരികളുടെ റിട്ടേണുകളുടെ ഇലക്ട്രോണിക് പരിശോധന

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

നിർണ്ണയാധികാരികൾ കാര്യക്ഷമമായി നടത്താതിരിക്കുന്നതിനിടയാക്കി. ഇതിൽനിന്ന് ഈ പറയുന്ന അവകാശവാദങ്ങൾ തെറ്റാണെന്ന് വന്നിരിക്കുകയാണ്. അതുപോലെതന്നെ റിട്ടേണുകളുടെ ലഭ്യതയും പരിശോധനയും നിരീക്ഷിക്കുന്നതിനായി ഒരു സംവിധാനം നിലവിലില്ലായിരുന്നു. പലിശയും പിഴപ്പലിശയുമുൾപ്പെടെ 21 കോടി രൂപ വരുന്ന നികുതി കുറവായി ചുമത്തിയതായി രണ്ട് സർക്കിളുകളുടെ ഓഡിറ്റ് പരിശോധന വെളിപ്പെടുത്തി. ഇതിന് പുറമേ നികുതി നിർണ്ണയ അധികാരികൾ തെറ്റായ രീതിയിൽ റിട്ടേണുകൾ സ്വീകരിച്ചത് 161 കോടി രൂപ നഷ്ടത്തിന് ഇടയാക്കി. റവന്യൂ പിരിവിൽ പ്രകടമായ തെറ്റായ തരംതിരിക്കൽ കണ്ടുപിടിച്ച് തിരുത്തുന്നതിലെ പരാജയംമൂലം 93 കോടി രൂപ വരുന്ന വാറ്റ് നഷ്ടപരിഹാരത്തുക കേന്ദ്ര സർക്കാരിൽനിന്ന് കുറവായി ആവശ്യപ്പെട്ടു. ഇങ്ങനെയുള്ള വളരെ അധികം ലാപ്സസ് ആണ് കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറലിന്റെ റിപ്പോർട്ടിൽ പറയുന്നത്. ഞാൻ അതിലേയ്ക്ക് കൂടുതൽ കടക്കുന്നില്ല. ഒറ്റക്കാര്യം ഡോ. ഐസക്കുമായി ചർച്ച ചെയ്യാൻ ഉദ്ദേശിക്കുകയാണ്. ഞാൻ നമ്മുടെ നാടിന്റെ വികസനം മാത്രമാണ് പറയാൻ ഉദ്ദേശിക്കുന്നത്. നമ്മുടെ 10-ാം പദ്ധതിയുടെ ടോട്ടൽ ഓൾ ഇൻഡ്യാ ഗ്രോത്ത് എത്രയാണ്? 10-ാം പദ്ധതി മാത്രമല്ല, 8, 9, 10 പദ്ധതികളുടെ കാര്യത്തിൽ വിവിധ ഗവൺമെന്റുകൾ ഭരിച്ച കാലഘട്ടങ്ങളിലെ കേരളത്തിന്റെ സ്ഥിതി എന്നുപറയുന്നത് 8-ാം പഞ്ചവത്സര പദ്ധതിയിൽ നമ്മുടെ പ്ലാനിന്റെ ഗ്രോത്ത് 6.5 ആണ്. 9-ാം പഞ്ചവത്സരപദ്ധതിയിൽ 5.7 ആണ്. 10-ാം പഞ്ചവത്സര പദ്ധതിയിൽ 6.5 ആണ്. ഇതൊക്കെ ഓൾ ഇൻഡ്യാ ആവറേജിന് പുറകിലാണ്. ഓൾ ഇൻഡ്യാ ആവറേജിനെ സംബന്ധിച്ചിടത്തോളം ഗ്രോത്ത് 8 ശതമാനം നിൽക്കുമ്പോൾ 6.5 ശതമാനമാണ് നമ്മുടെ ഗ്രോത്ത്. അഗ്രികൾച്ചറൽ ഗ്രോത്ത് ഓൾ ഇൻഡ്യ ആവറേജ് 4 ശതമാനത്തിൽ നിൽക്കുമ്പോൾ നമുക്ക് 3 ശതമാനമാണ്. ഇൻഡസ്ട്രി 8.9 ശതമാനത്തിൽ നിൽക്കുമ്പോൾ നമ്മുടെ ഗ്രോത്ത് 5.89 ശതമാനമാണ്. സർവ്വീസസ് 9.4 ശതമാനത്തിൽ നിൽക്കുമ്പോൾ നമ്മുടെ ഗ്രോത്ത് 8.17 ശതമാനമാണ്. ഇതെല്ലാം കാണിക്കുന്നത് നമ്മൾ ഓൾ ഇൻഡ്യാ ഗ്രോത്ത് ആവറേജിന് പുറകിലാണ് എന്നാണ്. നമുക്ക് ഇതിന് ഒരു പരിഹാരം വേണ്ടേ? പരിഹാരം വേണമെങ്കിൽ വികസന രംഗത്ത് കിക്ക് ഓഫ് ചെയ്യണം. അങ്ങനെ വേണമെങ്കിൽ നമ്മുടെ എസ്.ഡി.പി. ഗ്രോത്ത് ആക്സിലറേറ്റ് ചെയ്യണം. ആക്സിലറേറ്റ് ചെയ്യണമെങ്കിൽ പദ്ധതിയുടെ നിർവ്വഹണം കാര്യക്ഷമമാക്കണം. നാലര വർഷക്കാലംകൊണ്ട് നിങ്ങൾ എന്തു ചെയ്തു? എൽ.ഡി.എഫ്. ഗവൺമെന്റ് ഒരു പദ്ധതിയും നടപ്പിലാക്കിയിട്ടില്ല. ചുമ്മാ അവിടവിടെ ചെറിയ ചെറിയ പദ്ധതികൾ മാത്രം നടപ്പിലാക്കി കാണും. നമ്മുടെ സംസ്ഥാനത്തിന്റെ സ്ഥായിയായ വികസനത്തിനു വേണ്ടി പ്രഖ്യാപിക്കപ്പെട്ട പദ്ധതികൾ യാതൊന്നും നടപ്പിലാക്കാൻ കഴിഞ്ഞില്ല. നിങ്ങൾ ഒരു ആത്മപരിശോധന നടത്തൂ. സുസ്ഥിര നഗര വികസനത്തിന് എ.ഡി.ബി. വായ്പ; കഴിഞ്ഞ ദിവസം ഇവിടെ ചോദ്യം വന്നു. ഞാൻ ഇടപെടുകയുണ്ടായി, എനിക്ക് മറുപടി കിട്ടിയില്ല. 1420 കോടി രൂപയുടെ കരാറാണ് നമ്മൾ ഒപ്പിട്ടത്. എടുത്തത് 995 കോടി രൂപയാണ്. എന്തുകൊണ്ടാണ്

കുറഞ്ഞുപോയത് ? മാച്ചിംഗായിട്ട് നമുക്ക് രൂപ കൊടുക്കണം. എത്ര പദ്ധതിയാണെങ്കിലും അതിന് മാച്ചിംഗായിട്ടുള്ള കോൺട്രിബ്യൂഷൻ കൊടുക്കണം. അതു കൊടുക്കാൻ കഴിയാത്തതുകൊണ്ട് 995 കോടി രൂപയേ എടുക്കാൻ കഴിഞ്ഞുള്ളു. എടുത്ത 995 കോടി രൂപയിൽ 175 കോടി രൂപ ചെലവഴിച്ചു. എത്ര അഭിമാനകരമാണ് സർ ? വാസ്തവത്തിൽ ഇത് കുറ്റകരമായ അനാസ്ഥയാണ്. 995 കോടി രൂപ എ.ഡി.ബി. വായ്പ എടുത്തിട്ട് നിങ്ങൾ ചെലവഴിച്ചത് 175 കോടി രൂപ. മഹനീയമായ ലോകമാതൃകാ ഗവൺമെന്റിനെ പ്പറ്റിയാണ് ഞാൻ പറയുന്നത്. രണ്ടാമത്, വിഴിഞ്ഞം ഹാർബർ. അതിന് 2006-ൽ കേന്ദ്രാനുമതി കിട്ടിയതാണ്. ടെണ്ടർ വിളിച്ചു. 3 വർഷം കഴിഞ്ഞ് ടെണ്ടർ ക്യാൻസൽ ചെയ്തു. പുതിയ രീതിയിൽ നടപ്പിലാക്കാൻ കേന്ദ്രത്തിന്റെ അനുമതിക്ക് എഴുതിയിരിക്കുകയാണ്. കാര്യമെന്തുമാകട്ടെ, 4 വർഷം കളഞ്ഞു. ഒരിടത്തും വിഴിഞ്ഞം ഹാർബർ ചെന്നെത്തിയിട്ടില്ല. അടുത്തത് സ്മാർട്ട് സിറ്റിയാണ്. അത് യു.ഡി.എഫ്. ഗവൺമെന്റിന്റെ ഭരണകാലത്ത് ഞങ്ങൾ എം.ഒ.യു. ഒപ്പിടാൻ പോയ സന്ദർഭത്തിൽ നിങ്ങൾ ഹൈക്കോടതിയിൽപ്പോയി സ്റ്റേ വാങ്ങിച്ചു. അതുകഴിഞ്ഞയുടനെ തെരഞ്ഞെടുപ്പായി. തെരഞ്ഞെടുപ്പ് കഴിഞ്ഞ് നിങ്ങൾ വന്നു. എൽ.ഡി.എഫ്. ഗവൺമെന്റ് ടീകോമിനെ കുറ്റം പറയുന്നു, ടീകോം നിങ്ങളെയും കുറ്റം പറയുന്നു. നിങ്ങൾ പറയുന്നു എം.ഒ.യു.-വിന് എതിരായിട്ടാണ് ടീകോം പ്രവർത്തിച്ചതെന്ന്. ടീകോം പറയുന്നു എം.ഒ.യു.വിനെതിരായിട്ട് എൽ.ഡി.എഫ്. പ്രവർത്തിച്ചുവെന്ന്. ടീകോം നിങ്ങളുടെ ധാരണയ്ക്ക് വിപരീതമായി പ്രവർത്തിച്ചുവെങ്കിൽ ക്യാൻസൽ ചെയ്ത് പുതിയ മാർഗ്ഗം കണ്ടെത്തണം. ഇത് യാതൊന്നും ചെയ്യാതെ നപുംസകമായ നയം നിങ്ങൾ തുടരുന്നു. ടീകോമുമായി നെഗോഷിയേഷൻ നടത്തി നടത്തി നടപ്പിലാക്കിയതുമില്ല, ടീകോമിനെ പിരിച്ചുവിടുകയുമില്ല, വേറൊന്നും ചെയ്യുകയുമില്ല. ഇത് പറഞ്ഞ് പറഞ്ഞ് വാസ്തവത്തിൽ കോഴിയുടെ മുലയൂട്ടുപോലെ കൊണ്ടുനടന്ന് ഈ ഭരണം അവസാനിക്കാൻ പോകുന്നു. സ്മാർട്ട്സിറ്റിയുമില്ല, അത് വെള്ളത്തിലായിരിക്കുന്നു. ഇത് വാസ്തവത്തിൽ നിങ്ങളുടെ ഏറ്റവും വലിയ അനാസ്ഥയല്ലേ ? നമ്മുടെ രാജ്യത്തെ വികസനത്തോട് നിങ്ങൾക്ക് എന്തെങ്കിലും താല്പര്യമുണ്ടോ ? കുട്ടനാട് പാക്കേജ് എന്നുപറയുന്നത് 1,800 കോടി രൂപയുടെ പാക്കേജാണ്. അതിന് 2007-ൽ കേന്ദ്രാനുമതി കിട്ടി. ഷെഡ്യൂൾ അനുസരിച്ച് അത് രണ്ടു കൊല്ലത്തിനകം പൂർത്തീകരിക്കേണ്ടതാണ്, അത് ഇതുവരെയും ഒരിടത്തും എത്തിയിട്ടില്ല. കേരളം പദ്ധതി തയ്യാറാക്കി കേന്ദ്രത്തിന്റെ അപ്രൂവൽ വാങ്ങണം, ചെയ്തിട്ടില്ല. 4-3-2010-ൽ 999-ാമത്തെ സ്റ്റാർഡ് ക്വസ്റ്റ്യന് ഉത്തരമായി നിങ്ങൾ പറഞ്ഞത് പ്രോജക്ട് റിപ്പോർട്ട് സംസ്ഥാന സർക്കാർ തയ്യാറാക്കിക്കൊണ്ടിരിക്കുന്നു എന്നാണ്. തുലാവർഷം വന്നു, ബണ്ടുകൾ പൊട്ടി, കൃഷിക്കാർക്കെല്ലാം നാശനഷ്ടം വന്നു. കോടിക്കണക്കിന് രൂപയുടെ നാശനഷ്ടം ഇവിടെയുണ്ടായി. സ്വാമിനാഥൻ കമ്മീഷൻ വിഭാവനം ചെയ്തതുപോലെ പാടശേഖരങ്ങളിൽ കുറെ ഭാഗത്തെങ്കിലും ബണ്ട് കെട്ടിയിരുന്നുവെങ്കിൽ നമുക്കിത് ഒഴിവാക്കാൻ പറ്റില്ലായിരുന്നോ ? കുട്ടനാട്ടിൽ ഒരു കഷണം കല്ലെങ്കിലും എടുത്തുവയ്ക്കാൻ നിങ്ങൾക്ക് കഴിഞ്ഞോ ? അത് മുഴുവനും പോയി. അപ്പോൾ കുട്ടനാട് പാക്കേജ് പോയി. ബഹുമാനപ്പെട്ട ഡോ. തോമസ് ഐസക്കിനോട് ഞാൻ ചോദിക്കുന്നത്,

LIBRARY ARCHIVES Kerala Legislative Assembly

അങ്ങ് ആ കസേരയിലിരിക്കുമ്പോൾ ഈ കാര്യത്തിൽ നീതി ചെയ്തിട്ടുണ്ടോ ? 4-3-2010-ലെ 999-ാം നമ്പർ ചോദ്യത്തിന്റെ ഉത്തരത്തിൽ പറയുന്നത് 1,800 കോടി രൂപ അനുവദിച്ചതിൽ 16 കോടി രൂപയുടെ പ്രോജക്ട് കൊടുത്ത് അനുവദിച്ചു കിട്ടി. അതിൽ മൂന്നേമുക്കാൽ കോടിരൂപ ചെലവഴിച്ചു എന്നാണ്. 1,800 കോടി രൂപയിൽ മൂന്നേമുക്കാൽ കോടിരൂപയാണ് ചെലവഴിച്ചത്. അതാണ് കേരള നിയമസഭയിൽ വന്ന ചോദ്യത്തിന് മറുപടി ലഭിച്ചത്. 1,126 കോടി രൂപയുടെ പാക്കേജാണ് ഇടുക്കി പാക്കേജ്. 600 കോടി രൂപയുടെ കടം എഴുതിത്തള്ളാൻ, 150 കോടി രൂപ പുനർ വായ്പയ്ക്ക് ഇങ്ങനെ ആകെ 1876 കോടി രൂപ. അത് പോട്ടെ. 1,126 കോടി രൂപയുടെ പ്രോജക്ടുകളാണ് നമുക്ക് വേണ്ടത്. ഇടുക്കി പാക്കേജിനുവേണ്ടി പ്രോജക്ട് കൊടുത്തോ ? ഇതുവരെ പ്രോജക്ട് കൊടുത്തില്ല. ഇപ്പോൾ അവസാനം 60,000 ആടിനെ കൊടുക്കാനുള്ള ഒരു പ്രോജക്ട് മാത്രം കൊടുത്തു. ഒരു വീട്ടിൽ 50 കോഴിവച്ച് കൊടുക്കാൻ കേന്ദ്രം തയ്യാറായി. അപ്പോൾ കേരള ഗവൺമെന്റ് പറഞ്ഞു സ്പേസ് കുറവായതു കൊണ്ട് 50 കോഴിവച്ച് വേണ്ട. 5 കോഴിയായി കുറവ് ചെയ്യണമെന്ന്. ഇടുക്കിയിൽ 50 കോഴി വളർത്താൻ ഒരു വീട്ടിൽ സ്പേസില്ല എന്നുപറഞ്ഞാൽ, നിങ്ങളെ ആരാണ് ഉപദേശിക്കുന്നതെന്ന് എനിക്കറിഞ്ഞുകൂടാ. അങ്ങനെ പ്രോജക്ട് കൊടുക്കാത്തതുകൊണ്ട് ഇടുക്കി പാക്കേജ് കിട്ടിയില്ല, നിങ്ങൾ ഇടുക്കി പാക്കേജ് കളഞ്ഞു. സുനാമി ഫണ്ടിന് 2006-ൽ 1,441 കോടി രൂപ കേന്ദ്രം അനുവദിച്ചു. 123 കോടി രൂപ ഇപ്പോൾ ചെലവ് ചെയ്തിട്ടില്ല. മേശപ്പുറത്ത് വച്ച കണക്കാണ്. മേശപ്പുറത്ത് വച്ച കണക്കുകളാണ് ഞാൻ ആശ്രയിക്കുന്നത്. സുനാമി ഫണ്ടിൽ 123 കോടി രൂപ ചെലവഴിച്ചില്ല, ലാപ്സാക്കി. ഇതൊക്കെ മാപ്പർഹിക്കുന്നതാണോ ? എം.പി.മാരുടെ കോൺഫറൻസിൽ നിങ്ങൾ വച്ച റെക്കോർഡ് അനുസരിച്ചാണിത്. ഈ പദ്ധതികളെല്ലാം സംസ്ഥാനത്തിന്റെ സ്ഥായിയായ വികസനത്തിന് ഉപകരിക്കണമെങ്കിൽ ഈ പദ്ധതികൾ നടപ്പിലാക്കണം. ഇത് നടപ്പിലാക്കാതെ നമ്മൾ ഫിസ്ക്കൽ ഡെഫിസിറ്റ് കുറച്ചു, ധനക്കമ്മി കുറച്ചു എന്ന് പറഞ്ഞിട്ട് വല്ല കാര്യവുമുണ്ടോ ? ശ്രീ. പ്രകാശൻ മാസ്റ്ററോട് ഞാൻ ചോദിക്കുകയാണ്, ഈ വികസന പദ്ധതികൾ ഒന്നും നടപ്പാക്കാത്ത സർക്കാരിന്, സുനാമി ദുരിതബാധിതർക്കുപോലും മുഴുവൻ തുകയും കൊടുക്കാത്ത ഒരു സർക്കാരിന് ഇവിടെ ഉപധനാഭ്യർത്ഥനകൾ കൊണ്ടുവരാൻ വല്ല അവകാശവുമുണ്ടോ ? റോഡിന്റെ കുഴി അടയ്ക്കലുമായി ബന്ധപ്പെട്ട് ഡോ. തോമസ് ഐസക് ഒരു ഉദ്ഘാടനത്തിന് പോയി. അന്ന് പത്രം വായിച്ചപ്പോൾ എനിക്ക് ലജ്ജ തോന്നിപ്പോയി. ഒരു ധനകാര്യ വകുപ്പുമന്ത്രി റോഡിന്റെ കുഴിയടയ്ക്കുന്നത് ഉദ്ഘാടന ചടങ്ങായി വയ്ക്കുകയാണ്. അത് ഒരു മാസത്തിനകം അടച്ചോ ? അടച്ചില്ല. മാസങ്ങളെത്ര കഴിഞ്ഞു ; ഈ വഴികളിലൂടെ നടക്കാൻ പറ്റുമോ ? നാണക്കേടല്ലേ ? എനിക്ക് തോന്നുന്നത് തദ്ദേശഭരണ തെരഞ്ഞെടുപ്പിൽ നിങ്ങൾ തോറ്റതിന് പ്രധാന കാരണം റോഡിന്റെ ശോച്യാവസ്ഥയാണ്. റോഡിൽകൂടി മനുഷ്യന് യാത്രചെയ്യാൻ കഴിയുമോ ? ഇതുപോലൊരു കാലഘട്ടം ഉണ്ടായിട്ടുണ്ടോ ? യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലഘട്ടം ഇതുപോലെയായിരുന്നോ ? ലോകത്തിന്റെ നാനാഭാഗത്തുനിന്നും വരുന്ന മുഴുവൻ ടൂറിസ്റ്റുകളും കേരളത്തിൽക്കൂടി സഞ്ചരിക്കുകയാണ്. അപ്പോൾ

LIBRARY ARCHIVES Kerala Legislative Assembly

ലോകത്തിന്റെ മാതൃകാ സംസ്ഥാനമേത്? കേരളം. ഇതൊക്കെ ആത്മവഞ്ചനയല്ലേ? ശ്രീ. പ്രകാശൻ മാസ്റ്റർ, ഇങ്ങനെ സംസാരിക്കാമോ? കേരള യൂണിവേഴ്സിറ്റി അസിസ്റ്റന്റ് നിയമനകാര്യത്തിൽ എഡ്യൂക്കേഷൻ മിനിസ്റ്റർ ശ്രീ. എം. എ. ബേബി നിയമസഭയിൽ പറഞ്ഞു, എല്ലാം കറക്ടാണെന്ന്. ലോകായുക്ത എന്ത് പറഞ്ഞു; അഴിമതിയാണ് എന്ന്. ഉടനെ യൂണിവേഴ്സിറ്റി അപ്പീൽ പോയി. ഹൈക്കോടതി റിട്ടയേർഡ് ജഡ്ജസിനെ വച്ച് ഒരു സമിതിയുണ്ടാക്കി. ആ സമിതി പറഞ്ഞു, യൂണിവേഴ്സിറ്റി അസിസ്റ്റന്റ് നിയമനത്തിൽ അഴിമതിയാണ് എന്ന്. നിങ്ങൾ എത്ര മറച്ച് വച്ചാലും ഇത് അഴിമതിയല്ലേ? കൊച്ചുകുട്ടികൾ വരെ മൂക്കത്ത് കൈവച്ച് പറയും എവിടെയും അഴിമതിയാണ് എന്നത്. അതുപോലെ വ്യാജ പി.എസ്.സി. നിയമനങ്ങൾ. ഇവിടെ ശ്രീ. പി. സി. വിഷ്ണുനാഥ് ഞെട്ടിപ്പിക്കുന്ന കഥകളാണ് പറഞ്ഞത്. നമ്മൾ ഇവിടെ ഒരുപാട് ചർച്ചകൾ നടത്തി. ഇവിടെയുള്ള നിയമമെന്താണ്? നിയമനത്തിന് ഒന്നുകിൽ പി.എസ്.സി. അല്ലെങ്കിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്. ഇത് രണ്ടുമല്ലാത്ത നിയമനം തെറ്റാണ്, ഭരണഘടനാ വിരുദ്ധമാണ്, നിയമവിരുദ്ധമാണ്, അഴിമതിയാണ്. നിങ്ങൾ നടത്തുന്നത് മുഴുവൻ അതാണ്. പി.എസ്.സി. വഴിയോ, എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയോ അല്ല, നേരിട്ടാണ് നിങ്ങൾ എല്ലാ ഡിപ്പാർട്ടുമെന്റിലും നിയമനം നടത്തുന്നത്. നിയമവിരുദ്ധ നിയമനങ്ങൾ എല്ലാ ഡിപ്പാർട്ടുമെന്റിലും നടക്കുന്നു. 9 പൊതുമേഖലാ സ്ഥാപനങ്ങളിലേയ്ക്ക് ഇപ്പോൾ 2000 പേരെ നിയമിക്കാൻ മന്ത്രിസഭായോഗം തീരുമാനിച്ചിരിക്കുകയാണ്. മൂന്ന് യൂണിവേഴ്സിറ്റികളിലെ സ്ഥിതിയും ഇതുതന്നെയാണ്. ഇത് പറയുന്നത് ശരിയാണോയെന്ന് എനിക്കറിഞ്ഞുകൂട, കൃഷിവകുപ്പുമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയെ വി. സി. യായി വയ്ക്കാൻ തീരുമാനിച്ചു. വയ്ക്കണമെങ്കിൽ വച്ചോളൂ. യോഗ്യതയുണ്ടെങ്കിൽ ഒരു കുഴപ്പവുമില്ല. ഈ രീതിയിൽ വാസ്തവം പറഞ്ഞാൽ സംസ്ഥാനം മുഴുവൻ അഴിമതിയിൽ മുങ്ങി നിൽക്കുകയാണ്. ലോട്ടറിയുടെ കാര്യം നമ്മൾ രാവിലെ ഡിസ്കസ് ചെയ്തു, ലോട്ടറിയിൽ മുഴുവൻ അഴിമതി. അട്ടപ്പാടി ഭൂമി തട്ടിപ്പ്; നിങ്ങൾ ആദ്യം എന്തുപറഞ്ഞു? മാർക്സിസ്റ്റ് പാർട്ടി പ്രമേയം പാസ്സാക്കിയില്ലേ? അങ്ങനെ ഒരു പാർട്ടി ധൃതി പിടിച്ച് പ്രമേയം പാസ്സാക്കാമോ? പൂനയിലെ സുസ്ലോൺ കമ്പനി ആദിവാസികളുടെ ഭൂമി തട്ടിപ്പു നടത്തി അപഹരിച്ചപ്പോൾ മാർക്സിസ്റ്റ് പാർട്ടി പറഞ്ഞു, ഒരു കുഴപ്പവുമില്ലെന്ന്. പ്രമാണങ്ങളെല്ലാം, ട്രാൻസാക്ഷൻസെല്ലാം സുതാര്യം; കറക്ട്. മാർക്സിസ്റ്റ് പാർട്ടിയുടെ പ്രമേയമാണ്. കളക്ടർ എന്തു പറഞ്ഞു, എസ്.ടി.യുടെ ഭൂമി തട്ടിച്ചു. ഉടനെ ചീഫ് സെക്രട്ടറിയെ വിളിച്ചു. ചീഫ് സെക്രട്ടറി എന്ത് പറഞ്ഞു; ഭൂമി തട്ടിച്ചു. ശ്രീ. എ. കെ. ബാലൻ, ഇവിടെ എന്താണ് നടക്കുന്നത്? ഇതിനെല്ലാം നിങ്ങൾ കൂട്ടുനിൽക്കുകയല്ലേ? എല്ലാ മാഫിയകൾക്കും നിങ്ങൾ കൂട്ട് നിൽക്കുന്നു. ഭൂ മാഫിയയ്ക്ക് കൂട്ട് നിൽക്കുന്നു, മണൽ മാഫിയയ്ക്ക് കൂട്ടുനിൽക്കുന്നു, അധോലോകത്തിന് കൂട്ട് നിൽക്കുന്നു, ലോട്ടറി മാഫിയയ്ക്ക് കൂട്ടുനിൽക്കുന്നു. എല്ലാ മാഫിയകളും ഈ ഗവൺമെന്റിന്റെ കീഴിൽ വിഹരിക്കുകയാണ്. ഇങ്ങനെ ഒരു കാലഘട്ടം ഞാൻ എന്റെ 45 വർഷത്തെ എം.എൽ.എ. ജീവിതത്തിൽ കണ്ടിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

സഹകരണവും കയറും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ) : സർ, സുനാമിയുടെ കാര്യത്തിൽ 123 കോടി രൂപ ചെലവഴിച്ചില്ല എന്ന് അങ്ങ് പറഞ്ഞു. അത് ടേബിളിൽ നിന്ന് ലഭിച്ച കണക്കാണെങ്കിൽ പ്രായോഗികമായി അംഗീകരിച്ചതാണ്. ആ 123 കോടി രൂപയെന്നുപറഞ്ഞാൽ അങ്ങ് പറഞ്ഞ ആകെ തുകയുടെ 8.75 ശതമാനമാണ്. 91.25 ശതമാനം ചെലവഴിച്ചു കഴിഞ്ഞു. ഞങ്ങൾ 55 മാസംകൊണ്ടാണ് ഇത് ചെയ്തത്. സുനാമിയുണ്ടായത് 2004 ഡിസംബറിലാണ്. 18 മാസക്കാലം ഈ പണം യു.ഡി.എഫ്.ന്റെ കയ്യിലായിരുന്നു. ഒരു പൈസയും ചെലവഴിച്ചിട്ടില്ല. അപ്പോൾ ഡെവലപ്മെന്റ് റേറ്റ് സീറോയായിരിക്കെ ഞങ്ങളുടേത് 91.25 ശതമാനം ആണ്. അപ്പോൾ ആ കാര്യം അങ്ങ് അംഗീകരിക്കാത്തതെന്താണ് ?

ശ്രീ. കെ. എം. മാണി : സർ, ഈ പറയുന്നതൊന്നും ശരിയല്ല. 2006-ലാണ് ഗവൺമെന്റ് 1441 കോടി രൂപ അനുവദിച്ചത്. നിങ്ങളുടെ കാലഘട്ടത്തിലാണ് അത് മുഴുവൻ ഇംപ്ലിമെന്റ് ചെയ്യേണ്ടത്. സുനാമിയുടെ കണക്കുകൾ എത്ര സുതാര്യമായി നിയമസഭയിൽ കൊണ്ടുവന്നുവച്ചു. എത്ര സുതാര്യമായ ചർച്ചയാണ് ഇവിടെ നടന്നത്. ഇതുകഴിഞ്ഞ് ഇലക്ഷൻ വന്നു. അതുകഴിഞ്ഞ് നിങ്ങളാണ് ഇത് ഇംപ്ലിമെന്റ് ചെയ്യേണ്ടത്. നാലുവർഷമായിട്ടും നിങ്ങൾക്ക് ഇതുവരെയും അത് മുഴുവൻ ചെലവഴിക്കാൻ കഴിഞ്ഞില്ല, പാവപ്പെട്ടവർക്ക് ആശ്വാസം കൊടുക്കാൻ കഴിഞ്ഞില്ല. നിങ്ങൾ 'എന്നാണ് ഈ ചോദ്യത്തിന് ഉത്തരം തന്നത് ? ഈ ചോദ്യത്തിന് ഉത്തരം ഈ അടുത്ത നാളിലാണ് തന്നത്. 123 കോടി രൂപ ഇപ്പോഴും കൊടുക്കാനിരിക്കുകയാണ്.

പിന്നോക്ക-പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ) : സർ, അട്ടപ്പാടി ഭൂമി തട്ടിപ്പുമായി ബന്ധപ്പെട്ട് അന്വേഷണം നടത്തി അതിൽ പിടിക്കപ്പെട്ട നാല് പ്രതികളും അപ്പുറത്തുള്ള വരാണെന്നതിനെ സംബന്ധിച്ച് ബഹുമാനപ്പെട്ട കെ. എം. മാണിക്ക് അറിവുള്ളതല്ലേ ? ഈ ഭാഗത്തുള്ളവരാരുമില്ലല്ലോ ?

ശ്രീ. കെ. എം. മാണി : സർ, അത് അപ്പുറത്തുണ്ടോ ഇപ്പുറത്തുണ്ടോയെന്നുള്ളത് എനിക്ക് പ്രശ്നമല്ല. കേരളാ കോൺഗ്രസ്സുകാരുണ്ടെങ്കിൽ പിടിച്ചുകൊള്ളൂ. ഒറ്റ ചോദ്യമേ എനിക്കുള്ളൂ. നിങ്ങൾ ഈ കമ്പനിക്കാരനെതിരെ കേസെടുത്ത് അയാളെ അറസ്റ്റ് ചെയ്തോ ? പാവപ്പെട്ടവരെ പറ്റിച്ച് കോടീശ്വരനായ, കുത്തകക്കാരനായ ഈ കാറ്റാടിക്കമ്പനിക്കാരനെതിരെ കേസ് എടുത്ത് അയാളെ അറസ്റ്റ് ചെയ്തോ ? ഞാനാണ് ആ കസേരയിലെങ്കിൽ അയാളെ അറസ്റ്റ് ചെയ്ത് കയ്യാമം വയ്ക്കുമായിരുന്നു.

പിന്നോക്ക-പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ) : ഇതിന്റെ ഭാഗമായി ഒരുകാര്യം ഞാൻ ചോദിക്കുകയാണ്. ഈ കമ്പനിക്കെതിരായി കേസ്സെടുക്കുകയും ഹൈക്കോടതിയിൽ നിന്ന് ജാമ്യം കിട്ടാതിരിക്കുകയും സുപ്രീം കോടതിയിൽ പോയി അവർ ജാമ്യം വാങ്ങിയതും ബഹുമാനപ്പെട്ട കെ. എം. മാണിക്ക് അറിയാമോ ?

മി. സ്പീക്കർ : ബഹുമാനപ്പെട്ട മാണി സർ, സഹകരിക്കണം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. എം. മാണി : സർ, സുപ്രീം കോടതി ജാമ്യം കൊടുത്തതിന് ഞങ്ങൾക്കെന്താണ് ? കോടതി ജാമ്യം കൊടുത്തു. അവർ കോടതിയിൽ പോയി ജാമ്യം മേടിച്ചു. അതിന് ഇപ്പോൾ ഞാനെന്ത് ഉത്തരം പറയാനാണ് ? അവർക്ക് ജാമ്യം കിട്ടുവാനുള്ള സൗകര്യം നിങ്ങൾ ചെയ്തു കൊടുത്തു കാണും. ഞാൻ അതാണ് പറഞ്ഞത്. നിങ്ങളുടെ അഭിഭാഷകർ അതിന് സൗകര്യം ചെയ്തുകൊടുത്തു. അപ്പോൾ ശ്രീ. എ. കെ. ബാലൻ, വാദിക്കുന്തോറും നിങ്ങൾ ചീത്തയാകുകയേ ഉള്ളൂ. നിങ്ങളുടെ കൈകൾ മുഴുവൻ അശുദ്ധമാണ്. മുഴുവൻ അഴിമതിയിൽ മുങ്ങി നിൽക്കുകയാണ്. അതുകൊണ്ട് ഈ ഗവൺമെന്റിന് ജനങ്ങൾ മാപ്പുകൊടുക്കുകയില്ല. ഇനി ആകെ മൂന്നുനാല് മാസം കൂടിയേയുള്ളൂ. അതുകൊണ്ട് എന്തിനാണ് വഴക്കുണ്ടാക്കുന്നതെന്ന് ഞാൻ വിചാരിക്കുകയാണ്. ഇനി മൂന്നുനാല് മാസം കൂടിയേയുള്ളൂ. ഉള്ള സപ്ലിമെന്ററിയും വാങ്ങിപ്പോകൂ. ബിൽ പാസ്സാക്കിയോ പാസ്സാക്കാതെയോ പോകട്ടേ ? നാലുമാസം കഴിഞ്ഞ് ഇവിടെയൊരു ഭരണമാറ്റം ഉണ്ടാകുമല്ലോ ? ആ ഭരണമാറ്റത്തിനുവേണ്ടി ഞങ്ങൾ ഇരിക്കുകയാണ്. അതുകൊണ്ട് നിങ്ങൾക്ക് കേരളത്തിലെ ജനങ്ങൾ മാപ്പുനൽകുകയില്ല. ഞാൻ ഉപധനാഭ്യർത്ഥനകളെ ഒരിക്കൽക്കൂടി എതിർക്കുകയാണ്.

[അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ]

ശ്രീ. കെ. രാജു : സർ, ഞാൻ ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കുകയാണ്. മൂന്നുനാല് മാസം കഴിഞ്ഞ് തെരഞ്ഞെടുപ്പ് വരുമ്പോൾ ഇപ്പോൾ പ്രതിപക്ഷത്തിരിക്കുന്നവർ ഭരണത്തിൽ വരുമെന്നുള്ള സ്വപ്നം വെറുമൊരു ദിവാസ്വപ്നമായി മാറാൻ പോവുകയാണ്. നമ്മുടെ രാജ്യത്ത് നടക്കുന്ന കാര്യങ്ങൾ ജനങ്ങൾ കണ്ടുകൊണ്ടിരിക്കുകയാണ്. 1,76,000 കോടി രൂപയുടെ അഴിമതി നടത്തിയ കേന്ദ്ര മന്ത്രിയുടെ രാജിയും കാർഗിൽ യുദ്ധത്തിൽ രക്തസാക്ഷിയായവരുടെ ആശ്രിതരെ സഹായിക്കുന്നതിനുവേണ്ടി ഉദ്ദേശിച്ച് നടപ്പിലാക്കിയ ആദർശ് ഫ്ളാറ്റുമായി ബന്ധപ്പെട്ട് നടന്ന കുംഭകോണവുമെല്ലാം ഈ രാജ്യത്തെ ജനങ്ങൾ നല്ലതുപോലെ കണ്ടുകൊണ്ടിരിക്കുകയാണ്. ഇതുമായി ബന്ധപ്പെട്ട് കോൺഗ്രസ്സിന്റെ നേതാവായിട്ടുള്ള ഒരു മുഖ്യമന്ത്രി രാജിവച്ച് ഒഴിയേണ്ട സാഹചര്യം വന്നു. സുരേഷ് കൽമാഡി ആരാണ് ? സുരേഷ് കൽമാഡി കേരളത്തിൽ നിന്ന് പോയ കൊടിക്കുന്നിൽ സുരേഷിനെപ്പോലെ തന്നെ പാർട്ടിവിപ്പുമാരിൽ ഒരാളാണ്. സുരേഷ് കൽമാഡി എത്രകോടി രൂപയുടെ അഴിമതി ആരോപണത്തെയാണ് ഇപ്പോൾ നേരിടുന്നത്. കോമൺവെൽത്ത് ഗെയിംസുമായി ബന്ധപ്പെട്ട് ഒൻപതിനായിരം കോടി രൂപയുടെ അഴിമതിയാണ്. ഒരു ഗെയിംസുമായി ബന്ധപ്പെട്ട് ഈ ലോകത്തെയാകെ ഞെട്ടിപ്പിച്ച ഇത്രയും വലിയൊരു അഴിമതി മുമ്പ് നമ്മൾ കേട്ടിട്ടുണ്ടോ ? ഇതെല്ലാം ഇന്ത്യയിലെ ജനങ്ങൾ കണ്ടുകൊണ്ടിരിക്കുകയാണ്. കേരളത്തിലെ വിദ്യാഭ്യാസമുള്ള ജനങ്ങൾ ഇതെല്ലാം നല്ലതുപോലെ കണ്ടുകൊണ്ടിരിക്കുകയാണ്. നിങ്ങൾ പെട്രോളിന്റേയും ഡീസലിന്റേയും വില എത്ര പ്രാവശ്യം വർദ്ധിപ്പിച്ചു. ഇന്ന് നമ്മൾ ഇവിടെ കൂടുമ്പോൾ പത്രങ്ങളിൽ റിപ്പോർട്ട് ചെയ്തുവന്നതിന്റെ അടിസ്ഥാനത്തിലാണെങ്കിൽ റെയിൽവേ ചരക്കുകൂലി ഇന്നലെ മുതൽ വീണ്ടും കൂട്ടിയിരിക്കുന്നു. റെയിൽവേ

LIBRARY ARCHIVES Kerala Legislative Assembly

ചരക്കുകൂലി ഇങ്ങനെ വർദ്ധിപ്പിച്ചാൽ നിത്യോപയോഗ സാധനങ്ങളുടെ വില കൂടുകയില്ലേ ? കേരളത്തിലെ ജനങ്ങൾക്ക് അത് നല്ലതുപോലെ അറിയാമല്ലോ ? റെയിൽവേ ചരക്കുകൂലി വർദ്ധിപ്പിച്ചതുകൊണ്ട് ഏറ്റവും കൂടുതൽ ബുദ്ധിമുട്ടാൻ പോകുന്നത് കേരളത്തിലെ ജനങ്ങളല്ലേ ? ചരക്കുകൂലി വർദ്ധിപ്പിച്ചാൽ ഒരു കൺസ്യൂമർ സ്റ്റേറ്റെന്ന നിലയിൽ മറ്റു സംസ്ഥാനങ്ങളേക്കാൾ കൂടുതൽ വില വർദ്ധനവുണ്ടാകുന്നത് കേരളത്തിലെ ജനങ്ങൾക്കാണ്. ചരക്കുകൂലി വർദ്ധിപ്പിക്കാൻ വേണ്ടി ഇപ്പോൾ തീരുമാനമെടുത്ത കേന്ദ്ര സർക്കാരിന് അനുകൂലമായി കേരളത്തിലെ ജനങ്ങൾ വോട്ടുചെയ്യും എന്നാണോ ശ്രീ. പുതുശ്ശേരി അടക്കമുള്ളവർ കരുതുന്നത് ? അങ്ങനെ കരുതാൻ പാടില്ല. തെറ്റാണ് അത്. അത് കേരളത്തിലെ ജനങ്ങളുടെ രാഷ്ട്രീയ ബോധത്തെ നിങ്ങൾ വിലയിരുത്തുന്നതിൽ വരുന്ന പിശകാണ്. യു.പി.എ. ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം നിങ്ങൾ ചെയ്ത ജനദ്രോഹകരമായ നടപടികൾ എണ്ണിയെണ്ണി പറയാൻ കഴിയും. ഞാൻ ചോദിക്കട്ടെ, എത്ര പ്രാവശ്യമാണ് നിങ്ങൾ പെട്രോളിയം ഉൽപ്പന്നങ്ങൾക്ക് വില കൂട്ടിയത്. വില കൂടിയതോ പോട്ടേ, മറ്റൊരു കാര്യം നിങ്ങൾ ചെയ്തത് എന്താണ് ? പെട്രോളിയം ഉൽപ്പന്നങ്ങളുടെ വില നിയന്ത്രിക്കുവാൻ കേന്ദ്ര ഗവൺമെന്റിനുണ്ടായിരുന്ന അവകാശം നിങ്ങൾ തീറെഴുതിക്കൊടുത്ത് കമ്പനികളെ സഹായിച്ചു. അതിന്റെ അടിസ്ഥാനത്തിൽ ഇപ്പോൾ ആഴ്ചയോടാഴ്ച നിയമസഭയോ അല്ലെങ്കിൽ പാർലമെന്റോ ഒന്നും അറിയാതെ രാജ്യത്തെ നിത്യോപയോഗ സാധനങ്ങളുടെ വില കൂടുകയല്ലേ ? പെട്രോളിയം ഉൽപ്പന്നങ്ങളുടെ വില കൂടുന്നതിനനുസരിച്ച് നിത്യോപയോഗ സാധനങ്ങളുടെ വിലകൂടുന്നു. ഇന്ത്യയിൽ ഏറ്റവും അധികം വിലക്കൂടുതൽ കോൺഗ്രസ്സുകാർ ഭരിക്കുന്ന സംസ്ഥാനങ്ങളിൽ തന്നെയാണ് എന്നുള്ളത് ആർക്കാണ് അറിയാൻ പാടില്ലാത്തത് ? കേന്ദ്ര ഗവൺമെന്റിന്റെ തെറ്റായ നയം മൂലമല്ലേ ഈ വിലക്കയറ്റം ? ഇത് കേരളത്തിലെ ജനങ്ങൾക്ക് നല്ലതുപോലെ അറിയാം. കേരളത്തിലെ ജനങ്ങൾക്ക് അത് അറിയാം എന്നുള്ളതുകൊണ്ട് വരാൻ പോകുന്ന നിയമസഭാ തെരഞ്ഞെടുപ്പ് കഴിയുമ്പോൾ സ്പെക്ട്രം അഴിമതി നടത്തിയ, അതുപോലെ ആദർശ് ഫ്ളാറ്റ് കുംഭകോണം നടത്തിയ, കോമൺവെൽത്ത് അഴിമതി നടത്തിയ, അതുപോലെതന്നെ വില വാണംപോലെ കുതിച്ചുയരുന്നതിനുള്ള നടപടി സ്വീകരിച്ച നിങ്ങളെ ജനങ്ങൾ തള്ളിപ്പറയുമെന്നുള്ള കാര്യത്തിൽ ഒരു തർക്കവും വേണ്ട. തദ്ദേശ സ്വയംഭരണ തെരഞ്ഞെടുപ്പ് വേറെ, നിയമസഭാ തെരഞ്ഞെടുപ്പ് വേറെ. രാഷ്ട്രീയമായി അഴിമതിയെക്കുറിച്ച് നിങ്ങൾ പറയുന്നു. നിങ്ങൾക്ക് അതിന് എന്തവകാശം? കേരളത്തിലെ അഴിമതിയെ സംബന്ധിച്ച് പറയാൻ രാഷ്ട്രീയമായി അഖിലേന്ത്യാ തലത്തിൽ നടക്കുന്ന വമ്പിച്ച തോതിലുള്ള അഴിമതിയുമായി ബന്ധപ്പെട്ടുകൊണ്ടുള്ള കാര്യങ്ങൾ പഠിച്ച് മനസ്സിലാക്കിയാൽ നിങ്ങൾക്ക് എന്തെങ്കിലും അവകാശമുണ്ടോ ? ശ്രീ. പി. സി. വിഷ്ണുനാഥ് അടക്കമുള്ളവർ കേരളത്തിലെ അഴിമതിയെ സംബന്ധിച്ച് പറഞ്ഞു. ഇവിടെ അഴിമതിയെ സംബന്ധിച്ച് പറയാൻ നിങ്ങൾക്ക് ഒരവകാശവുമില്ല. സുനാമി ഫണ്ട് വിനിയോഗത്തെ സംബന്ധിച്ച് പറഞ്ഞു. എന്താണ് പത്രങ്ങളിലെല്ലാം വന്നിട്ടുള്ള റിപ്പോർട്ട് ? സുനാമി ഫണ്ട് ചെലവഴിച്ച കാര്യത്തിൽ, ബഹുമാനപ്പെട്ട

LIBRARY ARCHIVES Kerala Legislative Assembly

സഹകരണ വകുപ്പുമന്ത്രി ഇവിടെ സൂചിപ്പിച്ചതുപോലെ 92, 93 ശതമാനത്തിൽ അധികം വരുന്ന തുക ഇതിനോടകംതന്നെ വളരെ സുതാര്യമായി വിനിയോഗിച്ച് കേന്ദ്ര ഗവൺമെന്റ് നിയോഗിച്ചിട്ടുള്ള ആളുകൾ അടക്കമിരുന്നുകൊണ്ട് അവലോകനങ്ങൾ നടത്തി അത് വളരെ സുതാര്യമായി നടപ്പിലാക്കിക്കൊണ്ടു പോകുന്ന കാഴ്ചയാണ് കേരളത്തിൽ സുനാമി ഫണ്ടുമായി ബന്ധപ്പെട്ട് കാണാൻ കഴിയുന്നത്. എന്നാൽ ഈ നിയമസഭയിലേയ്ക്ക് ഞാൻ കടന്നുവന്ന............

സഹകരണവും കയറും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ) : സർ, സുനാമി ഫണ്ടിനെപ്പറ്റി ശ്രീ. കെ. എം. മാണിയോടു ചോദിച്ചപ്പോൾ, അതിന് അദ്ദേഹം വ്യക്തമായ മറുപടി തന്നില്ല. അത് ഞാൻ ഒന്നുകൂടി വിശദീകരിക്കു കയാണ്. അങ്ങ് പറഞ്ഞതുപോലെ മാണി സാർ പറഞ്ഞ കണക്കനുസരിച്ച് 91.25 ശതമാനം ചെലവഴിച്ചുവെന്ന് അദ്ദേഹം തന്നെ സമ്മതിച്ചു. 1440 കോടിരൂപയിൽ 123 കോടി രൂപമാത്രമേ ഇനിയുള്ളൂ. 91.25 കോടി രൂപയാണ്; അതായത് ചെലവഴിക്കാത്തത് 8.75 കോടി രൂപയേയുള്ളൂ. 55 മാസം കൊണ്ട് ചെലവഴിച്ചത് 92 ശതമാനമാണ്. 18 മാസം യു.ഡി.എഫ് ഗവൺമെന്റിന്റെ കയ്യിൽ ഈ പണമിരുന്നോ എന്ന് ചോദിച്ചപ്പോൾ അദ്ദേഹം പറഞ്ഞു ഇല്ല എന്ന്. 2006-ലാണ് ഇത് അനുവദിച്ചത് എന്ന് പറഞ്ഞു. അത് ശരിയാണ്. അപ്പോൾ വേറൊരു ചോദ്യമുണ്ട്. ആദ്യത്തെ 18 മാസം ഈ ഫണ്ടൊന്നും വാങ്ങാതെ സുനാമി ബാധിതർ ഏറ്റവും കഷ്ടപ്പെട്ടകാലത്ത് ഒരു പൈസ പോലും വാങ്ങിയില്ല എന്നുള്ളത് സമ്മതിക്കണ്ടേ ? അത് സമ്മതിച്ചോ ? അത് പറയൂ.........(ബഹളം)...

ശ്രീ. കെ. രാജു : സർ, അതു മാത്രമല്ല, ഈ നിയമസഭയിലേയ്ക്ക് കടന്നു വന്ന് ആദ്യമായി നിയമസഭ കൂടുമ്പോൾ ഉണ്ടായ ചർച്ചയിൽ ഉയർന്നുവന്ന ഞെട്ടിപ്പിക്കുന്ന ഒരു വസ്തുതയില്ലേ ? അത് ആളുകൾ മറന്നോ ? കടൽ കണ്ടിട്ടില്ലാത്ത, കടലിന്റെ അടുത്തുകൂടിപ്പോലും പോയിട്ടില്ലാത്ത പാലായിലും അതുപോലെ പുതുപ്പള്ളിയിലും സുനാമി ഫണ്ടിലെ കോടികൾ ചെലവഴിച്ചതിനെ സംബന്ധിച്ച് വളരെ ചൂടേറിയ ചർച്ച നിയമസഭയിൽ നടന്നത് മറന്നുപോയോ ? ഞാൻ പറഞ്ഞു വരുന്നത്, സുനാമി ഫണ്ട് വളരെ മാതൃകാപരമായി ചെലവഴിക്കുന്ന കാര്യത്തിൽ കേരളത്തിലെ ഇടതു മുന്നണി സർക്കാർ കേന്ദ്ര സർക്കാരിന്റെ പോലും അഭിനന്ദനം പിടിച്ചുപറ്റി മുന്നോട്ടുപോവുകയാണ്. ബാക്കി ചെലവഴിക്കുവാനുള്ള തുകയും കൃത്യ സമയത്തിനുള്ളിൽ പൂർത്തീകരിക്കുമെന്നുള്ള കാര്യത്തിൽ യാതൊരു തർക്കവും വേണ്ട. ബഹുമാനപ്പെട്ട മാണി സാർ ചോദിച്ചു ഈ ഗവൺമെൻറ് എന്തെങ്കിലും പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ എന്ന്. ഞാൻ ചോദിക്കട്ടേ, ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം കേരളത്തിൽ കഴിഞ്ഞ നാലര വർഷക്കാലത്തിനുള്ളിൽ ടൂറിസം മേഖലയിൽ ഉണ്ടായിട്ടുള്ള വളർച്ച ശ്രീ. ജോസഫ് എം. പുതുശ്ശേരിക്ക് മറച്ചുവയ്ക്കാൻ കഴിയുമോ ? ടൂറിസം മേഖലയിലും അതുപോലെതന്നെ ഊർജ്ജ മേഖലയിലുമുണ്ടായ വളർച്ച അഭിമാനാർഹമാണ്. ഇപ്പോൾ തന്നെ ഏതാണ്ട് അൻപത്-അൻപത്തിയഞ്ച് മണ്ഡലങ്ങളിൽ സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി നടപ്പിലാക്കിക്കഴിഞ്ഞു. ഏതെങ്കിലുമൊരു പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ

LIBRARY ARCHIVES Kerala Legislative Assembly

എന്നു ചോദിച്ച എന്റെ ഏറ്റവും ബഹുമാന്യനായിട്ടുള്ള ഈ സഭയിലെ സീനിയറായിട്ടുള്ള മാണി സാറിനോട് എനിക്ക് ഓർമ്മിപ്പിക്കുവാനുള്ളത് അൻപതിലധികം നിയോജകമണ്ഡലങ്ങളിൽ ഇതിനോടകംതന്നെ സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി നടപ്പിലാക്കിക്കഴിഞ്ഞു. ബാക്കിവരുന്ന കഴിയുന്നിടത്തോളം നിയോജകമണ്ഡലങ്ങളിലും സമ്പൂർണ്ണ വൈദ്യുതീകരണം നടപ്പിലാക്കുന്ന പദ്ധതിയുമായി ഈ ഗവൺമെന്റ് മുന്നോട്ടു പോവുകയാണ്. ഊർജ്ജ സംരക്ഷണത്തിന്റെ കാര്യത്തിൽ കേന്ദ്രമന്ത്രിയുടെ പക്കൽനിന്ന് നമ്മുടെ ബഹുമാനപ്പെട്ട മന്ത്രി എ. കെ. ബാലൻ സമ്മാനം ഏറ്റുവാങ്ങിയതിന്റെ പടം ശ്രീ. ജോസഫ് എം. പുതുശ്ശേരി പത്രത്തിൽ കണ്ടതല്ലേ, വായിച്ചതല്ലേ ? പാലക്കാട് ജില്ലയെ സമ്പൂർണ്ണ വൈദ്യുതീകരണ ജില്ലയാക്കിയത് ഈ ഗവൺമെന്റിന്റെ കാലഘട്ടത്തിലല്ലേ ? എന്നിട്ട് ഏതെങ്കിലും ഒരു പദ്ധതി നടപ്പിലാക്കിയോയെന്ന് നിങ്ങൾ ചോദിക്കുകയാണ് ? പാല്, മുട്ട, മാംസം എന്നിവയുടെ കാര്യത്തിൽ ഈ ഗവൺമെന്റ് നാലുവർഷക്കാലത്തിനുള്ളിൽ വമ്പിച്ച തോതിലുള്ള വർദ്ധനവ് ഉണ്ടാക്കി, പാലിന്റേയും മാംസത്തിന്റേയും ഉൽപ്പാദനത്തിൽ മൃഗസംരക്ഷണ മേഖലയിൽ വമ്പിച്ചതോതിലുള്ള വർദ്ധനവ് ഈ കാലഘട്ടത്തിൽ ഉണ്ടായിരുന്നു എന്നുപറഞ്ഞാൽ അത് നിഷേധിക്കാൻ കഴിയുമോ ? ആ മേഖലയിൽ വമ്പിച്ച തോതിലുള്ള വളർച്ചയുണ്ടായിട്ടുണ്ടെന്ന് കേരളത്തിലെ ആധികാരികമായ എല്ലാ വാർത്താമാധ്യമങ്ങളും അതുപോലെ തന്നെ മറ്റു പ്രസിദ്ധീകരണങ്ങളുമെല്ലാം അംഗീകരിക്കുന്നു. നെല്ലുൽപ്പാദനത്തിന്റെ കാര്യത്തിൽ കഴിഞ്ഞ നാലര വർഷക്കാലത്തിനുള്ളിൽ ഈ ഗവൺമെന്റിന് മുന്നോട്ടു പോകാൻ കഴിഞ്ഞില്ലേ ? നേരത്തെയുണ്ടായിരുന്നതിനേക്കാൾ നെല്ലുല്പാദനത്തിന്റേയും കാർഷിക മേഖലയിലെ ഉല്പാദനത്തിന്റെ കാര്യത്തിലും മുന്നോട്ട് പോകാൻ നമുക്ക് കഴിഞ്ഞു എന്നുള്ളത് ഇവിടെ പൊതുവിൽ അംഗീകരിക്കപ്പെട്ട ഒരു വസ്തുതയാണ്. സഹകരണമേഖലയിൽ എത്രയോ പുതിയ പദ്ധതികൾ ആവിഷ്ക്കരിച്ചുകൊണ്ട് മുന്നോട്ടുപോകാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. കോടിക്കണക്കിന് രൂപയുടെ നിക്ഷേപം സ്വരൂപിച്ചുകൊണ്ട് നമ്മുടെ നാട്ടിൽ വിലക്കയറ്റങ്ങളും മറ്റുമുണ്ടാകുമ്പോൾ കൃത്യസമയത്ത് അതിനെ തടഞ്ഞുനിറുത്താൻവേണ്ടി സിവിൽ സപ്ലൈസ് കോർപ്പറേഷനോടും വകുപ്പിനോടുമൊപ്പം ചേർന്നുകൊണ്ട് സഹകരണ മേഖല രംഗത്ത് വന്നില്ലേ ? ഏത് മണ്ഡലത്തിലാണ് കൺസ്യൂമർ ഫെഡ്ഡിന്റെ പുതിയ സംരംഭങ്ങൾ ആരംഭിക്കാത്തത് ? എവിടെയാണ് സഹകരണ മേഖല ഇപ്പോൾ മുന്നോട്ടുപോകാതെ നിൽക്കുന്നത് ? കഴിഞ്ഞ നാലര വർഷക്കാലമായി ഒരു പദ്ധതിയും നടപ്പിലാക്കുന്നില്ലെന്ന് പറയുമ്പോൾ, ഓരോ വകുപ്പുകളായി എടുത്ത് പരിശോധിക്കണമെന്നാണ് എനിക്ക് ഈ അവസരത്തിൽ പറയാനുള്ളത്. പൊതുവിതരണ മേഖലയുടെ കാര്യം നമുക്കറിയാം. ഏത് സമയത്തെല്ലാം എൽ. ഡി. എഫ്. ഗവൺമെന്റ് അധികാരത്തിൽ വരുന്നോ അപ്പോഴൊക്കെയാണ് റേഷൻ കടകളിൽ ആളും അനക്കവും ഉണ്ടാകുന്നത്. എപ്പോഴൊക്കെയാണോ യു. ഡി. എഫ്. അധികാരത്തിൽ വരുന്നത് അപ്പോഴെല്ലാം റേഷൻ കടകളിൽ എലി പെറ്റ് കിടക്കുന്ന സ്ഥിതിയാണ് നമ്മൾ കണ്ടിട്ടുള്ളത്. അവിടെ ഒരു കുഞ്ഞും തിരിഞ്ഞുനോക്കുകയില്ല, കാരണം അവിടെ സാധനങ്ങളില്ല,

LIBRARY ARCHIVES Kerala Legislative Assembly

സാധനങ്ങൾക്ക് വിലക്കുറവില്ല. അവിടെ ആരും പോകേണ്ട കാര്യമില്ല. എന്നാൽ ഇടതുപക്ഷ മുന്നണി സർക്കാർ എന്ന് കേരളത്തിൽ അധികാരത്തിൽ വന്നിട്ടുണ്ടോ അപ്പോഴെല്ലാം കഴിയുന്നിടത്തോളം നിത്യോപയോഗ സാധനങ്ങൾ വിലകുറച്ച് കൊടുക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചു. അതിന്റെ ഫലമായി ഇന്ന് ഇപ്പോൾ റേഷൻ കടകളിൽ പോയാൽ ആളുണ്ട്, അനക്കമുണ്ട്, സാധനങ്ങളുണ്ട്, ക്യൂ ഉണ്ട്. അതല്ലേ സ്ഥിതി ? മാവേലി സ്റ്റോറുകളുടെ കാര്യം പരിശോധിച്ചു നോക്കൂ, പൊതുജനാരോഗ്യ മേഖലയെടുത്ത് പരിശോധിച്ചു നോക്കൂ. അങ്ങനെ ഓരോ മേഖലയിലും വമ്പിച്ച തോതിലുള്ള മുന്നേറ്റം ഈ കാലഘട്ടത്തിൽ ഉണ്ടായിട്ടുണ്ടെന്നുള്ളത് മറച്ചുവയ്ക്കാൻ കഴിയില്ല. ശ്രീ. പി. സി. വിഷ്ണുനാഥ് ഇവിടെ പറഞ്ഞു, ലാന്റ് റവന്യൂ കമ്മീഷൻ എന്നു പറഞ്ഞ ഒന്ന് ഇല്ലെന്ന്. മുരളീധരൻ ഐ. എ. എസ്. എന്നുപറയുന്ന ആളല്ലേ നമ്മുടെ ലാന്റ് റവന്യൂ കമ്മീഷണർ. ഇപ്പോൾ അടിച്ചുവന്ന ഡയറിയിലും അതുണ്ട്. അപ്പോൾ എന്തെങ്കിലും പറയാൻവേണ്ടി തെറ്റായ വസ്തുതകൾ ഇങ്ങനെ പറയുന്നത് ശരിയാണോ ? ഇന്ന് ഇപ്പോൾ നിയമനത്തട്ടിപ്പിന്റെ കാര്യം പറഞ്ഞ് നിങ്ങൾ ഇവിടെ ആക്ഷേപം ഉന്നയിക്കുന്നുണ്ട്. നിയമനത്തട്ടിപ്പ് നടത്തിയവരും അതിന് കൂട്ടുനിന്നവരുമായിട്ടുള്ള ആളുകളിൽ ഒന്നോ രണ്ടോ പ്രതികളെയൊഴിച്ച് ബാക്കിയുള്ളവരെല്ലാം ഇന്ന് കൽത്തുറുങ്കിലാണ്. അതാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. പോലീസ് സേനയിൽ നടന്ന നിയമന തട്ടിപ്പുമായി ബന്ധപ്പെട്ട റിപ്പോർട്ട് ഇവിടെ വന്നല്ലോ ? നിങ്ങളുടെ കാലഘട്ടത്തിൽ നടന്നതാണ്. 2005-ൽ പോലീസ് സേനയിൽ നടന്ന നിയമനത്തട്ടിപ്പുമായി ബന്ധപ്പെട്ട റിപ്പോർട്ട് വന്നു. ഞാൻ ചോദിക്കുന്നു, അതുമായി ബന്ധപ്പെട്ട് ആരെയെങ്കിലും അറസ്റ്റ് ചെയ്യുവാൻ, ആരെയെങ്കിലും കൽത്തുറുങ്കിലടയ്ക്കാൻ നിങ്ങൾക്ക് കഴിഞ്ഞില്ലായെങ്കിൽ ഇവിടെ ഇപ്പോൾ കള്ള റിക്കാർഡുകളും മറ്റും ഉണ്ടാക്കി നിയമന തട്ടിപ്പ് നടത്തിയ ആളെയും അയാളുടെ ബന്ധുക്കളേയും അയാളുമായി ബന്ധപ്പെട്ടവരേയുമെല്ലാം പിടിച്ചു. നിയമനത്തട്ടിപ്പിൽ ഉൾപ്പെട്ട എല്ലാവരെയും പിടിച്ച് കൽത്തുറുങ്കിലാക്കി. അതാണ് ഒരു ഗവൺമെന്റ് ചെയ്യേണ്ടത്. യു. ഡി. എഫ്. ഗവൺമെന്റിന്റെ കാലഘട്ടത്തിൽ ചെയ്തതു പോലെയുള്ള നിയമനത്തട്ടിപ്പുകളെ മറച്ചുവയ്ക്കുന്ന സമീപനമല്ല ഈ ഗവൺമെന്റ് സ്വീകരിക്കുന്നത് എന്ന് ഓർമ്മപ്പെടുത്താൻ വേണ്ടിയാണ് ഞാൻ അത് സൂചിപ്പിച്ചത്. അങ്ങനെ നമ്മുടെ സാമാന്യ ജനങ്ങളുടെ ന്യായമായ എല്ലാ ആവശ്യങ്ങൾക്കും പരിഹാരം കണ്ട് മുന്നോട്ടുപോകുന്ന ഇഫക്റ്റീവായ ഒരു ധനകാര്യ മാനേജ്മെന്റിന്റെ ഫലമായിട്ടാണ് വിവിധ വകുപ്പുകൾക്ക് മുന്നോട്ടു പ്രവർത്തിച്ചുപോകാൻ കഴിയുന്നത്. ഒരിക്കൽപോലും ട്രഷറി നിയന്ത്രണം ഇല്ലായിരുന്നു. ഈ ഗവൺമെന്റിന്റെ കാലഘട്ടത്തിൽത്തന്നെ സർക്കാർ ഉദ്യോഗസ്ഥർക്ക് ശമ്പളപരിഷ്ക്കരണ റിപ്പോർട്ട് കൊടുത്തുകഴിഞ്ഞാൽ അതിന്റെ അടിസ്ഥാനത്തിൽ ഈ ഗവൺമെന്റിന്റെ കാലാവധിക്ക് മുമ്പ് തന്നെ പുതിയ ശമ്പളപരിഷ്ക്കരണവും നടപ്പിലാക്കിക്കൊണ്ട് ഈ ഗവൺമെന്റ് റിക്കാർഡ് ഇടാൻ പോകുകയാണ്. ഡി. എ. യ്ക്കുവേണ്ടി ഒരു സമരവും ഈ സർക്കാരിന്റെ കാലഘട്ടത്തിൽ സർക്കാർ ഉദ്യോഗസ്ഥർക്ക് നടത്തേണ്ടി വന്നിട്ടില്ല. ഇവിടത്തെ തൊഴിലാളികൾക്ക്, അതുപോലെതന്നെ പി. ഡബ്ല്യു. ഡി.

LIBRARY ARCHIVES Kerala Legislative Assembly

കരാറുകാർക്ക് ആർക്കും കുടിശ്ശിക കിട്ടാത്തതിന്റെ പേരിൽ ഒരു ബുദ്ധിമുട്ടും ഉണ്ടായിട്ടില്ല. ഫലപ്രദമായ ധനകാര്യ മാനേജ്മെന്റിന്റെ ഭാഗമായി എല്ലാ ഡിപ്പാർട്ടുമെന്റുകൾക്കും മുന്നോട്ടുപോകുന്നതിനാവശ്യമായ പണം അനുവദിച്ചു കൊണ്ട് ട്രഷറി ഒരു ദിവസം പോലും പൂട്ടിയിടാതെ സംസ്ഥാനത്തെ നികുതി വരുമാനം പരമാവധി വർദ്ധിപ്പിച്ചുകൊണ്ട് മുന്നോട്ടു പോകാൻ ഈ സർക്കാരിന് കഴിഞ്ഞു. അത് പറയുമ്പോൾ പ്രത്യേകിച്ച് ഒരു കാര്യം എനിക്ക് സൂചിപ്പിക്കാനുള്ളത്, ഈ കഴിഞ്ഞ നാലര വർഷത്തിനുള്ളിൽ ഒരൊറ്റ ബഡ്ജറ്റിലൂടേയും ഒരു പുതിയ നികുതിപോലും കേരളത്തിലെ ജനങ്ങളിൽ അടിച്ചേൽപ്പിക്കാതെ അധിക വരുമാനമുണ്ടാക്കിക്കൊണ്ടാണ് കേരള ഗവൺമെന്റ് ഇവിടെ വമ്പിച്ച തോതിലുള്ള വികസന പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകുന്നതെന്നുള്ളത് എടുത്തുപറയേണ്ട വസ്തുതയാണ്. ആ നിലയിൽ മുന്നോട്ടുപോകുന്ന ഈ ഗവൺമെന്റ് ഇവിടെ അവതരിപ്പിച്ചിട്ടുള്ള സപ്ലിമെന്ററി ഡിമാന്റ്സിനെ സപ്പോർട്ട് ചെയ്തുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

<u>ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി</u>: സർ, ഈ സപ്ലിമെന്ററി ഡിമാന്റ്സ് ഫോർ ഗ്രാന്റിനെ ഞാൻ എതിർക്കുകയാണ്. ഇവിടെ ആദ്യമായി ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയോട് ചോദിക്കാനുള്ളത്, ഈ സപ്ലിമെന്ററി ഡിമാന്റ്സ് ഫോർ ഗ്രാന്റൊക്കെ വന്നുകഴിഞ്ഞാൽ നമ്മുടെ ഫിസ്ക്കൽ ഡെഫിസിറ്റും റവന്യൂ ഡെഫിസിറ്റും എന്താണെന്ന് അങ്ങ് അവസാനം വ്യക്തമാക്കുമെന്ന് കരുതുകയാണ്. ഒരു കാര്യം ചൂണ്ടിക്കാണിക്കുകയാണ്, അലിഗർ യൂണിവേഴ്സിറ്റിയുടെ മലപ്പുറം സെന്ററിന്റെ സ്ഥലം ഇന്ന് കൈമാറുകയാണ്. വളരെ സന്തോഷമുള്ള കാര്യമാണ്. പക്ഷേ സ്ഥലം എം. പി. യായ കേന്ദ്ര റെയിൽവേ സഹമന്ത്രി അഹമ്മദ് സാഹിബിനെ ഈ കാര്യം ഒന്ന് അറിയിക്കുക പോലും ചെയ്തിട്ടില്ലെന്നാണ് ഞങ്ങൾ അറിഞ്ഞത്. അത് ഒന്ന് അറിയിക്കുക യെങ്കിലും ചെയ്യേണ്ടതായിരുന്നു. ഇവിടെ എന്തിനാണ് ഈ സപ്ലിമെന്ററി ഗ്രാന്റ് പാസ്സാക്കിക്കൊടുക്കുന്നത് ? നിയമസഭ പാസ്സാക്കിക്കൊടുത്ത ബഡ്ജറ്റിൽ വകയി രുത്തിയ തുകയിൽത്തന്നെ നല്ലൊരു ശതമാനം ചെലവഴിച്ചിട്ടില്ലായെന്നാണ് കാണാൻ കഴിയുന്നത്. പദ്ധതി പ്രവർത്തനങ്ങളുടെ കാര്യത്തിലും ചെലവ് വളരെ കുറവാണ്. ഇപ്രാവശ്യത്തെ പ്ലാനിംഗ് ബോർഡ് പുറത്തിറക്കിയ ആനുവൽ പ്ലാൻ റിവ്യൂവിൽ ഒരു മിടുക്ക് കാണിച്ചിട്ടുണ്ട്; ചെലവഴിച്ചതിന്റെ വലിയ ശതമാനം കാണിച്ചിട്ടുണ്ട്. പക്ഷേ അഡീഷണലായി വന്ന ഔട്ട്ലേ കാണിക്കാതെയാണ് ശതമാനം കാണിച്ചത്. അതുകൂടി കൂട്ടിയാൽ ചെലവഴിച്ച തുക വളരെ കുറവാണ്. ഇവിടത്തെ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ ചെലവ് പത്രങ്ങളിൽ എന്നും വാർത്തയാണ്. ഇവിടത്തെ ദേശാഭിമാനി ഒഴിച്ചുള്ള മനോരമ, മാതൃഭൂമി, കേരള കൗമുദി, ദീപിക, മംഗളം ഉൾപ്പെടെയുള്ള എല്ലാ പത്രങ്ങളും അതിനെക്കുറിച്ച് വാർത്തകൾ എഴുതുന്നുണ്ട്. ഒന്നുരണ്ട് കാര്യങ്ങൾ ഞാൻ ഇവിടെ വായിക്കാം-'കേന്ദ്ര പദ്ധതികൾക്ക് അനുവദിച്ച തുകയിൽ 800 കോടി സംസ്ഥാനത്ത് ഉപയോഗിച്ചില്ല', 'തൊഴിലുറപ്പ് പദ്ധതിക്ക് ലഭിച്ചതിലും 516 കോടി ചെലവിട്ടിട്ടില്ല', 'തമിഴ്നാട് കുതിക്കുന്നു, കേരളം കിതയ്ക്കുന്നു'. തമിഴ്നാടിന്റെ വികസന ശ്രമങ്ങളുമായി തുലനം ചെയ്യുമ്പോൾ കേരളത്തിന്റെ സമീപനം തന്നെ തലതിരിഞ്ഞതാണ്. രണ്ട് ദശാബ്ദത്തിനിടെ വൻകിട

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

വ്യവസായസ്ഥാപനങ്ങളൊന്നുംതന്നെ കേരളത്തിൽ ആരംഭിച്ചിട്ടില്ല, ഉണ്ടായിരുന്നത് ഒന്നൊന്നായി അടച്ചുപൂട്ടുന്നു. 'കേന്ദ്രം നൽകിയ തുക കേരളം പാഴാക്കി', 'പഞ്ചായത്ത്‌രാജ് മന്ത്രാലയം അനുവദിച്ച തുക കേരളം ഉപയോഗിച്ചിട്ടില്ലെന്ന് കേന്ദ്രമന്ത്രി ശ്രീ. പി. സി. ജോഷി'. ഇത് പാർലമെന്റിൽ കൊടുത്ത മറുപടിയാണ്. 'കേന്ദ്രാവിഷ്ക്കൃത പദ്ധതികളുടെ നടത്തിപ്പിൽ കേരളം വീണ്ടും പിന്നിൽ', 'തൊഴിലുറപ്പ് പദ്ധതിയിൽ കേരളം 24-ാം സ്ഥാനത്ത്'. ചില വികസന പദ്ധതികളൊക്കെ എ. എസ്. കൊടുത്ത് വർക്ക് നടത്താതെ മുന്നോട്ടു പോകുന്നുണ്ട്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ആദ്യത്തെ ബഡ്ജറ്റിൽത്തന്നെ പറയുകയുണ്ടായി, നമ്മുടെ ഗവൺമെന്റ് മെഷിനറി തുരുമ്പിച്ചതാണ് എന്ന്. ഈ അടുത്ത കാലത്ത് അദ്ദേഹം ഏതോ ഒരു ആനുകാലിക പ്രസിദ്ധീകരണത്തിന് അനുവദിച്ച ഒരു അഭിമുഖത്തിലും പറഞ്ഞു, ഗവൺമെന്റ് മെഷീനറി ആകെ തുരുമ്പിച്ചിരിക്കുകയാണ്, ഈ തുരുമ്പൊക്കെ ഒന്ന് മാറ്റുമെന്ന്. പക്ഷേ നാലര കൊല്ലം കഴിഞ്ഞപ്പോൾ ആകെ തുരുമ്പിച്ചുപോയി. ഒന്നും മാറ്റിയെടുക്കാൻ അങ്ങേയ്ക്ക് കഴിഞ്ഞിട്ടില്ല. അതുകൊണ്ടായിരിക്കാം വികസന പ്രവർത്തനങ്ങളൊന്നും നടക്കാതെ പോകുന്നതെന്നാണ് ഞാൻ കരുതുന്നത്. അങ്ങേയ്ക്ക് എന്തെങ്കിലും ഓയിലിട്ട് കുറെ തുരുമ്പെങ്കിലും മാറ്റാമായിരുന്നു. അങ്ങ് അത് ചെയ്തിട്ടില്ല. കൃഷിയിലും വ്യവസായത്തിലും സംസ്ഥാനം ഏറെ പിന്നിലെന്ന് പഠനം. പഞ്ചായത്ത് ഇലക്ഷന് മുമ്പ് അവലോകനം ചെയ്തപ്പോൾ പദ്ധതിച്ചെലവ് 33% മാത്രം. അങ്ങനെ സർവ്വത്ര മേഖലയിലും ചെലവഴിക്കാൻ കഴിയാത്ത ഒരു ഗവൺമെന്റിന് എന്തിനാണ് നമ്മൾ ഇത് പാസ്സാക്കിക്കൊടുക്കുന്നത് ? സഭ ഒന്ന് കാര്യമായിത്തന്നെ ഇക്കാര്യം ചിന്തിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. വളരെ അനിവാര്യമായ സാഹചര്യങ്ങളിലാണ് സപ്ലിമെന്ററി ഡിമാന്റൊക്കെ കൊണ്ടുവരുന്നത്. അതിനെക്കുറിച്ചൊക്കെ കുറെ മാണി സാർ പറഞ്ഞു. അതുകൊണ്ട് ഞാൻ പറയുന്നില്ല. ശ്രീ. ആര്യാടൻ മുഹമ്മദ് ഇവിടെ സ്ഥിരമായി പറയാറുള്ള ഒരു കാര്യമുണ്ട്. ഇക്കൊല്ലത്തെ ബഡ്ജറ്റിൽ വകയിരുത്തിയ തുകയിൽ 7,700 കോടി രൂപ കുറവാണെന്ന്. 4 കൊല്ലക്കാലം മുപ്പത്തൊന്നായിരം കോടിയോളം രൂപ ചെലവഴിച്ചിട്ടില്ലെന്നാണ് പറയുന്നത്. നികുതി വരുമാനം വർദ്ധിപ്പിച്ചതിൽ അഭിമാനംകൊള്ളുന്ന ഒരു ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയാണ് അങ്ങ്. ഞാനും അങ്ങയുടെ മിടുക്കിനെ അഭിനന്ദിക്കുന്നു. ഇക്കാര്യത്തിൽ അങ്ങ് കുറേയധികം പ്രവർത്തനം നടത്തിയിട്ടുണ്ട്. സബ്ജക്ട് കമ്മിറ്റിയിലെ അംഗമെന്നുള്ള നിലയ്ക്ക് ഇവിടെ അദ്ദേഹം നടത്തിയ സേവനങ്ങളെ ഞാൻ കാണുന്നു, അംഗീകരിക്കുന്നു. പക്ഷേ നമുക്ക് കിട്ടിയ സാമ്പത്തിക വരുമാനം കൊണ്ട് എന്ത് വികസനമാണ് ഇവിടെ നടത്തിയത് ? കേരളത്തിന് എന്ത് വികസനമാണുണ്ടായത് ? നാലരക്കൊല്ലം നിങ്ങൾ പാഴാക്കിക്കളഞ്ഞില്ലേ ? സത്യത്തിൽ വളരെ കഷ്ടമുണ്ട്. വളരെയേറെ പ്രതീക്ഷയോടുകൂടിയാണ് ജനങ്ങൾ നിങ്ങളെ അധികാരത്തിൽ കയറ്റിയത്. ഒന്നും നടന്നിട്ടില്ല. .....(ബഹളം)... സ്വാഭാവികമായി നടക്കുന്ന ചില പ്രവർത്തനങ്ങളെ, അത് മന്ത്രിമാർ ഇല്ലെങ്കിലും ഗവൺമെന്റ് ഇല്ലെങ്കിലും നടക്കാവുന്ന ചില പ്രവർത്തനങ്ങളെ വലിയ വികസന പ്രവർത്തനങ്ങളായി എണ്ണരുതെന്നാണ് എനിക്ക് പറയാനുള്ളത്.

നിങ്ങളുടെ ഭരണനൈപുണ്യത്തിന്, കാര്യക്ഷമതയ്ക്ക് ഒരു ഉദാഹരണം ചൂണ്ടിക്കാണിക്കാൻ കഴിയുമോ നിങ്ങൾക്ക് ? നിങ്ങളുടെ നേട്ടങ്ങളിൽ ഏതെങ്കിലും ഒരു നേട്ടം ചൂണ്ടിക്കാണിക്കാൻ..... എടുത്തുപറയാൻ എന്ത് നേട്ടമാണ് നിങ്ങൾക്കുള്ളത് ?

ശ്രീമതി പി. അയിഷാ പോറ്റി : സർ, ബഹുമാനപ്പെട്ട അംഗം എന്തെങ്കിലും ഒരു വികസന പ്രവർത്തനം ചൂണ്ടിക്കാണിക്കാൻ

1.00 P.M]

കഴിയുമോ എന്ന് ചോദിച്ചു. എനിക്ക് പറയാൻ കഴിയും, കൊട്ടാരക്കര മണ്ഡലത്തിൽ വന്ന് നോക്കിക്കഴിഞ്ഞാൽ അവിടെ സിവിൽ സ്റ്റേഷൻ അനുവദിച്ചു, കോടതി സമുച്ചയം പണിഞ്ഞ് തീർന്നു; 40 വർഷക്കാലമുള്ളതിൽ നിന്ന് വളരെ വ്യത്യസ്തമായിട്ടാണ് മണ്ഡലത്തിന്റെ മുഖച്ഛായ മാറ്റിയെടുക്കാൻ കഴിഞ്ഞത്. അത് തീർച്ചയായിട്ടും ഈ ഭരണകാലത്ത് മാത്രമാണെന്നുള്ളത് സാക്ഷ്യപ്പെടുത്തി നിങ്ങളെയെല്ലാം ബോദ്ധ്യപ്പെടുത്താനായിട്ട് സാധിക്കും ; അതൊരു ഉദാഹരണമാണ്.

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : സർ, തുടങ്ങിവച്ച പ്രവർത്തനങ്ങൾ പൂർത്തിയാകുന്ന അവസരത്തിൽ ഇതൊക്കെ സാധാരണ നടക്കാറുള്ളതാണ്. ബഹുമാനപ്പെട്ട മെമ്പർ, വികസനമെന്താണെന്നുള്ളത് ഒരു സിവിൽ സ്റ്റേഷൻ വരുന്നതല്ല. വികസനം എന്താണെന്നുള്ളതിനെക്കുറിച്ച് വ്യക്തമായ കാഴ്ചപ്പാട് വേണം. അങ്ങ് പണ്ട് ജില്ലാ പഞ്ചായത്ത് പ്രസിഡന്റായിരുന്ന ആളാണ്. ബഹുമാനപ്പെട്ട എം.എൽ.എ.യെക്കുറിച്ച് എനിക്ക് അറിയാം, വികസനത്തെക്കുറിച്ച് വ്യക്തമായ കാഴ്ചപ്പാടുള്ള ആളാണ് ; പക്ഷേ ഒരു സിവിൽ സ്റ്റേഷൻ വന്നത് വലിയ വികസന നേട്ടമായി പറയരുത്. പാർലമെന്റ് തെരഞ്ഞെടുപ്പിലും പഞ്ചായത്ത് തെരഞ്ഞെടുപ്പിലും ജനങ്ങൾ ശക്തമായ പ്രഹരം നിങ്ങൾക്കു തന്നു. അപ്പോൾ പലരും പറയുകയാണ്, ഞങ്ങൾ ചെയ്തതൊന്നും ജനങ്ങൾ കണ്ടിട്ടില്ലായെന്ന്. ബഹുമാനപ്പെട്ട പ്രകാശൻ മാസ്റ്റർ ഉണ്ടല്ലോ അവിടെ ? അദ്ദേഹം പറഞ്ഞു ജനങ്ങൾ ഞങ്ങൾ ചെയ്തതൊന്നും കണ്ടിട്ടില്ലായെന്ന്. ജനങ്ങൾ കാണാത്ത എന്ത് വികസന പ്രവർത്തനമാണ് നിങ്ങൾ നടത്തിയത് ? മൈക്രോസ്കോപ്പ് വച്ച് പരിശോധിച്ച് നോക്കി വികസന പ്രവർത്തനമെന്താണെന്ന്........

ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ) : സർ, പാർലമെന്റ് തെരഞ്ഞെടുപ്പിന്റെ കാര്യം പറഞ്ഞല്ലോ ; 2004-ൽ പാർലമെന്റ് തെരഞ്ഞെടുപ്പ് നടന്ന കാലത്ത് അന്ന് യു.ഡി.എഫ്.-ന് കിട്ടിയത് ഒറ്റ സീറ്റാണ്, നിങ്ങൾ ഭരിക്കുന്ന കാലത്ത്. അന്നത്തേതിനേക്കാൾ ഞങ്ങൾക്ക് നാല് സീറ്റ് കിട്ടി. അന്ന് നിങ്ങൾക്ക് കിട്ടിയ അസംബ്ലി ഭൂരിപക്ഷമെത്രയാണെന്ന് നിങ്ങൾക്ക് അറിയുമോ ? 22 അസംബ്ലി സീറ്റിലാണ്. ഇന്ന് ഞങ്ങൾക്ക് 50 അസംബ്ലി സീറ്റിൽ ഭൂരിപക്ഷമുണ്ട്. അപ്പോൾ നിങ്ങളുടെ അന്നത്തെ ഭരണത്തേക്കാൾ ഇന്ന് മെച്ചമാണെന്ന് ജനങ്ങൾ വിധിയെഴുതി എന്നല്ലേ അർത്ഥം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി: സർ, ഞാൻ അപകടത്തിൽപ്പെട്ട് ഹോസ്പിറ്റലിൽ കിടന്നിട്ടുള്ള ആളാണ്. അവിടെ കൗൺസിലിംഗിന് വരുന്ന വരുണ്ട്, ചിലർക്ക് കൈയോ കാലോ പോകും. അവരോട് നിങ്ങൾക്ക് കൈയല്ലേ പോയിട്ടുള്ളു കാല് ബാക്കിയില്ലേ എന്ന് പറയുന്നതുപോലെയാണ് നിങ്ങൾ പറയുന്നത്. നിങ്ങൾക്ക് അതുപോലെ സമാധാനിപ്പിക്കാൻ പോകാം. വികസനത്തെക്കുറിച്ച് ചിന്തിക്കുമ്പോൾ ഇന്നലത്തേക്കാൾ വ്യത്യസ്തമായി കൂടുതലായി കാര്യങ്ങൾ ചെയ്യുക എന്നതാണ് ഒരു ഗവൺമെന്റിന്റെ കർത്തവ്യം.

ശ്രീ. ജോസഫ് എം. പുതുശ്ശേരി: സർ, പാർലമെന്റ് തെരഞ്ഞെടുപ്പിലെ വിജയത്തെക്കുറിച്ച് നിങ്ങൾ പറഞ്ഞു. അന്ന് ഞങ്ങൾ പരാജയപ്പെട്ടപ്പോൾ അത് പരാജയമാണെന്ന് സമ്മതിച്ചു. എന്നാൽ ഇപ്പോൾ പാർലമെന്റ് തെരഞ്ഞെടുപ്പിലും പഞ്ചായത്ത് തെരഞ്ഞെടുപ്പിലും ദയനീയ പരാജയമുണ്ടായിട്ടും ഇത് പരാജയമല്ല വോട്ട് കൂടുതലാണ് കിട്ടിയിരിക്കുന്നതെന്ന് പാർട്ടി സെക്രട്ടറി അടക്കം വിശദീകരണം നടത്തുന്നത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടില്ലേ ?

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി: സർ, അതങ്ങനെയാണ്; ഞാൻ പറഞ്ഞു തരാം. പരാജയം വിജയത്തിന്റെ ചവിട്ടുപടിയാണെന്ന് പറഞ്ഞ് നിങ്ങൾ സമാധാനിച്ചോളു. വികസനത്തിന്റെ ആത്യന്തിക ലക്ഷ്യമെന്ന് പറയുന്നത് പാവപ്പെട്ട ജനങ്ങളെ ഉയർത്തിക്കൊണ്ട് വരികയെന്നതാണ്, അവർക്ക് ഉപജീവനമാർഗ്ഗങ്ങളുണ്ടാക്കുകയാണ്. ഇതൊക്കെ ബഹുമാനപ്പെട്ട മന്ത്രി പ്ലാനിംഗ് ബോർഡ് മെമ്പറായിരിക്കുമ്പോൾ പലപ്പോഴും പഞ്ചായത്ത് പ്രസിഡന്റുമാർക്ക് പറഞ്ഞുകൊടുത്ത കാര്യമാണ്. ഇത് ഞാനും ഒരു ദിവസം കേട്ടതാണ്. അമർത്യാ സെന്നും വികസനത്തെക്കുറിച്ച് പറഞ്ഞിട്ടുണ്ട്; വികസനമാണ് സ്വാതന്ത്ര്യമെന്ന്. ദാരിദ്ര്യത്തിൽ നിന്ന്, അനാരോഗ്യത്തിൽ നിന്ന്, അതുപോലെ കഷ്ടപ്പാടിൽ നിന്ന്, നിരക്ഷരതയിൽ നിന്നുള്ള മോചനമാണ് വികസനം എന്നതാണ്. ഇവിടെ ഹ്യൂമൺ ഡെവലപ്മെന്റ് റിപ്പോർട്ടിനെക്കുറിച്ച് പറഞ്ഞു. ആ നിലയിൽകൂടി നോക്കുമ്പോൾ നമ്മൾ കണ്ടെത്തേണ്ട ഒരു കാര്യമുണ്ട്. തൊഴിലവസരങ്ങൾ, ഉപജീവന മാർഗ്ഗങ്ങൾ ഉരുത്തിരിഞ്ഞു വരിക എന്നതാണ് വികസനത്തിന്റെ ആത്യന്തിക ലക്ഷ്യം. യു.എൻ.ഒ.യുടെ തന്നെ ചില രേഖകളിൽ വികസനത്തിന് തന്നെ ഉപയോഗിക്കുന്ന വാക്ക് Ensuring the Livelihood Security എന്നാണ്; ഉപജീവനമാർഗ്ഗങ്ങൾ ഉറപ്പാക്കുക എന്നതാണ്. എന്താണ് ഇപ്പോൾ കേരളത്തിലെ തൊഴിലില്ലായ്മയുടെ സ്ഥിതി ? തൊഴിലില്ലാത്തവരുടെ എണ്ണം വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. 2004-ലെ തൊഴിൽരഹിതർ 37,56,313; ഇത് എക്കണോമിക്ക് റിവ്യൂവിലെ കണക്കാണ്. 2009-ലെ സ്ഥിതിയോ; 43,56,698. 18.72 ശതമാനം വർദ്ധനവ്. 2004-ലെ എസ്.എസ്.എൽ.സി. തൊഴിൽരഹിതർ 22,22,940. 2009-ലോ 27,18,034; 22 ശതമാനം വർദ്ധനവ്. തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ നിങ്ങൾക്ക് കഴിഞ്ഞിട്ടില്ല. കഴിഞ്ഞ ഗവൺമെന്റ് ഇക്കാര്യത്തിൽ പ്രധാനമായും സ്മാർട്ട് സിറ്റി കൊണ്ടുവന്നത് ഒരുപാട് പേർക്ക് തൊഴിലവസരങ്ങളുണ്ടാക്കാനാണ്. തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്ന ഒരു പരിപാടിയും നിങ്ങൾ ചെയ്തില്ല. തൊഴിലില്ലായ്മ ഇത്രമാത്രം രൂക്ഷമാകുമ്പോൾ നിങ്ങളെന്താണ് ചെയ്യുന്നത് ?

LIBRARY ARCHIVES Kerala Legislative Assembly

പിൻവാതിൽ നിയമനം നടത്തി, താല്ക്കാലിക നിയമനം നടത്തി അവരെ സ്ഥിരമാക്കുകയാണ്. ഇത് വളരെയധികം ഗൗരവമുള്ള ഒരു കാര്യമാണ്. നമ്മുടെ ഭരണഘടന വാഗ്ദാനം ചെയ്ത സംവരണം അട്ടിമറിക്കാനാണ് നിങ്ങൾ ശ്രമിക്കുന്നത്. ഇത് ഒരിക്കലും അനുവദിക്കപ്പെടാൻ പാടില്ലാത്തതാണ്. എന്താണ് ഇത്രമാത്രം പിൻവാതിൽ നിയമനം ? അതുകൂടാതെ നിയമന തട്ടിപ്പും. ബഹുമാനപ്പെട്ട മാണിസാർ ചൂണ്ടിക്കാണിച്ചതുപോലെ ഭൂമി തട്ടിപ്പ് മാഫിയ, അന്യസംസ്ഥാന ലോട്ടറി മാഫിയ, നിയമന തട്ടിപ്പ്. ഇവിടെ ഈ ഗവൺമെന്റ് മൂന്ന് എൽ-നെ ആശ്രയിച്ചാണ് നിൽക്കുന്നത്. ഒന്ന്, ലിക്കർ മാഫിയ രണ്ട്, ലാന്റ് മാഫിയ, ...

മി. ഡെപ്യൂട്ടി സ്പീക്കർ : ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി, അങ്ങ് അവസാനിപ്പിക്കണം..........യെസ്....

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : സർ, ഞാൻ അവസാനിപ്പിക്കുകയാണ്. ബഹുമാനപ്പെട്ട ഐസക്കും ഞാനും വളരെ അടുത്ത സുഹൃത്തുക്കളാണ് പക്ഷേ ലോട്ടറി മാഫിയ എന്ന് പറയാൻ എനിക്ക് ഭയങ്കര ബുദ്ധിമുട്ടാണ്, അങ്ങയോടുള്ള അടുപ്പം കൊണ്ടാണ്. ലോട്ടറി മാഫിയ. ഇവിടെയെന്താണ് പറഞ്ഞത്...........

മി. ഡെപ്യൂട്ടി സ്പീക്കർ : അങ്ങ് അവസാനിപ്പിക്കു....................... സഹകരിക്കു.......

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : സർ, ഞാൻ അവസാനിപ്പിക്കുകയാണ്.....ഒരു ഉദാഹരണം കൂടി. ഇതിനെക്കുറിച്ചൊക്കെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞത്, സി.ബി.ഐ. അന്വേഷിക്കണമെന്ന് പറഞ്ഞു........

മി. ഡെപ്യൂട്ടി സ്പീക്കർ : അതൊക്കെ രാവിലെ പറഞ്ഞതാണ്...........

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : സർ, സി.ബി.ഐ. അന്വേഷിക്കണമെന്ന് അദ്ദേഹം പറഞ്ഞു. മുല്ലാ നസറുദ്ദീന്റെ ഒരു കഥയുണ്ട്. എന്താണെന്ന് പറഞ്ഞാൽ രാജാവിന്റെ പട്ടാളക്കാരിങ്ങനെ പോകുമ്പോൾ മുല്ലാ നസറുദ്ദീന്റെ വീടിന് മുൻപിൽ വന്ന് ജനൽ തുറന്ന് ഒരാൾ അകത്തേയ്ക്ക് നോക്കുന്നു. അയാളെ പിടിച്ചപ്പോൾ അത് മുല്ലാ നസറുദ്ദീനാണെന്ന് മനസ്സിലായി. അയാളോട് നിങ്ങൾ തന്നെ എന്തിനാണ് നിങ്ങളുടെ വീടിനുള്ളിലേയ്ക്ക് നോക്കുന്നതെന്ന് ചോദിച്ചപ്പോൾ അദ്ദേഹം പറഞ്ഞു എന്റെ ഭാര്യ പറഞ്ഞു ഞാൻ ഉറക്കത്തിൽ നടക്കുന്നുവെന്ന്. ഞാൻ അത് പരിശോധിച്ച് നോക്കുകയാണ് നടക്കുന്നുണ്ടോ യെന്ന്. അതുപോലെയുള്ള അന്വേഷണമായിരിക്കും നിങ്ങൾ നടത്തുക. അതുകൊണ്ടാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞത് സി.ബി.ഐ. അന്വേഷണം തന്നെ വേണമെന്നുള്ളത്. അദ്ദേഹം ചോദിച്ച ചോദ്യം എൺപതിനായിരം കോടി രൂപ നഷ്ടപ്പെടുത്തിയവരെ വെറുതെ വിടാമോ എന്നുള്ളതാണ്. ഞങ്ങൾക്ക് ഏതായാലും അങ്ങനെ കുടുക്കണമെന്നില്ല, അദ്ദേഹത്തിന് വളരെ വ്യക്തമായി സി.ബി.ഐ.യെ ഉപയോഗിച്ച് അങ്ങയെ കുടുക്കണമെന്നുണ്ട്. അതുകൊണ്ട് ഈ സപ്ലിമെന്ററി ഗ്രാന്റിനെ എതിർത്തുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

[അദ്ധ്യക്ഷവേദിയിൽ ശ്രീമതി പി. അയിഷാ പോറ്റി]

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. എ. അസീസ് : സർ, വികസനപ്രവർത്തനങ്ങൾ സർവ്വകാല റെക്കോർഡാക്കി മാറ്റിയ ധനമാനേജ്മെന്റിനേയുള്ള ഉപധനാഭ്യർത്ഥനകളെ ഞാൻ പിന്തുണയ്ക്കുകയാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ തെരഞ്ഞെടുപ്പിൽ ഏതാനും സീറ്റുകൾ എൽ.ഡി.എഫ്.-നേക്കാൾ യു.ഡി.എഫ്.-ന് ലഭിച്ചു എന്നതുകൊണ്ട് നിയമസഭാ തെരഞ്ഞെടുപ്പിൽ യു.ഡി.എഫ്.-ന്റെ സ്വപ്നം മലർപ്പൊടിക്കാരന്റെ സ്വപ്നം പോലെ ആകും എന്ന കാര്യത്തിൽ യാതൊരു സംശയവും വേണ്ട. അത് കാണാൻ പോകുന്നതാണ്, കോൺഗ്രസ്സുകാർ അനുഭവിച്ചതാണ്. ബീഹാറിൽ തെരഞ്ഞെടുപ്പ് നടന്നു. കോൺഗ്രസ്സിന് ബീഹാർ പിടിക്കാൻ വേണ്ടി യുവ നേതാവ് രാഹുൽഗാന്ധി നടത്തിയ അഭ്യാസങ്ങളുണ്ടല്ലോ ? എന്താണ് സംഭവിച്ചത് ? 9 സീറ്റുണ്ടായിരുന്നത് 4 ആയി കുറഞ്ഞു. അതുകൊണ്ട് ഈ അഭ്യാസങ്ങളൊന്നും വേണ്ട. ഇവിടെ പണ്ടൊരിക്കൽ ലോകസഭാ തെരഞ്ഞെടുപ്പിൽ യു.ഡി.എഫ്.-ന് നല്ല ഭൂരിപക്ഷം കിട്ടി 30 ദിവസത്തിനകം എൽ.ഡി.എഫ്. ഭൂരിപക്ഷം നേടി അധികാരത്തിൽ വന്ന കഥ ശ്രീ. ജോസഫ് എം. പുതുശ്ശേരി മറന്നുപോയിട്ടുണ്ടോ ? ശ്രീ. പുതുശ്ശേരി അത് അറിഞ്ഞുകാണില്ല. യഥാർത്ഥത്തിൽ അഴിമതിയുടെ സർവ്വകാല റെക്കോർഡ് യു.പി.എ. ഗവൺമെന്റിനാണ്. ഏതെല്ലാം തരത്തിലാണെന്ന് നേരത്തെ ശ്രീ. രാജു ഇവിടെ പറഞ്ഞല്ലോ ? അതൊക്കെ പറഞ്ഞാൽ തീരാത്ത അഴിമതികൾ നടത്തിക്കൊണ്ടിരിക്കുന്ന കേന്ദ്ര ഗവൺമെന്റ്, ആ കേന്ദ്ര ഗവൺമെന്റിനെ പിന്തുണയ്ക്കാൻ നിങ്ങൾക്ക് എങ്ങനെ കഴിയുന്നു ? കേന്ദ്ര ഗവൺമെന്റ് കേരളത്തിലെ ഓരോ വകുപ്പുമന്ത്രിമാരേയും വിളിച്ച് ആദരിക്കുന്നു. എന്തിനാണ് ആദരിക്കുന്നത് ? ക്രമസമാധാനനില ഭദ്രം ; ശ്രീ. കോടിയേരി ബാലകൃഷ്ണനെ വിളിച്ച് ആദരിക്കുന്നു. തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി ശ്രീ. പാലോളി മുഹമ്മദ് കുട്ടിയെ വിളിച്ച് നിങ്ങളുടെ മൻമോഹൻ സിംഗ് ഉൾപ്പെടെ ആദരിക്കുന്നു. ധനമാനേജുമെന്റിൽ കേരളമാണ് ഏറ്റവും നല്ലത് ; ഡോ. തോമസ് ഐസക്കിനെ വിളിച്ച് ആദരിക്കുന്നു. ഞാൻ ചോദിക്കട്ടേ, ഇന്ത്യയിലെ ഒരു പ്രമുഖ ദിനപ്പത്രം നടത്തിയ സർവ്വേ റിപ്പോർട്ട് നിങ്ങൾ വായിച്ചിട്ടുണ്ടോ ? അങ്ങനെ അഭിനന്ദിച്ച സമയങ്ങളിൽ നിങ്ങൾ അത് മനസ്സിലാക്കണമായിരുന്നു. ശ്രീ. ജോസഫ് എം. പുതുശ്ശേരി, എനിക്ക് സമയം വളരെ കുറവാണ്. ഇന്ത്യയിലെ ഒരു പ്രമുഖമായ മാധ്യമം നടത്തിയ സർവ്വേയിൽ ഇന്ത്യാ രാജ്യത്തെ ഏറ്റവും നല്ല ഗവൺമെന്റായി കണ്ടെത്തിയത് കേരളമാണെന്ന വാർത്ത നിങ്ങൾ വായിച്ചോ ?......(ബഹളം) .... ശ്രീ. ജോസഫ് എം. പുതുശ്ശേരി അത് വായിച്ചോ ?..........(ബഹളം)........... നിത്യോപയോഗ സാധനങ്ങളുടെ വിലയുടെ കാര്യത്തിൽ ഇന്ത്യാ രാജ്യത്ത് മറ്റ് സംസ്ഥാനങ്ങളിൽനിന്നും ഏറ്റവും കുറവുള്ള സംസ്ഥാനം കേരളമാണ്. എന്നാൽ എന്താണ് ഇവിടെ നടക്കുന്നത് ? എല്ലാ കാർഷിക ഉൽപ്പന്നങ്ങളും ഇറക്കുമതി ചെയ്യാനുള്ള അനുവാദം കേന്ദ്ര ഗവൺമെന്റ് കൊടുത്തിരിക്കുകയാണ്. അങ്ങനെ കൊടുത്തതുകൊണ്ട് ഇവിടെ ചൈനക്കാരന്റെ സാധനം ഏതെടുത്താലും ഒരു വിലയാണ്. ഇവിടെ കേന്ദ്ര ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ള നയമെന്താണെന്ന് ചോദിച്ചാൽ ഏത് ഇറക്കുമതി ചെയ്താലും കമ്മീഷൻ കിട്ടിയാൽ മതി, ഇറക്കുമതി ഏതുമാകാം. അമേരിക്കക്കാരന്റേതാകാം, ചൈനക്കാരന്റേതാകാം,

LIBRARY ARCHIVES Kerala Legislative Assembly

റിലയൻസിനും അംബാനിക്കും വാൾമാർട്ടിനുമെല്ലാം ഇറക്കുമതി ചെയ്യാം. ഇവിടത്തെ കാർഷിക ഉൽപ്പന്നങ്ങൾക്ക് മാർക്കറ്റിൽ വിലയില്ലാത്ത ഒരവസരമാണ് ഉണ്ടായിരിക്കുന്നത്. അതിന് സഹായകരമായ നടപടി സ്വീകരിക്കേണ്ടത് കേന്ദ്ര ഗവൺമെന്റാണ്. ചൈനക്കാരന്റെ ഏത് സാധനമെടുത്താലും ഒരേ വിലയെന്ന് പറയുന്നതുപോലെ ഏത് സാധനം ഇറക്കുമതി ചെയ്താലും കേന്ദ്ര ഗവൺമെന്റിന് കമ്മീഷൻ വേണം. അങ്ങനെയുള്ള ഒരു സമീപനമാണ് കേന്ദ്ര ഗവൺമെന്റ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. ഇവിടെ റോഡുകളുടെ കുഴിയടയ്ക്കലിനെ സംബന്ധിച്ച് ആദ്യം പ്രസംഗിച്ച സുഹൃത്തുതന്നെ പറഞ്ഞതാണ് റോഡുകളെല്ലാം ഭയങ്കരമായ കുഴികളായി കിടക്കുകയാണ്, കുഴിയടയ്ക്കാനുള്ള ശ്രമം കുളമായി കിടക്കുകയാണ് എന്ന്. ആരാണ് കുളമാക്കുന്നത്? നിങ്ങളുടെകൂടെ ഇപ്പോൾ ഇരിക്കുന്ന ആളുകളല്ലേ അന്ന് ഈ വകുപ്പിലെ മന്ത്രിമാരായിട്ട് ഇരുന്നിരുന്നത്. നമ്മുടെ സംസ്ഥാനത്തിന്റെ ചരിത്രത്തിലാദ്യമായി എന്നുവേണമെങ്കിൽ പറയാം, ദീർഘകാലം നീണ്ടുനിന്ന അതിവർഷ കാലഘട്ടത്തിൽ കുഴികളടയ്ക്കാൻ സാധിക്കുമായിരുന്നില്ല. ഇന്ന് ഇപ്പോൾ അതല്ലല്ലോ. പൊതുമരാമത്ത് വകുപ്പു മന്ത്രി ശ്രീ. എം. വിജയകുമാർ വകുപ്പ് കൈകാര്യം ചെയ്ത്, ഡോ. തോമസ് ഐസക് വകുപ്പ് കൈകാര്യം ചെയ്ത് കുഴികൾ അടച്ചുകൊണ്ടിരിക്കുകയാണ്. കുഴികൾ അടയ്ക്കേണ്ട സമയത്തെ ആളുകളെ നിങ്ങൾക്ക് വിട്ടുതന്നിരിക്കുകയാണ്. നിങ്ങളുടെ സുഹൃത്തുക്കളായി നിങ്ങളോടൊപ്പം ഇപ്പോൾ അവിടെ ഉണ്ട്. എന്താണ് കാര്യമെന്ന് മനസ്സിലാകുന്നില്ല, അവർ ഒരുദിവസം രാവിലെ പായും ചുരുട്ടി സ്ഥലംവിട്ടു പോയപ്പോൾ നിങ്ങൾ സ്വീകരിച്ചു, നിങ്ങളുടെ അവിടെയുണ്ട്. അങ്ങനെവന്ന എല്ലാവരുടെയും തലയെണ്ണം നടത്തിയിട്ടാണ് നിങ്ങൾ നിയമസഭാ തെരഞ്ഞെടുപ്പിൽ അടുത്ത പ്രാവശ്യം മലർപ്പൊടിക്കാരന്റെ സ്വപ്നവുമായി നടക്കുന്നത്. അഞ്ഞൂറ് സീറ്റ് പഞ്ചായത്ത്-മുനിസിപ്പൽ കോർപ്പറേഷൻ തെരഞ്ഞെടുപ്പിൽ കിട്ടിയെന്നുള്ളത് യാഥാർത്ഥ്യമാണ്; ഞങ്ങൾ അംഗീകരിക്കുന്നു. ശ്രീ. ജോസഫ് എം. പുതുശ്ശേരി, അഞ്ഞൂറല്ല കൂടുതൽ കിട്ടിയെന്ന് ഇരിക്കട്ടെ. നിങ്ങൾക്ക് നാലുശതമാനം വോട്ട് മാത്രമേ കൂടുതൽ കിട്ടിയുള്ളൂ. 56 നിയമസഭാ നിയോജക മണ്ഡലങ്ങളിൽ എൽ.ഡി.എഫ്.-നാണ് ഭൂരിപക്ഷം. ഇതൊന്നും ശ്രീ. ജോസഫ് എം. പുതുശ്ശേരി മനസ്സിലാക്കിയിട്ടില്ല. ഈ കണക്കൊന്നും പരിശോധിച്ചിട്ടില്ല. അടുത്ത പ്രാവശ്യം ശ്രീ. ജോസഫ് എം. പുതുശ്ശേരിക്ക് മന്ത്രിയാകാൻ ഒരു മോഹം കാണുമായിരിക്കാം. ശ്രീ. ജോസഫ് എം. പുതുശ്ശേരി, അത് നടക്കാൻ പോകുന്നില്ല. ....(ബഹളം)........... ആ മോഹമങ്ങ് ഇറക്കി വച്ചേക്കൂ...........(ബഹളം)............ ഇവിടെ അടിയന്തരപ്രമേയമായി ആദ്യത്തെ ദിവസം കൊണ്ടുവന്നത് നിയമനത്തട്ടിപ്പായിരുന്നു. 1,117 പോലീസുകാരെ നിയമിച്ചത് മലയാള മനോരമയല്ലേ വാർത്ത കൊണ്ടുവന്നത്. നിങ്ങളുടെ കാലത്തല്ലേ? 2004-06-ലെ ഗവൺമെന്റിന്റെ കാലഘട്ടത്തിൽ 1,117 പോലീസുകാരെ വഴിവിട്ട നിലയിൽ അംഗീകൃത ക്വാളിഫിക്കേഷനില്ലാതെ നിയമിച്ചുവെന്ന് വാർത്ത വന്നല്ലോ.

ചെയർപേഴ്സൺ: ബഹുമാനപ്പെട്ട അംഗം ചുരുക്കണം; സമയം കഴിഞ്ഞു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. എ. അസീസ്: സർ, ഒരു മിനിട്ടുകൂടി; എന്നിട്ട് അതുസംബന്ധിച്ച് പ്രതികരിക്കാൻ നിങ്ങൾക്ക് കഴിഞ്ഞില്ലല്ലോ. ഇവിടെ നിയമനത്തട്ടിപ്പ് യു.ഡി.എഫ്.ന്റെ കാലഘട്ടത്തിൽ നടന്നതിനെ സംബന്ധിച്ച് മറച്ചുവയ്ക്കുക, എൽ.ഡി.എഫ്.ന്റെ കാലത്ത് സർവ്വകാല റെക്കോർഡാണ് എന്നുപറഞ്ഞ് വിമർശിക്കുക. ശ്രീ. ജോസഫ് എം. പുതുശ്ശേരിയുടെ നിയോജക മണ്ഡലത്തിലുൾപ്പെടെ വികസന പ്രവർത്തനങ്ങൾ പരിശോധിച്ചാൽ പണ്ടൊരിക്കലും ഉണ്ടാകാത്തവിധം നിയമസഭാ സാമാജികൻമാരുടെ എൽ.ഡി.എഫ്, യു.ഡി.എഫ്. മണ്ഡലങ്ങളിൽ രാഷ്ട്രീയവ്യത്യാസം നോക്കാതെ വികസന പ്രവർത്തനങ്ങൾക്കുവേണ്ടി ഫണ്ട് അനുവദിച്ച ഒരു ധനകാര്യ മന്ത്രിയാണ്, ഒരു ധനകാര്യ മാനേജുമെന്റാണ് കേരളത്തിലേത്. ഇത് സർവ്വകാല റെക്കോർഡാണ്, പണ്ടൊരിക്കലും ഉണ്ടായിട്ടില്ല. ശ്രീ. ജോസഫ് എം. പുതുശ്ശേരിയോടൊപ്പം ഞാനും കഴിഞ്ഞ നിയമസഭയിലും അഞ്ചുവർഷം ഇരുന്നതല്ലേ. അന്ന് എത്ര രൂപയാണ് ശ്രീ. ജോസഫ് എം. പുതുശ്ശേരിയുടെ മണ്ഡലത്തിൽ വികസന പ്രവർത്തനങ്ങൾക്കുവേണ്ടി കിട്ടിയത് ?

ചെയർപേഴ്സൺ: ബഹുമാനപ്പെട്ട മെമ്പർ, അങ്ങ് ചുരുക്കണം.

ശ്രീ. എ. എ. അസീസ്: സർ, എന്നിട്ട് ഈ സർക്കാരിന്റെ ധനമാനേജ്മെന്റിനെ കുറ്റം പറയുകയാണ്. ഞാൻ ഉപധനാഭ്യർത്ഥനകളെ ഒരിക്കൽക്കൂടി പിന്താങ്ങിക്കൊണ്ട് അവസാനിപ്പിക്കുന്നു.

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, ഞാൻ സപ്ലിമെന്ററി ഡിമാന്റുകളെ അനുകൂലിക്കുകയാണ്. ഭരണപക്ഷത്തുനിന്നും ശ്രീ. പി. സി. വിഷ്ണുനാഥും ശ്രീ. കെ. എം. മാണിയും ഉപധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയത്തെ ശക്തിയായി വിമർശിച്ചുകൊണ്ട് നടത്തിയ പ്രഭാഷണത്തിൽ സഭ പലവട്ടം ചർച്ച ചെയ്ത പ്രശ്നങ്ങളാണ് ഉന്നയിച്ചത്. അതിനർത്ഥം പുതിയ ഒരു കാര്യവും പറഞ്ഞ് ഈ പ്രമേയത്തോട് വിയോജിപ്പ് പ്രകടിപ്പിക്കാൻ കഴിയുന്നില്ല എന്നാണ്. ശ്രീ. കെ. എം. മാണി ഒരു ഭരണമാറ്റം സ്വപ്നം കണ്ടുകൊണ്ടാണ് അദ്ദേഹത്തിന്റെ വാദമുഖങ്ങൾ ഉന്നയിച്ചത്. ഭരണമാറ്റം മാത്രമല്ല അദ്ദേഹത്തിന്റെ സ്വപ്നം, അത് ശ്രീ. ജോസഫ് എം. പുതുശ്ശേരിക്ക് നല്ലതുപോലെ അറിയാം. ....(ബഹളം).......... അദ്ദേഹത്തിന്റെ സ്വപ്നങ്ങൾ ഉറപ്പാകണമെങ്കിൽ അദ്ദേഹവും ശ്രീ. ജോസഫ് എം. പുതുശ്ശേരിയും ഇപ്പോൾ വർത്തമാനം പറയുന്നതുപോലെ പറഞ്ഞാൽ മതിയാവില്ലായെന്ന് എനിക്ക് ഉറപ്പുണ്ട്. ഞാൻ അതിനെക്കുറിച്ച് ഇപ്പോൾ പറയാൻ ആഗ്രഹിക്കുന്നില്ല. ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടിയുൾപ്പെടെ ഇവിടെ എന്ത് വികസനമാണ് നടത്തിയതെന്ന് ചോദിക്കുകയുണ്ടായി. ഓരോ വകുപ്പുമെടുത്ത് വിശദീകരിക്കാൻ എന്റെ സമയം അനുവദിക്കുന്നില്ല. നമ്മുടെ സംസ്ഥാനത്ത് ഏറ്റവും വലിയ ശാപമായിരുന്നത് പൊതുമേഖലാ സ്ഥാപനങ്ങളുടെ തകർച്ചയായിരുന്നു. നഷ്ടത്തിൽ നിന്ന് നഷ്ടത്തിലേയ്ക്ക് കൂപ്പുകുത്തുന്ന പൊതുമേഖലാ സ്ഥാപനങ്ങളിൽ അഞ്ചെണ്ണമൊഴിച്ച് ബാക്കിയെല്ലാം ലാഭത്തിലായിയെന്ന് മാത്രമല്ല ആ ലാഭവിഹിതം ഉപയോഗിച്ച് പുതിയ ഒൻപത് പൊതുമേഖലാ സ്ഥാപനങ്ങൾ തുറക്കാൻ ഈ സർക്കാർ തീരുമാനിച്ചു. പുതുതായി ഒരു സ്ഥാപനം ആരംഭിക്കുന്ന അവസരത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

അവിടത്തെ നിയമനങ്ങൾ പി.എസ്.സി.ക്ക് വിടാൻ നടപടി സ്വീകരിക്കുന്നില്ലെന്നുള്ള ആക്ഷേപം പ്രതിപക്ഷത്തുനിന്ന് ഉന്നയിക്കുന്നത് വസ്തുതകൾ മനസ്സിലാക്കാതെയാണ്. എങ്ങനെയാണ് അവിടത്തെ നിയമനങ്ങൾ അടിയന്തരമായി പി.എസ്.സി.-ക്കുവിട്ട് ആ സ്ഥാപനം നടത്താനുള്ള ആളുകളെ ഉടൻ കണ്ടെത്താൻ കഴിയുന്നത് ? ആ വിദ്യയൊന്ന് നിങ്ങൾ പറഞ്ഞുതരണം. ഒരു പുതിയ സ്ഥാപനം തുടങ്ങുമ്പോൾ ആ സ്ഥാപനം നടത്താനാവശ്യമായ ആളുകളെ കണ്ടെത്തേണ്ടത് പുതുതായി മാത്രമേ പറ്റുകയുള്ളൂ. ഇനിയങ്ങോട്ടുള്ള നിയമനങ്ങൾ പി.എസ്.സി.ക്ക് വിടുമെന്നാണ് കാബിനറ്റ് തീരുമാനിച്ചിട്ടുള്ളത്. ആ നിലപാടിൽ നിന്നും ഒരു മാറ്റവും ഈ ഗവൺമെന്റ് നടത്തുമെന്ന് ഞാൻ വിശ്വസിക്കുന്നില്ല. ആ നടപടിയുമായി മുന്നോട്ടുപോകും. ....(ബഹളം)........... കഴിഞ്ഞ നാലരവർഷക്കാലത്തിൽ തിളക്കമുള്ള നടപടികൾ തന്നെയാണ് ഇവിടെ ഉണ്ടായിട്ടുള്ളത്. ഒരു പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ തോറ്റു എന്നതുകൊണ്ടുമാത്രം ഒരു ഗവൺമെന്റിന്റെ പ്രവർത്തനങ്ങളെ നിഷ്ഠൂരമായി വിലയിടിച്ച് കാണിക്കരുത്. അങ്ങനെയുള്ള സാഹചര്യം.......

ശ്രീ. കെ. കെ. ഷാജു : സർ, അങ്ങ് എൽ.ഡി.എഫ്. ഗവൺമെന്റിനെ ശക്തിയായി സപ്പോർട്ട് ചെയ്യുകയാണല്ലോ. 2-ജി സ്പെക്ട്രം അഴിമതിയടക്കമുള്ള കാര്യങ്ങൾ അപ്പുറത്തുനിന്ന് വളരെ ശക്തിയായി ഉന്നയിക്കുമ്പോൾ അങ്ങയുടെ പാർട്ടിയുടെ നിലപാട് ഇക്കാര്യത്തിൽ വ്യക്തമാക്കാമോ ?

ശ്രീ എ. കെ. ശശീന്ദ്രൻ : സർ, കേന്ദ്ര സർക്കാരിന്റെ എല്ലാ പ്രവർത്തനങ്ങളുടെ ഉത്തരവാദിത്വവുമൊന്നും ഞങ്ങൾ തലയിലേറ്റി വച്ചിട്ടില്ല. നിങ്ങളാണ് ആവശ്യമില്ലാത്തതൊക്കെ തലയിലേറ്റി വയ്ക്കുന്നത്. നിങ്ങൾ ചെയ്യുന്നതുപോലെ ആരാന്റെ എല്ലാ കാര്യങ്ങളുമെടുത്ത് തലയിൽ വയ്ക്കാനൊന്നും ഞങ്ങൾ ആഗ്രഹിച്ചിട്ടില്ല. ആ കാര്യത്തിലുള്ള നിലപാട് മുന്നണി മര്യാദയനുസരിച്ച് ഞങ്ങൾ സ്വീകരിക്കുന്നുണ്ട്. എന്തായിരുന്നു ഞങ്ങളുടെ നിലപാട് എന്നുള്ളത് എല്ലാ പത്രങ്ങളിലും പ്രസിദ്ധീകരിച്ചിട്ടുള്ളതാണ്. അത് അങ്ങ് കണ്ടിട്ടുമുള്ളതാണ്. അതിനെപ്പറ്റി അത്രയേ ഞാൻ പറയുന്നുള്ളൂ. ....(ബഹളം)............ ഞാൻ നിങ്ങളുടെ ആരുടെയും ഭാഷ ഏതായാലും ഉപയോഗിക്കുകയില്ല. ഇനിയൊരു ഭരണമാറ്റമുണ്ടാകുകയും അധികാരത്തിൽ വരണമെന്ന് ആഗ്രഹിക്കുകയും ചെയ്യുന്ന യു.ഡി.എഫിലെ സമുന്നതരായ നേതാക്കന്മാർ അഴിമതി ആരോപണങ്ങളുടെ പുകമറ സൃഷ്ടിച്ച് ഈ ഗവൺമെന്റിന്റെ പ്രവർത്തനങ്ങളെ തമസ്ക്കരിക്കാൻ കഴിയുമോയെന്ന വളരെ അപഹാസ്യമായ ഒരു നിലപാടാണ് നിർഭാഗ്യവശാൽ ഇവിടെ സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. ഒരു ഗവൺമെന്റിന്റെ കാലത്ത് നടക്കുന്ന കുറ്റകൃത്യങ്ങളെ ഗവൺമെന്റ് എങ്ങനെയാണ് കൈകാര്യം ചെയ്യുന്നതെന്നാണ് നോക്കേണ്ടത്. ഇവിടെ കാറ്റാടി യന്ത്രവുമായി ബന്ധപ്പെട്ട പ്രശ്നത്തിൽ ശ്രീ. എ. കെ. ബാലൻ ഇടപെട്ടുകൊണ്ട് ഇക്കാര്യത്തിൽ ഗവൺമെന്റ് സ്വീകരിച്ച നിലപാട് മാതൃകാപരമായിരുന്നോ അല്ലയോ എന്നാണ് നോക്കേണ്ടതെന്ന് വിശദീകരിച്ചിരുന്നു. ശ്രീ. കെ. എം. മാണി നല്ലൊരു വക്കീലായതുകൊണ്ട് ഇക്കാര്യത്തിൽ അദ്ദേഹം നന്നായി ഒന്ന് കുട്ടിക്കരണം മറിഞ്ഞു. സുപ്രീംകോടതിയിൽ കേസ് തോറ്റത് വാദിക്കാത്തതുകൊണ്ടാണെന്ന് പറഞ്ഞ് അദ്ദേഹത്തെ പോലെ പ്രഗത്ഭനായ ഒരു മെമ്പർക്ക് കുട്ടിക്കരണം മറിയേണ്ടി വന്നില്ലേ. അദ്ദേഹം തന്നെ ചൂണ്ടിക്കാണിക്കുന്നത് എന്താണ് ?

LIBRARY ARCHIVES Kerala Legislative Assembly

ചെയർപേഴ്സൺ : ബഹുമാനപ്പെട്ട അംഗം, അങ്ങ് ചുരുക്കണം. സമയം കഴിഞ്ഞിരിക്കുന്നു.

ശ്രീ. എ. കെ. ശശീന്ദ്രൻ : സർ, നിറുത്താം. ഞാൻ പറയുന്നത് അങ്ങനെ അഴിമതി ആരോപണങ്ങളുടെ പുകമറ സൃഷ്ടിച്ച് ഈ ഗവൺമെന്റിന്റെ വികസന നേട്ടങ്ങളെ തമസ്ക്കരിച്ച് നേട്ടം കൊയ്യാൻ കഴിയും എന്നാണ് പ്രതിപക്ഷത്തിരിക്കുന്ന യു.ഡി.എഫ്. നേതാക്കന്മാർ കരുതുന്നതെങ്കിൽ അത് ഈ സംസ്ഥാനത്ത് വിലപ്പോകുകയില്ലായെന്ന് മാത്രം ചൂണ്ടിക്കാണിച്ചുകൊണ്ടും മാതൃകാപരമായ പ്രവർത്തനത്തിലൂടെ, ധനകാര്യ മാനേജുമെന്റിലൂടെ ഇന്ത്യയിലെ മാതൃകാ സംസ്ഥാനമായി കേരളത്തെ മാറ്റിയെടുക്കുന്നതിൽ മികവ് കാണിച്ച ധനകാര്യ വകുപ്പുമന്ത്രിയെ പ്രത്യേകം അഭിനന്ദിക്കുന്നു. ഈ സപ്ലിമെന്ററി ഗ്രാന്റ് കൊണ്ടുവന്ന മന്ത്രിമാരുടെ വകുപ്പിൽ എനിക്കറിയാം സ്റ്റേഷണറി ,വകുപ്പിലൊക്കെ പുതിയ നവീകരണം ഉണ്ടായത് ഈ കാലത്ത് മാത്രമാണ്. അതൊന്നും ശ്രദ്ധിക്കാതെ നമ്മൾ പോയിട്ട് വല്ല കാര്യവുമുണ്ടോ ? മറ്റാർക്കും അവകാശപ്പെടാൻ കഴിയാത്ത വിധത്തിലുള്ള വികസന നേട്ടങ്ങളിലൂടെ മാതൃക കാണിച്ചുകൊണ്ട് കേരളത്തിലെ ജനങ്ങളോടൊപ്പം ജനപക്ഷത്തു നിൽക്കുന്ന ഗവൺമെന്റ് കൊണ്ടുവന്ന സപ്ലിമെന്ററി ഗ്രാന്റിനെ ഒരിക്കൽക്കൂടി അനുകൂലിക്കുന്നു.

ശ്രീ. എം. ചന്ദ്രൻ : സർ, ഇവിടെ അവതരിപ്പിച്ച ഉപധനാഭ്യർത്ഥനകളെ ഞാൻ പിന്താങ്ങുകയാണ്. 2006 മേയ് മാസത്തിൽ അധികാരത്തിൽ വന്ന ശ്രീ. വി. എസ്. അച്ചുതാനന്ദന്റെ നേതൃത്വത്തിലുള്ള ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് അതിന്റെ കാലാവധി പൂർത്തീകരിക്കാൻ പോകുകയാണ്. അഞ്ച് വർഷം തുടർച്ചയായി കാലാവധി പൂർത്തീകരിച്ചുവെന്നുള്ള നേട്ടം മാത്രമല്ല ഈ ഗവൺമെന്റിനുള്ളത്. എങ്ങനെയെങ്കിലും കാലാവധി പൂർത്തീകരിച്ചതല്ല. യു.ഡി.എഫ്-ഉം അഞ്ച് കൊല്ലം കാലാവധി പൂർത്തീകരിച്ചു. പക്ഷേ ആ കാലയളവിൽ മന്ത്രിമാരെയും മാറ്റി, മുഖ്യമന്ത്രിയെയും മാറ്റി, പരസ്പരം കലഹിച്ച് തമ്മിൽത്തല്ലി കാലാവധി പൂർത്തീകരിക്കുകയാണുണ്ടായത്. 2004-ൽ 2001-ലെ മുഖ്യമന്ത്രിയായിരുന്ന ബഹുമാനപ്പെട്ട ശ്രീ. എ. കെ. ആന്റണി ക്ലിഫ് ഹൗസിൽ നിന്നും തന്റെ അമ്മയുടെ പടവുമെടുത്ത് നിലവിളിച്ചു കൊണ്ട് ഇറങ്ങിപ്പോകുന്ന ഒരു ചിത്രം പത്രത്തിൽ ഞാൻ കാണുകയുണ്ടായി. അത് ഇപ്പോഴും എനിക്ക് ഓർമ്മയുണ്ട്. അത്തരത്തിൽ ഒരു സംഭവവും ഈ അഞ്ച് കൊല്ലക്കാലയളവിൽ ഇവിടെ ഉണ്ടായിട്ടില്ലായെന്നതുതന്നെയാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ ഭരണത്തിന്റെ ഏറ്റവും വലിയ നേട്ടം. നിർജ്ജീവമായ ഒരു ഗവൺമെന്റല്ല ഇവിടെ ഭരിക്കുന്നത്. ഇവിടെ ജനസേവനത്തിന്റെയും ക്ഷേമത്തിന്റെയും പ്രവർത്തന ബാഹുല്യമാണ് കഴിഞ്ഞ അഞ്ച് വർഷമായി നടന്നത്. നിങ്ങൾക്ക് അറിയാം ഇപ്പോൾ നൂറ് രൂപയ്ക്ക് ഒരു കിലോ ഉള്ളി വിൽക്കപ്പെടുമ്പോഴാണ് രണ്ട് രൂപയ്ക്ക് നാൽപ്പത്തിയൊന്ന് ലക്ഷം കുടുംബങ്ങൾക്ക് പതിനെട്ട് കിലോ അരിയും അഞ്ച് കിലോ ഗോതമ്പും പ്രതിമാസം ഇവിടെ കൊടുക്കുന്നത്. അത് ഒരു നിസ്സാര കാര്യമായിട്ട് എഴുതിത്തള്ളാൻ പറ്റുമോ ? കഴിഞ്ഞ 2004-ലെ പാർലമെന്റ്

LIBRARY ARCHIVES Kerala Legislative Assembly

തെരഞ്ഞെടുപ്പിൽ മൂന്ന് രൂപയ്ക്ക് അരി കൊടുക്കുമെന്ന് പ്രഖ്യാപിച്ചുപോയവർ ഇന്നേവരെ ഒരു കിലോ അരിപോലും ഇന്ത്യാ രാജ്യത്ത് മൂന്ന് രൂപയ്ക്ക് കൊടുത്തിട്ടില്ല എന്നുള്ള വസ്തുത കോൺഗ്രസ്സുകാർ മനസ്സിലാക്കണ്ടേ. കഴിഞ്ഞകാല ചരിത്രം പരിശോധിച്ചാൽ നിങ്ങൾ പ്രഖ്യാപിച്ചിട്ടുള്ള, അതുപോലെ തന്നെ തെരഞ്ഞെടുപ്പ് പ്രകടനപത്രികയിൽ പറഞ്ഞിട്ടുള്ള കാര്യങ്ങൾ ഒന്നും ചെയ്യാത്തവരാണെന്ന് കാണാൻ സാധിക്കും. അതുപോലെതന്നെയാണ് തെരഞ്ഞെടുപ്പ് പ്രകടനപത്രികയിൽ പ്രഖ്യാപിച്ച മൂന്ന് രൂപയുടെ അരിയുടെ കാര്യത്തിലും ഉണ്ടായിട്ടുള്ളത്. ഇവിടെ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് പ്രകടന പത്രികയിൽ പറഞ്ഞ കാര്യങ്ങൾ എല്ലാം ചെയ്തു കഴിഞ്ഞു. ഇങ്ങനെ ചെയ്യാൻ കഴിയുമായിരുന്നുവെങ്കിൽ കുറേ കാര്യങ്ങൾ കൂടി പ്രകടന പത്രികയിൽ ഉൾപ്പെടുത്താമായിരുന്നു എന്ന് എനിക്കിപ്പോൾ തോന്നുകയാണ്. ഈ ഗവൺമെന്റിന് എല്ലാ അവാർഡുകളും കൊടുത്തത് കേന്ദ്ര ഗവൺമെന്റാണ്. അതാണെങ്കിൽ യു.പി.എ. ഗവൺമെന്റാണ്, കോൺഗ്രസിന് നേതൃത്വമുള്ള ഗവൺമെന്റാണ്. ഏറ്റവും നല്ല പൊതുഭരണത്തിന് ഇന്ത്യാ രാജ്യത്ത് അവാർഡ് വാങ്ങിയ ഒരു മുഖ്യമന്ത്രിയാണ് സഖാവ് വി. എസ്. അച്ചുതാനന്ദൻ. അത് കൊടുത്തത് കേന്ദ്ര ഗവൺമെന്റല്ലേ. അതുപോലെ ഏറ്റവും നല്ല ക്രമസമാധാന പാലനത്തിന് ഇന്ത്യാ ടുഡേയുടെ അവാർഡ് ശ്രീ. പ്രണബ്കുമാർ മുഖർജി, ശ്രീ. കോടിയേരി ബാലകൃഷ്ണന് കൊടുക്കുമ്പോൾ ഇവിടെത്തെ പ്രതിപക്ഷം അന്ന് എന്താണ് ചെയ്തത്? അവിടെ അവാർഡ് വാങ്ങുമ്പോൾ ക്രമസമാധാനം മോശമാണെന്ന് പറഞ്ഞിട്ട് ഇവിടെ ഇറങ്ങി പ്പോകുകയാണ്. നിങ്ങളുടെ നേതാവ് ശ്രീ. പ്രണബ്കുമാർ മുഖർജി അവാർഡ് കൊടുക്കുന്നു, നിങ്ങൾ ഇവിടെ ഇറങ്ങിപ്പോകുന്നു; പരസ്പരവൈരുദ്ധ്യമല്ലേ അത്. അതുപോലെ ഭാരത് നിർമ്മാൺ അവാർഡ് കേരളത്തിനല്ലേ ലഭിച്ചത്. ഏറ്റവും നല്ല ജലവിഭവ വകുപ്പുമന്ത്രി എന്നുള്ള നിലയ്ക്ക് ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ അല്ലേ അവാർഡ് വാങ്ങിയത്. ഇതെല്ലാം കൊടുത്തപ്പോഴല്ലേ കോൺഗ്രസ് എം.പി.മാർ എല്ലാവരും കൂടി ചേർന്നുകൊണ്ട് ശ്രീമതി സോണിയാ ഗാന്ധിയെ കണ്ട് ഇനി മേലാൽ അവാർഡ് കൊടുത്താൽ ഞങ്ങൾക്ക് കേരളത്തിൽ നടക്കാൻ നിവൃത്തിയില്ല, അതുകൊണ്ട് നിങ്ങൾ അവാർഡ് കൊടുക്കരുത് എന്ന് പറഞ്ഞത്. ആ വാർത്തയും പത്രങ്ങളിൽ വന്നല്ലോ. ഇപ്പോൾ കേന്ദ്ര ഊർജ്ജ വകുപ്പുമന്ത്രി ശ്രീ. സുശീൽകുമാർ ഷിൻഡേ ഒറ്റപ്പാലത്ത് വന്ന് ഇന്ത്യാ രാജ്യത്ത് ആദ്യമായി പാലക്കാട് ജില്ല സമ്പൂർണ്ണ വൈദ്യുതീകരണ ജില്ലയായി പ്രഖ്യാപിക്കുമ്പോൾ അദ്ദേഹം പറഞ്ഞത് ഊർജ്ജ വകുപ്പിന്റെ ഏറ്റവും നല്ല പ്രവർത്തനം നടക്കുന്നത് കേരളത്തിലാണെന്നാണ്. നിങ്ങളുടെ മന്ത്രിയാണ് പറഞ്ഞത്, ഞങ്ങൾ പറഞ്ഞതല്ല. എന്നിട്ടിവിടെ ഒന്നും നടക്കുന്നില്ല എന്നല്ലേ നിങ്ങൾ പറഞ്ഞത്. എന്താണ് നടക്കാത്തത്? അതിനെ സംബന്ധിച്ച് നിങ്ങൾക്ക് പറയാൻ പറ്റുമോ? ഇവിടെ ഒരു കാര്യം നടക്കുന്നില്ല. അതിൽ നിങ്ങൾക്ക് സങ്കടമുണ്ടാകും. അത് അഴിമതിയാണ്. ഇവിടെ ശ്രീ. വി. എസ്. അച്ചുതാനന്ദൻ ഉൾപ്പെടെ 20 മന്ത്രിമാരുണ്ട്. അഞ്ച് കൊല്ലം പൂർത്തീകരിക്കാൻ പോകുകയാണ്. ഒരു മന്ത്രിക്കെതിരെ അഴിമതി ആരോപണം ഉന്നയിക്കാൻ നിങ്ങൾക്ക് കഴിഞ്ഞിട്ടുണ്ടോ? ഏതെങ്കിലും ഒരു മന്ത്രി അഴിമതി നടത്തി

LIBRARY ARCHIVES Kerala Legislative Assembly

എന്ന് പറയാൻ ഈ നാട്ടിലെ പത്രങ്ങൾക്കോ പൊതുജനങ്ങൾക്കോ കോൺഗ്രസിനോ യു.ഡി.എഫിനോ കഴിഞ്ഞിട്ടുണ്ടോ ? ഇന്നേവരെ കഴിഞ്ഞിട്ടില്ല. എന്നാൽ കേന്ദ്രത്തിലെ മന്ത്രിസഭയുണ്ടല്ലോ, യു.പി.എ. ഗവൺമെന്റ്, ഒരു കൊല്ലം പൂർത്തിയാക്കുന്നതിനുമുമ്പ് ഐ.പി.എൽ. അഴിമതിയിൽ ഒരു മന്ത്രി രാജിവച്ച് പുറത്തുപോയില്ലേ. അഴിമതി തെളിഞ്ഞിട്ടല്ലേ പോയത്. അഴിമതി ആരോപണം കൊണ്ടല്ല രാജിവച്ചത്. 70 കോടി രൂപയുടെ ഐ.പി.എൽ. അഴിമതി നടത്തിയെന്ന് ബോധ്യപ്പെട്ട് പാർലമെന്റിൽ ആക്ഷേപം വന്ന് അത് കോൺഗ്രസിന് ബോധ്യപ്പെട്ട്, പ്രധാനമന്ത്രിക്ക് ബോധ്യപ്പെട്ടതിന്റെ ഭാഗമായി രാജിവയ്ക്കാൻ നിർദ്ദേശിച്ചിട്ടാണ് കേരളത്തിൽ നിന്നുള്ള സ്റ്റേറ്റ് മന്ത്രി രാജിവച്ച് പുറത്തുപോയത്. ഒരു കൊല്ലം തികയുന്നതിന് മുമ്പാണ് അത്. ഇപ്പോൾ ഒരു ലക്ഷത്തി എഴുപത്തിയാറായിരം കോടി രൂപയുടെ സ്പെക്ട്രം അഴിമതിയുടെ ചർച്ച നടക്കുകയല്ലേ. 2008-ൽ അതിനെ സംബന്ധിച്ച് ഉന്നയിച്ചപ്പോൾ ടെലിക്കോം മന്ത്രിയായിരുന്ന രാജയെ പുറത്താക്കാൻ തയ്യാറായില്ല. പതിനാറ് മാസക്കാലം അദ്ദേഹത്തിനെതിരായിട്ടുള്ള ആരോപണം പ്രധാനമന്ത്രി മറച്ചുവച്ചു. അത് പറയുന്നത് സുപ്രീം കോടതിയാണ്. അവസാനം സുപ്രീംകോടതിയിൽ പൊതുതാൽപര്യ ഹർജി വന്നപ്പോൾ സുപ്രീംകോടതി ചോദിച്ചു ഈ മന്ത്രി ഇപ്പോഴും മന്ത്രിസഭയിൽ ഉണ്ടോ എന്ന്. അന്നാണ് രാജിവച്ചത്. ഇന്ത്യയുടെ പരമോന്നത നീതിപീഠം ചോദിക്കുകയാണ് ഈ മന്ത്രി ഇപ്പോൾ മന്ത്രിസഭയിൽ ഉണ്ടോ എന്ന് ? അന്നല്ലേ രാജയെ രാജിവയ്പിച്ചത്. അങ്ങനെ രാജിവച്ച് പുറത്തുപോയത് ഒരു ലക്ഷത്തി എഴുപത്തിയാറായിരം കോടി രൂപയുടെ വെട്ടിപ്പ് നടത്തിയെന്ന് ഇന്ത്യയുടെ ഭരണഘടനാ സ്ഥാപനമായിട്ടുള്ള കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ പറഞ്ഞതിന്റെ പേരിലല്ലേ ? പത്തൊമ്പത് ദിവസക്കാലം പാർലമെന്റ് ചേർന്നില്ല. ആ സമയം പോലും കോൺഗ്രസ് കളഞ്ഞില്ലേ. നിങ്ങൾക്ക് മറയ്ക്കാൻ ഒന്നുമില്ലെങ്കിൽ ജെ.പി.സി. അന്വേഷണം നടന്നാലെന്താണ് ? കോൺഗ്രസിന്റെ പ്ലീനറി സമ്മേളനം ഹരിയാനയിൽ ചേർന്നപ്പോൾ അഴിമതിക്ക് എതിരായിട്ടുള്ള പോരാട്ടം നടത്തണമെന്ന് ശ്രീമതി സോണിയാ ഗാന്ധിയുടെ പ്രസംഗത്തിൽ പറഞ്ഞു. അഴിമതിയൊക്കെ സംരക്ഷിച്ചിട്ട് പുറത്താണോ പോരാട്ടം. ഒരു ലക്ഷത്തി എഴുപത്തിയാറായിരം കോടി രൂപ ഖജനാവിന് കിട്ടേണ്ടത് നഷ്ടപ്പെടുത്തി കോർപ്പറേറ്റുകൾക്കും മറ്റുള്ളവർക്കും കൊടുത്ത് കാശ് വാങ്ങിയെന്ന് പറയുന്നത് കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറലും സുപ്രീംകോടതിയുമാണ്. ഇത് നഗ്നമായി തെളിയിക്കപ്പെട്ട അഴിമതിയല്ലേ ? നിങ്ങൾ തന്നെ അംഗീകരിച്ച അഴിമതിയല്ലേ ? മൂവായിരത്തി മുന്നൂറ് കോടി രൂപയുടെ ബഡ്ജറ്റ് ഉണ്ടാക്കി എഴുപത്തെണ്ണായിരം കോടി രൂപ ചെലവഴിച്ച കോമൺവെൽത്ത് ഗെയിംസിന് നേതൃത്വം കൊടുത്ത സുരേഷ് കൽമാഡി എന്ന് പറയുന്ന കോൺഗ്രസിന്റെ പാർലമെന്ററി പാർട്ടി സെക്രട്ടറിയെ നിങ്ങൾ പുറത്താക്കിയില്ലേ ? നിങ്ങൾ ആ അഴിമതി അംഗീകരിച്ചു. കോമൺവെൽത്ത് ഗെയിംസിൽ അഴിമതി നടന്നിട്ടുണ്ടെന്ന് നിങ്ങൾക്ക് അംഗീകരിക്കേണ്ടി വന്നു. നിങ്ങൾ ആദർശ് ഫ്ളാറ്റ് കുംഭകോണം അംഗീകരിച്ചു. കാർഗിലിലെ ജീവൻ ബലിയർപ്പിച്ച രക്തസാക്ഷികളുടെ കുടുംബത്തിനുള്ള പത്ത് കോടി രൂപ വില മതിക്കുന്ന 31 നിലകളുള്ള ഫ്ളാറ്റ് കോൺഗ്രസ്സ്

LIBRARY ARCHIVES Kerala Legislative Assembly

നേതാക്കന്മാർ വെട്ടിപ്പ് നടത്തി കൈവശപ്പെടുത്തിയില്ലേ ? അശോക് ചവാൻ മഹാരാഷ്ട്ര മുഖ്യമന്ത്രിയായിരുന്നില്ലേ ? അദ്ദേഹത്തിന്റെ അമ്മായിയമ്മയുടെ പേരിൽ ഫ്ളാറ്റ് കൊടുത്തപ്പോൾ പത്രസമ്മേളനത്തിൽ അദ്ദേഹം പറഞ്ഞത് അവർ എന്റെ സ്വന്തക്കാരിയല്ല എന്നാണ്. ഭാര്യയുടെ അമ്മയെയാണ് സ്വന്തക്കാരിയല്ല എന്ന് പറയുന്നത്. അതിന്റെ പേരിൽ അശോക് ചവാൻ രാജിവച്ച് പോയില്ലേ ? നിങ്ങൾ അംഗീകരിച്ച അഴിമതിയായതുകൊണ്ടല്ലേ ? ഇതു പോലുള്ള തീവെട്ടിക്കൊള്ളയല്ലേ നടക്കുന്നത് ? 1,76,000 കോടി രൂപയെന്നു പറയുന്നത് ചെറിയ സംഖ്യയാണോ ? കേരള സംസ്ഥാനത്തിന്റെ 11-ാം പഞ്ചവത്സര പദ്ധതിയിൽ 40,500 കോടി രൂപയാണ് അടങ്കൽ തുക. ഈ 1,76,000 കോടി രൂപയുണ്ടായിരുന്നെങ്കിൽ ഇൻഡ്യാ രാജ്യത്ത് എല്ലാ കാർഡ് ഉടമകൾക്കും 35 കിലോ അരി രണ്ട് രൂപവച്ച് കൊടുക്കാമായിരുന്നു. അതല്ലേ നിങ്ങൾ വെട്ടിപ്പ് നടത്തിയത്, പൊതുമുതൽ കൊള്ള നടത്തിയത് ? കേരളത്തിൽ അങ്ങനെ പൊതുമുതൽ കൊള്ള നടത്തിയതിനെ സംബന്ധിച്ച് നിങ്ങൾക്ക് പറയാൻ പറ്റുമോ ? ശ്രീ. വി. ഡി. സതീശൻ ലോട്ടറി അഴിമതിയെക്കുറിച്ച് ഇവിടെ കൊട്ടിഘോഷിച്ച് കൊണ്ടുവന്നു. സതീശൻ ആ ബലൂൺ വീർപ്പിച്ച് വീർപ്പിച്ച് വന്നപ്പോഴാണ് കോൺഗ്രസ്സിന്റെ വക്താവ് അഭിഷേക് സിംഗ്വി വന്ന് മൊട്ടുസൂചിവച്ച് ആ ബലൂണിനെ കുത്തിയത്. അതോടുകൂടി സതീശൻ ഔട്ട്. അദ്ദേഹം സാന്റിയാഗോ മാർട്ടിനുവേണ്ടി വാദിക്കാനാണ് വന്നത്. അദ്ദേഹത്തിന്റെ എറണാകുളത്തെ ഹോട്ടൽ ബില്ലിൽ മദ്യത്തിനു മാത്രം 15,000 രൂപയാണ്. ഇതൊക്കെ പത്രങ്ങളിൽ വന്നതല്ലേ ? മദ്യത്തിന്റെ ബിൽ പ്രത്യേകം വന്നു, താമസച്ചെലവ് വേറെ. കോൺഗ്രസ്സിന്റെ നേതാവ് മണികുമാർ സുബ്ബയല്ലേ ലോട്ടറിയുടെ ഇൻഡ്യാ രാജ്യത്തെ ആകെയുള്ള ഏജന്റ്. അദ്ദേഹം ആസ്സാമിലെ കോൺഗ്രസ്സിന്റെ പ്രസിഡന്റായിരുന്ന ആളല്ലേ, എ.ഐ.സി.സി. മെമ്പറായിരുന്ന ആളല്ലേ ? അദ്ദേഹമായിരുന്നല്ലോ ഇത് നടത്തിയത് ? അദ്ദേഹത്തിനെതിരായി എന്തെങ്കിലും നടപടിയെടുത്തോ ? അപ്പോൾ നിങ്ങളാണ് ലോട്ടറി കച്ചവടം നടത്തിയത്. ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് ലോട്ടറിക്കാർക്ക് വഴങ്ങി അഴിമതി നടത്താൻ അനുവാദം കൊടുക്കുകയാണ് എന്നുപറഞ്ഞ് നാട്ടുകാരെയൊക്കെ തെറ്റിദ്ധരിപ്പിക്കുന്ന വിധത്തിൽ പത്രങ്ങളുടെ സഹായത്തോടെ കള്ള പ്രചാരവേല നടത്തി. ഇന്ത്യാ രാജ്യത്തെ എല്ലാ ഭരണഘടനാ സ്ഥാപനങ്ങളും പറഞ്ഞ അഴിമതിയുടെ വക്താക്കളാണ് കോൺഗ്രസ്സുകാർ. പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ ഞങ്ങൾ വലിയ തോതിൽ പരാജയപ്പെട്ടു, യു.ഡി.എഫ്. ജയിച്ചു എന്ന് നിങ്ങൾ ഇവിടെ പറയുകയുണ്ടായി. ഞങ്ങൾക്ക് കുറച്ച് പഞ്ചായത്തുകൾ നഷ്ടപ്പെട്ടിട്ടുണ്ട്. അത് വസ്തുതയാണ്. അത് ഞങ്ങൾ അംഗീകരിക്കുന്നു. പക്ഷേ ഞങ്ങൾ ഈ നാട്ടിൽ നിന്നുതന്നെ പോയി എന്ന നിലയിൽ നിങ്ങൾ വാദിക്കേണ്ട കാര്യമൊന്നുമില്ല. നിങ്ങൾക്ക് ഏറ്റവും കുറഞ്ഞ വോട്ട് കിട്ടിയ ഒരു തെരഞ്ഞെടുപ്പായിരുന്നു 2004-ലെ പാർലമെന്റ് തെരഞ്ഞെടുപ്പ്. അതിൽ നിങ്ങൾക്ക് കിട്ടിയത് 38.45 ശതമാനം വോട്ടായിരുന്നു. 2005-ൽ പഞ്ചായത്ത് തെരഞ്ഞെടുപ്പ് നടന്നപ്പോൾ കോൺഗ്രസ്സിന് 40.21 ശതമാനം വോട്ട് കിട്ടി. ഞങ്ങൾ ഇപ്പോൾ തോറ്റുവെന്ന് പറയുന്ന ഈ തെരഞ്ഞെടുപ്പിൽ ഞങ്ങൾക്ക് 42.37 ശതമാനം വോട്ട് കിട്ടിയിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

എന്ന് ഞങ്ങളുടെ പാർട്ടി സെക്രട്ടറി പറഞ്ഞതിന് പത്രങ്ങളൊക്കെ പരിഹസിക്കേണ്ട കാര്യമെന്താണ് ? ഞങ്ങളുടെ ജനകീയ അടിത്തറ ഭദ്രമാണെന്നാണ് പറഞ്ഞത്. 42.37 ശതമാനം വോട്ട് നേടുമ്പോൾ കേരളത്തിൽ ഒരു മുന്നണിക്ക് ജനകീയ അടിത്തറ ഉണ്ട് എന്നുള്ളത് സത്യമാണ്. 38.45 ശതമാനം വോട്ട് കിട്ടിയ കോൺഗ്രസ്സ് ഈ സംസ്ഥാനത്തുനിന്നും ഒഴുകിപ്പോയി എന്നൊന്നും ഞങ്ങൾ പറയുന്നില്ല. നിങ്ങളും ഞങ്ങളും തമ്മിൽ ഈ പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ 6,65,000 വോട്ടിന്റെ വ്യത്യാസമുണ്ട്. 3.65 ശതമാനം വോട്ടിന്റെ വ്യത്യാസമേയുള്ളൂ. അത് വച്ചുകൊണ്ട് ഇനി വരാൻ പോകുന്ന തെരഞ്ഞെടുപ്പിലൊക്കെ നിങ്ങളാണ് വിജയിക്കുന്നത് എന്നൊന്നും കണക്ക് കൂട്ടേണ്ട കാര്യമില്ല. ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ ഭരണം ഈ നാട്ടിലെ ജനങ്ങൾ അംഗീകരിക്കുന്നുണ്ട്. ഐക്യ ജനാധിപത്യ മുന്നണിയുടെ 2001 മുതൽ 2006 വരെയുള്ള ദുർഭരണം കണ്ടു മടുത്തവരാണ് കേരളത്തിലെ ജനങ്ങൾ. ഒരിക്കലും ഒരു തിരിച്ചു പോക്കിന് ഈ രാജ്യത്തെ ജനങ്ങൾ തയ്യാറാകില്ല എന്ന ഉറച്ച വിശ്വാസം ഞങ്ങൾക്കുണ്ട്. ഇടതുപക്ഷ ജനാധിപത്യ മുന്നണി വമ്പിച്ച ഭൂരിപക്ഷത്തോടു കൂടി തന്നെ അധികാരത്തിൽ വരും.

ശ്രീ. കെ. ബാബു: സർ, അങ്ങ് സി.ആന്റ് എ. ജി. റിപ്പോർട്ടുമായി ബന്ധപ്പെട്ട് ചില കാര്യങ്ങൾ പറഞ്ഞു. സി. ആന്റ് എ.ജി.യുടെ പ്രാഥമിക റിപ്പോർട്ട് വന്നപ്പോഴാണ് 2 ജി. സ്പെക്ട്രത്തിന്റെ കാര്യത്തിൽ മന്ത്രി രാജ രാജിവച്ചത്. എസ്.എൻ.സി. ലാവലിൻ കേസിൽ അതേ സി. ആന്റ് എ. ജി. യുടെ ഫൈനൽ റിപ്പോർട്ട് വന്നു. സി.ബി.ഐ. കേസ് എടുത്ത നിങ്ങളുടെ പാർട്ടി സെക്രട്ടറി ഇപ്പോൾ ജാമ്യത്തിലിറങ്ങി നിൽക്കുകയാണ്. അഴിമതിക്കെതിരായി ആരുടെയെങ്കിലും പേരിൽ നടപടിയെടുത്തതായി പറയാമോ ?

ശ്രീ. എം. ചന്ദ്രൻ: സർ, അത് ഒരു രാഷ്ട്രീയപ്രേരിതമായ കേസ്സാണെന്ന് ഞങ്ങൾ പറഞ്ഞിട്ടുണ്ട്. ഇത് അതല്ല. സുപ്രീം കോടതി പറഞ്ഞിട്ട് അന്വേഷണം നടത്തി സി.ബി.ഐ. ഇപ്പോൾ രാജയെ ചോദ്യം ചെയ്തുകൊണ്ടിരിക്കുകയാണ്. സുപ്രീം കോടതി പറഞ്ഞിട്ടാണ് നിങ്ങൾ രാജി വയ്പിച്ചത്. നിങ്ങൾ സ്വമേധയാ രാജയെ രാജി വയ്പിച്ചതല്ല. സുപ്രീം കോടതിയാണ് സി.ബി.ഐ.യുടെ അന്വേഷണത്തിൽ മേൽനോട്ടം നടത്തുന്നത്. 1,76,000 കോടി രൂപയുടെ അഴിമതി ക്ലിയർ അഴിമതിയാണെന്ന് ഇപ്പോൾ സുപ്രീം കോടതി പോലും അംഗീകരിച്ച അഴിമതിയാണ്. യു.പി.എ. ഗവൺമെന്റ് അഴിമതിയിൽ മുങ്ങിക്കുളിച്ച് നിൽക്കുകയാണ്. അതിനൊരു പുകമറ സൃഷ്ടിക്കാൻവേണ്ടി ചർവ്വിതചർവ്വണം നടത്തിയ കേസ് എടുത്ത് ബഹുമാനപ്പെട്ട ബാബു ഇപ്പോൾ ഉന്നയിച്ചിട്ട് കാര്യമില്ല. അതൊക്കെ മറികടന്ന് പത്രങ്ങളിൽ വാർത്ത വന്നത് നിങ്ങളുടെ അഴിമതിയാണ്. അതുകൊണ്ട് അഴിമതിക്കാരെ കേരളത്തിലെ ജനങ്ങൾ ഒരിക്കലും അംഗീകരിക്കില്ല എന്ന് പറഞ്ഞുകൊണ്ട് ഞാൻ ഉപധനാഭ്യർത്ഥനകളെ ഒരിക്കൽക്കൂടി പിൻതാങ്ങിക്കൊണ്ട് അവസാനിപ്പിക്കുന്നു.

ശ്രീ. കെ. കെ. ഷാജു: സർ, ഞാൻ ഉപധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. എന്തിനാണ് ഇങ്ങനെയൊരു ഉപധനാഭ്യർത്ഥന ഇവിടെ അവതരിപ്പിക്കുന്നത്. നിങ്ങൾക്ക് ഇനിയും പണം ചോദിച്ച് ഈ സഭയെ

LIBRARY ARCHIVES Kerala Legislative Assembly

അഭിമുഖീകരിക്കാൻ എന്താണ് ധാർമ്മികമായ അവകാശം? എന്ത് അവകാശത്തിലാണ് നിങ്ങൾ ഈ ഉപധനാഭ്യർത്ഥനയുമായി ഇവിടെ എത്തിയിരിക്കുന്നത്? ഞാൻ 2005-ലേയ്ക്ക് നിങ്ങളുടെ ശ്രദ്ധക്ഷണിക്കുകയാണ്. 2004-ൽ ലോക്സഭാ തെരഞ്ഞെടുപ്പ്, 2005-ൽ തദ്ദേശ ഭരണ തെരഞ്ഞെടുപ്പ്. അന്നത്തെ ലോക് സഭാ തെരഞ്ഞെടുപ്പിൽ എൽ.ഡി.എഫ്.-ന്റെ വിജയം ഇരുപതിൽ പത്തൊൻപത്. അതിനുശേഷം യഥാർത്ഥത്തിൽ അന്നത്തെ സഭ സൈ്വര്യമായി നടത്താൻ നിങ്ങൾ സമ്മതിച്ചിട്ടുണ്ടോ; നിങ്ങൾ അതിനെപ്പറ്റി എന്താണ് തിരിഞ്ഞു നോക്കാത്തത്. 2006-ൽ തദ്ദേശസ്വയംഭരണ തെരഞ്ഞെടുപ്പ് കഴിഞ്ഞപ്പോൾ എൽ.ഡി.എഫ്.-ന്റെ നേതാക്കന്മാർ യഥാർത്ഥത്തിൽ പ്രതിപക്ഷ നേതാക്കന്മാരായല്ല മന്ത്രി സ്റ്റൈലിലായിരുന്നു ഇരുന്നത്. ഞങ്ങൾ ഈ ഭരണത്തെ എത്ര മര്യാദയോടുകൂടിയാണ് സഹിച്ചുകൊണ്ടിരിക്കുന്നത്? ഈ ഭരണം നാട്ടിലെ ജനങ്ങൾക്ക് ഒരു ഗുണവും ചെയ്തിട്ടില്ല എന്ന് കഴിഞ്ഞ രണ്ട് തെരഞ്ഞെടുപ്പുകളിലായി വളരെ വ്യക്തമായി ജനങ്ങൾക്ക് ബോദ്ധ്യപ്പെട്ടിട്ടുണ്ട്. അതിന്റെയടിസ്ഥാനത്തിൽ അവർ കാര്യങ്ങൾ ചെയ്തുകൊണ്ടിരിക്കുകയാണ്. രാഷ്ട്രീയ സദാചാരം എന്നത് ഒരു തരിമ്പെങ്കിലും ഉണ്ടായിരുന്നെങ്കിൽ നിങ്ങൾ അന്തസ്സായി രാജിവച്ച് ജനങ്ങളുടെ മുന്നിലേയ്ക്ക് പോകുമായിരുന്നു. അതിന് നിങ്ങൾക്ക് കഴിഞ്ഞിട്ടുണ്ടോ; ഇപ്പോഴും അള്ളിപ്പിടിച്ചിരിക്കുകയല്ലേ? മുഖം മിനുക്കാൻ നോക്കുകയാണ്. 90 വയസ്സായ ആളുകൾ മുഖത്ത് ചായം അടിച്ചുകൊണ്ട് ഇറങ്ങുന്നതുപോലെ വരുകയാണ്. അതൊന്നും പറഞ്ഞിട്ട് കാര്യമില്ല. ഇവിടെയിരുന്ന് എന്തെല്ലാം കഥകളാണ് പറയുന്നത്? കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റ് കേരളത്തെ സാമ്പത്തിക കടക്കെണിയിലാക്കി, 42,000 കോടി രൂപയുടെ കടബാദ്ധ്യതകൊണ്ട് ഈ സംസ്ഥാനം എങ്ങനെ മുന്നോട്ടുപോകും. എന്നൊക്കെ ആശങ്കപ്പെട്ടയാളുകൾക്ക് എന്താണ് ഇപ്പോൾ പറയാനുള്ളത്? കേരളത്തിന്റെ പൊതുക്കടം എഴുപത്തിരണ്ടായിരം കോടി രൂപയായി; എന്താണ് പറയാനുള്ളത്? സീറോ കമ്മി ബഡ്ജറ്റ് എന്നും പറഞ്ഞുകൊണ്ടു വന്നിരിക്കുന്ന ഡോ. തോമസ് ഐസക്കിന്റെ ഭരണം ഇപ്പോൾ സീറോ ഭരണമായി മാറി. അടുത്ത എന്റെ ബഡ്ജറ്റ് സീറോ കമ്മി ബഡ്ജറ്റ് ആയിരിക്കുമെന്ന് ഡോ. തോമസ് ഐസക്കിന് എഴുന്നേറ്റുനിന്നു പറയാൻ ധൈര്യമുണ്ടോ; ഞാൻ വെല്ലുവിളിച്ചു ചോദിക്കുകയാണ്. പൊതുക്കടം നാൽപ്പത്തിരണ്ടായിരം കോടി രൂപയിൽനിന്ന് എഴുപത്തിരണ്ടായിരം കോടി രൂപയായി. നിങ്ങളുടെ ഭരണകാലത്തിൽ ഒരു രൂപയുടെ പൊതുക്കടം കുറച്ചു കൊണ്ടുവന്നിരുന്നുവെങ്കിൽ നിങ്ങൾക്ക് അഭിമാനത്തോടുകൂടി പറയാമായിരുന്നു നിങ്ങളുടെ ഭരണത്തിന്റെ നേട്ടമാണെന്ന്. എന്താണ് നിങ്ങൾക്ക് പറയാനുള്ളത്? ഈ രാജ്യത്ത് വിലക്കയറ്റം ഉണ്ടാകാൻവേണ്ടി പ്രാർത്ഥിക്കുന്ന ഒരു ധനമന്ത്രിയെപ്പറ്റി വേറെ വല്ലയിടത്തും കേട്ടിട്ടുണ്ടോ? വിലക്കയറ്റം ഉണ്ടാകാൻ വേണ്ടി ഓരോ ദിവസവും വടക്കോട്ടു നോക്കുകയാണ്. പെട്രോളിന് വില കൂട്ടിയെന്നാണ്. കഴിഞ്ഞ ദിവസം മൂന്നു രൂപ കൂട്ടി, രണ്ടുരൂപ തൊണ്ണൂറ്റിയഞ്ചു പൈസ കൂട്ടി; നൂറ് കോടി രൂപ ഐസക്കിന്റെ പോക്കറ്റിലായി. അവിടെ കൂട്ടിയാൽ ഇവിടെ പോക്കറ്റിൽ പണം വരും. അതു കൂട്ടാൻവേണ്ടി പ്രാർത്ഥിക്കുന്ന ഒരു ധനമന്ത്രിയായിട്ട് ഇരിക്കുകയാണ് അദ്ദേഹം. എന്നിട്ട് ഇവിടെ പറയുകയാണ് ട്രഷറി പൂട്ടുന്നില്ല എന്ന്. ഇതു കേട്ടാൽതോന്നും ഇൻഡ്യയിലെ എല്ലാ സംസ്ഥാനങ്ങളിലും ട്രഷറി പൂട്ടിയിട്ടിരിക്കുകയാണെന്ന്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. ബാബു : സർ, ബഹുമാനപ്പെട്ട ഐസക്കിന്റെ പോക്കറ്റ് വലിയ പോക്കറ്റാണ്. അതിനകത്ത് നിറയണമെങ്കിൽ വലിയ തുക വേണം.

ശ്രീ. കെ. കെ. ഷാജു : സർ, കേന്ദ്ര ഗവൺമെന്റ് പെട്രോളിയം ഉൽപ്പന്നങ്ങൾക്ക് വില വർദ്ധിപ്പിക്കണമേ ഗുരുവായൂരപ്പാ, എന്ന് പ്രാർത്ഥിക്കുന്ന ഒരു ധനമന്ത്രി കേരളത്തിലല്ലാതെ വേറെ വല്ലയിടവും കാണുമോ ? ഈ ഗവൺമെന്റിന് എന്താണ് പറയാനുള്ളത് ? ഡി.വൈ.എഫ്.ഐ എന്നൊക്കെ പറഞ്ഞ് കഴിഞ്ഞ തെരഞ്ഞെടുപ്പിൽ ചെറുപ്പക്കാരുടെ വോട്ടും വാങ്ങി എം.എൽ.എ. മാർ ആയിരിക്കുന്ന ഒരു സെറ്റ് ആളുകൾ അപ്പുറത്തിരിക്കുന്നല്ലോ. 9 പൊതുമേഖലാ സ്ഥാപനങ്ങളിൽ നിയമനങ്ങൾ നടത്താൻ പോകുന്നു. ഇത് പി.എസ്.സി. വഴിയാണോ, എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി ആണോ ? ഇത് ധനവകുപ്പ് അറിഞ്ഞിട്ടുണ്ടോ ? 1919 ആളുകളെ നിങ്ങൾ ഏതു മാർഗ്ഗത്തിലൂടെയാണ് ഇപ്പോൾ നിയമിക്കാൻ പോകുന്നത് ? ഡി.വൈ.എഫ്.ഐ. എവിടെപ്പോയി, എ.വൈ.എഫ്.ഐ. എവിടെപ്പോയി ? അവിടെയൊരു സുനിൽകുമാർ ഉണ്ടായിരുന്നല്ലോ ? എവിടെപ്പോയി ഈ ആളുകളൊക്കെ ? എങ്ങനെയും തങ്ങളുടെ സ്വന്തക്കാരെയും ബന്ധക്കാരേയും തിരുകിക്കയറ്റാൻ വേണ്ടിയല്ലേ ഇത്. അരക്കോടിയോളം വരുന്ന കേരളത്തിലെ ചെറുപ്പക്കാരാണ് ജോലിയില്ലാതെ നിൽക്കുന്നത്. അരക്കോടിയോളം വരുന്ന ചെറുപ്പക്കാർ കേരളത്തിൽ തൊഴിലില്ലാതെ കാത്തുകെട്ടിക്കിടക്കുമ്പോൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് അറിയാതെ, പി.എസ്.സി. അറിയാതെ പിൻവാതിലിലൂടെ ആളുകളെ അകത്തു കടത്തിയാൽ വരാൻ പോകുന്ന തെരഞ്ഞെടുപ്പിൽ അത് പ്രതിഫലിക്കും. ചെറുപ്പക്കാരെ കബളിപ്പിച്ച് വോട്ടു വാങ്ങിച്ചുവന്ന ശ്രീ. വി. ശിവൻകുട്ടിയൊക്കെ എന്താണ് മിണ്ടാത്തത് ? അങ്ങയുടെ നാവ് എവിടെപ്പോയി ? പിൻവാതിൽ നിയമനത്തിനെതിരായി ഘോരഘോരം പ്രസംഗിച്ച് മന്ത്രിമാരെ തെരുവിൽ തടയഞ്ഞവരല്ലേ നിങ്ങൾ. അന്ന് ഗതികേടിന് ഞങ്ങളും നിങ്ങളുടെ കൂടെ ഉണ്ടായിരുന്നു ഏതായാലും അങ്ങനെയുള്ള സമരങ്ങൾ നടത്തിയ ആളുകൾക്ക് ഇപ്പോൾ ഒരക്ഷരം പറയാനില്ല. എന്നിട്ട് കുറെ ആളുകൾ ഇപ്പോൾ ഇറങ്ങിയിരിക്കുകയാണ് ഈ രാജ്യത്ത് എന്തോ കുറേ മാറ്റങ്ങൾ ഉണ്ടാക്കാൻ പോകുന്നു എന്നുപറഞ്ഞുകൊണ്ട്. ഒന്നും നടക്കാൻ പോകുന്നില്ല. ഞാൻ ചോദിക്കട്ടെ, നിങ്ങൾ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ലോട്ടറി കുംഭകോണത്തെ ക്കുറിച്ച് പറഞ്ഞല്ലോ. ലോട്ടറിയെ സംബന്ധിച്ച് ഇപ്പോൾ എന്താണ് ഒന്നും പറയാത്തത് ? കഴിഞ്ഞ സർക്കാരിന്റെ അഞ്ചു വർഷക്കാലം ലോട്ടറിയെക്കുറിച്ച് ഇവിടെ എന്തൊരു ബഹളമായിരുന്നു. ഒരാൾ അയ്യായിരം കോടി രൂപ, ഒരാൾ പതിനായിരം കോടി രൂപ, വേറൊരാൾ ഇരുപത്തിയയ്യായിരം കോടി രൂപ, ഓരോരുത്തരുടേയും മനോധർമ്മമനുസരിച്ചാണ് പറയുന്നത്. ഇപ്പോൾ പറയുന്നു കഴിഞ്ഞ നാലു വർഷത്തിനിടയിൽ ഒമ്പതിനായിരം കോടി രൂപയെന്ന്. നാലു വർഷത്തിനിടയിൽ എൺപതിനായിരം കോടി രൂപ അടിച്ചുമാറ്റാൻ സാന്റി യാഗോ മാർട്ടിനെ സഹായിച്ചതാരാണ് ? സാന്റിയാഗോ മാർട്ടിനെ നിങ്ങൾക്ക് തൊടാൻ പറ്റില്ല. തൊട്ടാൽ എ.കെ.ജി. സെന്റർ കുലുങ്ങും. അതെല്ലാവർക്കും അറിയാം. കേരളത്തിലെ മുഴുവൻ ജനങ്ങളും ഇത് കണ്ടുകൊണ്ടിരിക്കുകയാണ്. നിങ്ങൾ എങ്ങനെ തോറ്റുവെന്നാണ് നിങ്ങളുടെ വിചാരം ? നിങ്ങളുടെ

1070/2013

LIBRARY ARCHIVES Kerala Legislative Assembly

ധാരണയെന്താണ് ? സാന്റിയാഗോ മാർട്ടിനെപ്പോലുള്ള ആളുകളെ സംരക്ഷിച്ചു നിർത്തുക. ഈ ആളുകൾക്കെതിരായി ഇപ്പോൾ ഭരണപക്ഷത്തുനിന്നു തന്നെ നടപടി വന്നിരിക്കുന്നു.

ശ്രീ. ജോസഫ് എം. പുതുശ്ശേരി : സർ, മുഖ്യമന്ത്രി കേന്ദ്ര ആഭ്യന്തര മന്ത്രിക്കും പ്രധാനമന്ത്രിക്കും കത്തെഴുതി, സി.ബി.ഐ. അന്വേഷണമോ അല്ലെങ്കിൽ എൻ.ഐ.എ. അന്വേഷണമോ വേണമെന്നു പറഞ്ഞ്. ഈ അന്വേഷണം വേണമെന്ന് ആവശ്യപ്പെട്ടതിന്റെ പൊരുൾ യഥാർത്ഥത്തിൽ ഇന്നലെ അദ്ദേഹം ഇവിടെ പറഞ്ഞു, ചിദംബര അയ്യർജി...ചിദംബര അയ്യർജി.... എന്നുപറഞ്ഞാണ് ഞാൻ കത്തെഴുതിയതെന്ന് പറഞ്ഞെങ്കിലും യഥാർത്ഥത്തിൽ ധനകാര്യ വകുപ്പുമന്ത്രിയെ കൈയാമം വയ്ക്കണമെന്നാണ് ആ കത്തിന്റെ ഉള്ളടക്കം എന്നതിനെ സംബന്ധിച്ച് വല്ല സംശയവുമുണ്ടോ ?

ശ്രീ. കെ. കെ. ഷാജു : സർ, അതു ശരിയാണ്, പണ്ട് അനന്തരവൻമാരെ ദ്രോഹിക്കുന്നതിൽ രസം കണ്ടെത്തിയിരുന്ന ഒരു കാരണവർ ഉണ്ടായിരുന്നു. മരിക്കാൻ നേരത്ത് കാരണവർ അനന്തരവൻമാരെയെല്ലാം വിളിച്ചുകൂട്ടിയിട്ടു പറഞ്ഞു, ഞാൻ മരിക്കാൻ പോകുകയാണ്, മരിക്കാൻ നേരത്ത് എനിക്കൊരു ആഗ്രഹമുണ്ട്, ഞാൻ മരിച്ചുകഴിഞ്ഞാലുടനെ എന്റെ നെറുകയിൽക്കൂടി ഒരു നാരായം അടിച്ചിറക്കണമെന്ന്. കാരണവർ മരിച്ചുകഴിഞ്ഞപ്പോൾ അനന്തരവൻമാരെല്ലാം കൂടി കാരണവരുടെ ആഗ്രഹമല്ലേ എന്ന് കരുതി നാരായം അടിച്ചിറക്കി. നാരായം അടിച്ചിറക്കിയതിന്റെ പേരിൽ പിന്നീട് ഈ അനന്തരവൻമാർ കൊലപാതക കേസിൽ പ്രതിയായി എന്നുപറഞ്ഞതുപോലെ ഡോ. തോമസ് ഐസക്കിന്റെ നേരെയുള്ള നാരായമാണ് സി.ബി.ഐ. അന്വേഷണമെന്ന് ആർക്കാണ് അറിയാൻ പാടില്ലാത്തത്. എല്ലാ ആളുകൾക്കും അറിയാം ഡോ. തോമസ് ഐസക്കിനെതിരെ നിങ്ങളുടെ കാരണവർ കരുതി വച്ചിരിക്കുന്ന നാരായമാണ് സി.ബി.ഐ. അന്വേഷണമെന്ന് നാട്ടിലെ മുഴുവൻ ആളുകൾക്കും മനസ്സിലായിരിക്കുകയാണ്. ഞാനത് വിശദീകരിക്കേണ്ട കാര്യമില്ല. ചന്ദ്രേട്ടനൊക്കെ ഇവിടെനിന്ന് ഡോ. തോമസ് ഐസക്കിനേയും സാന്റിയാഗോ മാർട്ടിന്റെ പിണിയാളുകളേയും രക്ഷിക്കാൻ എന്തെല്ലാം പരിശ്രമം നടത്തിയാലും കേരളത്തിലെ ജനങ്ങൾ അത് വകവച്ചുതരാൻ പോകുന്നില്ല. രണ്ടു കോടി രൂപ യാതൊരു ഉളുപ്പുമില്ലാതെ ലോട്ടറി കൊള്ളക്കാരൻ സാന്റിയാഗോ മാർട്ടിന്റെ പോക്കറ്റിൽ നിന്ന് വാങ്ങിച്ചത്, കടം വാങ്ങിച്ചതാണ്, ഫണ്ട് വാങ്ങിച്ചതാണ്, തിരിച്ചുകൊടുത്തു എന്നൊക്കെ പറഞ്ഞ് ആളെ പറ്റിക്കുന്ന ആളുകളെ ജനങ്ങൾ തദ്ദേശസ്വയംഭരണ തെരഞ്ഞെടുപ്പിൽ ഇതിനപ്പുറം ശിക്ഷിച്ചില്ലെങ്കിൽ അവരെ കുറ്റം പറഞ്ഞിട്ട് കാര്യമുണ്ടോ ?

ശ്രീ. സി. പി. മുഹമ്മദ് : സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ മഹിമയെപ്പറ്റിയാണ് ചന്ദ്രേട്ടൻ ഇവിടെ പ്രസംഗിച്ചത്. ഈ മുഖ്യമന്ത്രി, മുഖ്യമന്ത്രിയായ ശേഷം രണ്ടുതവണ മാത്രമേ ചിരിച്ചിട്ടുള്ളൂ ; ഒന്ന്, പാർലമെന്റ് തെരഞ്ഞെടുപ്പിൽ തോറ്റപ്പോഴും, രണ്ട്, പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ തോറ്റപ്പോഴും. മൂന്നാമത്തെ ചിരി അടുത്ത ഏപ്രിലിൽ നമ്മൾ ജയിക്കുമ്പോഴാണ്. അന്ന് കടമ്മനിട്ട, പൂച്ചയാണിന്നെന്റെ ദു:ഖം എന്നു കവിതയെഴുതിയതുപോലെ പാർട്ടിയാണിന്നെന്റെ ദു:ഖമെന്ന് അദ്ദേഹം കവിതയും എഴുതും.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. കെ. ഷാജു : സർ, അതെല്ലാം ഭംഗ്യന്തരേണ അദ്ദേഹം പറഞ്ഞുകൊണ്ടിരിക്കുകയാണ്. അദ്ദേഹം വരാൻപോകുന്ന കാര്യങ്ങളെല്ലാം എഴുതി തയ്യാറാക്കി, ഞാൻ മുമ്പുപറഞ്ഞ കാരണവരെപ്പോലെ റെഡിയായിരിക്കുകയാണ്. ഞാൻ അതിനെക്കുറിച്ച് വിശദീകരിക്കുന്നില്ല. സംസ്ഥാനത്ത് എന്ത് നേട്ടമാണുണ്ടായിട്ടുള്ളത് ? വിലക്കയറ്റത്തെ സംബന്ധിച്ച് പറഞ്ഞല്ലോ. ഒരു ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞു, ഇൻഡ്യയിൽ വേറെങ്ങും സാധനങ്ങൾക്ക് ഇത്രയും കുറച്ച് വിലയുള്ള ഒരു സംസ്ഥാനവുമില്ലെന്ന്. ഏത് സംസ്ഥാനത്തിൽ പോയാണ് അദ്ദേഹം വിലനിലവാരം പരിശോധിച്ചതെന്ന് എനിക്ക് മനസ്സിലാകുന്നില്ല. 2006-ൽ ബഹുമാന്യനായ അന്നത്തെ മുഖ്യമന്ത്രി ശ്രീ. ഉമ്മൻചാണ്ടി അധികാരത്തിൽനിന്ന് ഇറങ്ങുമ്പോൾ ഒരു കിലോ അരിയുടെ വില 12 രൂപയാണ്, ഇന്ന് അരിയുടെ വില മുപ്പതു രൂപയാണ്. നിങ്ങൾ എവിടെ വില കുറച്ചെന്നാണ് പറയുന്നത്, എന്തു വില കുറച്ചെന്നാണ് പറയുന്നത്, ഏത് നിത്യോപയോഗ സാധനത്തിനാണ് വില കുറച്ചത് ? എല്ലാ നിത്യോപയോഗ സാധനങ്ങളുടേയും വില വാണംപോലെ കുതിച്ചുകയറുകയാണ്. ജനങ്ങൾക്ക് ജീവിക്കാൻ രക്ഷയില്ല. എന്നിട്ട് മാറി നിന്ന് ഒരു ഉളുപ്പുമില്ലാതെ പറയുകയാണ്, വിലക്കയറ്റം ഇവിടെ കുറഞ്ഞുകൊണ്ടിരിക്കുകയാണെന്ന്. ക്രമസമാധാനത്തകർച്ചമൂലം സ്ത്രീകൾ പുറത്തിറങ്ങുന്നില്ല ; ഭയമാണവർക്ക് ; പുറത്തിറങ്ങുന്നില്ലെന്നുമാത്രമല്ല, സ്ത്രീകൾ പശുവിനെകെട്ടാൻ തൊടിയിൽപ്പോലും ഇറങ്ങാൻ തയ്യാറാകുന്നില്ല. എപ്പോഴാണ് കാതിലെ കമ്മൽ പറിച്ചുകൊണ്ടുപോകുന്നതെന്ന് പറയാൻ പറ്റില്ല. കാതിലെ കമ്മൽ കിട്ടിയില്ലെങ്കിൽ കാതുൾപ്പെടെ പറിച്ചുകൊണ്ടുപോകുകയാണ്. നാട്ടിൽ നടക്കുന്ന സംഭവങ്ങൾ അങ്ങനെയാണ് ; നിങ്ങൾക്ക് നിഷേധിക്കാൻ പറ്റുമോ ? നിങ്ങൾ കൊണ്ടുനടന്ന ശാരിയുടെ പിതാവ് ഇപ്പോൾ സെക്രട്ടേറിയറ്റ് പടിക്കൽ നിരാഹാരം ഇരിക്കുകയാണ്. എന്താണ് പറയാൻ പറ്റുക ? നിങ്ങളുടെ ഭരണത്തിൽ ഏതു മേഖലയിലാണ് ജനങ്ങൾക്ക് ആനുകൂല്യം കിട്ടിയിരിക്കുന്നത് ? നിങ്ങളുടെ ഭരണം കൊണ്ട് പൊറുതിമുട്ടി ജനങ്ങൾ ഐക്യജനാധിപത്യ മുന്നണിയിൽ അഭയം പ്രാപിച്ചുകൊണ്ടാണ് തദ്ദേശസ്വയംഭരണ തെരഞ്ഞെടുപ്പിൽ വലിയ വിജയം നേടിയെടുത്തത്. ചെറിയ വിജയം വല്ലതുമാണോ, ഞങ്ങൾ ലോക്സഭയിൽ ജയിച്ചിട്ടുണ്ട്, ഞങ്ങൾ നിയമസഭയിൽ ജയിച്ചിട്ടുണ്ട്, പക്ഷേ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പ്രത്യേകിച്ച് പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ ഇത്രയും തിളക്കമാർന്ന ഒരു തെരഞ്ഞെടുപ്പുവിജയം ഐക്യജനാധിപത്യമുന്നണിക്ക് ഏതു കാലഘട്ടത്തിലാണുണ്ടായത്. അതുകൊണ്ട് ജനങ്ങൾക്കെതിരായിട്ടുള്ള ജനകീയ വികാരം പതഞ്ഞുപൊങ്ങി, അതിന്റെ വലിയ തള്ളിച്ചയാണ് നമ്മൾ കണ്ടത്. നിങ്ങൾക്ക് അതിനെപ്പറ്റി എന്താണ് പറയാനുള്ളത് ? ഞാൻ ദീർഘിപ്പിക്കുന്നില്ല, ജനങ്ങളിൽനിന്ന് ഒറ്റപ്പെട്ട ഒരു ഭരണമാണ് നടക്കുന്നത്. ഈ ഭരണത്തിന് ഒരു ഉപധനാഭ്യർത്ഥന കൊണ്ടുവരാൻ അവകാശമില്ല എന്നുള്ളതുകൊണ്ടുതന്നെ ഞാൻ ഇതിനെ ഒരിക്കൽക്കൂടി എതിർക്കുകയാണ്.

ശ്രീ. കെ. കെ. ജയചന്ദ്രൻ : സർ. ഉപധനാഭ്യർത്ഥനകളെ ഞാൻ എല്ലാ അർത്ഥത്തിലും അംഗീകരിക്കുകയാണ്. ഇവിടെ ഒരു ഗവൺമെന്റിന്റെ നേട്ടങ്ങളെ സംബന്ധിച്ചും പുരോഗതിയെ സംബന്ധിച്ചും പരിശോധിക്കുമ്പോൾ അതിലെ ധനകാര്യ മാനേജുമെന്റ് എത്ര ഭംഗിയായി കൊണ്ടുപോകുന്നു

LIBRARY ARCHIVES Kerala Legislative Assembly

എന്നുള്ളത് തന്നെയാണ് ഏറ്റവും പരമപ്രധാനമായിട്ടുള്ള കാര്യം. അങ്ങനെ പരിശോധിക്കുമ്പോൾ ഈ ഗവൺമെന്റും അതിന്റെ ധനകാര്യമന്ത്രിയും കേരള സംസ്ഥാനത്തിന് മാത്രമല്ല, ഇൻഡ്യയിലെ മറ്റു സംസ്ഥാനങ്ങൾക്കും കേന്ദ്ര ഗവൺമെന്റിനും അഭിനന്ദിക്കാൻ കഴിയുന്ന തരത്തിലുള്ള പ്രവർത്തനങ്ങളാണ് കഴിഞ്ഞ നാലേമുക്കാൽ വർഷക്കാലം ഇവിടെ നടത്തിയിരിക്കുന്നതെന്നും അതിന്റെ നേട്ടം സംസ്ഥാനത്തുണ്ടായിരിക്കുന്നു എന്നുള്ളതുമാണ് ആദ്യമായി ചൂണ്ടിക്കാണിക്കാനുള്ളത്. ഇവിടെ ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ട്രഷറി നിയന്ത്രണമെന്നു പറയുന്നത് ഉണ്ടായിട്ടില്ല. 300 ദിവസം വരെ ഓവർഡ്രാഫ്ടിലാണ് കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലം കഴിഞ്ഞുപോയിരുന്നത്. 2008-09 വർഷങ്ങളിൽ ഒരു ദിവസം പോലും ഓവർഡ്രാഫ്റ്റ് എടുത്തിട്ടില്ല എന്നുള്ളത് ഈ സന്ദർഭത്തിൽ ചൂണ്ടിക്കാണിക്കുകയാണ്. ഗവൺമെന്റ് ഒരുകാലത്തും ഉണ്ടാകാത്ത രീതിയിലുള്ള സംഖ്യയാണ് ഈ കാലഘട്ടത്തിൽ വികസനപ്രവർത്തന രംഗങ്ങളിലും മറ്റ് രംഗങ്ങളിലും ചെലവഴിച്ചിരിക്കുന്നത്. അയ്യായിരം കോടി രൂപയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് സർക്കാർ അംഗീകാരം നൽകുകയും പൂർത്തിയാകുന്ന ബില്ലുകൾ കൃത്യമായി കൊടുത്തുതീർത്തുകൊണ്ടിരിക്കുകയുമാണ്. 2009-10-ലെ പദ്ധതിച്ചെലവ് 95 ശതമാനം കടന്നിരിക്കുന്നു എന്നാണ് ഇപ്പോൾ ലഭിച്ചിരിക്കുന്ന കണക്കുകൾ, ഇത് ഈ ഗവൺമെന്റിന്റെ സുപ്രധാനമായ നേട്ടമാണെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഈ സർക്കാർ അധികാരത്തിൽ വരുമ്പോഴുള്ള റവന്യൂ കമ്മിയെപ്പറ്റി മാണിസാറും അപ്പുറത്തിരിക്കുന്ന പലരും സൂചിപ്പിക്കുകയുണ്ടായി. വലിയ വിമർശനാത്മകമായി സീറോ ആകുമെന്നൊക്കെയാണ് ശ്രീ കെ. കെ. ഷാജു സംസാരിച്ചത്. കമ്മി സീറോ ആക്കിക്കൊണ്ടുള്ള ബഡ്ജറ്റ് അവതരിപ്പിക്കാനുള്ള അത്രയും വലിയ പ്രാഗൽഭ്യമൊന്നും ഡോ. തോമസ് ഐസക്കിന് ഉണ്ടെന്ന് ഞാൻ പറയില്ല. പക്ഷേ കമ്മി കുറച്ചുകൊണ്ടുവരാൻ കഴിഞ്ഞ കാലത്തെ പ്രവർത്തനങ്ങൾ കൊണ്ട് കഴിഞ്ഞിട്ടുണ്ട്. അതിന്റെ കണക്ക് ഇന്നലെ ചോദ്യോത്തരത്തിൽ തന്നിട്ടുണ്ടായിരുന്നല്ലോ. ഒന്നു നോക്കിയാൽ മനസ്സിലാകുമായിരുന്നു. ഈ ഗവൺമെന്റ് വരുമ്പോൾ ഉണ്ടായിരുന്ന 3.3 ശതമാനം കമ്മി 2009-10-ൽ 1.9 ശതമാനമായി കുറഞ്ഞിട്ടുണ്ട്. 2010-11-ൽ അത് 1.4 ശതമാനമായി വീണ്ടും കുറയുകയാണ്. പതിമൂന്നാം ധനകമ്മീഷൻ സംസ്ഥാനത്തിന്റെ വിഹിതം 2.6 ശതമാനത്തിൽ നിന്ന് 2.3 ശതമാനമായി വെട്ടിക്കുറച്ചിട്ടുണ്ട്. അത് ഈ കാലയളവിൽ ഏകദേശം 5,000 കോടി രൂപ വരും. അതുകൂടി നമുക്ക് ലഭിക്കുമായിരുന്നുവെങ്കിൽ തീർച്ചയായിട്ടും സീറോ ബഡ്ജറ്റ് അവതരിപ്പിക്കാൻ കഴിയുമായിരുന്നു. ഈ കാര്യങ്ങൾ നിങ്ങൾക്ക് അറിയാൻ പാടില്ലാഞ്ഞിട്ടായിരിക്കില്ല, ചിലപ്പോൾ മനപ്പൂർവ്വം മറച്ചു വയ്ക്കുന്നതായിരിക്കാം. എങ്കിലും വളരെയേറെ കാര്യങ്ങൾ ഈ ഗവൺമെൻറ് ചെയ്തിട്ടുണ്ട്. അത് പരിശോധിച്ചാൽ അറിയാം. കഴിഞ്ഞ ഗവൺമെന്റ് ചെയ്തതുപോലെ ശമ്പള പരിഷ്ക്കരണ ചെലവുകളും അതുപോലെതന്നെ പെൻഷനും അതുമായി ബന്ധപ്പെട്ട ചെലവുകളും സാമൂഹ്യക്ഷേമ പദ്ധതികളും ഉപേക്ഷിച്ചുകൊണ്ടുള്ള നിലപാടാണ് സ്വീകരിച്ചിരുന്നതെങ്കിൽ ഇപ്പോൾ സീറോ ബഡ്ജറ്റ് അവതരിപ്പിക്കാൻ കഴിയുമായിരുന്നു. കുറച്ച് പൈസ അവിടെ മിച്ചവും വയ്ക്കാൻ കഴിയുമായിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

അതെല്ലാം നല്ല ഭംഗിയായി കൊടുത്തുതീർത്തുകൊണ്ട് പാവപ്പെട്ട ജനങ്ങൾക്കുവേണ്ടി പ്രസംഗിക്കുക മാത്രമല്ല, പാവപ്പെട്ട ജനങ്ങളോടുള്ള ബാധ്യതയും ഉത്തരവാദിത്തവും അവരുടെ വീടുകളിൽ എത്തിച്ചു കൊടുത്തു കൊണ്ടാണ്. ഗവൺമെന്റ് ഈ നേട്ടം കൈവരിച്ചത് എന്ന കാര്യമാണ് എടുത്തു പറയേണ്ടത്. കടം എടുക്കാതെ നമ്മുടെ സംസ്ഥാനത്ത് വികസന പ്രവർത്തനങ്ങൾ നടത്താൻ കഴിയില്ല. 2004-05-ൽ 4.04 ശതമാനമായിരുന്നു ധനക്കമ്മി. 2010-11 -ൽ ധനക്കമ്മി 3.49 ശതമാനമായി. അപ്പോൾ കേന്ദ്ര ഗവൺമെന്റ് അനുവദിച്ചിരിക്കുന്ന മാക്സിമം പരിധി എന്നു പറയുന്നത് 3.5 ശതമാനമാണ്. അതിലും താഴെ കൊണ്ടുവരുവാൻ കഴിഞ്ഞിരിക്കുന്നു എന്നത് ഒരു പ്രധാന നേട്ടമാണ്. മൂലധനച്ചെലവ് പരിശോധിക്കുമ്പോൾ 2004-05-ൽ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് 682 കോടി രൂപ മാത്രമാണ് മൂലധന രംഗത്ത് നിങ്ങൾ ചെലവഴിച്ചിട്ടുള്ളത്. എന്നാൽ 2010-11-ൽ ചെലവഴിക്കുന്നത് 4145 കോടി രൂപയാണെന്ന് ഓർക്കണം. ചരിത്ര നേട്ടമാണത്. ആ നിലയിൽ ചെലവഴിക്കുകയാണ്. 2004-05-ൽ സംസ്ഥാന ആഭ്യന്തര വരുമാനത്തിന്റെ 39.12 ശതമാനമായിരുന്നു കടം. എന്നാൽ ഇപ്പോഴത്തെ കടം എന്നു പറയുന്നത് 32.02 ശതമാനമായി കുറയുകയാണ് ചെയ്തിരിക്കുന്നത്. ഇതെല്ലാം വസ്തുതാപരമായി ഇവിടെ നിൽക്കുമ്പോൾ നമുക്ക് പലിശയുടെ ശതമാനം നോക്കാം. ആ കാലയളവിൽ 3.28 ശതമാനമായിരുന്നു നമ്മുടെ കടം ഉണ്ടായിരുന്നത്. ഇപ്പോൾ അത് 2.3 ശതമാനമായി കുറയുകയാണ്. അപ്പോൾ പൊതുക്കടത്തിന്റെ ശതമാനക്കണക്ക് കുറഞ്ഞു വരുകയാണ്, പലിശയും കുറയുകയാണ്. അതേ സമയം മൂലധനച്ചെലവ് കൂടുകയും ചെയ്യുകയാണ്. ഇതാണ് ഒരു സംസ്ഥാനത്തിന്റെ പുരോഗതിയിൽ നിർണ്ണായകമായ ഘടകമായി കാണുന്നത്. അതുപോലെ പെൻഷനുകളും മറ്റും സമയത്തിന് കൊടുക്കുന്ന കാര്യത്തിൽ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് ചെയ്തിരുന്നതുപോലെയാണോ ഈ ഗവൺമെന്റ് ചെയ്യുന്നത്. നിങ്ങളുടെ കാലത്ത് 28 മാസം കുടിശ്ശികയായിരുന്നുവെന്ന് ഓർക്കണം. ഞാൻ ഓർക്കുന്നുണ്ട്, കഴിഞ്ഞ ഗവൺമെന്റിന്റെ മുഖ്യമന്ത്രിയെന്നുള്ള നിലയിൽ ശ്രീ. ഉമ്മൻചാണ്ടിയുടെ ഒരു പ്രസംഗം. ഞാൻ എന്റെ ടി. എ. വാങ്ങുന്നത് പാവപ്പെട്ടവർക്ക് പെൻഷൻ കൊടുത്തതിനുശേഷം മാത്രമേയുള്ളൂ വെന്ന് ഇപ്പുറത്ത് ഇരുന്ന് അദ്ദേഹം പ്രസംഗിച്ചിട്ടുണ്ട്. അവർക്ക് പെൻഷൻ കൊടുത്തിരുന്നോ ; 28 മാസം. കൊടുത്തില്ല. ഇന്ന് പെൻഷൻ ഏതെങ്കിലും കുടിശ്ശികയുണ്ടോ ? ഒരു നയാപൈസ കുടിശ്ശികയില്ലെന്നുമാത്രമല്ല അത് ഇന്ന് 300 രൂപയാക്കി വർദ്ധിപ്പിച്ച് കൊടുത്തുകൊണ്ടിരിക്കുകയാണ്. അതിൽ കുടിശ്ശികയില്ല എന്നുള്ള പ്രത്യേകതയും ഉണ്ട്. വളരെയേറെ ജനങ്ങൾക്ക് എങ്ങനെ ആശ്വാസം കൊടുക്കാൻ കഴിയും എന്നുള്ള കാര്യത്തെക്കുറിച്ചാണ് സർക്കാർ ആലോചിച്ചു കൊണ്ടിരിക്കുന്നത്. വിലക്കയറ്റത്തിന്റെ കാര്യം പറയുമ്പോൾ പ്രതിപക്ഷത്തുള്ള പല ആളുകളും ഇവിടെ വിശദീകരിച്ചുകൊണ്ടിരിക്കുന്നത് ഇത് ഏതാണ്ട് ഇവിടെ മാത്രമുള്ള ഒരു പ്രതിഭാസമായിട്ടാണ്. ഇത് രാജ്യത്തിനാകെ ബാധക മായിട്ടുള്ള ഒരു കാര്യമാണല്ലോ. സംസ്ഥാനത്തിന് പുറത്തുള്ള ഉള്ളിയുടെ വില എത്രയാണെന്ന് പരിശോധിച്ചാൽ അറിയാം. അല്ലാതെ തവള കിണറ്റിൽ കിടക്കുന്നതുപോലെ കിടന്നാൽ കിണറാണ് ലോകമെന്ന് വിചാരിക്കും.

ഇവിടന്ന് അപ്പുറത്തേക്ക് ഇറങ്ങി ഒന്ന് നോക്കണമല്ലോ. അങ്ങനെ നോക്കുമ്പോഴേ അത് മനസ്സിലാവുകയുള്ളു. നിങ്ങൾ ഭരിക്കുന്ന ഡൽഹിയിൽ ഒരു കിലോ സവാളയ്ക്കും ഉള്ളിക്കും നൂറ് രൂപ കൊടുക്കണ്ടേ. അവിടെ ഉള്ളിയുടെ വില ബി.ജെ.പി. ഗവൺമെന്റിന്റെ കാലത്ത് 40 രൂപ വർദ്ധിപ്പിച്ചപ്പോൾ അതിനെതിരായി പ്രക്ഷോഭങ്ങൾ സംഘടിപ്പിച്ച് അധികാരത്തിൽ വന്നവരാണ് നിങ്ങൾ. അന്യായമായി ഉള്ളി കയറ്റുമതിചെയ്ത് കൃത്രിമമായി ഉള്ളിയുടെ വില വർദ്ധിപ്പിച്ച് രാജ്യത്തെ കുത്തകകളെ സഹായിച്ച് അതിന്റെ പങ്ക് പറ്റുന്ന നിങ്ങൾക്ക് കടുത്ത ശിക്ഷ അവിടത്തെ ജനങ്ങൾ നൽകും. അതിന് അവിടത്തെ ജനങ്ങൾ തയ്യാറായിക്കൊണ്ടിരിക്കുകയാണ്. ആറ് പ്രാവശ്യം പെട്രോൾ വില വർദ്ധിപ്പിച്ചു, ഇനിയിപ്പോൾ വീണ്ടും വർദ്ധിപ്പിക്കാനുള്ള നടപടി സ്വീകരിച്ചു കഴിഞ്ഞിരിക്കുകയാണ്. റെയിൽവേ ചരക്ക് കയറ്റുമതിയും ഇനിയിപ്പോൾ വർദ്ധിപ്പിക്കാൻ പോവുകയാണ്, അതുപോലെ പാചകവാതക സിലിണ്ടറിന് 100 രൂപ വില വർദ്ധിപ്പിക്കാൻ പോവുകയാണ്. ഈവക സംശയങ്ങളെല്ലാം നിങ്ങൾക്ക് വരുന്നത് എന്തുകൊണ്ടാണെന്ന് പരിശോധിച്ചിരുന്നെങ്കിൽ മാത്രമേ അറിയാൻ പറ്റുള്ളു. ഇവിടെ ലോട്ടറി തട്ടിപ്പുമായി ബന്ധപ്പെട്ട് ശ്രീ. ജോസഫ് എം. പുതുശ്ശേരിക്കും എല്ലാം എന്തൊരു സംശയമാണ്. വ്യാജ ലോട്ടറികൾ കേന്ദ്ര ഗവൺമെന്റിന്റെ തണലിലും കോൺഗ്രസ് നേതാക്കന്മാരായിട്ടുള്ളവരും ചേർന്നാണ് നടത്തിക്കൊണ്ടിരിക്കുന്നത്. ഒന്ന്, മണികുമാർ സുബ്ബ എന്ന് പറയുന്ന കോൺഗ്രസിന്റെ ആസ്സാമിലെ എം. പി. 5,000 കോടി രൂപയുടെ വെട്ടിപ്പ് നടത്തിയതിന്റെ കണക്കാണല്ലോ വരുന്നത്. ഈ എം.പി.യുടേയും സാന്റിയാഗോ മാർട്ടിന്റേയുമെല്ലാം കേസ് നടത്തുന്നതിൽ കോൺഗ്രസ് നേതൃത്വത്തിന് പങ്കില്ലേ ? നേരത്തെ ശ്രീ. പി. ചിദംബരമായിരുന്നു കേസ് നടത്തിക്കൊണ്ടിരുന്നത്. കള്ള ലോട്ടറിയും ജനങ്ങളെ പറ്റിക്കലും ഒക്കെ നടത്തുന്നത് മണികുമാർ സുബ്ബ എന്ന് പറയുന്ന ആസ്സാമിലെ കോൺഗ്രസ് എം. പി. യുടെ നേതൃത്വത്തിലാണ്. അയാളുടെ പേരിലും മാർട്ടിന്റെ പേരിലുമെല്ലാം കേസ് വരുമ്പോൾ ആ കേസിൽ വാദിക്കാൻ വരുന്നത് കോൺഗ്രസിന്റെ നേതാവായ ശ്രീ. പി. ചിദംബരം ആണല്ലോ. ശ്രീ. പി. ചിദംബരം വാദിക്കാൻ വരുന്ന കേസ്സുകളിൽ വലിയ ആക്ഷേപങ്ങൾ വന്നു. പിന്നീട് അദ്ദേഹം കേന്ദ്ര ആഭ്യന്തര മന്ത്രിയായിക്കഴിഞ്ഞപ്പോൾ കോൺഗ്രസ്സുകാർ ഉൾപ്പെട്ട കേസ് വാദിക്കാൻ വരുന്നത് അദ്ദേഹത്തിന്റെ ഭാര്യ നളിനി ചിദംബരം ആയിരുന്നു. അതുമായി ബന്ധപ്പെട്ട് നിരവധി ആക്ഷേപങ്ങൾ ഉയർന്നു വന്നപ്പോൾ അതിന് പകരം അഭിഷേക് സിങ്‌വിയായി. അഭിഷേക് സിങ്‌വി ഇവിടെ കേസ് വാദിക്കാൻവേണ്ടി വന്നപ്പോൾ ആ വിമാനത്തിൽ നിങ്ങളുടെ രണ്ട് നേതാക്കന്മാരുണ്ടായിരുന്നു. ഒന്ന് കെ.പി.സി.സി. അദ്ധ്യക്ഷനായ ശ്രീ. രമേശ് ചെന്നിത്തലയാണ്. മറ്റേത് ശ്രീ. പി. ടി. തോമസ് എം.പി.യാണ്. എന്താണ് അവർ ഈ കാര്യത്തെക്കുറിച്ച് പറഞ്ഞത്. ശ്രീ. രമേശ് ചെന്നിത്തല പറയുന്നു, ഞാൻ വിമാനത്തിൽ പോയപ്പോൾ ഇദ്ദേഹം ഉണ്ടായിരുന്നോ എന്ന് ഞാൻ കണ്ടില്ല എന്നാണ് പറഞ്ഞത്. മറ്റേ എം.പി. പറയുകയാണ് ഞങ്ങൾ സംസാരിച്ചൊക്കെയാണ് വന്നത്, പക്ഷേ ഇതിനാണ് പോകുന്നതെന്ന് അറിഞ്ഞില്ലായെന്ന്. ഞാൻ പറയുന്നത് ഈ നിലയിലൊക്കെ നാട്ടുകാരെ പറ്റിച്ച് നിങ്ങൾക്ക് ഒത്തിരി

LIBRARY ARCHIVES Kerala Legislative Assembly

കാലമൊന്നും പോകാൻ പറ്റുകയില്ല. യഥാർത്ഥത്തിൽ കോൺഗ്രസ് പാർട്ടിയുടെ ഇപ്പോഴത്തെ സ്ഥിതി എന്താണ് ? കോൺഗ്രസ് പാർട്ടിയുടെ ഇപ്പോഴത്തെ സ്ഥിതി എന്നു പറയുന്നത് കുംഭകോണങ്ങളുടെ കുംഭമേള ഇപ്പോൾ അവർ നടത്തിക്കൊണ്ടിരിക്കുകയാണ്. ഇപ്പോൾ നിങ്ങൾ നാറിക്കൊണ്ടിരിക്കുകയാണ്, നല്ലതുപോലെ നാറ്റമാണ്. പല കോൺഗ്രസിന്റെ നേതാക്കന്മാരും പോകുമ്പോൾ പള്ളിക്കൂടത്തിലെ പിള്ളേരെല്ലാം പറയുന്നത് ഇതാ പോകുന്നു ടെലികോം എന്നും ആദർശ് ഫ്ളാറ്റ് എന്നൊക്കെയാണ്. ആദർശ് ഫ്ളാറ്റ് എന്ന് പറഞ്ഞാൽ നിങ്ങൾക്ക് മനസ്സിലാവുകയില്ല. പക്ഷേ നിങ്ങളെയാണ് വിളിക്കുന്നത്. ആ നിലയിലുള്ള നല്ല പരുവത്തിനാണ് ഇപ്പോൾ നിങ്ങൾ ഇരിക്കുന്നത്, അല്ലേ ? ഇപ്പോൾ കോമൺവെൽത്ത്, ഐ.പി.എൽ., അതുപോലെ എത്ര പേരുകളിൽ എത്രയായിരം കോടി രൂപയാണ് നിങ്ങൾ അമുക്കുന്നത്. അതുപോലെ കോൺഗ്രസ് ഭരിക്കുന്ന സംസ്ഥാനങ്ങളിലും ഇതുതന്നെയാണ് സ്ഥിതി. എന്നിട്ട് ഇവിടെ ഇപ്പോൾ ഞങ്ങൾ പുറംവാതിൽ നിയമനം നടത്തിക്കൊണ്ടിരിക്കുന്നു വെന്ന് പറഞ്ഞ് നിങ്ങൾ ആക്ഷേപിക്കുകയാണ്. ഞാൻ ചോദിക്കട്ടെ, ശ്രീ. രാമചന്ദ്രൻ മാസ്റ്റർ എന്തിനാണ് രാജി വച്ചതെന്ന് ഒന്ന് പറയാമോ ? ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടിക്കൊക്കെ അറിയാമോയെന്ന് എനിക്കറിയില്ല. ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടിയൊക്കെ അത് മറന്നുപോകുന്നകൂട്ടത്തിലല്ല. ഞങ്ങൾ വലിയ സുഹൃത്തുക്കളാണ്. ഫോണിൽക്കൂടി വിളിച്ച് നിയമനങ്ങൾ നടത്തിക്കൊണ്ടിരുന്ന മാന്യന്മാരായ ആളുകളൊക്കെയാണ് ഇപ്പോൾ തികച്ചും സുതാര്യമായി ഒരു കാര്യം നടത്തിയാൽ അതിനെസംബന്ധിച്ച് ആക്ഷേപം പറയുന്നത്. കാർഗിൽ യുദ്ധത്തിൽ രാജ്യത്തിനുവേണ്ടി പൊരുതി മരിച്ച

2.00 P.M] വീര ജവാൻമാരുടെ കുടുംബത്തെ സഹായിക്കാൻ എന്നുപറഞ്ഞ് ബോംബെയിലെ കണ്ണായ സ്ഥലത്ത് ആദർശ് ഫ്ളാറ്റിന്റെ പേരിൽ ഭൂമി തട്ടിയെടുക്കുകയും അതിന് അനുവദിച്ചതിന്റെ പലമടങ്ങ് നിർമ്മാണമുള്ള, 32 നിലകളുള്ള കെട്ടിടം നിർമ്മിക്കുകയും ഒടുവിൽ മുഖ്യമന്ത്രിയുടേയും കേന്ദ്ര മന്ത്രിമാരുടേയും ബന്ധുക്കളും ഉദ്യോഗസ്ഥൻമാരായ കരസേനാ മേധാവികളും കോൺഗ്രസിന്റെ പ്രമുഖൻമാരായ നേതാക്കൻമാരും എല്ലാം ഇത് തട്ടിയെടുക്കുകയും ചെയ്ത കാര്യം ശ്രീ. കെ. സി. ജോസഫ് ഒക്കെ ഇവിടെ സംസാരിക്കുമ്പോൾ ഒന്ന് ആലോചിക്കുന്നത് നല്ലതാണ്. നിങ്ങൾ ഇതിൽ ഏതെങ്കിലും ഒരു പാവപ്പെട്ട കാർഗിൽ യുദ്ധവീരന്റെ വിധവയ്ക്ക് ഒരു ഫ്ളാറ്റ് കൊടുത്തോ എന്ന് അന്വേഷിക്കണ്ടേ ? നാടിനുവേണ്ടി പൊരുതി മരിച്ച രക്തസാക്ഷികളുടെ പേരിൽ ഈ രൂപത്തിലുള്ള പകൽക്കൊള്ള നടത്തിയിട്ട് അതിനെ സംബന്ധിച്ച് ഒരു വാക്ക് ഖേദം, അത് തെറ്റായിപ്പോയി എന്ന് പറയാനുള്ള ആർജ്ജവമില്ലാത്തവരല്ലേ നിങ്ങൾ ? 2ജി-സ്പെക്ട്രം രസകരമായ കാര്യമാണ്. അതിന്റെ മറ്റ് കാര്യങ്ങളൊന്നും ഞാൻ പറയുന്നില്ല. ആദ്യം വരുന്നവർക്ക് ആദ്യം കൊടുക്കുക ; ലാഭം അല്ലല്ലോ. വാചാലമാകുന്ന കോൺഗ്രസ് ബഞ്ചുകൾ മൗനത്തിന്റെ വാചാലതയിലേയ്ക്ക് ഇങ്ങനെ നീങ്ങിപ്പോകുന്നത് കാണുമ്പോൾ പരമ ദയനീയമായ സ്ഥിതിയാണ് എനിക്ക് തോന്നുന്നത്. ഒരു കൊച്ച് വാക്കിനുവേണ്ടി അഞ്ച് പ്രാവശ്യം എഴുന്നേൽക്കുന്നവർക്ക് ഇപ്പോൾ ഒരു പ്രാവശ്യംപോലും എഴുന്നേല്ക്കാൻ തോന്നുന്നില്ലല്ലോ എന്ന്

LIBRARY ARCHIVES Kerala Legislative Assembly

ഞാൻ ഓർക്കുകയാണ്. നിങ്ങൾക്ക് തോന്നുകയില്ല. ആ പരുവത്തിലാണ് നിങ്ങളുടെ കിടപ്പ്. സുപ്രീം കോടതിയിൽ കേന്ദ്ര സർക്കാർ നൽകിയ ഏറ്റവും വിചിത്രമായ ഒരു രേഖയുണ്ട്. 2001-ലെ ടെലികോം നിയമമനുസരിച്ചാണ് മന്ത്രി രാജ പ്രവർത്തിച്ചതെന്നും സർക്കാരിന്റെ നയപരമായ കാര്യമാണ് നടപ്പാക്കിയിരിക്കുന്നതെന്നും ഇക്കാര്യത്തിൽ സി.എ.ജി. ക്കോ കോടതിക്കോ സുപ്രീം കോടതിക്കോ ഇടപെടാനുള്ള അവകാശമില്ലെന്നും രേഖാമൂലം സുപ്രീം കോടതിയിൽ കൊടുത്ത മാന്യൻമാരാണ് അപ്പുറത്തിരുന്നുകൊണ്ട് അഴിമതിക്കെതിരായി ശബ്ദിക്കുന്നത്.

ശ്രീ. കെ. സി. ജോസഫ് : സർ, സുരേഷ് കൽമാഡിയുമായി ബന്ധപ്പെട്ട വിവാദത്തിലും അതുപോലെ രാജയുടെ ടെലികോം സംബന്ധിച്ച വിവാദത്തിലും സി.ബി.ഐ. അന്വേഷണം നടന്നുകൊണ്ടിരിക്കുകയാണ്. രാജ രാജിവച്ചു. കേന്ദ്ര ഗവൺമെന്റ് കുറ്റവാളികളെ ന്യായീകരിക്കുന്നില്ല. അത് വ്യക്തമായി പ്രധാനമന്ത്രി പറഞ്ഞു കഴിഞ്ഞു. സി.ബി.ഐ. അന്വേഷണം നേരിടാൻ ഗവൺമെന്റിന് ഭയവുമില്ല. പക്ഷേ കേരളത്തിൽ എസ്.എൻ.സി. ലാവ്‌ലിൻ അഴിമതി ആരോപണം ഉണ്ടായപ്പോൾ സി.ബി.ഐ. അന്വേഷണം വേണ്ട എന്ന് പറയാൻ മന്ത്രിസഭയിലെ സി.പി.ഐ.(എം) മന്ത്രിമാരോട് നിർദ്ദേശിച്ചത് നിങ്ങളുടെ പാർട്ടി സെക്രട്ടേറിയറ്റാണ്. നിങ്ങൾ അന്വേഷണത്തെ ഭയപ്പെടുന്നു, ഒളിച്ചോടുന്നു. ഇത് നിങ്ങളുടെ വൈരുദ്ധ്യത്തെ കാട്ടുന്നതല്ലേ ?

ശ്രീ. കെ. കെ. ജയചന്ദ്രൻ : സർ, ഒരു വൈരുദ്ധ്യവുമില്ല. സി.ബി.ഐ. കൊടുത്തിരിക്കുന്ന കുറ്റപത്രം ഒന്ന് വായിച്ച് നോക്കണം. അതിൽ പറഞ്ഞിരിക്കുന്നത് പിണറായി വിജയനെ സംബന്ധിച്ചിടത്തോളം യാതൊരു ആക്ഷേപവും പറയാൻ ഞങ്ങൾക്ക് തെളിവൊന്നും കിട്ടിയിട്ടില്ല. പിന്നെ എന്തിനാണ് പേര് ചേർത്തിരിക്കുന്നത് ? ശ്രീ. കെ. സി. ജോസഫ് അടക്കമുള്ള കോൺഗ്രസിന്റെ സമുന്നതരായ നേതാക്കൻമാരുടെ നിർബന്ധത്തിനു വഴങ്ങിയാണ് സി.ബി.ഐ. കേസിൽ പ്രതിയാക്കിയിരിക്കുന്നത് എന്നാണ് അതിന്റെ അർത്ഥം. ...(ബഹളം).... സി.ബി.ഐ. തന്നെ പറഞ്ഞിരിക്കുകയല്ലേ. പിണറായി വിജയന്റെ പേരിൽ വ്യക്തമായ യാതൊരു അഴിമതിയും കണ്ടെത്താൻ ഞങ്ങൾ ശ്രമിച്ചിട്ട് കഴിഞ്ഞിട്ടില്ല എന്ന് എഴുതി വച്ചിരിക്കുകയല്ലേ. ....(ബഹളം)........തെളിയട്ടെ, അപ്പോൾ നോക്കാം. ഇനി നിങ്ങൾ വല്ല തെളിവും കൊണ്ടുവരുമോയെന്നറിയില്ല. നിങ്ങൾ സുരേഷ് കൽമാഡിയെക്കൊണ്ട് രാജിവയ്പിച്ചെന്ന് പറഞ്ഞല്ലോ, അത് പാർട്ടി സെക്രട്ടറി സ്ഥാനത്തു നിന്നാണ്. അദ്ദേഹം ഏത് സ്ഥാനത്ത് ഇരുന്നുകൊണ്ടാണ് അഴിമതി നടത്തിയത് ? കോമൺവെൽത്ത് ഗെയിംസ് നടത്തുന്നതിന്റെ തലപ്പത്ത് ഇരുന്നുകൊണ്ടാണ്. ആ തലപ്പത്തുള്ള സ്ഥാനത്ത് ഇപ്പോഴും അദ്ദേഹം ഇരിക്കുകയാണ്. ആ സ്ഥാനത്തുനിന്ന് അദ്ദേഹത്തെ മാറ്റണമെന്ന് സി.ബി.ഐ. പറഞ്ഞപ്പോൾ അദ്ദേഹം അൽഭുതപ്പെട്ടിരിക്കുകയാണ്. സുശീൽകുമാർ ഷിൻഡെയടക്കമുള്ള ഫ്ളാറ്റ് വാങ്ങിച്ച മാന്യൻമാരും കേന്ദ്ര മന്ത്രിമാരായി ഇരിക്കുകയാണല്ലോ. അവരെല്ലാം അറിവിടെയിരിക്കുന്നു ; എന്തുകൊണ്ട് ? ഇവരെയെല്ലാം സംരക്ഷിച്ച് വൻതോതിലുള്ള പണം അമുക്കി, നിങ്ങളുടെയെല്ലാം അടുത്ത് വരുന്നുണ്ട്. അതാണല്ലോ നിങ്ങൾ തെരഞ്ഞെടുപ്പിൽ

LIBRARY ARCHIVES Kerala Legislative Assembly

നല്ലതുപോലെ വിനിയോഗിക്കുന്നത്. അതൊക്കെ നാട്ടിലെ ജനങ്ങൾക്ക് നല്ലതുപോലെ മനസ്സിലായിട്ടുണ്ട്. നിങ്ങൾക്ക് അത്രയ്ക്ക് ഞെളിയാനൊന്നുമില്ല. എന്താണെന്ന് അറിയാമോ ? അൻപത് സീറ്റിൽ ഇപ്പോഴും ഞങ്ങൾ അൽപ്പം മുൻപിൽ തന്നെയല്ലേ. പത്ത് സീറ്റെന്ന് പറയുന്നത് ആയിരത്തിനും രണ്ടായിരത്തിനും ഇടയ്ക്കുള്ള വ്യത്യാസമല്ലേ ഉള്ളു. അതുകൊണ്ട് ജനങ്ങളെല്ലാം ഞങ്ങളെ തള്ളിക്കളഞ്ഞിരിക്കുകയാണ്, അടുത്തപ്രാവശ്യം നിങ്ങൾ വന്നുകളയും എന്ന നിലയിലൊന്നും ആശ്വസിച്ച് അവിടെ ഇരിക്കേണ്ട കാര്യമില്ല. ജനങ്ങൾ ഇക്കാര്യങ്ങളെല്ലാം മനസ്സിലാക്കിയിട്ടുണ്ട് അതുകൊണ്ട് ജനങ്ങൾ എൽ.ഡി.എഫ്.-ന്റെ പിന്നിൽ അണിനിരക്കും എന്നുതന്നെയാണ് ഞങ്ങൾ കരുതുന്നത്. ഞാൻ ഉപധനാഭ്യർത്ഥനകളെ ഒരിക്കൽക്കൂടി പിൻതാങ്ങുകയാണ്.

ശ്രീ. പി. ടി. എ. റഹീം : സർ, കേരളത്തിലെ 95-ാമത്തെ ഫയർ ആന്റ് റെസ്ക്യൂ സെന്റർ കൊടുവള്ളിയിൽ കഴിഞ്ഞ ദിവസം ഉദ്ഘാടനം ചെയ്തതിലുള്ള നന്ദി ഗവൺമെന്റിനോട് പ്രകാശിപ്പിച്ചുകൊണ്ട് ഉപധനാഭ്യർത്ഥനകളെ ഞാൻ പിൻതാങ്ങുകയാണ്. ഇവിടെ ഒന്നും നടന്നിട്ടില്ലെന്നാണ് പ്രതിപക്ഷത്തുനിന്ന് പറയുന്നത്. കൈവിരലിൽ എണ്ണാവുന്ന ഫയർ ആന്റ് റസ്ക്യൂ സ്റ്റേഷനുകളാണ് കേരളത്തിൽ ഉണ്ടായിരുന്നത്. കൊടുവള്ളിയിൽ ഉത്ഘാടനം ചെയ്യപ്പെട്ടത് 95-ാമത്തേതാണ്. മാർച്ച് 31-നിടയ്ക്ക് അതിന്റെ എണ്ണം 100 ആകാൻ പോകുകയാണ്. ഭരണ നിപുണത കാണിക്കുന്ന ഒരു കാര്യവും ഈ സർക്കാർ ചെയ്തിട്ടില്ലെന്നാണ് ബഹുമാനപ്പെട്ട കുട്ടി അഹമ്മദ് കുട്ടി ഇവിടെ പറഞ്ഞത്. അതേ അവസരത്തിൽതന്നെ അദ്ദേഹം പറഞ്ഞു, ഇന്ന് അലിഗർ യൂണിവേഴ്സിറ്റിയുടെ ഓഫ് ക്യാമ്പസിന്റെ രണ്ടാമത്തെ ഭൂമി കൈമാറ്റച്ചടങ്ങിൽ ബഹുമാനപ്പെട്ട ഇ. അഹമ്മദിനെ ക്ഷണിക്കാത്തത് വിഷമമായിപ്പോയി എന്ന്. അലിഗർ സർവ്വകലാശാലയുടെ ഓഫ് ക്യാമ്പസ് ഇന്ത്യാരാജ്യത്ത് ആരംഭിക്കുന്നത് രണ്ട് സ്ഥലങ്ങളിലാണ്. ഒന്ന്, പശ്ചിമ ബംഗാളിലെ മുർഷിദാബാദിൽ, രണ്ടാമത്തേത് കേരളത്തിലെ മലപ്പുറത്ത്. ഞാൻ ചോദിക്കുന്നത് മുസ്ലിംലീഗിന്റെ എന്റെ ബഹുമാന്യനായ സുഹൃത്തുക്കൾ മലപ്പുറത്ത് ഒരുപാട് ദിവസം റിലേ സത്യാഗ്രഹം കിടന്നിട്ടുണ്ട്. എന്തിനുവേണ്ടിയാണെന്ന് ചോദിച്ചാൽ അലിഗർ സർവ്വകലാശാലയുടെ അഞ്ച് ഓഫ് ക്യാമ്പസുകളിൽ നാലെണ്ണവും സ്ഥാപിച്ച് കുട്ടികൾ പരീക്ഷ എഴുതി പുറത്തു പോയി. കേരളത്തിൽ ഇതിനെ സംബന്ധിച്ച് ഒന്നും നടത്തിയിട്ടില്ലെന്ന് പറഞ്ഞ് സമരം നടത്തിയിരുന്ന ആളുകൾ മനസ്സിലാക്കേണ്ട ഒരു കാര്യം, ഈ അഞ്ചെണ്ണത്തിൽ രണ്ടെണ്ണം മാത്രമേ തുടങ്ങിയിട്ടുള്ളു എന്നുള്ളതാണ്. ഒന്ന് ബംഗാളിലും മറ്റൊന്ന് കേരളത്തിലും. ബാക്കി കോൺഗ്രസ് ഭരിക്കുന്ന സംസ്ഥാനങ്ങളിൽ ഇതു സംബന്ധിച്ച് പ്രാഥമികമായ ഒരു അപേക്ഷപോലും അവിടെയുള്ള സർക്കാരുകൾ നൽകാത്തതുകൊണ്ട് ബാക്കിയുള്ള മൂന്നെണ്ണവും ഇന്നും ത്രിശങ്കു സ്വർഗ്ഗത്തിലാണെന്നുള്ളതാണ് വസ്തുത. ഭരണ നിപുണത പിന്നെ എവിടെയാണ് കാണിക്കേണ്ടത് ? ഇതല്ലാതെ ഭരണ നിപുണത എന്നു പറയുന്നത് എന്താണെന്ന് ശ്രീ. കുട്ടി അഹമ്മദ് കുട്ടി പറയണം. ബഹുമാനപ്പെട്ട സി. ടി. അഹമ്മദ് അലിയുടെ നാട്ടിൽ ഇന്ത്യാ ഗവൺമെന്റ് അനുവദിച്ചിട്ടുള്ള കേന്ദ്ര സർവ്വകലാശാല കൊടുത്തത് കാസർകോടാണ്. മലബാറിനോട് ഇത്രയുമധികം അനുഭാവം കാണിച്ചിട്ടുള്ള

ഒരു സർക്കാർ കേരള ചരിത്രത്തിൽ ഉണ്ടായിട്ടുണ്ടോ ? കേന്ദ്ര ഗവൺമെന്റ് തന്നാൽ സ്ഥാപിക്കേണ്ടത് എവിടെയാണെന്ന് തീരുമാനിച്ചത് കേരള ഗവൺമെന്റാണല്ലോ. നിങ്ങൾ കൊടുക്കാനേ തീരുമാനിച്ചിട്ടുള്ളു. ....(തടസ്സം)... സി. ടി. അഹമ്മദ് അലി, ഞാൻ പറയുന്നത് നിങ്ങൾ നേരത്തെ ഓഫ് ക്യാമ്പസിന് സ്ഥലം എടുത്തു കൊടുത്തിട്ടില്ല എന്ന് പറഞ്ഞ് സമരം ചെയ്തു. ഇപ്പോൾ കാസർഗോഡ് സർവ്വകലാശാലയ്ക്ക് വൈസ്ചാൻസിലറെ നിശ്ചയിച്ചല്ലോ. ഒരു പ്രയാസവും ഉണ്ടായില്ലല്ലോ. അതേസമയം മലപ്പുറത്തെ സംബന്ധിച്ചിടത്തോളം സ്ഥലം എടുത്തു കൊടുക്കണം എന്ന് നിങ്ങൾ നിർബന്ധം പിടിച്ചു. ഞങ്ങൾ എടുത്തു കൊടുത്തല്ലോ ; ആരംഭിക്കുകയാണ്.

ശ്രീ. പള്ളിപ്രം ബാലൻ : സർ, കാസർഗോഡ്-കണ്ണൂർ ബോർഡറിൽ ആരംഭിക്കാനുദ്ദേശിച്ച കേന്ദ്ര സർവ്വകലാശാലയ്ക്ക് കേരള റവന്യൂ വകുപ്പ് 600 ഏക്കർ സ്ഥലം അളന്ന് തിട്ടപ്പെടുത്തി ഏൽപ്പിച്ചിട്ട് ഇപ്പോഴും ആ സ്ഥലം ഏറ്റെടുക്കുന്നതിനുവേണ്ടി കേന്ദ്ര മാനവ വിഭവശേഷി വകുപ്പോ ഇതിന്റെ ചുമതല വഹിക്കുന്ന ചാൻസിലറോ ആരും തന്നെ ഇതുവരെ തയ്യാറായിട്ടില്ലെന്ന വസ്തുത അങ്ങേയ്ക്ക് അറിയാമോ ?

ശ്രീ. പി. ടി. എ. റഹീം : സർ, ഒരു കാര്യവും നടക്കുന്നില്ല. അലിഗർ സർവ്വകലാശാലയുടെ ഓഫ് ക്യാമ്പസിന്റെ കാര്യത്തിൽ ഇത്രയുമധികം ഗവൺമെന്റ് എഫർട്ട് എടുത്തിട്ടാണ് ചെയ്തത്. അത് ഭരണ നിപുണതയുടെ ഭാഗം തന്നെയാണ്. അതുപോലെതന്നെ മറ്റൊരു കാര്യം, മുല്ലപ്പെരിയാറിന്റെ പ്രശ്നമുണ്ടായിട്ട് എത്രയോ കാലമായി. ഇതിനു മുൻപ് ഭരിച്ച ആരെങ്കിലും ആ ഫയൽ ഒന്ന് തുറന്ന് നോക്കിയിട്ടുണ്ടോ? ഈ ഗവൺമെന്റിലെ ബഹുമാനപ്പെട്ട മന്ത്രി നേരിട്ട് പോയി ആ കേസ് നടത്തി അതിന് ഒരു തുമ്പും വാലും ഉണ്ടാക്കിയില്ലേ ? അത് ഭരണ നിപുണതയല്ലേ ? ആർക്കെങ്കിലും ഇന്നുവരെ അതിന് സാധിച്ചിട്ടുണ്ടോ ? ആ ഫയൽ ഒന്ന് മറിച്ചു നോക്കാനോ ഇതുമായി ബന്ധപ്പെട്ട പഴയ കത്തുകളോ ഏതെങ്കിലും ഗവൺമെന്റിന്റെ കമ്മ്യൂണിക്കേഷൻസോ എന്തെങ്കിലും ഒരു കാര്യം നോക്കാൻ വേണ്ടി ഒരാൾപോലും ശ്രമിക്കാതിരുന്ന സാഹചര്യത്തിൽ ഇപ്പോൾ മുല്ലപ്പെരിയാറിന്റെ കാര്യത്തിൽ കേരളത്തിന് അനുകൂലമായ സാഹചര്യത്തിലേയ്ക്ക് വരികയും സുപ്രീം കോടതി അതിൽ ഇടപെടുകയും അവിടെ വന്ന് വിദഗ്ദ്ധ സമിതി പരിശോധിക്കുകയും ഒക്കെ ചെയ്യുന്നതുവരെ എത്തിക്കാൻ സാധിച്ചത് ഭരണ നിപുണത അല്ലാതെ മറ്റെന്താണ് എന്നാണ് എനിക്ക് ചോദിക്കാനുള്ളത് ? ഭൂട്ടാൻ ഗവൺമെന്റുമായി ഇൻഡ്യാ ഗവൺമെന്റ് ഉണ്ടാക്കിയിട്ടുള്ള കരാറിന്റെ അടിസ്ഥാനത്തിൽ ഭൂട്ടാൻ ഗവൺമെന്റിനെ പോയി ശിക്ഷിക്കാനൊന്നും കേരള ഗവൺമെന്റിന് സാധിക്കില്ല. അങ്ങനെ നിങ്ങൾ ഭരിക്കുന്ന കാലത്ത് ഒരു കാര്യവും ചെയ്യാതിരുന്ന കാര്യത്തിൽ ഇപ്പോൾ ഈ ഗവൺമെന്റ് ഒരു ഓർഡിനൻസ് കൊണ്ടുവന്ന് ഏതെങ്കിലും രൂപത്തിൽ അത് തടയാനുള്ള ഒരു ശ്രമം നടത്താൻ സാധിച്ചു. ബഹുമാനപ്പെട്ട ഹൈക്കോടതി സഹായിച്ചതുകൊണ്ട് ആ ഓർഡിനൻസ് നിലനിൽക്കുന്നുണ്ട്, അതനുസരിച്ച് നമ്മൾ പ്രവർത്തിക്കുന്നുണ്ട്. ഭരണ നിപുണതയെന്നു പറയുന്നത് ഇതൊക്കെത്തന്നെയാണ്. പിന്നെ വലിയൊരു കുറ്റം പറയുന്നത് റോഡ്

LIBRARY ARCHIVES Kerala Legislative Assembly

കേടുവന്നു എന്നാണ്. പതിനൊന്ന് മാസമാണ് മഴ പെയ്തത്. നിങ്ങൾ എന്താണ് അത് പറയാത്തത് ? പതിനൊന്നുമാസം തുടർച്ചയായി മഴ പെയ്ത ഏതെങ്കിലും കാലഘട്ടം ഉണ്ടായിട്ടുണ്ടോ ? അതുകൊണ്ടാണ് റോഡ് നന്നാക്കുന്നതിൽ അല്പം താമസിച്ചത്. നാല് ദിവസം മഴ പോയപ്പോൾ എല്ലാ റോഡുകളും റെഡിയായില്ലേ ? ഇപ്പോൾ റോഡിന് ഒരു പ്രശ്നവുമില്ലല്ലോ ? നിങ്ങളുടെ മറ്റൊരു വിമർശനം വിലക്കയറ്റത്തെക്കുറിച്ചാണ്. ഇവിടെ പറഞ്ഞു, 50 ലക്ഷം ടൺ ആണ് സവാളയുടെ ഉത്പാദനം. അത് ഇരട്ടിയായെന്ന് പറഞ്ഞു. പിന്നെ എവിടെപ്പോയി സാധനം ? നിങ്ങൾ എന്താണ് ചെയ്തത് ? വാഗാ അതിർത്തിയിലൂടെ പാക്കിസ്ഥാനിലേയ്ക്ക് 20 രൂപയ്ക്ക് വിറ്റിട്ട് ലോഡ് അവിടെ ഇറക്കാതെ രണ്ടാഴ്ച കഴിഞ്ഞപ്പോൾ 60 രൂപയ്ക്ക് അത് ഇങ്ങോട്ട് ഇറക്കി. അതല്ലേ നിങ്ങൾ ചെയ്തത് ? അതാണ് നിങ്ങൾ ചെയ്തത്. അല്ലാതെ ഈ ഉള്ളി എവിടെപ്പോയതാണ് ? ഉള്ളി വാഗാ അതിർത്തിവഴി പാക്കിസ്ഥാന് കൊടുത്ത്, പാക്കിസ്ഥാനിൽനിന്ന് അത് ഇങ്ങോട്ടും കൊണ്ടുവന്നു, കോടിക്കണക്കിന് രൂപ സമ്പാദിച്ചുവെന്നുള്ളതാണ്. വിശ്വാസികളെ സംബന്ധിച്ചിടത്തോളം ഇത്രയും നല്ലൊരു കാലഘട്ടം മുമ്പ് ഉണ്ടായിട്ടില്ല. ശബരിമലയിൽ വരുമാനം പതിനഞ്ച് കോടി രൂപയാണ് കൂടിയത്. ഇവിടെ ഹജ്ജിന്റെ കാര്യത്തിലും ശബരിമലയുടെ കാര്യത്തിലും വല്ല പ്രശ്നവുമുണ്ടോ ? ഒരു പ്രശ്നവുമില്ല. പ്രാർത്ഥിക്കുന്നവർക്ക് ഹജ്ജിന്റെ കാര്യത്തിലോ ശബരിമലയുടെ കാര്യത്തിലോ ഗുരുവായൂരിന്റെ കാര്യത്തിലോ ഒന്നും ഒരു പ്രശ്നവുമുണ്ടായിട്ടില്ല. പണ്ട് ഇതൊക്കെ അടിച്ചു മാറ്റലായിരുന്നു. ഇപ്പോൾ അടിച്ചുമാറ്റുന്നില്ലെന്നുള്ളതാണ് അതിന്റെ പ്രശ്നം. കാർഗിലിനെ സംബന്ധിച്ച് ഇവിടെ ചില ആളുകൾ പറഞ്ഞു. കാർഗിലിലെ ധീരരക്തസാക്ഷികളായ പട്ടാളക്കാരുടെ ശവം വീട്ടിലെത്തിക്കുന്നതിനുവേണ്ടി ഒരു ശവപ്പെട്ടിക്ക് പതിമൂന്ന് ലക്ഷം രൂപ വാങ്ങി അഴിമതി നടത്തിയിട്ടുള്ള ആളുകളാണ് നിങ്ങൾ എന്ന വസ്തുത മറക്കരുത്. ഈ ഗവൺമെന്റ് സർവ്വരംഗങ്ങളിലും കഴിവ് തെളിയിച്ചിട്ടുള്ള ഒരു ഗവൺമെന്റാണെന്ന് മാത്രം പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

[അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ]

<u>ശ്രീമതി കെ. എസ്. സലീഖ</u> : സർ, 54.60 കോടി രൂപയുടെ സപ്ലിമെന്ററി ഡിമാന്റിനെ ഞാൻ പിന്താങ്ങുകയാണ്. ഇതിൽ എന്റെ മണ്ഡലത്തിലുള്ള മീൻവല്ലം പദ്ധതിക്ക് നബാർഡിന്റെ ഗ്രാന്റ് വിനിയോഗിക്കുന്നതിനുവേണ്ടി 89.75 ലക്ഷം രൂപ അനുവദിച്ചത് ശ്ലാഘനീയമാണ്. ഞാൻ അതിന് നന്ദി പറയുകയാണ്. അതുപോലെതന്നെ കർഷകരെ സഹായിക്കുന്നതിനുവേണ്ടി ഒട്ടേറെ പദ്ധതികളാണ് ഈ ഗവൺമെന്റിന്റെ കാലഘട്ടത്തിൽ നടപ്പാക്കിയത്. ഇപ്പോൾ ഈ സപ്ലിമെന്ററി ഡിമാന്റിലും കൺസ്യൂമർ ഫെഡ്ഡിന് നെല്ല് സംഭരിക്കുന്നതിനുവേണ്ടി നാലുകോടി രൂപ വകയിരുത്തിയിട്ടുണ്ട് എന്നത് ഏറ്റവും നല്ല കാര്യമാണ്. അതോടൊപ്പം ഈ സർക്കാരിന്റെ കാലത്ത് ധനകാര്യവകുപ്പിൽ നടന്ന പ്രധാനപ്പെട്ട കാര്യമാണ് റിസോഴ്സ് മൊബിലൈസേഷൻ എന്നു പറയുന്നത്. അതിൽത്തന്നെ സക്സസ്ഫുൾ റവന്യൂ മൊബിലൈസേഷൻ എന്നു പറയുന്നത് എടുത്തു പറയാവുന്ന ഒരു കാര്യമാണ്. പ്രത്യേകിച്ച്

LIBRARY ARCHIVES Kerala Legislative Assembly

ടാക്സ് കളക്ഷന്റെ കാര്യത്തിൽ മറ്റേതൊരു സംസ്ഥാനത്തേക്കാളും മറ്റേതൊരു ഗവൺമെന്റിനേക്കാളും മികവാർന്ന വിധത്തിൽതന്നെയാണ് ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രിയുടെ കീഴിലുള്ള ഡിപ്പാർട്ടുമെന്റ് പ്രകടനം നടത്തിയിട്ടുള്ളതെന്ന വസ്തുത പ്രതിപക്ഷം വിലയിരുത്തുമെന്നാണ് ഞാൻ പ്രതീക്ഷിക്കുന്നത്. 2004-05 വർഷക്കാലത്ത് 9,753 കോടി രൂപയുടെ ടാക്സാണ് പിരിച്ചെടുക്കാൻ കഴിഞ്ഞതെങ്കിൽ 2009-10 വർഷമായപ്പോൾ അത് 23,198 രൂപയായി വർദ്ധിപ്പിക്കാൻ കഴിഞ്ഞുവെന്നുള്ളത് ചെറുതായി കാണാൻ കഴിയില്ല. ടാക്സ് പിരിവിന്റെ കാര്യത്തിലുള്ള വലിയ വിജയത്തെയാണ് ഇത് സൂചിപ്പിക്കുന്നത്. 2006-07 സാമ്പത്തിക വർഷം മുതൽ സെയിൽസ്ടാക്സ് ഇനത്തിൽ 20 ശതമാനം ഓരോ വർഷവും നമുക്ക് വർദ്ധനവുണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ട്. വാറ്റിന്റെ കാര്യത്തിലും ഈ വർദ്ധനവ് കൈവരിക്കാൻ സംസ്ഥാനത്തിന് കഴിഞ്ഞുവെന്നുള്ളതാണ്. നമുക്കറിയാം നമ്മുടെ നാടിന്റെ റവന്യൂ കമ്മി ഒരു പൊതുവായ പ്രവണതയാണ്. എന്നാൽ ടാക്സ് പിരിവ് നല്ല രീതിയിൽ നടത്തിയപ്പോൾ തന്നെ അത് മൂന്ന് ശതമാനത്തിൽനിന്ന് ഒരു ശതമാനമാക്കി കുറയ്ക്കാൻ കഴിഞ്ഞുവെന്നത് ഈ ഗവൺമെന്റിന്റേയും ധന മാനേജ്മെന്റിന്റേയും ഏറ്റവും നല്ല മികച്ച പ്രകടനമായിട്ടാണ് ഞാൻ സൂചിപ്പിക്കുന്നത്. നമ്മുടെ രാജ്യത്തിന് കടമെടുക്കാതെ മുന്നോട്ടു പോകാൻ കഴിയില്ല എന്ന യാഥാർത്ഥ്യം നമുക്കറിയാം. പക്ഷേ കടമെടുക്കുന്ന പണം എങ്ങനെയാണ് വിനിയോഗിക്കുന്നതെന്നതാണ് പരിശോധിക്കേണ്ടത്. മൂലധന സ്വരൂപണത്തിനുവേണ്ടിയാണ് ഗവൺമെന്റ് കൂടുതലും ഈ പണം വിനിയോഗിച്ചിട്ടുള്ളത് എന്ന് കാണാം. കഴിഞ്ഞ കാലങ്ങളിലെപ്പോലെയല്ല, വിത്ത് എടുത്ത് ഭക്ഷിക്കുന്ന മുൻകാല പ്രവണത പൂർണ്ണമായും ഉപേക്ഷിക്കാൻ ഗവൺമെന്റിന് കഴിഞ്ഞുവെന്നുള്ളതാണ് ഈ ഗവൺമെന്റിന്റെ ധനമാനേജ്മെന്റിന്റെ നേട്ടമെന്ന് പറയുന്നത്. അതോടൊപ്പം തന്നെ വളരെ സവിശേഷമായ നടപടികളാണ് ധനമേഖലയിൽനിന്നുണ്ടായത്. അത് ജനങ്ങളുടെ ക്ഷേമപ്രവർത്തനങ്ങൾക്കുവേണ്ടി ഗവൺമെന്റ് എടുത്തിട്ടുള്ള നടപടികളാണ്. നേരത്തെ മറ്റ് അംഗങ്ങൾ സൂചിപ്പിച്ചതുപോലെ, രണ്ടു രൂപയ്ക്ക് അരി കൊടുക്കാൻ 41 ലക്ഷം ആളുകളെ തെരഞ്ഞെടുക്കാനാണ് ഗവൺമെന്റിന് കഴിഞ്ഞത്. അതിനുവേണ്ടി പണം മാറ്റിവച്ചു. 35 ലക്ഷം കുടുംബങ്ങൾക്ക് ഹെൽത്ത് ഇൻഷ്വറൻസിന്റെ കവറേജ് നൽകുന്നതിനുവേണ്ടി പണം നീക്കി വച്ചതും കടാശ്വാസ നടപടികൾ സ്വീകരിച്ചതും എടുത്തുപറയത്തക്ക കാര്യങ്ങളാണ്. അത് മാത്രമല്ല, മുൻകാലങ്ങളിൽ നിന്നൊക്കെ വ്യത്യസ്തമായി ഡി. എ. അരിയർ ഇന്നേവരെ പൂർണ്ണമായും കൊടുത്തു തീർക്കുന്നതിനുവേണ്ടി കഴിഞ്ഞിട്ടുണ്ടെന്ന് എനിക്ക് തോന്നുന്നില്ല. ചരിത്രത്തിൽതന്നെ നോക്കിയാൽ ആദ്യമായിട്ടായിരിക്കും ഇത്തരം ഒരു സംഭവം. ഇത് ധനകാര്യമന്ത്രിയുടെ ധനമാനേജ്മെന്റിന്റെ മികച്ച പ്രകടനത്തെയാണ് സൂചിപ്പിക്കുന്നത് എന്ന കാര്യത്തിൽ തർക്കമില്ല. കേരളത്തിലെ ഗവൺമെന്റിന്റെ കാര്യങ്ങളെക്കുറിച്ച് പറയുമ്പോൾതന്നെ കേന്ദ്രം ഭരിച്ചുകൊണ്ടിരിക്കുന്ന യു.പി.എ. സർക്കാരിന്റെ അവസ്ഥയൊന്ന് പരിശോധിക്കുന്നത് നന്നായിരിക്കും. ദാരിദ്ര്യത്തിന്റെയും പട്ടിണിയുടേയും ദുരിതക്കയത്തിലേയ്ക്ക് വലിച്ചെറിയപ്പെടുന്ന ഭാരതീയരുടെ എണ്ണം ദിനംപ്രതി ഇൻഡ്യാ രാജ്യത്ത് വർദ്ധിച്ചുകൊണ്ടിരിക്കുന്നുവെന്ന് കണക്കുകൾ സൂചിപ്പിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

കോടീശ്വരൻമാരായ ആളുകളുടെ എണ്ണം ശതകോടിയായി വർദ്ധിക്കുകയാണ്. ഇതൊക്കെ നമ്മൾ കാണുകയാണ്. അഴിമതിയുടെ കാര്യത്തിലാണെങ്കിൽ ലോക റിക്കാർഡ്തന്നെ കേന്ദ്ര ഗവൺമെന്റ് സൃഷ്ടിച്ചിരിക്കുകയാണ്. കേന്ദ്രമന്ത്രി രാജ പുറത്തുപോയത് അതാണ്. മന്ത്രി രാജയ്ക്ക് ചക്രവർത്തിയുടെ സ്ഥാനം നൽകുന്നതിന് അതിന് നേതൃത്വം കൊടുക്കുന്ന ആളുകളും രണ്ടാം യു.പി.എ. സർക്കാരും മുൻകയ്യെടുത്തുവെന്നുവേണം നിഗമനത്തിലെത്താൻ. രാജ്യത്തിന്റെ ചരിത്രത്തിൽ കേട്ടുകേൾവിയില്ലാത്ത തരത്തിൽ അഴിമതിയുടെ കാര്യത്തിൽ വളരെ ഭീതിജനകമായ, ഞെട്ടിപ്പിക്കുന്ന രീതിയിലുള്ള ചിത്രങ്ങളാണ് ദിവസേന പുറത്തുവന്നുകൊണ്ടിരിക്കുന്നതെന്നത് ഒരു യാഥാർത്ഥ്യമാണ്. 2 ജി സ്പെക്ട്രം അഴിമതിയുമായി ബന്ധപ്പെട്ട് 1.76 ലക്ഷം കോടി രൂപയുടെ നഷ്ടമാണ് സംഭവിച്ചിരിക്കുന്നതെന്ന റിപ്പോർട്ടുകൾ വരികയാണ്. ഇവിടെ അത് പറയുമ്പോൾ കേരളത്തിലെ അഴിമതിയെക്കുറിച്ച് അന്വേഷിച്ചില്ലെന്ന് പറഞ്ഞു. സ്പെക്ട്രം അഴിമതിയെക്കുറിച്ച് വാർത്തകൾ വന്നപ്പോൾ എല്ലാ അഴിമതികളേയും നാണിപ്പിക്കുന്ന രീതിയിലായിരുന്നു എന്ന് സുപ്രീം കോടതിതന്നെ പറഞ്ഞത് വാർത്തകളിൽ വന്നു. ഒരു വിഭാഗം രാഷ്ട്രീയക്കാരും ഉന്നത ഉദ്യോഗസ്ഥരും വൻകിട ബിസിനസ്സുകാരും ചില മാധ്യമ പ്രവർത്തകരും തമ്മിലുള്ള അവിശുദ്ധ ബന്ധമായാണ് സ്പെക്ട്രം ഇടപാടെന്ന് വാർത്തകൾ വരികയാണ്. രാജ്യത്തെ ഞെട്ടിച്ചിട്ടുള്ള ഈ അഴിമതിയിൽ ദേശീയതലത്തിൽതന്നെ പ്രശസ്തരായ മാധ്യമ പ്രവർത്തകർ ഉൾപ്പെട്ടിരിക്കുന്നുവെന്നത് നാണംകെട്ട കഥകളാണെന്നാണ് സൂചിപ്പിക്കാനുള്ളത്. നമ്മുടെ രാജ്യത്തെ സംബന്ധിച്ചിടത്തോളം കായിക മേഖലയിൽ വലിയ മുന്നേറ്റമുണ്ടാക്കാൻ നമുക്ക് കഴിഞ്ഞിട്ടില്ല. ആകെ കഴിയുന്നത് ക്രിക്കറ്റിൽ വല്ല സ്ഥാനവും എപ്പോഴെങ്കിലും ലഭിച്ചാൽ അത് മാത്രമാണ്. ഇപ്പോൾ ലോക റിക്കാർഡിന്റെ തിളക്കവുമായിട്ടാണ് നമ്മുടെ രാജ്യം തിളങ്ങി നിൽക്കുന്നത്. കളിച്ചു നേടിയ സ്ഥാനമല്ല. ഒരു ഗെയിംസ് വേദിയെ എങ്ങനെ അഴിമതിയുടെ വേദിയാക്കി മാറ്റാമെന്ന റിക്കാർഡാണ് ഇപ്പോൾ മറ്റൊരു രാജ്യത്തിനുമില്ലാത്ത രീതിയിൽ ഇൻഡ്യ നേടിയെടുത്തിരിക്കുന്നത്. ഇവിടെ ബഹുമാനപ്പെട്ട പി. സി. വിഷ്ണുനാഥ് നിയമനത്തട്ടിപ്പുമായി ബന്ധപ്പെട്ട ചില കാര്യങ്ങൾ സൂചിപ്പിച്ചു. കോമൺവെൽത്ത് ഗെയിംസിൽ നടന്നിട്ടുള്ള അഴിമതി സംബന്ധിച്ച് ശ്രീ. പി. സി. വിഷ്ണുനാഥിനെപ്പോലെ യുവജനരംഗത്തുനിന്ന് വന്നിട്ടുള്ള ചെറുപ്പക്കാരനായ ഒരാൾ പറയാതെ പോയത് ശരിയായില്ല എന്നൊരു അഭിപ്രായമുണ്ട്. അതുസംബന്ധിച്ച് കോടികളുടെ അഴിമതി ക്കണക്ക് വന്നതിന് ഉപരിയായി കോമൺവെൽത്ത് ഗെയിംസുമായി ബന്ധപ്പെട്ട് പണിയെടുക്കുന്നതിന് യു.പി.യിൽനിന്നും ബീഹാറിൽനിന്നും വന്നിട്ടുള്ള തൊഴിലാളികൾക്ക് കൂലിപോലും കൊടുക്കാതെ അവരെ പ്രയാസപ്പെടുത്തുന്ന അവസ്ഥയുണ്ടായിരുന്നു എന്നുള്ള വാർത്തയും വന്നിട്ടുണ്ട്. ലക്ഷ്മി എന്ന സ്ത്രീക്ക് കൂലി ലഭ്യമായില്ല എന്നും അവർ ഗർഭിണിയായിരുന്നുവെന്നും വൈദ്യസഹായം കിട്ടാതെ ഡൽഹി പട്ടണത്തിൽ നടുറോഡിൽവച്ച് മരണപ്പെട്ടു എന്നുമാണ് ഒരു വാർത്ത. അവരുടെ കുഞ്ഞ് ഇന്ന് ലജ്പത് നഗറിലുള്ള ഒരനാഥാലയത്തിൽ കഴിയുകയാണ്. ഇത് കോമൺവെൽത്ത് ഗെയിംസുമായി ബന്ധപ്പെട്ട് അവിടെ പണിയെടുക്കാൻ വന്ന തൊഴിലാളികൾക്ക് ഉണ്ടായിട്ടുള്ള അനുഭവമാണ്. അതിന്റെ പേരിൽ വിദേശ യാത്രയ്ക്ക് ഉൾപ്പെടെ 45 കോടി രൂപ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ചെലവഴിച്ചിട്ടുള്ള കഥകളാണ് പുറത്തുവന്നത്. അപരിഷ്കൃതമായ ഒരു ഭരണ വ്യവസ്ഥ നിലനിൽക്കുന്ന രാജ്യത്തുപോലും ഇത്തരത്തിൽ പതിനായിരക്കണക്കിന് കോടിരൂപയുടെ അഴിമതി സങ്കൽപ്പിക്കാൻ വയ്യാത്ത സാഹചര്യത്തിലാണ് ഈ നാണക്കേടിന്റെ കരിമ്പടപ്പുതപ്പു മൂടി തലകുനിച്ചുനിൽക്കേണ്ട ഗതികേട് ഇൻഡ്യയിലെ ജനങ്ങൾക്കുണ്ടായതെന്ന് നാം കാണേണ്ടതാണ്. സുരേഷ് കൽമാഡിയെപ്പോലുള്ള കോൺഗ്രസ്സിന്റെ നേതാക്കൾ ഇത്തരത്തിലുള്ള നേട്ടത്തിന്റെ പൊൻതൂവൽ ചാർത്തി ഭാരതത്തെ ലോകശ്രദ്ധയിലേയ്ക്ക് എത്തിച്ചിരിക്കുന്നുവെന്നത് വാർത്താമാധ്യമങ്ങളിലും ദൃശ്യമാധ്യമങ്ങളിലുമെല്ലാം വന്നതാണ്. അതോടൊപ്പംതന്നെ നേരത്തെ മറ്റ് ആളുകൾ സൂചിപ്പിച്ചതുപോലെ നമ്മുടെ രാജ്യത്തിന്റെ അതിർത്തിയും അഭിമാനവും സംരക്ഷിക്കുന്ന ധീര ജവാന്മാരുടെ അർപ്പണബോധത്തെക്കുറിച്ചൊക്കെ നമ്മുടെ ഭരണാധികാരികൾ നമ്മളെ ഓർമ്മപ്പെടുത്താറുണ്ട്. വീരമൃത്യു വരിച്ച ജവാന്മാർക്കുവേണ്ടി നാം ഒഴുക്കിയ കണ്ണീരിനാണെങ്കിൽ കണക്കില്ല. - ഈ സഭയ്ക്കകത്തുൾപ്പെടെ നമ്മൾ പല തവണ ചർച്ച ചെയ്യപ്പെട്ടിട്ടുണ്ട്. ആ കണ്ണീരിനുപിന്നിൽ സാമ്പത്തിക തിരിമറിയുടെ, മുതലാളിത്ത വ്യവസ്ഥിതിയുടെ കഴുകൻ കണ്ണുകൾ ഉണ്ടായിരുന്നുവെന്ന് വെളിച്ചത്ത് വന്നിരിക്കുകയാണല്ലോ ഇപ്പോൾ. അതാണ് മഹാരാഷ്ട്രയിൽ നടന്ന ആദർശ് ഫ്ളാറ്റ് അഴിമതിയുമായി ബന്ധപ്പെട്ടുകൊണ്ടുള്ളത്. ഇന്ത്യാ രാജ്യത്ത് കോടികളുടെ കഥ പറയുന്ന അഴിമതികളാണ് ഇന്ന് പുറത്തുവന്നുകൊണ്ടിരിക്കുന്നത്. ഇന്ന് ഇന്ത്യാക്കാർക്ക് പേടിസ്വപ്നമായി കേന്ദ്രസർക്കാർ മാറിക്കൊണ്ടിരിക്കുന്നുവെന്നുള്ളത് നാം കാണണം. നമുക്കറിയാം കേരളത്തിൽ ഇതിൽനിന്നെല്ലാം വ്യത്യസ്തമായ നിലപാട് എടുത്തുകൊണ്ടാണ് ഇടതുപക്ഷ ജനാധിപത്യമുന്നണിയുടെ ഗവൺമെന്റ് മുന്നോട്ടുപോയ്ക്കൊണ്ടിരിക്കുന്നത്. ഇന്ത്യാരാജ്യത്ത് കേന്ദ്ര ഗവൺമെന്റ് നവരത്നകമ്പനികളുടെ ഓഹരികളെല്ലാം വിൽപ്പനയ്ക്കുവേണ്ടി പ്രഖ്യാപിക്കുമ്പോൾ അതിൽനിന്നെല്ലാം തികച്ചും വ്യത്യസ്തമായ, ഉജ്ജ്വലമായ വിജയമാണ് വ്യവസായ മേഖലയിൽ ഈ സർക്കാർ നടപ്പാക്കിക്കൊണ്ടിരിക്കുന്നതെന്ന് പറയാതിരിക്കാൻ വയ്യ. 2010-11-ൽ 170 കോടി രൂപ മുതൽമുടക്കിയാണ് ഇവിടെ നമ്മൾ 10 പൊതുമേഖലാ സ്ഥാപനങ്ങൾ പുതിയതായി. തുടങ്ങുന്നതിനുവേണ്ടി ആലോചിച്ചിട്ടുള്ളത്. 275 കോടി രൂപ മുതൽ മുടക്കിയാണ് 9 പൊതുമേഖലാസ്ഥാപനങ്ങൾ പുനരുദ്ധരിക്കുന്നതിനുവേണ്ടിയുള്ള നടപടികളെപ്പറ്റി ആലോചിച്ചിട്ടുള്ളത്. ഇങ്ങനെ സമഗ്രപുരോഗതിക്കും സാമ്പത്തിക വളർച്ചയ്ക്കും അതോടൊപ്പം തന്നെ പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനുംവേണ്ടി വഴിയൊരുക്കുന്ന നടപടികളാണ് ഈ സർക്കാർ സ്വീകരിച്ചുവരുന്നത്. 1957 മുതൽ ഇ.എം.എസ്. ഗവൺമെന്റിന്റെ കാലം മുതൽ പരിശോധിച്ചാൽ കേരളത്തിൽ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റുകൾ നടപ്പിലാക്കിയിട്ടുള്ള ഒട്ടേറെ മേഖലകളുണ്ടല്ലോ. കാർഷിക ഭൂപരിഷ്ക്കരണം, വിദ്യാഭ്യാസരംഗത്തുള്ള സാർവ്വത്രികവൽക്കരണം, മെച്ചപ്പെട്ട പൊതുവിതരണം, അതോടൊപ്പം സമഗ്ര ആരോഗ്യനയം, അധികാരവികേന്ദ്രീകരണം, സമ്പൂർണ്ണ പാർപ്പിട പദ്ധതി, സമ്പൂർണ്ണവൈദ്യുതീകരണ പദ്ധതി തുടങ്ങിയ നടപടികളിലെല്ലാം വിസ്മയകരമായ നേട്ടങ്ങളാണ് കേരളത്തിലെ ഇടതുപക്ഷ ഗവൺമെന്റുകളുടെ കാലഘട്ടത്തിൽ

കൈവരിക്കാൻ കഴിഞ്ഞിട്ടുള്ളതെന്ന് ആർക്കും നിഷേധിക്കാൻ കഴിയുന്നതല്ല. ഭൂമിയില്ലാത്തവർക്ക് ഭൂമി കൊടുക്കുന്നതിനുവേണ്ടിയുള്ള നടപടിയെടുത്തു. ക്ഷേമപെൻഷനുകൾ വർദ്ധിപ്പിച്ച് സമയബന്ധിതമായി കൊടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു. വിവിധ മേഖലകളിലുള്ള ആളുകൾക്ക് പുതിയ പെൻഷൻ കൊടുക്കുന്നതിനുവേണ്ടിയുള്ള നിലപാടുകൾ സ്വീകരിച്ചു. ക്രമസമാധാനരംഗത്ത് കേരളം ഏറ്റവും മികച്ച സംസ്ഥാനമാണെന്ന് കേന്ദ്രത്തിന്റെ ചില സർവ്വേ റിപ്പോർട്ടുകളുൾപ്പെടെ വന്നിരുന്നുവല്ലോ. എത്ര അവാർഡുകളാണ് ഈ കാലഘട്ടത്തിൽ ലഭിച്ചിട്ടുള്ളത്. കേന്ദ്രത്തിൽ നിന്ന് അവാർഡുകളുടെ ഒരു പെരുമഴ തന്നെ കേരളത്തിലെ ഇടതുപക്ഷജനാധിപത്യമുന്നണി സർക്കാരിലെ ചില വകുപ്പുകൾക്ക് ലഭ്യമായിരുന്നുവെന്നത് എല്ലാപേർക്കും അറിയാം. ക്രമസമാധാനത്തിന് ആഭ്യന്തരവകുപ്പിന് കിട്ടിയ അവാർഡ്, ഊർജ്ജ സംരക്ഷണത്തിന്റെ പേരിൽ കേരളത്തിലെ ഊർജ്ജവകുപ്പുമന്ത്രി വാങ്ങിയ അവാർഡ്, അധികാരവികേന്ദ്രീകരണം ഏറ്റവും നന്നായി നടപ്പിലാക്കിയ നാട് കേരളമാണ് എന്നുപറഞ്ഞ് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി ശ്രീ. പാലോളി മുഹമ്മദ് കുട്ടി വാങ്ങിയിട്ടുള്ള അവാർഡ്. അതുപോലെതന്നെയാണ് ജലവിഭവ വകുപ്പുമന്ത്രി ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ വാങ്ങിയിട്ടുള്ള അവാർഡ്. ഇങ്ങനെ കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യമുന്നണിയുടെ ഗവൺമെന്റ് ഭരിച്ച ഈ കാലഘട്ടത്തിൽ കേന്ദ്രത്തിന്റെ അംഗീകാരം ലഭിക്കുമ്പോൾ അതിനെയൊന്നും അംഗീകരിക്കാതെ, നിഷേധിച്ചുകൊണ്ട് പ്രതിപക്ഷം മുന്നോട്ടു പോകുന്നത് ശരിയായ നടപടിയല്ല. പൊതുവിതരണരംഗവുമായി ബന്ധപ്പെട്ടു കൊണ്ട് ഇവിടെ ചർച്ച നടക്കുകയാണ്. അതിരൂക്ഷമായ വിലക്കയറ്റം നമ്മുടെ രാജ്യം നേരിട്ടുകൊണ്ടിരിക്കുകയാണ്. വിലക്കയറ്റത്തിന് ഉത്തരവാദികളായിട്ടുള്ള ആളുകൾ ആരെന്ന് ഈ നാട്ടിലെ ജനതയ്ക്ക് അറിയാം. പൊതുവിതരണരംഗം കാര്യക്ഷമമാക്കിക്കൊണ്ട് മറ്റ് സംസ്ഥാനങ്ങളേക്കാൾ വിലക്കയറ്റത്തെ പിടിച്ചുനിർത്തുന്നതിനുവേണ്ടി നടപടി സ്വീകരിച്ചത് കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റാണെന്ന് പറഞ്ഞ് കോടതി ഉൾപ്പെടെ പ്രശംസിക്കുന്ന വാർത്ത കേരളത്തിൽ വന്നല്ലോ. അതിൽനിന്ന് വ്യത്യസ്തമായിതന്നെ കേന്ദ്രമെടുക്കുന്ന നിലപാടിനെക്കുറിച്ച് ഇവിടെ വിമർശനവും കോടതിയുടെ ഭാഗത്തുനിന്നുവരുന്ന കാഴ്ച നിങ്ങളെല്ലാപേരും കണ്ടിട്ടുണ്ടാകും. അതോടൊപ്പംതന്നെ വിലക്കയറ്റത്തെ നേരിടുന്നതിനുവേണ്ടി സഹകരണപ്രസ്ഥാനം 'സഹകരണപൊതുവിതരണ സമ്പ്രദായം' എന്ന നൂതന ആശയം വിജയകരമായി നടപ്പിലാക്കിയത് ശുഭലക്ഷണമായി കേരളത്തിൽ കണ്ടുതുടങ്ങിയിട്ടില്ലേ ? സാധാരണ ജനങ്ങൾക്കിടയിൽ ശക്തമായ സ്വാധീനം സ്ഥാപിക്കുന്നതിനുവേണ്ടി സഹകരണ വിപണനരംഗത്ത് ഇതിനകം സാധിച്ചിട്ടുണ്ടെന്ന് നമുക്കെല്ലാപേർക്കും അറിയാം. എല്ലാപേരുടേയും മണ്ഡലത്തിൽ അതുമായി ബന്ധപ്പെട്ടുകൊണ്ടുള്ള പ്രവർത്തനങ്ങൾ നടക്കുകയാണ്. പക്ഷേ പൊതുവിതരണ രംഗവുമായി ബന്ധപ്പെട്ടുകൊണ്ടു നടക്കുന്ന കാര്യങ്ങളിൽ യഹിയ എന്നുപറയുന്ന ഒരു വ്യവസായിയും ഒരു ദൃശ്യമാധ്യമവും ഒന്നിച്ചുനിന്നാൽ എന്തും നടത്താമെന്ന ഒരു അവസ്ഥയിലേയ്ക്ക് കേരളത്തെ കൊണ്ടുപോകുന്നത് ശരിയല്ല. ഇക്കാര്യത്തെക്കുറിച്ച് ഈയടുത്ത ദിവസം സഭ ചർച്ച ചെയ്തതാണ്.

LIBRARY ARCHIVES Kerala Legislative Assembly

കേരളം അത് മുളയിലേ നുള്ളേണ്ടതാണ് എന്ന അഭിപ്രായമാണ് ഉള്ളത്. ഇത് കേരളമാണ്, അതോർത്താൽ നന്നായിരിക്കും. ജനാധിപത്യ കേരളത്തിന് അപമാനകരമായിട്ടുള്ള വാർത്തയാണ് സഭയ്ക്കകത്ത് ഉൾപ്പെടെ വന്നിട്ടുള്ളത്. അതോടൊപ്പം വിവിധ മേഖലകളിൽ കേരളത്തിന് ലഭിച്ചുകൊണ്ടിരിക്കുന്ന ദേശീയ അംഗീകാരങ്ങൾ ഈ സർക്കാരിന്റെ ജനപക്ഷനയങ്ങൾക്കുള്ള അംഗീകാരമാണ്. അതോടൊപ്പംതന്നെ ഒഴിവുള്ള തസ്തികകൾ പൂർണ്ണമായി നികത്തുകയും 29,000-ത്തിലേറെ പുതിയ തസ്തികകൾ സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ട്. ഇപ്പോൾ റവന്യൂ വകുപ്പിൽ നടന്ന അഴിമതിയുമായി ബന്ധപ്പെട്ടുകൊണ്ട് ഇവിടെ സൂചിപ്പിച്ചല്ലോ. റവന്യൂ വകുപ്പിൽ നടന്ന അഴിമതിയെ സംബന്ധിച്ച് പുറത്തുകൊണ്ടുവന്നത് ആരാണ് ? ഇക്കാര്യത്തിൽ ബന്ധപ്പെട്ട ആളുകൾക്കെതിരെ നടപടി സ്വീകരിച്ചതിന്റെ നൂറുശതമാനം ക്രെഡിറ്റ് കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാരിനുതന്നെയാണ്. ആളുകളെ ശിക്ഷിക്കാനും അത്തരമൊരു സംവിധാനം ശ്രദ്ധയിൽപ്പെട്ടയുടനെ ബന്ധപ്പെട്ടവർക്കെതിരെ നടപടി സ്വീകരിക്കാനും ഇത്രയുമെളുപ്പം നടപടിയെടുത്ത മറ്റൊരു സംഭവം ഉണ്ടായിട്ടുണ്ടാവില്ലെന്നാണ് എന്റെ അഭിപ്രായം. കേരളത്തെ സംബന്ധിച്ചിടത്തോളം വികസനത്തിന്റെ ഒരു കുതിപ്പ് തന്നെ ഈ നാലേമുക്കാൽ വർഷക്കാലംകൊണ്ട് ഉണ്ടായിരിക്കുകയാണ്. കേരളത്തിൽ അധികാരത്തിൽ വന്നിട്ടുള്ള എല്ലാ സർക്കാരുകളും കൂടി ചെയ്തതിനേക്കാൾ വലിയ പ്രവർത്തനമാണ് ഈ നാലേമുക്കാൽ വർഷംകൊണ്ട് സഖാവ് ശ്രീ. വി. എസ്. അച്ചുതാനന്ദൻ നേതൃത്വം കൊടുക്കുന്ന കേരളത്തിലെ ഇടതുപക്ഷജനാധിപത്യമുന്നണി ഗവൺമെന്റ് ചെയ്തിട്ടുള്ളതെന്ന് പറയുന്നതിൽ എനിക്ക് അഭിമാനമുണ്ട്. ഇതിനെയൊക്കെ തകർക്കുന്നതിനുവേണ്ടി കേരളത്തിൽ വലിയ ശ്രമങ്ങൾ ഒരു ഭാഗത്തുനിന്ന് നടന്നുകൊണ്ടിരിക്കുകയാണ്. കേരളത്തിന്റെ മാധ്യമരംഗം 'ക്ഷീരമുള്ളോരകിടിൻചുവട്ടിലും ചോരതന്നെ കൊതുകിന് കൗതുകം' എന്ന മട്ടിലുള്ള നിലപാട് സ്വീകരിച്ചുപോകുന്നുണ്ട്. കേരളത്തെ സംബന്ധിച്ചിടത്തോളം സമഗ്രമായ വളർച്ച ലക്ഷ്യമിട്ട് പ്രവർത്തിക്കുന്ന സർക്കാരിന്റെ ഉപധനാഭ്യർത്ഥനകളെ ഞാൻ ഒരിക്കൽക്കൂടി പിന്താങ്ങുന്നു.

ശ്രീ. ബി. ബാബു പ്രസാദ് : സർ, ഞാൻ ഉപധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. നീർത്തടസംരക്ഷണ നിയമംവരെ പാസ്സാക്കിയ ഒരു നാടാണ് നമ്മുടേത്. പക്ഷേ ഇന്നും കിടപ്പാടമില്ലാത്ത ഒരു സാധാരണക്കാരന് 5 സെന്റ് സ്ഥലം നികത്തി വീട് വയ്ക്കാൻ നീർത്തടസംരക്ഷണ സമിതിയുടെ അംഗീകാരം കിട്ടുന്നതിനുവേണ്ടി മാസങ്ങളോളം ആ സമിതിയുടെ മുമ്പിൽ കാത്തുനിൽക്കേണ്ട ഒരു ഗതികേട് ഉണ്ടാക്കിയത് ഈ നിയമം ഇവിടെ പാസ്സാക്കിയ അതേ സർക്കാരുതന്നെയാണ് എന്നതാണ് എനിക്കേറ്റവും ആദ്യമായി ഉന്നയിക്കാനുള്ള ആക്ഷേപം. 5 സെന്റ് സ്ഥലം സ്വന്തമായി വീട് വയ്ക്കാനില്ലാതെ നിലം നികത്തുന്ന പാവപ്പെട്ടവർക്ക് മാസങ്ങളോളം ഈ നീർത്തട സംരക്ഷണ സമിതിയുടേയോ അല്ലെങ്കിൽ അധികാരിയുടേയോ മുമ്പിൽ കാത്തുനിൽക്കേണ്ടി വരുമ്പോൾ തന്നെയാണ് ഇവിടെ എല്ലാ ഭരണകക്ഷി അംഗങ്ങളും പാടിപ്പുകഴ്ത്തിയ ഈ സർക്കാർ ഈ നാട്ടിൽ വഴിവിട്ട് ധാരാളം ഭൂമാഫിയയെ കഴിഞ്ഞ നാല് വർഷവും എട്ട് മാസവുംകൊണ്ട് പ്രോൽസാഹിപ്പിച്ചത്.

LIBRARY ARCHIVES Kerala Legislative Assembly

ആദിവാസികളെ കബളിപ്പിച്ച് ഭൂമാഫിയ കൈവശമാക്കിയ ഭൂമി സ്വകാര്യ കാറ്റാടി മില്ലുടമകൾക്ക് വിറ്റ കാര്യം ഇന്നു രാവിലേയും നിയമസഭയിൽ ചർച്ചയ്ക്ക് വരികയും ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് അതിവിടപെട്ടു കൊണ്ട് എന്തുകൊണ്ട് അവരെ അറസ്റ്റ് ചെയ്തില്ലായെന്ന് ചോദിക്കുകയും ചെയ്തത് നമ്മുടെ മുമ്പിലുണ്ടായ കാര്യമാണ്. അപ്പോൾ ആദിവാസികൾക്കു പോലും അവർക്ക് അവകാശപ്പെട്ട ഭൂമി സംരക്ഷിക്കുന്നതിനും അത് നില നിറുത്തുന്നതിനും അത് അനുഭവിക്കുന്നതിനുമുള്ള അവരുടെ ഭരണഘടനാ പരമായ അവകാശത്തെ വരെ നിഷേധിച്ച ഒരു സർക്കാർ ഈ നാട്ടിൽ നാലേമുക്കാൽ കൊല്ലംകൊണ്ട് എന്ത് ചെയ്തുവെന്ന് എത്ര ആലോചിച്ചിട്ടും മനസ്സിലാകുന്നില്ല. നമ്മുടെ ബഹുമാന്യനായ മുഖ്യമന്ത്രി പൊതുസമൂഹത്തിന് താൽപ്പര്യമുള്ള ഒത്തിരി പൊതുപ്രശ്നങ്ങളിൽ ഇടപെടുന്ന ഒരു വ്യക്തിത്വമാണ്. അദ്ദേഹത്തിന്റെ പൊളിറ്റിക്കൽ ഗ്രാഫ് ഏറ്റവും കൂടുതൽ ഉയർത്തിയ ഒരു പ്രശ്നമായിരുന്നു മതികെട്ടാൻ ഭൂമി പ്രശ്നം. അത് നമുക്കേവർക്കുമറിയാം. ആ മതികെട്ടാൻ ഭൂപ്രശ്നത്തിൽ അദ്ദേഹം അന്ന് പ്രതിപക്ഷ നേതാവായിരുന്നുകൊണ്ട് കേരളത്തിന്റെ ആദരണീയനായ മുഖ്യമന്ത്രിയായിരുന്ന ശ്രീ. എ. കെ. ആന്റണിയോട് മതികെട്ടാനിൽ ഭൂമികയ്യേറ്റം നടന്നിരിക്കുന്നുവെന്ന് ചൂണ്ടിക്കാണിച്ചപ്പോൾ മണിക്കൂറുകൾക്കകം അവിടേയ്ക്ക് അന്നത്തെ വനം വകുപ്പുമന്ത്രിയായിരുന്ന ശ്രീ. കെ. സുധാകരനെ അയയ്ക്കുകയും ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ചൂണ്ടിക്കാണിച്ച കയ്യേറ്റം ശരിയാണെന്ന് ബോദ്ധ്യപ്പെട്ടപ്പോൾ കയ്യേറ്റക്കാരെ ആ നിബിഢസസ്യഭൂമിയിൽനിന്ന് ഒഴിവാക്കിക്കൊണ്ട് അത് തിരിച്ചുപിടിച്ച് ഒരു നാഷണൽ പാർക്കാക്കി മാറ്റി മാതൃക കാണിച്ച ഗവൺമെന്റാണ് കേരളത്തിലെ കഴിഞ്ഞ ശ്രീ. എ. കെ. ആന്റണിയുടേയും ശ്രീ. ഉമ്മൻ ചാണ്ടിയുടേയും നേതൃത്വത്തിലുള്ള യു.ഡി.എഫ്. ഗവൺമെന്റ്. അപ്പോൾ കേരളത്തിൽ ഭൂമികയ്യേറ്റം ശ്രീ. വി. എസ്. അച്ചുതാനന്ദൻ ചൂണ്ടിക്കാണിച്ചാലും അതുപോലെ പൊതുവേ സമൂഹത്തിനുവേണ്ടി പ്രവർത്തിക്കുന്ന ഏത് വ്യക്തി ചൂണ്ടിക്കാണിച്ചാലും മണിക്കൂറുകൾക്കുള്ളിൽ നടപടിയെടുത്ത് മാതൃക കാണിച്ച ഒരു സർക്കാരിനെയാണ് ഇത്രയും നേരം ഇവരിങ്ങനെ അതിരൂക്ഷമായി സഭാനത്തും അസഭാനത്തും വിമർശിച്ചു കൊണ്ടിരുന്നതെന്നുള്ള കാര്യത്തെക്കുറിച്ച് ആത്മപരിശോധന നടത്തുന്നതിന് ഇടതുപക്ഷജനാധിപത്യമുന്നണിയുടെ മെമ്പർമാർ ചിന്തിക്കേണ്ട സമയമായിരിക്കുന്നുവെന്നാണ് എനിക്ക് പറയാനുള്ളത്. പ്രതിപക്ഷ നേതാവായിരുന്ന കാലത്ത് ശ്രീ. വി. എസ്. അച്ചുതാനന്ദൻ ഉയർത്തിയ ബഹുജന പ്രശ്നങ്ങളായ മതികെട്ടാന്റെയും കോവളത്തിന്റെയും അതുപോലെതന്നെ വാഗമണ്ണിന്റെയുമൊക്കെ ഓർമ്മ കൊണ്ടാകാം, ആ പ്രശ്നങ്ങളോടുള്ള അദ്ദേഹത്തിന്റെ പ്രതിബദ്ധത കൊണ്ടാകാം അദ്ദേഹം ഭരണത്തിൽവന്ന് മുഖ്യമന്ത്രിയായപ്പോൾ ഭൂമി കൈയേറിയിരിക്കുന്ന എല്ലാവർക്കുമെതിരെ ഒരു യുദ്ധപ്രഖ്യാപനം തന്നെ കേരളത്തിൽ നടത്തിയത്. ആ യുദ്ധ പ്രഖ്യാപനം കേട്ട് കേരളത്തിലെ പൊതു സമൂഹം ശ്രീ. അച്ചുതാനന്ദനെ സൃഷ്ടിച്ചിരിക്കുന്ന മെറ്റൽ എന്താണെന്ന് പരിശോധിച്ച ഒരു സമയമായിരുന്നു ഇത്. അദ്ദേഹത്തിന്റെ നേതൃത്വത്തിലുള്ള ഭരണപരമായ ഇടപെടലായിരുന്നു മൂന്നാറിലെ ഇടപെടൽ. മൂന്നാറിലേക്ക്

LIBRARY ARCHIVES Kerala Legislative Assembly

ജെ.സി.ബിയും ഹിറ്റാച്ചിയുമൊക്കെയായി മൂന്നു പൂച്ചകളുമായി പോയ മുഖ്യമന്ത്രി ശ്രീ. അച്ചുതാനന്ദൻ മുണ്ട് തലയിലിട്ടു മൂന്നാറിൽനിന്ന് മടങ്ങി വരുന്നതാണ് നമ്മൾ മൂന്നാർ ഓപ്പറേഷനിലൂടെ കണ്ടത് എന്ന കാര്യം അദ്ദേഹത്തിന്റെ അപ്പുറത്തിരിക്കുന്ന ആളുകൾ മറന്നുപോകരുത് എന്നാണ് എനിക്ക് പറയാനുള്ളത്. അദ്ദേഹം തലയിൽ മുണ്ടിട്ട് മടങ്ങിവന്ന് തിരുവനന്തപുരത്ത് ഇരുന്നു. അതുകഴിഞ്ഞ് രണ്ടാം ഓപ്പറേഷനിലൂടെയും മൂന്നാം ഓപ്പറേഷനിലൂടെയും മൂന്നാറിൽ തന്റെ ലക്ഷ്യം നടപ്പാക്കാമെന്ന് വിചാരിച്ച് അദ്ദേഹം ഇറങ്ങിയപ്പോഴാണ് ചിന്നക്കനാലിന് സമീപം എച്ച്.എൻ.എൽ.-ന് പാട്ടത്തിന് കൊടുത്ത വനഭൂമി അദ്ദേഹത്തിന്റെ പാർട്ടിപ്രവർത്തകർ തന്നെ മുഖ്യമന്ത്രി എന്ത് ഉദ്ദേശ്യത്തിനു വേണ്ടിയാണോ മൂന്നാറിൽപോയി അവിടെ നിന്ന് കുടിയിറക്കാനായിട്ടുള്ള തന്റെ ഭരണപരമായ നടപടികൾ ആരംഭിച്ചത് ആ നടപടികളുടെ സ്പിരിറ്റിനെ ചോദ്യം ചെയ്തുകൊണ്ട് കൈയേറുകയും പാർട്ടി ജില്ലാ സെക്രട്ടറി ശ്രീ. എം. എം. മണി അതിനെ ന്യായീകരിക്കുകയും ചെയ്തപ്പോൾ യഥാർത്ഥത്തിൽ കേരളത്തിലെ മാർക്സിസ്റ്റ് പാർട്ടി എവിടെ നിൽക്കുന്നു, കേരളത്തിന്റെ മുഖ്യമന്ത്രി ശ്രീ. അച്ചുതാനന്ദന്റെ ഭരണപരമായ നടപടികൾ എവിടെ നിൽക്കുന്നു എന്നതിനെക്കുറിച്ച് കേരളത്തിന്റെ പൊതുസമൂഹം മനസ്സിലാക്കിയ കാര്യമാണ്. അവസാന നിമിഷം ഇതൊന്നും പറഞ്ഞിട്ട് കാര്യമില്ല. കഴിഞ്ഞ ദിവസം എന്റെ വീട്ടിൽ ക്രിസ്തുമസ് കരോൾ വന്നു. അതിനകത്ത് ഒരുപാട്ടുണ്ടായിരുന്നു, 'തന്നതെല്ലാം നന്ദിപൂർവ്വം സ്വീകരിച്ച് ഞങ്ങൾ ഇതാ പോകുന്നു.... പോകുന്നു.' മൂന്നു മാസം കഴിഞ്ഞാൽ ഇതാണ് നിങ്ങളുടെ സ്ഥിതി. അതുപോലെതന്നെ പരിസ്ഥിതി ലോല പ്രദേശമായി വനം വകുപ്പ് പ്രഖ്യാപിച്ചതാണ് മെർക്കിൻസ്റ്റൺ എസ്റ്റേറ്റ്. നമുക്കറിയാം ഇവിടെ സഭ ഏറ്റവും കൂടുതൽ ചർച്ച ചെയ്ത, ചർവ്വിതചർവ്വണംപോലെ ചർച്ച ചെയ്ത മെർക്കിൻസ്റ്റൺ എസ്റ്റേറ്റ്, ഇക്കോളജിക്കൽ ഫ്രജൈൽ ലാൻഡ് (ഇ.എഫ്.എൽ.) എന്ന് വിലയിരുത്തിയ പ്രദേശം സേവി മനോമാത്യു എന്ന വ്യക്തി അനധികൃതമായി ഒരു കേന്ദ്ര പൊതുമേഖലാ വകുപ്പിന് കൈമാറുകയും അവർ ആ വ്യക്തിയുടേതല്ലാത്ത ഭൂമിക്ക് വില കൊടുക്കുകയും ചെയ്തിട്ട് ഇന്നുവരെ ഈ ഗവൺമെന്റിന് ആ ഭൂമി തിരിച്ചുപിടിക്കാനോ അതുപോലെ നിയമവിരുദ്ധമായി ആ വ്യക്തി വാങ്ങിയ പണം തിരിച്ച് സർക്കാരിലേയ്ക്ക് അടപ്പിക്കാനോ കഴിഞ്ഞിട്ടില്ല എന്ന ഏറ്റവും സങ്കടകരമായ ഒരു വസ്തുത നിലനിൽക്കുകയാണ്. അതുപോലെ കുട്ടനാട്ടിൽ 217 ഭൂരഹിത കർഷക തൊഴിലാളികൾക്കുവേണ്ടി പതിച്ചു കൊടുത്ത മുരിക്കന്റെ മിച്ചഭൂമി അവിടത്തെ ഒരു സഹകരണ സംഘത്തിന് പണയം വച്ചപ്പോൾ 217 അവകാശികളും അറിയാതെ ആ ഭൂമി ഭൂമാഫിയ തട്ടിയെടുത്തത് കേരളത്തെ ഏറ്റവും ലജ്ജിപ്പിക്കുന്ന, ഭൂമാഫിയുടെ ഏറ്റവും നഗ്നമായ നിയമലംഘനമാണ്. ഇങ്ങനെ ഒരു ഗവൺമെന്റിന്റെ സാന്നിധ്യം ഇവിടെയുണ്ടോ എന്ന് വെല്ലുവിളിച്ചുകൊണ്ട് ഭൂമാഫിയ അരങ്ങുതകർത്ത് അഴിഞ്ഞാടിയ കുട്ടനാട്ടിലെ ഭൂമി കൈയേറ്റത്തെക്കുറിച്ച് ഇതുവരെ ബഹുമാന്യനായ മുഖ്യമന്ത്രി മൗനം പാലിച്ചിരിക്കുന്നതിനെക്കുറിച്ച് അറിയാൻ താത്പര്യമുണ്ട്. മൂന്നാർ മുതൽ അട്ടപ്പാടി വരെയുള്ള പ്രദേശങ്ങളിൽ കാട് വെട്ടിയും വനം കൈയേറിയും പരിസ്ഥിതിയെ വെല്ലുവിളിച്ചും നീർത്തടങ്ങൾ

നികത്തിയും കണ്ടൽക്കാടുകൾ വെട്ടി നശിപ്പിച്ചും ഒക്കെ നാട്ടിൽ ധാരാളം സ്ഥാപനങ്ങൾ, മാർക്സിസ്റ്റ് പാർട്ടിക്ക് ഉൾപ്പെടെ നാലേമുക്കാൽ കൊല്ലമായി നിങ്ങൾക്ക് ഒരുപക്ഷേ ഉണ്ടാക്കാൻ കഴിഞ്ഞിരിക്കും. എന്റെ നിയോജക മണ്ഡലത്തിലെ ആറാട്ടുപുഴയിൽ സുനാമിയിൽ തകർന്ന ഒരു വീട് വയ്ക്കുന്നതിനുള്ള അനുവാദത്തിനുവേണ്ടി പോകുന്ന ഒരു പാവപ്പെട്ട മത്സ്യത്തൊഴിലാളി, നാല് സെന്റ് സ്ഥലം മാത്രമുള്ള മത്സ്യത്തൊഴിലാളി സുനാമി പുനരധിവാസ പദ്ധതി പ്രകാരം കിട്ടിയ രണ്ടരലക്ഷം രൂപകൊണ്ട് ഒരു വീട് വയ്ക്കാൻ സർക്കാരിനെ സമീപിച്ചപ്പോൾ C.R.Z-ന്റെ നിയമങ്ങൾ അതിന് വിലങ്ങുതടിയാകുമെന്ന് പറഞ്ഞ് ആ ആളിന് വീട് വയ്ക്കാൻ C.R.Z നിയമങ്ങളുടെ പേരിൽ അനുമതി നിഷേധിച്ച അതേ സർക്കാർ തന്നെയാണ് കണ്ണൂരിൽ C.R.Z നിയമങ്ങൾ കാറ്റിൽപ്പറത്തിക്കൊണ്ട് കണ്ടൽക്കാടുകൾ വെട്ടി നശിപ്പിച്ച് അവിടെ പാർട്ടിക്ക് കണ്ടൽപ്പാർക്കുകൾ ഉണ്ടാക്കിയതെന്നുള്ള കാര്യം കഴിഞ്ഞ നാലേമുക്കാൽ വർഷത്തെ നിങ്ങളുടെ പ്രവർത്തനത്തിന്റെ ബാലൻസ് ഷീറ്റ് പരിശോധിക്കുമ്പോൾ ഇവിടെ പ്രസംഗിക്കുന്ന ആളുകൾ മറന്നുപോകരുത് എന്ന് പറയാൻ എനിക്ക് ആഗ്രഹമുണ്ട്. ബഹുമാനപ്പെട്ട സഹകരണ വകുപ്പുമന്ത്രി ഇവിടെ ആവർത്തിച്ച് ഒരു സംശയം പ്രകടിപ്പിച്ചു. അദ്ദേഹത്തിന് മനസ്സിലാകാത്തതുകൊണ്ടാണെന്ന് ഞാൻ കരുതുന്നില്ല. 7-2-2006-ൽ ബഹുമാന്യനായ കെ.എം. മാണി ഇപ്പോഴത്തെ ആദരണീയനായ സ്പീക്കർ ശ്രീ. കെ. രാധാകൃഷ്ണന് നൽകിയ മറുപടിയിൽ പറയുന്നത് ഞാൻ വായിക്കാം. അദ്ദേഹം ആവർത്തിച്ച് പറഞ്ഞത് 1441.75 കോടി രൂപ 2004 ഡിസംബർ 26-ന് ശേഷം അനുവദിച്ചിട്ടും എന്തുകൊണ്ടാണ് പതിനെട്ട് മാസവും ഒരു നടപടിയും നടപ്പാക്കാത്തത് എന്ന് സംശയം പ്രകടിപ്പിച്ചതുകൊണ്ട് ഞാൻ വായിക്കുകയാണ്. 16-2-2006-ൽ ബഹുമാനപ്പെട്ട ഇന്നത്തെ സ്പീക്കർക്ക് ശ്രീ. കെ. എം. മാണി നൽകിയ മറുപടിയിൽ 'സുനാമി ദുരിതബാധിതർക്ക് വീടുകൾ നിർമ്മിച്ചുനൽകാൻ തയ്യാറായ സന്നദ്ധ സംഘടനകൾ ഏതെല്ലാമാണെന്ന് തുടങ്ങിക്കൊണ്ട് ചോദിക്കുന്ന ചോദ്യത്തിൽ സുനാമി പുനരധിവാസത്തിന് ആകെ ലഭിച്ച തുക എത്രയാണെന്നും ഇന്നേ വരെ എത്ര തുക ചെലവഴിച്ചെന്നും ബാക്കി എത്ര തുക അവശേഷിക്കുമെന്നും പറയാമോ ?' എന്നാണ് ചോദിച്ചിട്ടുള്ളത്. അതിന് ഉത്തരം ശ്രീ. കെ. എം. മാണി സഭയിൽ നൽകിയതാണ്. സുനാമി പുനരധിവാസത്തിന് കേന്ദ്രസർക്കാർ ഇതുവരെ 100 കോടി രൂപ അനുവദിച്ചപ്പോൾ 103.52 കോടി രൂപ സംസ്ഥാന സർക്കാർ വിവിധ ജില്ലാ കളക്ടർമാർക്കും ബന്ധപ്പെട്ട വകുപ്പുകൾക്കും ഇതിനായി അനുവദിച്ചിട്ടുണ്ട് എന്നാണ് 16-2-2006-ലെ ചോദ്യത്തിനുള്ള മറുപടിയിൽ വ്യക്തമാക്കിയിട്ടുള്ളത്. 1441.75 കോടി രൂപ അനുവദിച്ചത് ഈ സർക്കാർ അധികാരത്തിൽ വന്നശേഷമാണ്. സുനാമിബാധിതരുടെ പ്രശ്നങ്ങൾ ഞാൻ നേരിട്ട് അനുഭവിച്ചുകൊണ്ടിരിക്കുന്ന ആളാണ്. ഭവനനിർമ്മാണം നടന്നുകൊണ്ടിരിക്കുന്ന ആറാട്ടുപുഴ പഞ്ചായത്തിൽ 2009-ൽ ബിനേഷ് ഭവനിൽ വിജയൻ എന്നുപറയുന്ന ഒരു മത്സ്യത്തൊഴിലാളി ആത്മഹത്യ ചെയ്തു. ബഹുമാനപ്പെട്ട ഈ സഭ അറിയണം, ബിനേഷ് ഭവനിൽ വിജയൻ എന്നുപറയുന്ന ആളുടെ ആത്മഹത്യ കേരളത്തിലെ സുനാമി ബാധിതർക്കിടയിലെ ആദ്യത്തെ

LIBRARY ARCHIVES Kerala Legislative Assembly

ആത്മഹത്യയായിരുന്നു. കർഷക ആത്മഹത്യ എന്ന് നമ്മൾ കേട്ടിട്ടുണ്ട്. പല ആത്മഹത്യകളും കേട്ടിട്ടുണ്ട്. പക്ഷേ കേരളത്തിലെ സുനാമിബാധിതരിൽ ആത്മഹത്യ ചെയ്ത ആദ്യത്തെ ഒരാളുണ്ടോ എന്ന് ചോദിച്ചാൽ അത് ആറാട്ടുപുഴ പഞ്ചായത്തിലെ മംഗലം ബിനേഷ് ഭവനിൽ വിജയനായിരുന്നു. അദ്ദേഹം ആത്മഹത്യ ചെയ്യാൻ കാരണം രണ്ടര ലക്ഷം രൂപ ലഭിച്ച അദ്ദേഹത്തിന്റെ വീട് പൂർണ്ണമായി പൊളിച്ചിട്ട് ചെന്നാലേ നാലാം ഗഡു കൊടുക്കൂ എന്ന് പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ വീട് പൊളിച്ച് പടുവ (റെക്സിൻ) കെട്ടി അതിന്റെ താഴെ തന്റെ പ്രായപൂർത്തിയായ മകളുമായി ദിവസങ്ങളോളം താമസിച്ചതിനുശേഷം നാലാം ഗഡുവിന് ചെന്നപ്പോൾ റവന്യൂ അധികൃതർ അത് നിഷേധിച്ചതിന്റെ പേരിൽ മംഗലത്ത് ബിനേഷ് ഭവനിൽ വിജയൻ ആത്മഹത്യ ചെയ്തു. ആലപ്പുഴ ജില്ലാകളക്ടറേറ്റിൽ വച്ചു കൂടിയ ഡി.എൽ.എം.സി-യിൽ ഈ പ്രശ്നം ഉന്നയിച്ചപ്പോൾ സുനാമിബാധിതന്റെ ആത്മഹത്യ ഇതിന്റെ പേരിൽത്തന്നെയാണോ എന്ന് സംശയം പ്രകടിപ്പിച്ചു കൊണ്ട് ബഹുമാനപ്പെട്ട കളക്ടർ അന്വേഷണംപോലും പ്രഖ്യാപിക്കുകയുണ്ടായി. അപ്പോൾ നമ്മുടെ നാട്ടിൽ ഈ നാലേമുക്കാൽ വർഷക്കാലം ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ നേതൃത്വത്തിൽ നടന്ന ഭരണത്തിന്റെ ഗുണഭോക്താക്കളെന്ന് പറയാവുന്നത് ഈ നാട്ടിലെ സമ്പന്ന വർഗ്ഗമാണെന്ന് യാതൊരു തർക്കവുമില്ല. സ്വന്തം പാർട്ടിക്ക് കണ്ടൽപ്പാർക്കുകൾ ഉണ്ടാക്കാൻ, ബഹുനില മന്ദിരങ്ങൾ ഉണ്ടാക്കാൻ, എം.എൽ.എ ഹോസ്റ്റലിന് അപ്പുറത്ത് കാണുന്ന രാജകീയ സൗധം സൃഷ്ടിക്കാൻ അതുപോലെയുള്ള സമ്പന്നർക്ക് എന്തെല്ലാമോ ഒക്കെ ഈ നാട്ടിൽ പടുത്തുയർത്താൻവേണ്ടിയൊക്കെയാണ് ഈ നാലര വർഷക്കാലത്തെ ഭരണത്തിന്റെ സൗകര്യം ഉപയോഗിച്ചത്. ഒരു കർഷകന്, ഒരു കർഷക തൊഴിലാളിക്ക്, ഒരു മത്സ്യത്തൊഴിലാളിക്ക്, നിർമ്മാണ തൊഴിലാളിക്ക്, തൊഴിലാളി വർഗ്ഗത്തിൽപ്പെട്ട അടിസ്ഥാന വർഗ്ഗത്തിന് ഭരണ നേട്ടങ്ങളുടെ പ്രയോജനമുണ്ടായില്ല എന്നതുകൊണ്ട് ഉപധനാഭ്യർത്ഥനകളെ ഒരിക്കൽക്കൂടി എതിർക്കുകയാണ്.

[അദ്ധ്യക്ഷവേദിയിൽ ശ്രീ. കെ. കെ. ഷാജു]

ശ്രീ. എ. സി. മൊയ്തീൻ : സർ, ഞാൻ ഉപധനാഭ്യർത്ഥനകളെ പിൻതുണയ്ക്കുകയാണ്. അഞ്ചുവർഷം തികയ്ക്കാൻ പോകുന്ന ഈ ഗവൺമെന്റിന്റെ പ്രധാനപ്പെട്ട നേട്ടങ്ങളിൽ ഏറ്റവും ഒന്നാമത് നിൽക്കുന്നത് ഈ സംസ്ഥാനത്തിന്റെ ധനസ്ഥിതി മെച്ചപ്പെടുത്താൻ കഴിഞ്ഞുവെന്നുള്ളതാണ്. ധനസ്ഥിരത കൈവരിക്കുന്ന നിലയിലേയ്ക്ക് നമ്മുടെ സംസ്ഥാനം മെച്ചപ്പെട്ട ഒരു അവസ്ഥയിലേയ്ക്ക് വന്നിരിക്കുന്നു. ഇത് യു.ഡി.എഫ്. ഗവൺമെന്റ് ചെയ്തതുപോലെ ചെലവ് ചുരുക്കിക്കൊണ്ടാണ് ഇത്തരം ഒരു ധനസ്ഥിരത, ട്രഷറി അടയ്ക്കാത്ത ഒരു നില കൈവരിച്ചത് എന്ന് നിങ്ങൾ ആക്ഷേപിക്കുമെന്ന് കരുതുന്നില്ല. ഇവിടെ ശ്രീമാൻ ആന്റണിയും ശ്രീ. ഉമ്മൻ ചാണ്ടിയും മുഖ്യമന്ത്രിമാരായിരുന്ന കാലത്ത് സ്വീകരിച്ച ഒരു സമീപനമുണ്ട്. ജീവനക്കാരുടെ ആനുകൂല്യങ്ങൾ പിടിച്ചുവച്ച്, പാവപ്പെട്ടവരുടെ എല്ലാ ആനുകൂല്യങ്ങളും പിടിച്ചുവച്ച് ചെലവ് ചുരുക്കലിന്റെ സമീപനം സ്വീകരിച്ചിട്ടും രക്ഷപെടാതിരുന്ന ഒരു

LIBRARY ARCHIVES Kerala Legislative Assembly

അവസ്ഥയിൽ അതുപോലെ കൈകാര്യം ചെയ്യാനല്ല ഞങ്ങൾ തീരുമാനിച്ചത്. തീർച്ചയായും എല്ലാ ചെലവുകളും നിർവ്വഹിച്ച് കാര്യക്ഷമതയോടെ ധനവകുപ്പിൽ ആധുനികതയും സുതാര്യതയും കാര്യക്ഷമതയും വർദ്ധിപ്പിച്ചതുകൊണ്ടാണ് കേരളത്തിലെ ധനസ്ഥിതി മെച്ചപ്പെടുത്താൻ കഴിഞ്ഞത്. കേരളത്തിൽ സർക്കാർ ജീവനക്കാരുടെ ഏതെങ്കിലും ഒരു ആനുകൂല്യം പിടിച്ചുവെച്ചു എന്ന് ആക്ഷേപിക്കാൻ ഇപ്പോൾ യു.ഡി.എഫ്.-ന് ആകുമോ ? അവരുടെ ഡി.എ.യുടെ കാര്യത്തിൽ, മറ്റ് ഏതെങ്കിലും കാര്യത്തിൽ ഈ ഗവൺമെന്റ് കാലതാമസം വരുത്തിയെന്നുള്ള ആക്ഷേപമുന്നയിക്കാൻ ആകുമോ ? കേരളത്തിലെ പാവപ്പെട്ട ആളുകളുടെ കാര്യങ്ങൾക്ക് മുൻഗണനാക്രമം നിശ്ചയിച്ചു കൊണ്ടാണ് ഈ ഗവൺമെന്റ് പോയത്. ഏതെങ്കിലും ഒരു ക്ഷേമ പെൻഷനിൽ ഇപ്പോൾ കുടിശ്ശികയുണ്ടോ ? ഇവിടെ വികസനപ്രവർത്തനങ്ങൾ ഒന്നും നടക്കുന്നില്ല എന്നുള്ള ആക്ഷേപം ഉന്നയിക്കുകയുണ്ടായി. ഓരോരുത്തരുടെയും മണ്ഡലത്തിലെ വികസന പ്രവർത്തനങ്ങൾ സ്വയം പരിശോധിച്ചുനോക്കിയാൽ ആത്മാർത്ഥതയോടുകൂടിയാണ് പ്രതിപക്ഷത്തുനിന്നുള്ള എം.എൽ.എ. മാർ ഈ കാര്യം ഉന്നയിച്ചതെന്ന് കാണാനാകുമോ ? വികസനത്തിന്റെ നേട്ടങ്ങളൊന്നും നമ്മുടെ സംസ്ഥാനത്ത് അനുഭവപ്പെട്ടിട്ടില്ല എന്നുള്ള വിമർശനം കാര്യമായി ഉന്നയിക്കാൻ പ്രതിപക്ഷത്തിന് ആയിട്ടുണ്ടോ ? കാർഷികമേഖലയിലെ നെൽക്കൃഷിയുൾപ്പെടെയുള്ള മേഖലകളിൽ ഈ ഗവൺമെന്റ് ചെയ്തതുപോലുള്ള പ്രവർത്തനങ്ങൾ അടുത്തകാലത്ത് എവിടെയെങ്കിലുമുണ്ടായിട്ടുണ്ടോ ? നെല്ലിന്റെ വിലയുടെ കാര്യത്തിലുൾപ്പെടെ സഭയ്ക്കകത്ത് സമരം നടത്തേണ്ടി വന്നിട്ടുണ്ട്. നെൽക്കൃഷിക്കാരുടെ ഏതെങ്കിലും ആക്ഷേപം ആ രീതിയിൽ ഇപ്പോൾ വരുന്നുണ്ടോ ? നെല്ലിന്റെ സംഭരണ കാര്യത്തിൽ, വില നിശ്ചയിക്കുന്ന കാര്യത്തിലുൾപ്പെടെ കാർഷികമേഖലയിൽ പുതിയ അഭിവൃദ്ധിയും നാമ്പും ഉണ്ടായിട്ടില്ലേ. കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് പരമ്പരാഗത വ്യവസായ മേഖല ഏറെ അവഗണിക്കപ്പെട്ട് കിടന്നിരുന്ന ഒരു മേഖലയായിരുന്നു. ഇവിടെ തൊഴിലെടുക്കുന്നതിന് അവസരമുണ്ടായിട്ടുണ്ടോ എന്ന് പലരും ചോദിച്ചിരുന്നു. ആ പരമ്പരാഗത വ്യവസായ മേഖലയിൽ വന്നിട്ടുള്ള പുരോഗതി ആ മേഖലയിൽ നിന്നു വരുന്ന എം.എൽ.എ.മാരുൾപ്പെടെ പരിശോധിക്കണം. കശുവണ്ടി, കയർ, കൈത്തറി എന്നീ മേഖലകളിൽ ഈ ഗവൺമെന്റ് സംഭ്യ നീക്കിവച്ചതുപോലെ യു.ഡി.എഫ്. സർക്കാരിന് നീക്കിവയ്ക്കാൻ കഴിഞ്ഞിട്ടില്ല. ലക്ഷക്കണക്കിന് ആളുകൾ പണിയെടുക്കുന്ന ആ മേഖലയിൽ അവർക്ക് തൊഴിൽ കൊടുക്കുവാനുള്ള അവസരം ഇതിനുമുമ്പ് ഉണ്ടായിട്ടുണ്ടോ ? ഇവിടെ തൊഴിലവസരങ്ങൾ നിഷേധിക്കപ്പെടുകയാണെന്ന് ചിലർ ആക്ഷേപം ഉന്നയിച്ചു. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ലക്ഷക്കണക്കിന് തൊഴിലവസരങ്ങൾ ഐ.ടി. മേഖലയിൽ തുറന്നുകൊടുത്തു. ടൂറിസം മേഖല ഇത്ര വികാസം പ്രാപിച്ച ഒരു കാലഘട്ടം ഇതിനുമുമ്പ് ഉണ്ടായിട്ടുണ്ടോ ? എത്ര തൊഴിലവസരങ്ങൾ ആ മേഖലയിലുണ്ടായി ? യു.ഡി.എഫ്. ഭരണകാലത്ത് നിയമനനിരോധനമുണ്ടായിരുന്നു എന്നുള്ള കാര്യം നിങ്ങൾ മറക്കരുത്. 11000 തസ്തികകൾ വെട്ടിക്കുറച്ചവരാണ് നിങ്ങൾ. അവിടെ നിന്നാണ് ഈ ഗവൺമെന്റ് 24000 പുതിയ തസ്തികകളിലൂടെ, പി.എസ്.സി. വഴി 50000-ത്തോളം

LIBRARY ARCHIVES Kerala Legislative Assembly

നിയമനങ്ങൾ പുതുതായി നടത്തിയത്. ഈ ഗവൺമെന്റ് എറിവിടെയാണ് നിയമനങ്ങൾ മരവിപ്പിച്ചിട്ടുള്ളത്. ഇതിനൊക്കെ ആവശ്യമായ പണം കണ്ടെത്താൻ ഗവൺമെന്റിന്റെ ഇടപെടലിന്റെ ഭാഗമായി കാര്യക്ഷമമായ ധനകാര്യ മാനേജ്മെന്റിലൂടെ കഴിഞ്ഞിട്ടുണ്ട്. കേരളത്തിലെ ഏത് ജന വിഭാഗത്തിന്റെ താൽപര്യമാണ് സംരക്ഷിക്കാതിരുന്നിട്ടുള്ളത്. പൊതുവിതരണ സമ്പ്രദായം ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങൾക്ക് മാതൃകയായി, അതിനാവശ്യമായ പണം നമ്മളിവിടെ ചെലവഴിക്കുകയല്ലേ ? ഞാൻ രണ്ട് രൂപയുടെ അരിയുടെ കാര്യമൊന്നും ഇവിടെ വിശദീകരിക്കാൻ പോകുന്നില്ല. നിങ്ങൾ സ്വീകരിക്കുന്ന സമീപനം എന്താണ് ? രാജ്യത്ത് അതിരൂക്ഷമായ വിലക്കയറ്റം സൃഷ്ടിക്കുന്ന നടപടികളിലേക്ക് നിങ്ങൾ പോകുകയാണ്. ഇവിടെ എനിക്ക് മുമ്പ് സംസാരിച്ച സഹപ്രവർത്തകർ ഈ കാര്യം സൂചിപ്പിക്കുകയുണ്ടായി. എല്ലാ പെട്രോളിയം ഉൽപ്പന്നങ്ങളുടെയും വില വർദ്ധിപ്പിച്ചു. ഇപ്പോൾ അവസാനം ചരക്കുകൂലി ഉൾപ്പെടെ വർദ്ധിപ്പിച്ചു. വിലകൾ വൻതോതിൽ കുതിക്കുകയല്ലേ? ഭക്ഷ്യധാന്യ ശേഖരത്തിൽ ഇഷ്ടംപോലെ ഭക്ഷ്യധാന്യമുണ്ടെന്ന് നിങ്ങൾ അവകാശപ്പെടുന്നു ; 510 ലക്ഷം ടൺ. ഈ 510 ലക്ഷം ടൺ അരി പാവപ്പെട്ട ആളുകൾക്ക് വിതരണം ചെയ്യണമെന്ന് സുപ്രീം കോടതി പറഞ്ഞില്ലേ ? 3 രൂപയ്ക്ക് അരി കൊടുക്കാൻ പണമില്ലായെന്ന് നിങ്ങൾ പറയുകയാണ്. പണം കണ്ടെത്താൻ മാർഗ്ഗമില്ല. ആ നിങ്ങളല്ലേ 5 ലക്ഷം കോടി രൂപയുടെ ഇളവുകൾ സാമ്പത്തിക പ്രതിസന്ധിയുടെ കാലത്ത് ഇന്ത്യയിലെ കോർപ്പറേറ്റുകൾക്ക് നൽകിയത്. പെട്രോളിയം ഉൽപ്പന്നങ്ങൾക്ക് വില കൂട്ടാൻ നിങ്ങൾ പറയുന്ന ന്യായം പൊതുമേഖലാ എണ്ണക്കമ്പനികൾ നഷ്ടത്തിലാണെന്നാണ്. പൊതു മേഖലാ എണ്ണക്കമ്പനികളുടെ കാര്യത്തിലല്ല നിങ്ങൾക്ക് താല്പര്യം. നിങ്ങൾക്ക് താൽപര്യം റിലയൻസ് പോലുള്ള സ്വകാര്യ മേഖലയിലുള്ള എണ്ണക്കമ്പനികളുടെ താൽപര്യം സംരക്ഷിക്കാനാണ്. അവർക്ക് പണമുണ്ടാക്കികൊടുക്കാനാണ് നിങ്ങൾക്ക് താൽപര്യം. നീരാ റാഡിയയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ നിയമിതരായ മന്ത്രിമാർ ഈ വകുപ്പുകൾ കൈകാര്യം ചെയ്യുന്ന കാലത്തോളം കോർപ്പറേറ്റുകളുടെ താൽപര്യമല്ലാതെ പിന്നെ ആരുടെ താൽപര്യമാണ് നിങ്ങൾ സംരക്ഷിക്കുന്നത് ? കമ്മി നികത്താൻ ഞങ്ങളെ ഉപദേശിക്കുകയാണ്. കമ്മി നികത്താൻ കേന്ദ്രഗവൺമെന്റ് ഉപയോഗിക്കുന്ന മാർഗ്ഗമെന്താണ് ? കേന്ദ്രഗവൺമെന്റ് കമ്മി നികത്താൻ ഉപയോഗിക്കുന്ന മാർഗ്ഗം പൊതുമേഖലാ സ്ഥാപനങ്ങൾ വിറ്റ് തുലയ്ക്കുകയാണ്. തോന്നിയ വിലയ്ക്ക് ഷിപ്പിംഗ് കോർപ്പറേഷനും ഒ.എൻ.ജി.സിയും ഉൾപ്പെടെയുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ വിറ്റ് തുലച്ച് കമ്മി നികത്തി രാജ്യത്തിന്റെ വിത്ത് എടുത്ത് കുത്തുന്ന സമീപനം നിങ്ങൾ സ്വീകരിക്കുകയാണ്. ഇങ്ങനെയാണ് നിങ്ങൾ കമ്മി നികത്തുന്നത്. കേരള സംസ്ഥാനത്ത് പൊതുമേഖലാ സ്ഥാപനങ്ങളിൽ ഏതെങ്കിലും ഒന്ന് സ്വകാര്യവൽക്കരിക്കാൻ നീക്കം നടന്നിട്ടുണ്ടോ ? നിങ്ങളുടെ ഗവൺമെന്റിന്റെ കാലത്ത് 12 പൊതുമേഖലാ സ്ഥാപനങ്ങൾ ലാഭത്തിലുണ്ടായിരുന്നു. ഇപ്പോൾ എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളും കേരളത്തിൽ ലാഭത്തിലേക്ക് പോവുകയല്ലേ ? ആ ലാഭം ഉപയോഗിച്ച് 10 പൊതുമേഖലാ സ്ഥാപനങ്ങൾ തുടങ്ങുന്നു. ശ്രീ. ഹംസയുടെ മണ്ഡലത്തിൽ, ഞാൻ മനസ്സിലാക്കുന്നത് 18-ാം തീയതി

LIBRARY ARCHIVES Kerala Legislative Assembly

ആ 10 പൊതുമേഖലാ സ്ഥാപനങ്ങളിൽ ഒന്ന് ഉദ്ഘാടനം ചെയ്യുകയാണ്, ഉൽപ്പാദനം തുടങ്ങാൻ പോകുകയാണ്. ഈ 10 പൊതുമേഖലാ സ്ഥാപനങ്ങൾ വഴി പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയല്ലേ ? ഇത്തരത്തിൽ നിങ്ങളുടെ സമീപനത്തിൽ നിന്ന് വ്യത്യസ്തമായി ഒരു പുതിയ കാഴ്ചപ്പാടോടുകൂടി കേരളത്തിലെ ജനജീവിതത്തിന്റെ നാനാ മേഖലയിലും ഇടപെടാൻവേണ്ടി ഞങ്ങൾ പരിശ്രമിച്ചിട്ടുണ്ട്. ആ പരിശ്രമത്തെ താഴ്ത്തി കാണിക്കുന്നതിനും തകർക്കുന്നതിനുംവേണ്ടിയുള്ള ബോധപൂർവ്വമായ രാഷ്ട്രീയ പുകമറ സൃഷ്ടിക്കാൻ യു.ഡി.എഫ്.-ന് ആകുന്നുണ്ട്. അതിന് നിങ്ങളെ സഹായിക്കാൻ പെയ്ഡ് ന്യൂസുകാരുണ്ട്, പെയ്ഡ് ചാനലുകാരുണ്ട്, നിങ്ങളെ സഹായിക്കാൻ കൈവെട്ടുന്നവരുണ്ട്, നിങ്ങളെ സഹായിക്കാൻ നിങ്ങളുടെ കൂടെ വന്ന ശ്രീ. കെ. പി. മോഹനൻ, എം.എൽ.എ.യുടെ വീട് ആക്രമിച്ച ആർ.എസ്.എസ്. കാരുണ്ട്. പഞ്ചായത്ത് തെരഞ്ഞെടുപ്പിലെ വിജയം നിങ്ങൾ അങ്ങനെയുണ്ടാക്കിയതാണ്. കേരളത്തിലെ ഏത് മേഖലയിലാണ് ഈ ഗവൺമെന്റ് ഇടപെടാത്തതെന്ന് നിങ്ങൾ പറയണം. എല്ലാ മേഖലകളിലും ഗവൺമെന്റ് ഇടപെട്ടിട്ടുണ്ട്. വിലക്കയറ്റം തടഞ്ഞു നിർത്താൻ, സാമൂഹ്യക്ഷേമ പെൻഷനുകളുടെ വിതരണത്തിൽ, കാർഷിക മേഖലയിലെ അഭിവൃദ്ധിയിൽ, ഐ.ടി. മേഖലയിൽ പുതിയ തൊഴിലവസരങ്ങൾ ഉണ്ടാക്കുന്നതിൽ, ഇതിലെല്ലാം ഈ ഗവൺമെന്റിന്റെ മുതൽമുടക്കുണ്ടായിട്ടുണ്ട്. കോൺട്രാക്ടർമാർ സെക്രട്ടേറിയറ്റിന്റെ പടിക്കൽ ഇപ്പോൾ നിൽക്കുന്നത് കാണാനുണ്ടോ ? പൊതുമരാമത്ത് മേഖലയിൽ 1500 കോടി രൂപയുടെ കുടിശ്ശികയാണ് കൊടുത്തു തീർത്തത്. നിങ്ങൾ ഇവിടെ ആക്ഷേപം ഉന്നയിച്ചു, പൊതുമരാമത്ത് റോഡുകളെല്ലാം കുളങ്ങളായി മാറിക്കഴിഞ്ഞുവെന്ന്. അതിന്റെ കാര്യങ്ങൾ എനിക്കുമുമ്പ് സംസാരിച്ച ആളുകൾ ഇവിടെ സൂചിപ്പിച്ചു. കുളമാക്കിയ ആളുകളെ നിങ്ങൾ നല്ലതുപോലെ കൈനീട്ടി സ്വീകരിച്ചല്ലോ ? എന്നിട്ട് ഇപ്പോൾ തർക്കമാണ്. രണ്ടാം കക്ഷി ശ്രീ. കുഞ്ഞാലിക്കുട്ടിയുടെ പാർട്ടിയാണോ, ശ്രീ. മാണിയുടെ പാർട്ടിയാണോ എന്ന്. അതിൽ ശ്രീ. രമേശ് ചെന്നിത്തലയ്ക്ക് ഒരു അഭിപ്രായം, പ്രതിപക്ഷ നേതാവ് ശ്രീ. ഉമ്മൻ ചാണ്ടിക്ക് മറ്റൊരു അഭിപ്രായം. രണ്ടാം കക്ഷിയെ തെരഞ്ഞെടുക്കാനുള്ള തർക്കത്തിലേക്ക് നിങ്ങൾ കടക്കുകയാണ്. അപ്പുറത്ത് മധുര മനോഹര സ്വപ്നങ്ങൾ പണിത് അടുത്ത മന്ത്രിമാരാകാൻ കാത്തിരിക്കുന്ന ആളുകൾക്ക് രണ്ടാം കക്ഷിയുടെ തർക്കമൊന്ന് തീർക്കാൻപോലും കഴിയാത്ത ഗതികേടിലാണ്. കഴിഞ്ഞ ദിവസം ഗൗരിയമ്മ ഗസ്റ്റ് ഹൗസിൽ വന്ന് കാത്തിരുന്നുവെന്ന പത്രവാർത്ത ഞങ്ങൾ കണ്ടു. ഗൗരിയമ്മയ്ക്ക് വന്ന ഒരു ഗതികേട്. ഇവിടെ ശ്രീ. ഷാജു യു.ഡി.എഫ്.-നെ വല്ലാതെ ഉയർത്തി സംസാരിക്കുന്നത് കേട്ടു. ഗൗരിയമ്മയ്ക്ക് ചർച്ച ചെയ്യാൻ അവസരം കൊടുക്കാതിരുന്ന യു.ഡി.എഫ്.ന്റെ ജനാധിപത്യ ബോധമാണ് അവർ അവിടെ കാത്തിരുന്നത്. അതിന് മറുപടി നിങ്ങൾ തന്നെയാണ് പറയേണ്ടത്. ഞങ്ങളുടെ പാർട്ടിയിൽനിന്ന് പുറത്താക്കിയവരെ നിങ്ങൾ സ്വീകരിച്ചിട്ടുണ്ട്. ഇപ്പോഴും നിങ്ങൾ സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. പക്ഷേ ഇപ്പോൾ നിങ്ങളുടെ കൂടെയാണല്ലോ ഗൗരിയമ്മ. ആ ഗൗരിയമ്മ ഉന്നയിച്ച ആക്ഷേപം, കഴിഞ്ഞ തെരഞ്ഞെടുപ്പിൽ അസംബ്ലിയിലേക്ക് നിർത്തിയ അവരുടെ സ്ഥാനാർത്ഥികളെ നിങ്ങൾ തോൽപ്പിച്ചു എന്നാണ്. ഇപ്പോൾ പഞ്ചായത്ത്

LIBRARY ARCHIVES Kerala Legislative Assembly

തെരഞ്ഞെടുപ്പിൽ അവർ അത് മുൻകൂറായി പറഞ്ഞു. അതിനുശേഷവും നിങ്ങൾ കാലുവാരി. ഇത്തരം വിശ്വാസവഞ്ചകരുടെ കൂടെ എങ്ങനെ നിൽക്കാൻ കഴിയുമെന്ന ഗൗരിയമ്മയുടെ ചോദ്യത്തിന് മറുപടി പറയാൻ നിങ്ങൾക്കായിട്ടുണ്ടോ ? ഞാൻ ആ തർക്കത്തിലേക്ക് പോകുന്നില്ല. നിങ്ങളുടെ കഴിഞ്ഞകാല അനുഭവങ്ങൾ വച്ച് ഭരണത്തിൽ വന്നാൽ ചെയ്യാൻ പോകുന്ന കാര്യം പഴയ നാടകം വീണ്ടും ആവർത്തിക്കുമെന്നുള്ളത് തന്നെയാണ് സൂചിപ്പിക്കുന്നത്. നിങ്ങൾ വലിയ അഭിമാനത്തോടുകൂടി തെരഞ്ഞെടുപ്പ് നേട്ടത്തെക്കുറിച്ച് പറയുന്നില്ലേ ? എത്ര പഞ്ചായത്തുകളിൽ ബി.ജെ.പി.യും നിങ്ങളുമായി കൂട്ടുകെട്ടുണ്ട്. തൃശൂർ ജില്ലയിലെ വല്ലച്ചിറ പഞ്ചായത്തിൽ അങ്ങനെ മുന്നണിയുണ്ടാക്കി ആർ.എസ്.എസുമായി കൂട്ട് ചേർന്ന് ഭരിക്കുന്നത് നിങ്ങളാണ്. പിന്നെയും ഞാൻ ഉദാഹരണങ്ങൾ പറയാം. എന്റെ കയ്യിൽ 14 പഞ്ചായത്തുകളുടെ ലിസ്റ്റുണ്ട്. മഞ്ചേശ്വരം, പുല്ലൂർ, പെരിയ, നൂൽപ്പുഴ (വയനാട്), കണ്ണാടി, പുതുശ്ശേരി (പാലക്കാട്), വല്ലച്ചിറ (തൃശൂർ), തഴക്കര (ആലപ്പുഴ), കങ്ങഴ(കോട്ടയം), പാമ്പാടുംപാറ (ഇടുക്കി) തുടങ്ങിയ പഞ്ചായത്തുകളുടെ സ്ഥിതി എന്താണ് ?

ശ്രീ. എ. എം. ആരിഫ് : സർ, ഉടുമുണ്ട് ഒരിക്കൽ ഉരിഞ്ഞുപോകപ്പെട്ട ശ്രീ. രാജ്മോഹൻ ഉണ്ണിത്താന്റെ മുണ്ട് ഇന്നലെയും ഉരിയാൻ ശ്രമിച്ചത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ശ്രീ. എ. സി. മൊയ്തീൻ : സർ, ആ തർക്കങ്ങളൊക്കെ വീണ്ടും ആവർത്തിക്കുന്നവരാണ് നിങ്ങളെന്നുള്ള നല്ല ബോധം ഈ നാട്ടിലെ ജനങ്ങൾക്കുണ്ട്. അധികാരം കിട്ടിയാൽ ഗ്രൂപ്പ് തർക്കവും അവസരവാദ സമീപനവും സ്വീകരിക്കുകയാണ്. നിങ്ങൾ ഇവരുടെ പിന്തുണ കണ്ടാണ് അടുത്ത തെരഞ്ഞെടുപ്പിലും ജയിക്കാമെന്ന് കരുതുന്നത്. നിങ്ങളുടെ കൂടെ നീരാറാഡിയയെ പോലുള്ളവർ, അതുപോലെതന്നെ പെയ്ഡ് ന്യൂസുകാർ, പെയ്ഡ് ചാനലുകാർ, കൈവെട്ടിയ ആളുകൾ ....

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, പോയിന്റ് ഓഫ് ഓർഡർ..............

മി. ചെയർമാൻ : എന്താണ് പോയിന്റ് ഓഫ് ഓർഡർ ?

ശ്രീ. പി. സി. വിഷ്ണുനാഥ് : സർ, ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ലിസ്റ്റ് വായിച്ചപ്പോൾ ഞങ്ങൾ പ്രതിനിധാനം ചെയ്യുന്ന ആലപ്പുഴ ജില്ലയിലെ തഴക്കര പഞ്ചായത്ത് ബി.ജെ.പി. കൂട്ടുകെട്ടിലുള്ള ഒരു പഞ്ചായത്താണെന്നാണ് പറഞ്ഞത്. തഴക്കര എന്റെ തൊട്ടടുത്തുള്ള പഞ്ചായത്താണ്. കോൺഗ്രസിന് ഒറ്റയ്ക്ക് ഭൂരിപക്ഷമുള്ള പഞ്ചായത്താണ്. അവാസ്തവമായ കാര്യങ്ങൾ രേഖയിലുണ്ടാകാൻ പാടില്ല.

ശ്രീ. എ. സി. മൊയ്തീൻ : സർ, ബാക്കി പതിമൂന്നെണ്ണം അംഗീകരിച്ചല്ലോ ? തെരഞ്ഞെടുപ്പിൽ ഒരുമിച്ച് മത്സരിച്ച് നിങ്ങൾക്ക് ഒറ്റയ്ക്ക് ഭൂരിപക്ഷം കിട്ടിയ സ്ഥലങ്ങളിൽ അവർ വേണ്ടായെന്ന് തീരുമാനിച്ചതാണ്. ഈ രീതിയിൽ മുന്നണിയുണ്ടാക്കി മത്സരിക്കാനാണ് നിങ്ങൾ ഉദ്ദേശിച്ചിട്ടുള്ളതെന്ന് ഈ രാജ്യത്തിലെ ജനങ്ങൾക്കെല്ലാം അറിയാം. ആർ.എസ്.എസിന്റെ പിന്തുണയോടെ,

LIBRARY ARCHIVES Kerala Legislative Assembly

കൈ വെട്ടുന്ന ഐ.എഫ്.ടി.പി. കാരുടെ പിന്തുണയോടെ പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ മത്സരിക്കാൻ ലീഗുകാരന് ഒരു ഉളുപ്പുമില്ലല്ലോ? ആ തെരഞ്ഞെടുപ്പിലുണ്ടാക്കിയ വിജയം അഭിമാനപൂർവ്വം നിങ്ങൾ കൊണ്ടാടുകയാണ്. ആ തെരഞ്ഞെടുപ്പ് വിജയത്തിന്റെ പുറകിൽ വലിയ തോതിൽ ഒരു കാർമേഘം പതിയിരിക്കുന്നു. ഈ രാജ്യത്തെ ഏറ്റവും വലിയ അഴിമതിയായി നമ്മൾ കേട്ടത് ബോഫോഴ്സ് കേസ്സാണ്. രാജീവ് ഗാന്ധിയുടെ കാലത്തുണ്ടായിരുന്ന ബോഫോഴ്സ് കേസ്. അന്ന് നിങ്ങൾ അവസാനം ജെ.പി.സി. അന്വേഷണം നടത്തണമെന്ന ആവശ്യം അംഗീകരിച്ചു. ആ കേസ് അന്വേഷണത്തിന്റെ ടേംസ് ഓഫ് റഫറൻസിനോട് ഞങ്ങൾക്ക് വിയോജിപ്പുണ്ടെങ്കിലും ഒരുപാട് സമ്മർദ്ദങ്ങൾക്കുശേഷം അന്ന് നിങ്ങൾ ജെ.പി.സി. രൂപീകരിച്ചു. അന്നുള്ള ചെറിയ സംഖ്യയേക്കാൾ എത്രയോ വലുതാണ് ഇന്നത്തേത്. നേരത്തെ ഇവിടെ സൂചിപ്പിച്ച സംഖ്യ ഞാൻ ആവർത്തിക്കുന്നില്ല. ഇക്കാര്യത്തൽ ജെ.പി.സിയെ അഭിമുഖീകരിക്കാൻ എന്താണ് ഇത്ര ഭയം. പ്രധാനമന്ത്രി മൃദുഭാഷിയാണ്. രാജ്യം ഭരിക്കുന്ന ഒരു പ്രധാനമന്ത്രി ഈ കാര്യത്തെക്കുറിച്ച് അഭിപ്രായം പറയണ്ടേ ? എ.ഐ.സി.സി. ചേർന്നപ്പോഴാണല്ലോ ജെ.പി.സി. വേണ്ട എന്ന് പറഞ്ഞത്. എന്താണ് നിങ്ങൾക്ക് പേടി ? ഈ അന്വേഷണം അവസാനം നമ്പർ 10 ജൻപഥിലേയ്ക്കും ചെല്ലുമോ എന്നുള്ള സംശയത്തിന്റെ ഭാഗമായിട്ടാണോ ? തീർച്ചയായിട്ടും..............(ബഹളം)

മി. ചെയർമാൻ : ശ്രീ. മൊയ്തീൻ, അങ്ങ് ചുരുക്കണം............

ശ്രീ. എ. സി. മൊയ്തീൻ : സർ, ഇവിടെ എന്തെങ്കിലും അഴിമതി നടന്നിട്ടുണ്ടെങ്കിൽ അത് നിങ്ങൾ അന്വേഷിച്ചുകൊള്ളൂ. നിങ്ങൾ അന്വേഷിക്കണം. എല്ലാ കാര്യങ്ങളും നിങ്ങളുടെ കയ്യിലല്ലേ ; ഞങ്ങളുടെ കയ്യിൽ അല്ലല്ലോ ?. അതിനെക്കുറിച്ച് അന്വേഷിക്കുന്നതിനോടൊപ്പം നിങ്ങളുടെ അഴിമതികളെക്കുറിച്ചും അന്വേഷിക്കണം. രാജ്യം കണ്ട ഏറ്റവും വലിയ കൊള്ളയാണ് 1,76,000 കോടി രൂപയുടെ കൊള്ള. കോമൺവെൽത്ത് അഴിമതിയെക്കുറിച്ച് കഴിഞ്ഞ ദിവസം വാർത്ത വന്നു. കോമൺവെൽത്ത് അഴിമതി കേസ്സിൽ ജയിലിലായ രണ്ട് ഉദ്യോഗസ്ഥരെ കൊല്ലാൻ വാടകക്കൊലയാളികളെ പറഞ്ഞയച്ചിരിക്കുന്നു എന്നൊരു ആക്ഷേപം വന്നില്ലേ ?

മി. ചെയർമാൻ : ശ്രീ. എ. സി. മൊയ്തീൻ, അങ്ങ് അവസാനിപ്പിക്കണം ; ഇനി സമയമില്ല.

ശ്രീ. എ. സി. മൊയ്തീൻ : സർ, തീഹാർ ജയിലിലേയ്ക്ക് രണ്ട് വാടക കൊലയാളികളെ സെൽ മാറ്റി ഈ ഉദ്യോഗസ്ഥരെ ഇട്ടിരുന്ന സ്ഥലത്തേയ്ക്ക് കത്തികൊടുത്ത് പറഞ്ഞയച്ചു എന്നതുൾപ്പെടെയുള്ള കാര്യങ്ങളിലുള്ള നിങ്ങളുടെ അന്വേഷണം എങ്ങനെയാകും, അഴിമതിയോടുള്ള നിങ്ങളുടെ സമീപനം എന്താകുമെന്ന് ഈ രാജ്യത്തിലെ ജനങ്ങൾക്ക് നല്ലതുപോലെ അറിയാം. അഴിമതിയിൽ മുങ്ങിക്കുളിച്ച കേന്ദ്ര ഗവൺമെന്റിനെക്കുറിച്ച് ഈ രാജ്യത്തെ ജനങ്ങൾക്ക് നന്നായി അറിയാം, കേരളത്തിലെ യു.ഡി.എഫ്-നെക്കുറിച്ച് അറിയാം. അഴിമതിയിൽ മുങ്ങിക്കുളിച്ച നിങ്ങളുടെ ഭരണം ഈ രാജ്യത്ത് വരണമോ

LIBRARY ARCHIVES Kerala Legislative Assembly

വേണ്ടയോ എന്ന് ജനങ്ങൾക്ക് നല്ല ബോധ്യമുണ്ട്. കഴിഞ്ഞ കാലത്തെ പകവീട്ടലിന്റെ ഒരു ഭരണം ഇവിടെ വരരുതെന്ന് ജനങ്ങൾ ആഗ്രഹിക്കുന്നു. ഞങ്ങൾക്കുള്ള പിശകുകൾ ഞങ്ങൾ തിരുത്തും. ഞങ്ങൾക്കൊരു പിശകും പറ്റിയിട്ടില്ലെന്ന് പറയുന്നില്ല. നേരത്തെ ഇവിടെ സൂചിപ്പിച്ചല്ലോ, ഭവനനിർമ്മാണ മേഖലയിലോ മറ്റ് ഏതെങ്കിലും മേഖലയിലോ എന്തെങ്കിലും തടസ്സമുണ്ടായി ട്ടുണ്ടെങ്കിൽ ആ തടസ്സങ്ങളൊക്കെ തിരുത്തി ജനങ്ങളോട് പറയുവാനുള്ള കാര്യങ്ങൾ പറഞ്ഞുകൊണ്ട് വരാൻപോകുന്ന തെരഞ്ഞെടുപ്പിനെ നേരിടുവാൻ തന്നെയാണ് തീരുമാനിച്ചിട്ടുള്ളത്. അതിന് സഹായകരമായ നിലയിലുള്ള ഭരണനടപടികളാണ് കേരളത്തിലെ സർക്കാർ സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. ഇവിടെ അവതരിപ്പിക്കപ്പെട്ട ഉപധനാഭ്യർത്ഥനകളെ ഒരിക്കൽക്കൂടി പിന്തുണച്ചു കൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. പള്ളിപ്രം ബാലൻ: സർ, ഞാൻ ഉപധനാഭ്യർത്ഥനകളെ സർവ്വാത്മനാ പിന്താങ്ങുകയാണ്. അങ്ങനെ പിന്താങ്ങുന്നതിന് എന്നെ പ്രേരിപ്പിച്ചത് കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്തിന്റെ വികസന പ്രവർത്തനങ്ങൾക്ക് അനുകൂലമായ ഒരു സാമ്പത്തിക സാഹചര്യം സ്വീകരിച്ചു എന്നുള്ളതുകൊണ്ടു തന്നെയാണ്. എന്നുമാത്രമല്ല, സംസ്ഥാനത്ത് ഇത്രയേറെ ജനക്ഷേമകരമായ പരിപാടികൾ അവതരിപ്പിച്ച ഒരു ഗവൺമെന്റ് വിരളമാണ്. പാവപ്പെട്ട ആളുകളുടെ താല്പര്യം സംരക്ഷിക്കുന്നതിനുവേണ്ടി കൂടുതൽ നികുതി ചുമത്താതെ, ആളുകളുടെ തലയിൽ കൂടുതൽ ഭാരം അടിച്ചേൽപ്പിക്കാതെ, സംസ്ഥാനത്തിന്റെ സാമ്പത്തിക നില ഭദ്രമാക്കിക്കൊണ്ട് ഭരണം നടത്താൻ മുന്നോട്ടു വന്ന ഗവൺമെന്റുകൾ വളരെ വിരളമാണ്. അതുകൊണ്ടുതന്നെ "ഐസക്കിന്റെ മാന്ത്രികസ്പർശം സമ്പദ്ഘടന മുന്നോട്ട്" എന്നാണ് നമ്മുടെ ധനകാര്യ വകുപ്പുമന്ത്രിയെ പല പത്രങ്ങളും വിശേഷിപ്പിച്ചത്. ദേശാഭിമാനിയല്ല, കേരളകൗമുദി എഴുതിയ ഒരു വാർത്തയാണ് ഞാൻ വായിച്ചത്. ഇടതുപക്ഷത്തെ പിന്താങ്ങുന്ന പത്രങ്ങളൊന്നുമല്ല ഇങ്ങനെ എഴുതിയത്. ധാരാളം പത്രങ്ങൾ അങ്ങനെ എഴുതുന്നുണ്ട്. സത്യസന്ധമായിട്ടാണ് അങ്ങനെ എഴുതുന്നത്. കേരളത്തിൽ നടപ്പിലാക്കിയ എല്ലാ കാര്യങ്ങളെക്കുറിച്ചും ഞാൻ പറയുന്നില്ല. ഞാൻ പ്രതിനിധാനം ചെയ്യുന്ന വളരെ പിന്നോക്കം നിൽക്കുന്ന ഒരു നിയോജക മണ്ഡലമാണ് ഹോസ്ദുർഗ്ഗ്. ആ മണ്ഡലത്തിൽ ഈ ഗവൺമെന്റ് അനുവദിച്ച വികസന പ്രവർത്തനങ്ങൾ എണ്ണിയെണ്ണിപ്പറഞ്ഞാൽ ആ മണ്ഡലത്തിന്റെ ചരിത്രത്തിൽ ഇതുവരെ ഇത്രയേറെ വികസന പ്രവർത്തനങ്ങൾ അനുവദിച്ചിട്ടില്ല. കക്ഷി രാഷ്ട്രീയ പരിമിതികൾക്കപ്പുറം എല്ലാ വിഭാഗം ജനങ്ങളും അതിന്റെ ഗുണഫലങ്ങൾ അനുഭവിച്ചിട്ടുണ്ട്. ഇവിടെ ഒരുപാട് കാര്യങ്ങൾ പറഞ്ഞല്ലോ? സുനാമിയെക്കുറിച്ച് ധാരാളം ആളുകൾ പറഞ്ഞു. എന്റെ മണ്ഡലത്തിൽ സുനാമി പദ്ധതിയുമായി ബന്ധപ്പെട്ട് മൂന്ന് ഭവനനിർമ്മാണ പദ്ധതികളാണ് ആവിഷ്ക്കരിച്ചത്. അതിൽ രണ്ടെണ്ണം പൂർത്തിയാക്കി. മൂന്നാമത്തെ സ്ഥലം ഏറ്റെടുത്തതിനുശേഷം സ്ഥലമുടമ കേസ് കൊടുത്തതിന്റെ ഫലമായിട്ടാണ് ഒരെണ്ണം പൂർത്തിയാക്കാൻ കഴിയാത്തത്. ഇതിന്റെ ഭാഗമായി അതിമനോഹരമായ വീടുകൾ നിർമ്മിച്ചു കൊടുക്കുകയും ശുദ്ധജലവിതരണ പദ്ധതികൾ

LIBRARY ARCHIVES Kerala Legislative Assembly

പ്രാവർത്തികമാക്കുകയും ചെയ്തു. എല്ലാവർക്കും ശ്രീ. കെ. പി. രാജേന്ദ്രൻ വന്നിട്ടാണ് താക്കോൽ കൊടുത്തത്. അതുപോലെതന്നെ സുനാമിബാധിത പ്രദേശങ്ങളിൽ വൈദ്യുതി എത്തിക്കുന്നതിനുവേണ്ടിയുള്ള പദ്ധതികളെല്ലാം വളരെ സമഗ്രമായി, സുതാര്യമായി നടപ്പിലാക്കിയിട്ടുണ്ട്. കേസ്സുമായി ബന്ധപ്പെട്ട ഒരു ഭവനനിർമ്മാണമാണ് നടപ്പിലാക്കാതിരുന്നത്. ഇതുമാത്രമല്ല, വളരെ പിന്നോക്കം നിൽക്കുന്ന ഒരു ജില്ലയാണ് കാസർഗോഡ് ജില്ല. പ്രതിപക്ഷത്ത് ശ്രീ. സി. ടി. അഹമ്മദ് അലി ഉണ്ടല്ലോ. ശ്രീ. സി. ടി. അഹമ്മദ് അലിയുടെ മണ്ഡലത്തിലും എന്റെ നിയോജകമണ്ഡലത്തിലും ഓരോ മത്സ്യബന്ധന തുറമുഖങ്ങൾ കേന്ദ്ര സഹായത്തോടുകൂടി നിർമ്മിക്കുന്നതിന് സംസ്ഥാന ഗവൺമെന്റ് പദ്ധതി ആവിഷ്ക്കരിച്ചിട്ട് നാളിതുവരെ എന്താണ് കേന്ദ്ര ഗവൺമെന്റ് അതിന് അനുമതി കൊടുക്കാതിരുന്നത് ? ഇതുപോലെ ഒരു തവണ നിയമസഭയിൽ തന്നെ ഒരു സമരം നടക്കുകയുണ്ടായി. കാസർഗോഡ് ജില്ലയിലെ ഒഴിവുകളുമായി ബന്ധപ്പെട്ട പി.എസ്.സി. പ്രസിദ്ധീകരണം വന്നാൽ അതിൽ കാസർഗോഡ് ഭാഗത്തുനിന്നു വരുന്ന പതിപ്പുണ്ടാവില്ല. അതെല്ലാം മറ്റ് സ്ഥലങ്ങളിൽ നിന്നാണ് വരുന്നത്. അതുകൊണ്ട് അവിടത്തെ എ.ഐ.വൈ.എഫിന്റെ ആളുകൾ ഒരു തവണ നിയമസഭയിൽ സമരം നടത്തുകയുണ്ടായി. കാസർഗോഡ് ജില്ലയിലെ ആശുപത്രികളിൽ ഡോക്ടർമാരില്ലാത്തതുകൊണ്ട് അവിടത്തെ നിയമസഭാ സാമാജികൻ ശ്രീ. എം. കുമാരൻ സഭയിൽ പൊട്ടിക്കരഞ്ഞ ചരിത്രമുണ്ട്. അതിൽനിന്നും വ്യത്യസ്തമായി കാസർഗോഡ് ജില്ല വികസനത്തിന്റെ കാര്യത്തിൽ ഇപ്പോൾ മുന്നോട്ട് പോവുകയാണ്. ഞാൻ ചോദിക്കട്ടേ, ഒരു പഞ്ചായത്തിൽ മൂന്ന് ഹയർസെക്കന്ററി സ്കൂളുകൾ അനുവദിച്ചത് എന്റെ നിയോജകമണ്ഡലത്തിലെ ബലാൽ പഞ്ചായത്തിലാണ്. അത് യു.ഡി.എഫ്. ഭരിക്കുന്ന പഞ്ചായത്തും യു.ഡി.എഫിന് നല്ല ഭൂരിപക്ഷം കിട്ടുന്ന പഞ്ചായത്തുമാണ്. അവിടെയാണ് മൂന്ന് ഹൈസ്കൂളുകൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി ഹയർ സെക്കണ്ടറി അനുവദിച്ചത്. എന്നുമാത്രമല്ല, എന്റെ നിയോജകമണ്ഡലത്തിലെ വളരെ പിന്നോക്കം നിൽക്കുന്ന പ്രദേശത്തെ പാവപ്പെട്ടവന്റെ മക്കൾ പഠിക്കുന്ന രണ്ട് എൽ.പി. സ്കൂളുകൾ യു.പി. സ്കൂളുകളാക്കി. കർഷകത്തൊഴിലാളിയുടെയും മത്സ്യത്തൊഴിലാളിയുടെയും ചുമട്ടുതൊഴിലാളിയുടെയും മക്കൾ ഉന്നത വിദ്യാഭ്യാസം നേടി ശാസ്ത്രസാങ്കേതിക രംഗത്ത് അവരുടെ ശ്രദ്ധയും ബുദ്ധിയും പോകട്ടേ എന്ന് കണക്കാക്കിക്കൊണ്ടാണ് അവർ പഠിക്കുന്ന സർക്കാർ സ്കൂളുകൾ ഹയർ സെക്കണ്ടറിയും ഹൈസ്കൂളുകളും ആക്കി ഉയർത്തുന്നതിനുവേണ്ട നടപടി സ്വീകരിച്ചത്. എന്നുമാത്രമല്ല, പുതിയ കെട്ടിടം പണിയുന്നതിനുവേണ്ടി നാല് ഹയർ സെക്കണ്ടറി സ്കൂളുകൾക്ക് ഒരുകോടിയും ഒന്നരകോടിയും രൂപവീതം അനുവദിച്ച ഒരു ഗവൺമെന്റാണിത്. വിദ്യാഭ്യാസ മേഖലയിൽ എപ്പോഴും പിന്നോക്കം നിൽക്കുന്ന ജില്ലയാണ് കാസർഗോഡ് ജില്ല. ആ ജില്ലയിലെ സർക്കാർ സ്കൂളുകൾ മുഴുവൻ ഹയർ സെക്കണ്ടറിയാക്കുന്നതിനുവേണ്ടി ധീരമായ നടപടിയെടുത്ത ഒരു ഗവൺമെന്റാണ് ഇത് എന്ന കാര്യത്തിൽ എനിക്ക് അഭിമാനമുണ്ട്. എന്റെ നിയോജക മണ്ഡലത്തിൽ ഇപ്പോൾ സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി നടപ്പിലാക്കി. രണ്ടേകാൽ കോടി രൂപയുടെ

LIBRARY ARCHIVES Kerala Legislative Assembly

പദ്ധതിയാണ്. ഏഷ്യൻ ഗെയിംസിൽ സ്വർണ്ണമെഡൽ നേടിയ ഷേർളി ഉലഹന്നാൻ ഇ.എം.എസ്. ഭവനപദ്ധതിയിൽ കൊടുത്ത വീട്ടിലാണ് താമസിക്കുന്നത്. അവരുടെ പുതിയ വീട്ടിൽ വൈദ്യുതിയില്ലായെന്ന് പറഞ്ഞപ്പോൾ സമ്പൂർണ്ണ വൈദ്യുതീകരണത്തിൽ ഉൾപ്പെടുത്തിയ പ്രദേശമാണെങ്കിലും ഇലക്ട്രിസിറ്റി വകുപ്പിലെ നല്ല മിടുക്കരായ ഉദ്യോഗസ്ഥർ ഒറ്റദിവസംകൊണ്ട് പതിനെട്ട് പോസ്റ്റുകൾ സ്ഥാപിച്ച് അവരുടെ വീട്ടിൽ വൈദ്യുതി എത്തിച്ചുകൊടുത്തു. ഈ ഡിസംബർ മാസത്തോടുകൂടി എന്റെ നിയോജകമണ്ഡലം സമ്പൂർണ്ണ വൈദ്യുതീകരണത്തിനുവേണ്ടിയുള്ള നടപടി സ്വീകരിക്കുകയാണ്. അതു പോലെതന്നെ ആദിവാസികൾക്ക് ഒരേക്കർ ഭൂമിവീതം കൊടുത്ത് അവിടെ പണിത പല വീടുകളിലും ആളുകൾ താമസിക്കുകയാണ്. ഇ.എം.എസ്. ഭവന പദ്ധതിയിലൂടെ എന്റെ നിയോജകമണ്ഡലത്തിൽ നിർമ്മിച്ചുകൊണ്ടിരിക്കുന്ന വീടുകൾ അവിടെ വന്നാൽ നിങ്ങൾക്ക് കാണാമല്ലോ ? ഞാൻ ഇതൊന്നും അതിശയോക്തിയോടെ പറയുകയല്ല. ഒരുകാലത്ത് മലയപ്പുലയന്റെ വീടിനെക്കുറിച്ചും അവന്റെ സമ്പത്തിനെക്കുറിച്ചുമൊക്കെ കവിതയെഴുതിയില്ലേ ? അതുപോലെ ആ മലയപ്പുലയന്റെ മുറ്റത്ത് അതിമനോഹരമായ കൊച്ചു വീടുകൾ മനതാരിൽ ആമ്പൽകൾ പോലെ പൊങ്ങിവരികയാണ്. വലിയ പ്രതീക്ഷയോടു കൂടി ശുദ്ധജലവും, വൈദ്യുതിയും റോഡുകളുമുള്ള അതിമനോഹരമായ വീടുകളിൽ അവർ സുഖമായി കഴിയുകയാണ്. വെയിലുകൊള്ളാതെയും മഴ കൊള്ളാതെയും മഞ്ഞുകൊള്ളാതെയും മുകളിൽ ആകാശവും താഴെ ഭൂമിയും മാത്രം കൈമുതലായ കർഷകത്തൊഴിലാളികൾക്ക് അന്തിയുറങ്ങാൻ അതിമനോഹരമായ വീടുകൾ, അവന് വിശക്കുമ്പോൾ കഞ്ഞികുടിക്കാൻ രണ്ട് രൂപയുടെ അരി. ഈ കഴിഞ്ഞ ഓണം നാളിൽ സപ്ലൈകോയുടെ ഒരുപാട് ഓണച്ചന്തകൾ ഉദ്ഘാടനം ചെയ്ത ഒരാളാണ് ഞാൻ. ഒരുദിവസം രാവിലെ കാഞ്ഞങ്ങാട് ടൗണിലുള്ള ഒരു ഓണച്ചന്തയുടെ ഉദ്ഘാടനം ഒൻപത് മണിക്കാണ് നിശ്ചയിച്ചത്. ഒൻപത് മണിക്ക് തന്നെ പത്ത് എഴുന്നൂറ് അമ്മമാർ അവിടെയുണ്ടായിരുന്നു. ഞാൻ അവരോട് ചോദിച്ചു, നിങ്ങൾ എന്താണ് ഇത്ര

3.00 P.M] രാവിലെ, ഞങ്ങളൊന്ന് ഉദ്ഘാടനം ചെയ്യാൻ അങ്ങോട്ട് കടന്നു പോകട്ടേയെന്ന്. വരാന്ത മുഴുവൻ ആളുകളാണ്. അപ്പോൾ അമ്മമാർ പറയുകയാണ്, മോനേ, ഇന്നലെയാണ് 4 മാസത്തെ പെൻഷൻ ഒന്നിച്ച് കിട്ടിയത്. അതുകൊണ്ട് നേരെ അരി വാങ്ങാൻ വന്നിരിക്കുകയാണ്. ഇപ്പോൾ 300 രൂപ വീതം പെൻഷൻ, 4 മാസത്തേത് ഒന്നിച്ചുവാങ്ങി, ഓണം ആഘോഷിക്കുന്നതിനുവേണ്ടി വിലകുറച്ച് ഉൽപ്പന്നങ്ങൾ വാങ്ങി സന്തോഷകരമായി വീട്ടിൽ പോകുകയാണ് അമ്മമാർ. ......(ബഹളം)..... ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഇത് ഒരു മാസം നേരത്തേ മുൻകൂട്ടി കൊടുത്തു.

മി. ചെയർമാൻ : ശ്രീ. പള്ളിപ്രം ബാലൻ....അങ്ങയ്ക്ക് അനുവദിച്ച സമയം തീർന്നു.

ശ്രീ. പള്ളിപ്രം ബാലൻ : സർ, ഞാൻ ചോദിക്കട്ടെ, കേന്ദ്ര ഗവൺമെന്റ് എന്തെല്ലാം തരത്തിലാണ് നമ്മുടെ മന്ത്രിമാർക്ക് അവാർഡ് കൊടുക്കുന്നത്. എല്ലാ മന്ത്രിമാരെയും വിളിച്ച് അവാർഡ് കൊടുക്കുകയല്ലേ ? വികസന

LIBRARY ARCHIVES Kerala Legislative Assembly

പ്രവർത്തനങ്ങളുടെ കാര്യത്തിൽ എന്റെ മണ്ഡലത്തിലെ ജനങ്ങൾ ഇപ്പോൾ വളരെ സന്തോഷത്തിലാണ്. നാലഞ്ച് പാലം, പുതിയ മിനി സിവിൽ സ്റ്റേഷൻ, കുറേ റോഡുകൾ, വളരെയേറെ വികസനത്തിന്റെ കാര്യത്തിൽ മുന്നോട്ടുപോയി ക്കൊണ്ടിരിക്കുകയാണ്. നേരത്തെ ഇവിടെ കേന്ദ്ര സർവ്വകലാശാലയെക്കുറിച്ച് പറഞ്ഞു. കേന്ദ്ര ഗവൺമെന്റ് കേരളത്തിന് ഒരു കേന്ദ്ര സർവ്വകലാശാല അനുവദിച്ചു. ഈ ഗവൺമെന്റ് യാതൊരു അർത്ഥശങ്കയ്ക്കും ഇടയില്ലാതെ കാസർഗോഡ് ജില്ലയ്ക്ക് അത് തീരുമാനിച്ചു. അതിന്റെ പ്രവർത്തനം ആരംഭിച്ചു. സ്ഥലം വേണമെന്ന് പറഞ്ഞു. അവിടെ റവന്യൂ വകുപ്പുമന്ത്രിയും മണ്ഡലത്തിലെ എം. എൽ. എ. എന്ന രീതിയിൽ ഞാനും എം. പി. എന്ന രീതിയിൽ ശ്രീ. കരുണാകരനും കൂടി ചെന്ന് സ്ഥലം കണ്ടു. ഏറ്റവും നല്ല മനോഹരമായ സ്ഥലം. തൊട്ടടുത്ത് ശുദ്ധജലം ഒഴുകുന്ന........

മി. ചെയർമാൻ: ശ്രീ. പള്ളിപ്രം ബാലൻ, അങ്ങയ്ക്ക് അനുവദിക്കപ്പെട്ട സമയം തീർന്നു ; ചുരുക്കണം.

ശ്രീ. പള്ളിപ്രം ബാലൻ: സർ, ഒരു ഹെലിപ്പാഡ് ഉണ്ടാക്കാനുള്ള സ്ഥലം പോലും വേണമെങ്കിൽ കൊടുക്കാമെന്ന് പറഞ്ഞു. അത്രയും സൗകര്യങ്ങൾ ; നല്ല രാജവീഥിയുള്ള റോഡ്, അതുപോലെതന്നെ രണ്ടുമൂന്ന് റെയിൽവേ സ്റ്റേഷനുകൾ, 31 സബ്സ്റ്റേഷനുകൾ. ഇങ്ങനെ എല്ലാ സൗകര്യങ്ങളുമുള്ള ഒരു പ്രദേശത്ത് 600 ഏക്കറിൽപ്പരം ഭൂമിയാണ് കൊടുക്കാൻ തയ്യാറായത്. ഞങ്ങളെല്ലാം അത് ചുറ്റും നടന്ന് കണ്ടു. ഇത്തരത്തിൽ അതിവിശാലമായ മൈതാനംപോലുള്ള ഭൂമി കേന്ദ്ര സർവ്വകാലശാലയ്ക്ക് കൊടുക്കാൻ തയ്യാറായെങ്കിലും ആ ഭൂമി ഏറ്റെടുക്കുന്നില്ല ; എന്താണെന്ന് അറിയില്ല. ഒന്നുകിൽ ആ സ്ഥലം ഏറ്റെടുത്ത് അതിന്റെ പ്രവർത്തനം ആരംഭിക്കണം.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ. പി. രാജേന്ദ്രൻ): സർ, നാഷണൽ സർവ്വകലാശാലയാണ് നമുക്ക് ആദ്യം അനുവദിച്ചത്. അത് എവിടെ വേണമെന്ന് തീരുമാനിക്കാൻ മന്ത്രിസഭ ഒരു മിനിട്ടുപോലുമെടുത്തില്ല, കാസർഗോഡ് നിശ്ചയിച്ചു. കേന്ദ്ര സർക്കാർ അന്ന് ആവശ്യപ്പെട്ട പ്രകാരം രണ്ടുമൂന്ന് സ്ഥലവും ചൂണ്ടിക്കാണിച്ചുകൊടുത്തു. ഇപ്പോഴും ഒരു ഫൈനൽ തീരുമാനമായില്ല. ഇതിനുശേഷമാണ് അലിഗഡ് സർവ്വകലാശാലയുടെ പ്രൊപ്പോസൽ വന്നത്. ഇന്ന് അലിഗഡ് സർവ്വകലാശാലയുടെ മുഴുവൻ ഭൂമിയും ഏറ്റെടുത്തതിന്റെ രേഖകൾ, അതിന്റെ എല്ലാ ഡോക്യുമെന്റ്സും പ്രതിപക്ഷ നേതാവിന്റെ കൂടി സാന്നിധ്യത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി അലിഗഡ് സർവ്വകലാശാലയുടെ വൈസ്ചാൻസലറെ ഏൽപ്പിക്കുകയും ഇൻഡ്യയിൽ ആദ്യമായിട്ടാണ് ഒരു സ്റ്റേറ്റിൽ ഇത്രയും വേഗത്തിൽ ഭൂമി നൽകിയ തെന്ന് വൈസ്ചാൻസലർ പറയുകയും ചെയ്തു. നാഷണൽ സർവ്വകലാശാല യുടെ കാര്യത്തിൽ കാസർഗോഡിലെ ജനപ്രതിനിധികളെല്ലാവരും കൂടി ഒന്നുകൂടി ഉത്സാഹിച്ച് പ്രവർത്തിക്കണം. നമ്മുടെ സ്ഥലം മറ്റൊന്നിനും ഉപയോഗിക്കാൻ പറ്റാതെ, ഈ തീരുമാനത്തിന് കാത്ത് കിടക്കുകയാണെന്നുള്ള കാര്യം സ്ഥലത്തെ എം. എൽ. എ. എന്നുള്ള നിലയിൽ ഞാൻ ശ്രീ. പള്ളിപ്രം ബാലന്റെ ശ്രദ്ധയിൽപ്പെടുത്തുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പള്ളിപ്രം ബാലൻ : സർ, ഞാൻ ഈ കാര്യം എല്ലാ രാഷ്ട്രീയ പാർട്ടികളുടെയും ജനപ്രതിനിധികളുടെയും ശ്രദ്ധയിൽപ്പെടുത്തിയതാണ്. ഞങ്ങളുടെ ഏറ്റവും അടുത്ത സുഹൃത്തുക്കളാണ് കോൺഗ്രസ്സ് സുഹൃത്തുക്കൾ. അവരോടും പറഞ്ഞു. മുസ്ലീംലീഗിന്റെ സുഹൃത്തുക്കൾ എന്റെ ഏറ്റവും അടുത്ത സുഹൃത്തുക്കളാണ്; അവരോടും പറഞ്ഞു. ഏതെങ്കിലും വിധത്തിൽ ഈ സ്ഥലം ഏറ്റെടുക്കുന്നതിനുവേണ്ടിയുള്ള നടപടി പൂർത്തിയാക്കണം. ബഹുമാനപ്പെട്ട.............

മി. ചെയർമാൻ : ശ്രീ. പള്ളിപ്രം ബാലൻ, ഈ പോയിന്റുംകൂടി പറഞ്ഞ് അവസാനിപ്പിക്കണം.

ശ്രീ. പള്ളിപ്രം ബാലൻ : സർ, ഹോസ്ദുർഗ്ഗ് നിയോജക മണ്ഡലത്തിൽ റവന്യൂ വകുപ്പ് കൊടുത്ത സ്ഥലം ഏറ്റെടുക്കുന്നതിനുവേണ്ടി കേന്ദ്രത്തോട് ശുപാർശ ചെയ്യണമെന്ന് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിനോടും കൂടി ഞാൻ അഭ്യർത്ഥിക്കുകയാണ്.

മി. ചെയർമാൻ : അങ്ങേക്ക് അനുവദിച്ച സമയം കഴിഞ്ഞു, അവസാനിപ്പിക്കണം.

ശ്രീ. പള്ളിപ്രം ബാലൻ : സർ, ഈ രീതിയിലെല്ലാം കേരളത്തിന്റെ വികസനത്തിന് മുൻഗണന നൽകിക്കൊണ്ട് പ്രവർത്തിക്കുന്ന ഗവൺമെന്റിനുവേണ്ടി അവതരിപ്പിച്ച ഉപധനാഭ്യർത്ഥനകളെ ഒരിക്കൽക്കൂടി ഞാൻ പിന്തുണയ്ക്കുന്നു.

ശ്രീ. കെ. കുഞ്ഞിരാമൻ : സർ, ഞാൻ സപ്ലിമെന്ററി ഡിമാന്റ്സിനെ സഹർഷം സ്വാഗതം ചെയ്യുന്നു. പ്രതിപക്ഷം കണ്ണടച്ച് ഇരുട്ടാക്കാൻ ശ്രമിക്കുകയാണ്. ഉറങ്ങുന്നവരെ വിളിച്ചുണർത്താം, പക്ഷേ ഉറക്കം നടിക്കുന്നവരെ വിളിച്ചുണർത്താൻ പറ്റുമോ ? എന്തും ചെയ്യാൻവേണ്ടി പ്രതിപക്ഷം ഇപ്പോൾ ഒരുങ്ങിയിരിക്കുകയാണ്. എന്തു കള്ളത്തരങ്ങളും ബോധപൂർവ്വം കെട്ടിച്ചമച്ച് പ്രചരിപ്പിക്കുക എന്നുള്ളതാണ് യു. ഡി. എഫ്-ന്റെ, പ്രതിപക്ഷത്തിന്റെ മിനിമം പരിപാടി. അത് അവരുടെ ഒരു കർമ്മപരിപാടിയായിട്ട് അംഗീകരിച്ചിരിക്കുകയാണ്. അത് നിയമസഭയിലായാലും തരക്കേടില്ല, പുറത്തായാലും തരക്കേടില്ല. പ്രതിപക്ഷനേതാക്കൾ, അതുപോലെതന്നെ അവരെ അനുകൂലിക്കുന്ന മാധ്യമങ്ങൾ, ജാതി-മത ശക്തികൾ ഇവരെല്ലാം ഒറ്റക്കെട്ടായി ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ നേട്ടങ്ങളെ തമസ്ക്കരിക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. യു. ഡി. എഫ്. ഒരു തീരുമാനമെടുത്തിട്ടുണ്ട്, ഗവൺമെന്റിന്റെ ഒരു നല്ല കാര്യവും സ്പർശിക്കാൻ പാടില്ല. ഒന്നും ചെയ്തില്ല, ഒന്നും ചെയ്തില്ല, ഇത് ആവർത്തിച്ചുകൊണ്ടേ ഇരിക്കണം. അതാണ് നിയമസഭയിൽ കാണാൻ കഴിയുന്നത്. ഇത് അവരുടെ ഒരു പരിപാടിയാണ്, അവരുടെ തീരുമാനമാണ്. ഇത് അവരുടെ നയമായി അംഗീകരിച്ചിരിക്കുകയാണ്. ഇവിടെ 55 മാസക്കാലത്തെ ഇടതുപക്ഷ ജനാധിപത്യ മുന്നണിഗവൺമെന്റിന്റെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ടുകൊണ്ട് എത്രയെത്ര അവാർഡുകളാണ് ഗവൺമെന്റിന് ലഭിച്ചിരിക്കുന്നത്. എനിക്കുമുമ്പ് സംസാരിച്ച പല സഖാക്കളും അത് ഇവിടെ

LIBRARY ARCHIVES Kerala Legislative Assembly

സൂചിപ്പിച്ചു. ഇപ്പോൾ ഇൻഡ്യയിൽ ഏറ്റവും മികച്ച പൊതുവിതരണ സമ്പ്രദായത്തിന് ഇൻഡ്യാ ടുഡേ ഏർപ്പെടുത്തിയ പുരസ്ക്കാരം ഉപരാഷ്ട്രപതിയിൽ നിന്നും ഈ അടുത്ത ദിവസമാണ് നമ്മുടെ മുഖ്യമന്ത്രി ഏറ്റുവാങ്ങിയത്. അതുപോലെ ക്രമസമാധാനത്തിന് ഏറ്റവും നല്ല സംസ്ഥാനത്തിനുള്ള പുരസ്ക്കാരം ലഭിച്ചത് കഴിഞ്ഞ വർഷമാണ്. ശ്രീ. പ്രണബ് കുമാർ മുഖർജിയാണ് ശ്രീ. കോടിയേരി മിനിസ്റ്റർക്ക് അത് നൽകിയത്. കമ്മ്യൂണിറ്റി പോലീസിംഗ് ഇൻഡ്യയ്ക്കാകെ മാതൃകയാണെന്ന് ചൂണ്ടിക്കാണിച്ചുകൊണ്ട് സംസ്ഥാന സർക്കാരിനെ ആഗോള കമ്മ്യൂണിറ്റി പോലീസ് സമ്മേളനത്തിൽവച്ച് കേന്ദ്രമന്ത്രി ശ്രീ. ചിദംബരം പ്രശംസിച്ചത് 2010 നവംബർ 4-നാണ്. ഏഷ്യയിലെ ഏറ്റവും മികച്ച പോലീസ് സ്റ്റേഷൻ കേരളത്തിലെ പാലക്കാട് സൗത്ത് പോലീസ് സ്റ്റേഷനാണ്. ഇന്റർനാഷണൽ പോലീസ് ചീഫ് അസോസിയേഷൻ നൽകുന്ന കമ്മ്യൂണിറ്റി പോലീസിംഗിനുള്ള അന്താരാഷ്ട്ര അവാർഡും കൈപ്പറ്റിയത് കൊച്ചിയിലെ സിറ്റി പോലീസാണ്. കേരളത്തിൽ ക്രമസമാധാന നില ഭദ്രമെന്ന് കേന്ദ്ര ആഭ്യന്തര സെക്രട്ടറി ജി. കെ. പിള്ള കേരളത്തിൽവന്ന് പറഞ്ഞത് കഴിഞ്ഞ സെപ്തംബർ മാസം 6-ാം തീയതിയാണ്. 'കേരളത്തിലെ പൊതുവിതരണ സംവിധാനം പ്രശംസനീയം' എന്ന് സുപ്രീംകോടതി ഒക്ടോബർ 19-നാണ് പറഞ്ഞത്. 'അധികാരവികേന്ദ്രീകരണം പ്രാവർത്തികമാക്കുന്ന കാര്യത്തിൽ ഏറ്റവും നല്ല മാതൃക കാട്ടിയത് കേരളമാണ്, മറ്റ് സ്റ്റേറ്റുകൾ ഇത് മാതൃകയാക്കണം' ; കേന്ദ്രമാണ് ഇത് പറഞ്ഞത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തന മികവിന് കേന്ദ്രം നൽകിയ പുരസ്ക്കാരം ലഭിച്ചത് കേരളത്തിനാണ്. ബഹുമാനപ്പെട്ട പാലോളി മുഹമ്മദ് കുട്ടിയാണ് അത് ഏറ്റുവാങ്ങിയത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ 50 ശതമാനം സ്ത്രീ സംവരണം ഇൻഡ്യയിൽ കേരളത്തിലാണ് ആദ്യമായിട്ട് നടപ്പിലാക്കിയത്. അതും ഈ ഗവൺമെന്റിനുള്ള ഒരു അംഗീകാരമാണ്. ഇവിടെ സൂചിപ്പിച്ചു, നിരവധി നിരവധി അന്താരാഷ്ട്ര ദേശീയ പുരസ്ക്കാരങ്ങൾ നമ്മുടെ പോലീസ് വകുപ്പുമന്ത്രി ടൂറിസം വികസനപ്രവർത്തനം നടത്തിയതിന് ഏറ്റുവാങ്ങിയിരിക്കുകയാണ്. ഈ രീതിയിലുള്ള ഒരുപാടൊരുപാട് അവാർഡുകൾ, നേട്ടങ്ങൾ എല്ലാ മന്ത്രിമാരുടെ വകുപ്പിലും ലഭിച്ചിട്ടുണ്ട്. സമയക്കുറവുകൊണ്ട് അത്തരം വിശദാംശങ്ങളിലേയ്ക്ക് ഞാൻ കടക്കാൻ ആഗ്രഹിക്കുന്നില്ല. തൊഴിലുറപ്പ് പദ്ധതിയുടെ കാര്യം ഇവിടെ പറഞ്ഞു. ഇൻഡ്യാ രാജ്യത്ത് ഏറ്റവും സുതാര്യമായിട്ട് തൊഴിലുറപ്പ് പദ്ധതി നടപ്പിലാക്കിയിട്ടുള്ള സംസ്ഥാനം കേരളമാണ്. വനം വകുപ്പ്, കൃഷി വകുപ്പ്, ജലവിഭവ വകുപ്പ് ഇവയെല്ലാമായി സംയോജിച്ചുകൊണ്ട് ഏറ്റവും സുതാര്യമായി അഴിമതിരഹിതമായി ഇടനിലക്കാരെ ഒഴിവാക്കിക്കൊണ്ട് കേരളത്തിൽ അത് വിജയപ്രദമായി നടപ്പിലാക്കി. ഞാൻ ഒറീസ്സയിലേക്കോ ബീഹാറിലേയ്ക്കോ ഒന്നും കടക്കുന്നില്ല. അവിടെയെല്ലാം കൊടുത്തിട്ടുള്ള കാശിന്റെ കാര്യം നമുക്കറിയാം. 700 കോടി രൂപ ഒറീസ്സയിൽ കൊടുത്തതിൽ 500 കോടി രൂപ കാണാനില്ല. ഇതാണ് മറ്റ് സംസ്ഥാനങ്ങളിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന തൊഴിലുറപ്പ് പദ്ധതിയുടെ സ്ഥിതി. അപ്പോൾ ഏറ്റവും നല്ല രീതിയിൽ തൊഴിലുറപ്പ് പദ്ധതി നടപ്പിലാക്കി എന്നുള്ള ക്രെഡിറ്റും നമുക്കാണ്. വിദ്യാഭ്യാസ മേഖലയിൽ എസ്.എസ്.എ. യുടെ പ്രവർത്തനവും

LIBRARY ARCHIVES Kerala Legislative Assembly

അതുപോലെതന്നെ കമ്പ്യൂട്ടർവൽക്കരണവും എടുത്തുപറയത്തക്ക കാര്യങ്ങളാണ്. ഇതുപോലെയുള്ള ഒരുപാട് പരിപാടികൾ ആരോഗ്യ വകുപ്പിലും ഊർജ്ജവകുപ്പിലും പ്രാവർത്തികമാക്കി. സമ്പൂർണ്ണ വൈദ്യുതീകരണ ജില്ലയുടെ കാര്യം നേരത്തെ സൂചിപ്പിച്ചു. ഇങ്ങനെ ഒരുപാടൊരുപാട് അവാർഡുകൾ കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് സ്വീകരിക്കുമ്പോൾ, ഏറ്റുവാങ്ങുമ്പോൾ കോൺഗ്രസ് എന്താണ് ചെയ്യുന്നത് ? ഇതിനെക്കുറിച്ചെല്ലാം തന്നെ കേരളത്തിലെ കോൺഗ്രസ്സ് നേതാക്കന്മാർ കേന്ദ്രത്തിൽ പോയി പറയുകയാണ്, അയ്യോ നിങ്ങൾ ഇത് ചെയ്യരുത്, ഈ അവാർഡുകൾ നിങ്ങൾ കൊടുക്കരുത്, ഞങ്ങളുടെ കഞ്ഞികുടി മുട്ടിപ്പോകും. അതുകൊണ്ട് ഇനിമേലിൽ ഒരു അവാർഡും കേരളത്തിന് കൊടുക്കാൻ പാടില്ല.

[അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ]

കേരളത്തിന് കൊടുക്കുന്ന സാമ്പത്തിക സഹായം തന്നെ നിർത്തലാക്കണം, ഒഴിവാക്കണം എന്ന്. ഇതിന്റെ ഫലമായിട്ടാണ് കേന്ദ്രം കേരളത്തിലെ ജനങ്ങളോടു കാണിക്കുന്ന അങ്ങേയറ്റത്തെ അവഗണനയും അതുപോലുള്ള കാര്യങ്ങളും. അതുകൊണ്ട് ഇത്തരം കാര്യങ്ങളെ സംബന്ധിച്ച് ഗൗരവപൂർവ്വം കോൺഗ്രസ്സ് ആലോചിക്കണം എന്നാണ് പറയാനുള്ളത്. സർക്കാരിന്റെ സുതാര്യവും അഴിമതിരഹിതവും വികസനോന്മുഖവുമായ പ്രവർത്തനങ്ങൾ നടത്തുന്നതിനു വേണ്ടി നമ്മുടെ ധനകാര്യ മന്ത്രി ആവശ്യപ്പെടുന്ന ഈ പണം അനുവദിച്ചു കൊടുക്കണം, പൂർണ്ണമായും അനുവദിച്ചുകൊടുക്കണം എന്നാണ് എന്റെ അഭിപ്രായം. ഇവിടെ എൽ.ഡി.എഫ്. സർക്കാർ ഈ രീതിയിലുള്ള അവാർഡുകളെല്ലാം തന്നെ വാങ്ങിക്കൂട്ടുമ്പോൾ നമ്മുടെ കേന്ദ്ര ഗവൺമെന്റും നിരവധി നിരവധി അവാർഡുകൾ വാങ്ങിക്കുന്നുണ്ട്. അതാണ് 2ജി സ്പെക്ട്രം സംഭവവുമായി ബന്ധപ്പെട്ട 1,76,000 കോടി രൂപയുടെ അഴിമതി. അതുപോലെതന്നെ കോമൺ വെൽത്ത് കായികമേളയിലെ അഴിമതി എത്രയാണ് ? 70,000 കോടി രൂപ. അതുപോലെ ഖനി മാഫിയകളുടെ വൻകൊള്ളകൾ, ടെലികോം അഴിമതികൾ. മുൻപും ഒരുപാട് അഴിമതികൾ നടത്തിയിട്ടുള്ള പാരമ്പര്യം കോൺഗ്രസ്സിനും കോൺഗ്രസ്സിന്റെ ഗവൺമെന്റിനുമുണ്ട്. മുന്ദ്രാ കുംഭകോണം, തെഹൽക്ക, പഞ്ചസാര കുംഭകോണം, ബൊഫോഴ്സ് അഴിമതി. ക്വത്റോച്ചിയെ കുറിച്ച് നമുക്ക് അറിയാമല്ലോ ? സോണിയാ ഗാന്ധിയുടെ ഇഷ്ടതോഴനാണല്ലോ ; ആ ക്വത്റോച്ചി മുഖാന്തിരം നടത്തിയിട്ടുള്ള കോടിക്കണക്കിന് രൂപയുടെ അഴിമതികൾ. അതുപോലെ ശവപ്പെട്ടി കുംഭകോണമുണ്ട്. യദ്യൂരപ്പയുടെ ബി.ജെ.പി.യും ഒട്ടും പുറകോട്ടല്ല. ബി.ജെ.പി.യുടെ യദ്യൂരപ്പ കർണ്ണാടകത്തിൽ നടത്തിക്കൊണ്ടിരിക്കുന്ന കോടിക്കണക്കിന് രൂപയുടെ കൊള്ളകൾ ഇതെല്ലാം പുറത്തു വന്നിട്ടുണ്ട്. ഈ രീതിയിലുള്ള വൻപിച്ച അഴിമതികളെക്കുറിച്ചെല്ലാം തന്നെ സി.പി.ഐ.(എം)-ന്റെ സെൻട്രൽ കമ്മിറ്റി പറഞ്ഞിട്ടുള്ളതാണ്. സ്പെക്ട്രം അഴിമതിയെക്കുറിച്ച് രണ്ട് വർഷം മുൻപ് തന്നെ കേന്ദ്ര ഗവൺമെന്റിന് സൂചന കൊടുത്തതാണ്, മുന്നറിയിപ്പ് കൊടുത്തതാണ്. അനങ്ങിയോ ; അനങ്ങിയില്ല. ഇതു സംബന്ധിച്ച് നമ്മുടെ പ്രധാനമന്ത്രി ഇതെല്ലാം തന്നെ മൂടി വയ്ക്കുകയാണ് ചെയ്തത്. രണ്ട് കൊല്ലത്തിനുശേഷം

LIBRARY ARCHIVES Kerala Legislative Assembly

സി.എ.ജി.യുടെ റിപ്പോർട്ടും കാര്യങ്ങളുമൊക്കെ വന്നപ്പോഴാണ് ഈ കാര്യം ഇപ്പോൾ വീണ്ടും ചർച്ചാവിഷയമായത്. ഞാൻ അതിന്റെ വിശദാംശങ്ങളിലേയ്ക്ക് കടക്കുന്നില്ല. ഇപ്പോൾ സി.എ.ജി. പുതിയ ചില കണ്ടെത്തലുകൾ നടത്തിയിരിക്കുകയാണ്. ഇന്നത്തെ പേപ്പറിലുണ്ട്; പുതിയ ചില കണ്ടെത്തലുകൾ. അതിൽ അദ്ദേഹം പറയുന്നത്, ടെലികോം മന്ത്രാലയത്തിന് ഈ അഴിമതി സംബന്ധിച്ച് വിശദമായി പരിശോധിക്കുന്നതിന് ആവശ്യമായ സമയം കൊടുത്തിട്ടുണ്ട്, പക്ഷേ അതൊന്നും തന്നെ അവർ ഉപയോഗപ്പെടുത്തിയിട്ടില്ല. ഞങ്ങൾ ഞങ്ങളുടെ അന്വേഷണം, അത് അന്താരാഷ്ട്ര നിലവാരമുള്ള അന്വേഷണമാണ് ഞങ്ങൾ നടത്തിയത്. 3 തരത്തിലുള്ള അന്വേഷണമാണ് ഞങ്ങൾ നടത്തിയത്. അതിൽ ഒന്നാമത്തെ രീതിയിലുള്ള അന്വേഷണത്തിൽ 56,000 കോടി രൂപയുടെ അഴിമതിയാണ് കണ്ടെത്തിയത്. രണ്ടാമത്തെ അന്വേഷണത്തിൽ 69,000 കോടി രൂപയുടെ അഴിമതിയും. മൂന്നാമത്തെ അന്വേഷണത്തിലാണ് ഞങ്ങൾക്ക് 1,76,000 കോടി രൂപയുടെ അഴിമതി കണ്ടെത്താൻവേണ്ടി കഴിഞ്ഞത്. എന്നിട്ട് പറയുന്നത് ഇതിനേക്കാൾ കൂടുതൽ അഴിമതി ഈ കാര്യത്തിൽ നടത്തിയിട്ടുണ്ടോ എന്നുള്ള കാര്യം കൂടി അന്വേഷിക്കേണ്ടതായിട്ടുണ്ട്. അപ്പോൾ സി.എ.ജി.ക്ക് വീണ്ടും സംശയമുണ്ട്, ഇത്രയുമല്ല ഇതിനേക്കാൾ കൂടുതൽ അഴിമതി നടന്നിരിക്കാൻ സാധ്യതയുണ്ട് എന്നാണ് അത് സംബന്ധിച്ച് സി. ആന്റ് എ.ജി. പറയുന്നത്. ഇത് സംബന്ധിച്ച് ജോയിന്റ് പാർലമെന്ററി കമ്മിറ്റിയുടെ മുമ്പാകെ പോകാൻ തയ്യാറാകുന്നില്ല. എന്താണ് തയ്യാറാകാത്തത്? പി.എ.സി.യുടെ മുൻപിൽ പോകാമെങ്കിൽ ജോയിന്റ് പാർലമെന്ററി കമ്മിറ്റിയുടെ മുൻപിൽ പൊയ്ക്കൂടേ. അപ്പോൾ എന്തോ കനമുണ്ട്, മടിയിൽ കനമുള്ളവന് മാത്രമല്ലേ പേടിക്കേണ്ടതുള്ളു? അപ്പോൾ പ്രധാനമന്ത്രിക്കായാലും സോണിയാ ഗാന്ധിക്കായാലും കോൺഗ്രസ്സിനായാലും ഇക്കാര്യത്തിൽ പേടിയുണ്ട് എന്നാണ് അത് സംബന്ധിച്ച് മനസ്സിലാക്കുന്നത്. ഇപ്പോൾ ഈ അഴിമതിയെക്കുറിച്ച് പറയുന്ന അവസരത്തിൽ കോൺഗ്രസ്സ് പറയുന്നത് ആദ്യം യദ്യൂരപ്പയുടെ അഴിമതിയെക്കുറിച്ച് അന്വേഷിക്കട്ടെ, എന്നിട്ടാവാം ഞങ്ങളെക്കുറിച്ച് എന്നാണ്. ഇത് കുഞ്ചൻ നമ്പ്യാരുടെ ഒരു കവിതയിൽ 'തള്ളക്കിട്ടൊരു തല്ലുവരുമ്പോൾ പിള്ളയെടുത്ത് തടുത്തീടുന്നു' എന്നു പറഞ്ഞതുപോലെ കോൺഗ്രസ്സിന് എതിരായിട്ട് അഴിമതികൾ വളരെ ശക്തമായിട്ട് ഉയർന്നുവരുമ്പോൾ അതിനെ തടുക്കുന്നതിനുവേണ്ടി യദ്യൂരപ്പ അഴിമതി നടത്തിയിട്ടില്ലേ, പിന്നെ ഇവിടത്തെ ചില കോൺഗ്രസ്സുകാരും പത്രക്കാരും ലാവ്‌ലിൻ, ലാവ്‌ലിൻ. ഇതാണ് അവസ്ഥ. ലാവ്‌ലിൻ, ലാവ്‌ലിൻ എന്ന് പറഞ്ഞു പറഞ്ഞ് നാവ് കുഴഞ്ഞിരിക്കുകയാണ്, നാവിന് തന്നെ തകരാറ് വന്നിരിക്കുകയാണ്. എത്ര വർഷമായി ഇത് പറയുന്നു? എന്താ തെളിയിക്കാത്തത്? ആരെങ്കിലും തടസ്സമുണ്ടോ? എന്താ തെളിയിക്കാത്തത്? അപ്പോൾ ഇതെല്ലാം ഒരു പുകമറയാണ്. തങ്ങളുടെ ലക്ഷക്കണക്കിന് കോടി രൂപയുടെ അഴിമതികൾ....

സഹകരണവും കയറും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, ഇന്ത്യയുടെ പരമോന്നത കോൺസ്റ്റിറ്റ്യൂഷൻ അതോറിറ്റിയിൽ ഒന്നായിട്ടുള്ള അറ്റോർണി ജനറൽ ഈ ഗവർണ്ണർക്കുവേണ്ടിയും സി.ബി.ഐ.ക്ക് വേണ്ടിയും വാദിക്കാൻ ഞങ്ങളെ കിട്ടുകയില്ല എന്ന് സുപ്രീം കോടതിയിൽ പറഞ്ഞ് സുപ്രീം കോടതി നിർബന്ധിച്ചതിനുശേഷവും ഉറച്ചു നിന്ന് ഒഴിവാക്കിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. കുഞ്ഞിരാമൻ : സർ, ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് അടുത്ത ദിവസങ്ങളിൽ പത്രങ്ങളിൽ വന്നിട്ടുള്ള കാര്യങ്ങളാണ്. എന്തുകൊണ്ടാണ് അങ്ങനെ ഹാജരാവാൻ കഴിയാത്തത് എന്നുള്ള കാര്യം ഗൗരവമായി പരിശോധിക്കണം. അത്രയും മോശമായിട്ടുള്ളതായിരിക്കും ചിലപ്പോൾ. വാദിക്കാൻ കൊള്ളാത്ത, അല്ലെങ്കിൽ പോയാൽ നാണക്കേടാകും, വിഷമമാകും എന്ന് മനസ്സിലാക്കിക്കൊണ്ടായിരിക്കും അവർ വാദിക്കാൻ തയ്യാറാകാത്തത്. അതുപോലെതന്നെ സ്പെക്ട്രം അഴിമതിയേക്കാൾ വലിയ ഒരു അഴിമതി വരാനിരിക്കുന്നു എന്നാണ് ഇന്നത്തെ പേപ്പറിൽ വന്നിട്ടുള്ള വേറൊരു റിപ്പോർട്ട്. അത് ആണവ കരാറുമായി ബന്ധപ്പെട്ടുകൊണ്ടുള്ളതാണ്. തൃശ്ശൂരിൽ ഒരു അഖിലേന്ത്യാ ജനകീയ ശാസ്ത്ര കോൺഗ്രസ് നടക്കുന്നുണ്ട്. അത് ഉദ്ഘാടനം ചെയ്തുകൊണ്ട് ആണവോർജ്ജ റെഗുലേറ്ററി കമ്മിറ്റിയുടെ മുൻ ചെയർമാനായ ഡോ. എ. ഗോപാലകൃഷ്ണൻ പറഞ്ഞത് അമേരിക്കയുമായി ഉണ്ടാക്കിയിട്ടുള്ള ആണവക്കരാറിൽ ഇതിനേക്കാൾ വലിയ അഴിമതി നടന്നിട്ടുണ്ട് എന്നാണ്. ആ അഴിമതിയുടെ കാര്യങ്ങൾ ഇപ്പോൾ വെളിച്ചത്ത് വരാൻ പോകുകയാണ്. മാത്രമല്ല, ഈ ആണവ കരാർ സംബന്ധിച്ച്, അതിലെ അഴിമതി സംബന്ധിച്ച് അതിന്റെ പൂർണ്ണമായിട്ടുള്ള ഉത്തരവാദിത്വം ഇന്ത്യൻ പ്രധാനമന്ത്രിക്കാണ് എന്നുകൂടി അദ്ദേഹം പറഞ്ഞു വച്ചിട്ടുണ്ട്. എന്തെല്ലാമാണ് നമ്മുടെ പ്രധാനമന്ത്രിയെക്കുറിച്ച് നമ്മുടെ കോൺഗ്രസ്സിന്റെ നേതാക്കന്മാർ, പ്രവർത്തകന്മാർ പറഞ്ഞ് നടക്കുന്നത് ? ഇല്ലേ ? അപ്പോൾ ഈ അഴിമതിക്ക് xxxxxxxxxxxxxxxxx മനസ്സിലായില്ലേ ? xxxxxxxxxxxxxx നിങ്ങളിതൊക്കെ പറയും. പക്ഷേ xxxxxxxxxxxx നമ്മുടെ രാജ്യത്തിന്റെ പ്രധാനമന്ത്രിയെന്ന് പറയേണ്ടി വന്നതിൽ അങ്ങേയറ്റം ദുഃഖമുണ്ട്, വേദനയുണ്ട്. നാണക്കേടാണ്, നൂറ്-നൂറ്റിയിരുപത് കോടി ജനങ്ങളുടെ ഈ രാജ്യത്തിന്റെ പ്രധാനമന്ത്രി ലക്ഷക്കണക്കിന് രൂപ കൊള്ളയടിക്കാൻ xxxxxxxxx കൂട്ടുനിൽക്കുന്ന ആളാണ് എന്ന് പറയേണ്ടി വന്നതിൽ അങ്ങേയറ്റം ഖേദമുണ്ട്. ഭരണം നിലനിർത്താൻ വേണ്ടി എന്തും ചെയ്യുന്നവരാണ് കോൺഗ്രസ്. ഇപ്പോൾ.......

മി. ഡെപ്യൂട്ടി സ്പീക്കർ : പ്ലീസ്.......പ്ലീസ്....ശ്രീ. കുഞ്ഞിരാമൻ.........

ശ്രീ. കെ. സി. ജോസഫ് : സർ, പോയിന്റ് ഓഫ് ഓർഡർ. ഇന്ത്യൻ പ്രധാനമന്ത്രിയെപ്പറ്റി ഈ സഭയിൽ യാതൊരു അടിസ്ഥാനവുമില്ലാതെ ബഹുമാനപ്പെട്ട കുഞ്ഞിരാമൻ പ്രധാനമന്ത്രി xxxxxxxx എന്ന ആ ആക്ഷേപം ഉന്നയിച്ചത് സഭാ രേഖയിൽ നിന്ന് നീക്കം ചെയ്യണം. അത് ഒരിക്കലും ന്യായീകരിക്കാൻ കഴിയാത്ത പരാമർശമാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ : ദുരുദ്ദേശപരമായ പ്രയോഗം പാടില്ല......അത് പാടില്ല...

ശ്രീ. കെ. കുഞ്ഞിരാമൻ : അതെന്താ സർ....ആ പ്രയോഗമെന്താ, ശരിയായ പ്രയോഗമല്ലേ ? പിന്നെ എന്ത് പറയണം ?

മി. ഡെപ്യൂട്ടി സ്പീക്കർ : ദുരുദ്ദേശപരമായ പ്രയോഗം രേഖയിൽ ഉണ്ടാറില്ല.

---

xxxx സഭാദ്ധ്യക്ഷന്റെ ഉത്തരവിൻപ്രകാരം നീക്കം ചെയ്തു

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. കുഞ്ഞിരാമൻ : സർ, സുപ്രീം കോടതി തന്നെ ചോദിച്ചിരിക്കുകയാണ്, പ്രധാനമന്ത്രി എന്താ ഉറക്കത്തിലായിരുന്നോയെന്ന് ?

മി. ഡെപ്യൂട്ടി സ്പീക്കർ : പ്രാസംഗികമായി പറയാം, പ്രസംഗത്തിൽ പറയാമെന്നല്ലാതെ അതിൽ തെറ്റിദ്ധാരണ വരുത്തരുത്.

ശ്രീ. കെ. കുഞ്ഞിരാമൻ : സർ, സുപ്രീം കോടതി തന്നെ ചോദിച്ചിരിക്കുകയാണ്. നല്ല പ്രയോഗമാണ്, നല്ല നാടൻ പ്രയോഗമാണ്, കേരളത്തിലെ നാടൻ പ്രയോഗമാണ്. ഭരണം നിലനിർത്താൻ എന്തും ചെയ്യും എന്നുള്ളതിന്റെ ഉദാഹരണമാണ് കേന്ദ്ര ആഭ്യന്തര മന്ത്രി ബംഗാൾ ഗവൺമെന്റിന് അയച്ച കത്ത്. എന്തിനാണ് കത്തയച്ചത് ? ഈ അഴിമതി നടത്തിയിട്ടുള്ള രാജയെ സംരക്ഷിക്കാൻ വേണ്ടി രണ്ട് വർഷക്കാലം നമ്മുടെ പ്രധാനമന്ത്രി എല്ലാം മൂടി വച്ചു.

മി. ഡെപ്യൂട്ടി സ്പീക്കർ : യെസ്.....യെസ്.....അങ്ങ് അവസാനിപ്പിക്കൂ.....

ശ്രീ. കെ. കുഞ്ഞിരാമൻ : സർ, അവരുടെ സംരക്ഷണം വേണം, അവരുടെ സഹായം വേണം, അവർ സഹായിച്ചില്ലെങ്കിലോ ഭരണം പോകും. അതുകൊണ്ട് രാജയെ സംരക്ഷിച്ചു, ഡി.എം.കെ.യെ സംരക്ഷിച്ചു. അതുപോലെ നമ്മുടെ മമതാ ബാനർജി ; 'അവളെപ്പേടിച്ചാരും നേർവഴി നടപ്പീലാ' എന്ന് പറഞ്ഞതുപോലെ ഭയങ്കര പേടിയാണ് കോൺഗ്രസ്സിന്, കേന്ദ്ര ഗവൺമെന്റിന്. അപ്പോൾ അവരെ സംരക്ഷിക്കണം, അവർ പറയുന്നതനുസരിച്ച് കാര്യങ്ങൾ നടത്തണം. ബംഗാളിൽ തൃണമൂൽ കോൺഗ്രസ്സ്, അതുപോലെതന്നെ മാവോയിസ്റ്റ് ഇവരെല്ലാംതന്നെ കമ്മ്യൂണിസ്റ്റുകാരെ, ഇടതുപക്ഷക്കാരെ കൂട്ട കശാപ്പ് ചെയ്തുകൊണ്ടിരിക്കുകയാണ്. കേന്ദ്ര സേനയെ ഉപയോഗപ്പെടുത്തിക്കൊണ്ടാണ് ബംഗാളിൽ ചെയ്യുന്നത്. അത് പാടില്ല, ആ കേന്ദ്രസേനയേ ഉപയോഗിക്കാൻ പാടില്ലായെന്നാണ് കേന്ദ്ര ആഭ്യന്തര വകുപ്പുമന്ത്രി അയച്ച കത്തിൽ പറയുന്നതെന്നാണ് മനസ്സിലാക്കുന്നത്. എന്തൊരു നാണക്കേടാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ : യേസ്, അങ്ങ് അവസാനിപ്പിക്കണം.

ശ്രീ. കെ. കുഞ്ഞിരാമൻ : സർ, നമ്മുടെ രാജ്യത്തുള്ള ജനങ്ങളുടെ ജീവനും സ്വത്തിനും ഒരു വിലയും കൽപ്പിക്കാത്ത ഒരു കേന്ദ്ര ഗവൺമെന്റ്. ഞാൻ കൂടുതൽ കാര്യങ്ങളിലേയ്ക്ക് കടക്കുന്നില്ല. അതുകൊണ്ട് എല്ലാ അഴിമതിക്കും കൊള്ളരുതായ്മകൾക്കും കൂട്ടുനിന്ന് കേന്ദ്ര ഗവൺമെന്റിനെ സംരക്ഷിക്കാമെന്ന വ്യാമോഹം നാണക്കേടാണ്. നാണംകെട്ടും പണം നേടിയാൽ ആ നാണക്കേട് പണം തീർത്തുകൊള്ളും എന്നൊരു പഴമൊഴിയുണ്ട്. അതുപോലെ എല്ലാ അഴിമതിയും എല്ലാ കൊള്ളരുതായ്മകളും നടത്തിയാലും അതിനെയെല്ലാം മറികടക്കാമെന്ന നാണംകെട്ട അവസ്ഥ അവസാനിപ്പിക്കണമെന്നാണ് പറയാനുള്ളത്. ഈ ഗവൺമെന്റിന്റെ പ്രവർത്തനങ്ങൾക്കുവേണ്ടി ഇവിടെ അവതരിപ്പിച്ചിട്ടുള്ള ഉപധനാഭ്യർത്ഥനകളെ ഞാൻ ഒരിക്കൽക്കൂടി പിന്താങ്ങുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ആര്യാടൻ മുഹമ്മദ് : സർ, ഞാൻ ഉപധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. 64 കോടി 60 ലക്ഷം രൂപയുടെ ഉപധനാഭ്യർത്ഥനകളാണ് ഇവിടെ അവതരിപ്പിച്ചിട്ടുള്ളത്. ഇവിടെ ഇത് പാസ്സാക്കി കൊടുത്തതുകൊണ്ട് ഒരു പ്രയോജനവുമില്ല. ഇത് ആളെ കബളിപ്പിക്കാൻവേണ്ടി ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി പതിവായി കൊണ്ടുവരുന്ന ഒരു പാഴ്വേലയാണ്. ഇവിടെ സി. ആന്റ് എ.ജി.യുടെ ലേറ്റസ്റ്റ് റിപ്പോർട്ടുണ്ട്. 'During the 2008-09 Supplementary provision of Rs.537.36 crores obtained in 20 cases proved unnecessary as the expenditure did not come up to the level of the original provision.' അങ്ങ് ഒറിജിനൽ പ്രൊവിഷൻ പാസ്സാക്കാതെ സപ്ലിമെന്ററി കൊണ്ടുവന്ന ഒരു ധനകാര്യ വകുപ്പുമന്ത്രിയാണ്. ഇതുപോലെയുള്ള ഒരു ധനകാര്യ വകുപ്പുമന്ത്രി കാണുമോ ? ഒരു പ്രാവശ്യമല്ല, എത്ര പ്രാവശ്യം സി. ആന്റ് എ.ജി. ആവർത്തിച്ച് ആവർത്തിച്ച് പറഞ്ഞതാണ്. എത്ര പറഞ്ഞാലും ശരിയാകാത്ത ഒരു ധനകാര്യ വകുപ്പുമന്ത്രി. അദ്ദേഹത്തിന്റെ കഴിവുകളാണല്ലോ ഇപ്പോൾ ഇവിടെ പറഞ്ഞതെല്ലാം. എത്ര കോടി രൂപയാണ്, പാസ്സാക്കി കൊടുത്താൽ ചെലവിടുമോ ? പാസ്സാക്കി കൊടുത്തതിൽ ചെലവിടാതിരുന്നത് 22,000-ത്തിൽപ്പരം കോടിരൂപയാണ് ; നിങ്ങൾക്ക് അറിയാമോ. എന്നിട്ട് സപ്ലിമെന്ററി കൊണ്ടുവരികയാണ്. ഇതിനൊക്കെ വാസ്തവത്തിൽ എന്തെങ്കിലും കാര്യമുണ്ടോ ? എനിക്ക് മനസ്സിലായില്ല. ഏതായാലും ഇത് കൊണ്ടുവന്നതിൽ ഞങ്ങൾക്ക് സന്തോഷമുണ്ട്. കുറച്ച് കാര്യങ്ങളൊക്കെ പറയാൻ ഒരവസരം കിട്ടിയല്ലോ. അല്ലെങ്കിൽ വെറും ബില്ലായി മാറുമായിരുന്നല്ലോ. അതുകൊണ്ട് ആ അർത്ഥത്തിൽ ഞാൻ അനുകൂലിക്കുകയാണ്. കാരണം ഇത് പാസ്സാക്കിയിട്ട് ഒരു കാര്യവുമില്ല. അങ്ങ് ചെലവിടുകയില്ല. അങ്ങനെ ചെലവിട്ട പാരമ്പര്യമല്ല. സി. ആന്റ് എ.ജി. തന്നെ പറയുന്നതാണ്. ഇപ്പോൾ മാത്രമല്ല, ഇതിന് മുമ്പുള്ള വർഷങ്ങളിലും. അതുകൊണ്ട് ഞാൻ ഇതിനെ എതിർക്കുന്നു. ഇതൊരു പാഴ്വേലയാണ്. ആ വാക്കാണ് suitable. വാസ്തവത്തിൽ എനിക്ക് ഇങ്ങനെ സംസാരിക്കുന്നതിൽ സന്തോഷം തോന്നുന്നുണ്ട്. ലോക്കൽ ബോഡീസ് ഇലക്ഷന് ഞങ്ങൾ ചുരുങ്ങിയ വോട്ടിന് ജയിക്കുമെന്ന് പറഞ്ഞല്ലോ. മതി, ഞങ്ങൾ ജയിച്ചല്ലോ. അതിൽ എനിക്ക് അങ്ങയോട് നന്ദിയുണ്ട്. ഞങ്ങളെ സഹായിച്ചതിൽ വലിയ പങ്ക് അങ്ങേയ്ക്കാണ്. അങ്ങയുടെ പങ്ക് നിസ്സാരമൊന്നുമല്ല. റോഡുകളൊക്കെ ഈ രൂപത്തിലാക്കിയത് അങ്ങല്ലേ. ബഡ്ജറ്റിൽ പാസ്സാക്കിക്കൊടുത്ത ഗ്രാന്റ് മെയിന്റനൻസിന് ചെലവാക്കാൻ സമ്മതിച്ചില്ല. അപ്രോപ്രിയേഷൻ അക്കൗണ്ട് എടുത്തുനോക്കൂ. ഞാൻ സമയക്കുറവുകൊണ്ട് അതിലേയ്ക്കൊന്നും കടക്കുന്നില്ല. അങ്ങ് ചെയ്ത സഹായത്തിന് ഞാൻ നന്ദി രേഖപ്പെടുത്തുന്നു. അങ്ങ് എന്താണ് ചെയ്തത് ? അവസാനം ആ വകുപ്പ് കയ്യിലെടുത്ത് 82,464 ഓട്ടകളുണ്ടായിരുന്നത് അടച്ചു. എവിടെയാണ് ആ ഓട്ട ? അങ്ങയുടെ കാർ തന്നെ വീണില്ലേ ; എല്ലാം പരീക്ഷണമാണ്. അങ്ങ് സർക്കാരിന്റെ ചെലവിൽ നികുതി പണംകൊണ്ട് റിസർച്ച് നടത്തുകയാണ്. പഞ്ചായത്ത് ഇലക്ഷനിൽ ഞങ്ങൾ ജയിക്കാനുള്ള ഒരു കാരണം അങ്ങല്ലേ; ഒരു പ്രോജക്ട് സമയത്ത് ചെയ്യാൻ അങ്ങ് സമ്മതിച്ചോ ; അത് മാറ്റാൻ ഉടനെ ഓർഡർ ഇറക്കുകയല്ലേ ?

LIBRARY ARCHIVES Kerala Legislative Assembly

ഒരുമാസത്തിൽ രണ്ടുംമൂന്നും പ്രാവശ്യമല്ലേ ഗൈഡ്‌ലൈൻ മാറ്റിയത്. സാധാരണക്കാരന് വീടുവയ്ക്കാൻ പാടില്ല, ബാക്കി കാര്യങ്ങളിൽ പരിഷ്ക്കാരം. 100 വർഷംമുമ്പ് തെങ്ങ് വച്ചയിടത്ത് വീടുവയ്ക്കാൻ പാടില്ല. അതൊക്കെ നിങ്ങളുടെ പരിഷ്ക്കാരം. അങ്ങയുടെ പരിഷ്ക്കാരം പ്രധാനമായും വന്നത് പഞ്ചായത്തിലാണ്. എത്രയാണ് പഞ്ചായത്തുകളുടെ കാര്യത്തിൽ അങ്ങ് തുലച്ചത്? എല്ലാം കഴിഞ്ഞു. പഞ്ചായത്തിൽ ഞങ്ങൾ ചെയ്ത സേവനം അങ്ങ് കേൾക്കുമെങ്കിൽ ഞാനൊന്ന് പറയാം. പഞ്ചായത്തിൽ ഞങ്ങൾ ഭരിക്കുമ്പോൾ റവന്യൂ എക്സ്പെൻഡിച്ചർ കൊടുത്തത് 30 ശതമാനമാണ്. അങ്ങ് കൊടുത്തത് 2006-07-ൽ 30 ശതമാനം, അതുകഴിഞ്ഞ് 25 ശതമാനം. ഇതാണോ പഞ്ചായത്തിനോടുള്ള സ്നേഹം? 2008-09-ലെ സി. ആന്റ് എ.ജി. റിപ്പോർട്ട് എടുത്തുനോക്കൂ. അതിലെ പതിനാലാമത്തെ പേജ് ഞാൻ സമയക്കുറവുകൊണ്ട് വായിക്കുന്നില്ല. ഞങ്ങൾ 2004-05-ൽ 27 ശതമാനവും 2005-06-ൽ 30 ശതമാനവും കൊടുത്തു. നിങ്ങൾ 2006-07-ൽ 30 ശതമാനവും പിന്നെ 25 ശതമാനവും, ഈ വർഷം ഇലക്ഷനൊക്കെ വന്നതുകൊണ്ട് 27 ശതമാനവുമാണ് കൊടുത്തത്. നിങ്ങളാണോ പഞ്ചായത്തിനെ സഹായിച്ചത്? പാവം ശ്രീ. പാലോളി മുഹമ്മദ് കുട്ടിയെ നശിപ്പിക്കാൻ ശ്രമിച്ച ധനകാര്യ വകുപ്പുമന്ത്രിയാണ് അങ്ങ്. ഇവിടത്തെ വികസനം മുഴുവൻ നഷ്ടപ്പെടുത്തിയ മന്ത്രിയുമാണ് അങ്ങ്. ഞാൻ ഒരു കാര്യംകൂടി പറയട്ടെ, കേന്ദ്രം തന്ന പി.എം.ജി.എസ്.വൈ. പദ്ധതിയിലെ റോഡിന്റെ പണംപോലും ചെലവാക്കാൻ ധനകാര്യ വകുപ്പുമന്ത്രി സമ്മതിച്ചിരുന്നോ; അവിടെ റിസർച്ചല്ലേ നടത്തിയത്. സംസ്ഥാനത്തിനെ തുലച്ച ധനകാര്യ വകുപ്പുമന്ത്രിയാണിത്. അദ്ദേഹത്തിന്റെ സ്വന്തം ഇഷ്ടം മാത്രമേ നടക്കുകയുള്ളൂ. ബഹുമാനപ്പെട്ട മന്ത്രി പി.ഡബ്ല്യൂ.ഡി.യുടെ ചുമതലകൂടി ഏറ്റെടുത്തതിനുശേഷം അദ്ദേഹം ചെയ്തത് റോഡ് എവിടെയൊക്കെ നന്നാക്കണമെന്ന് നോക്കാൻ ഫിനാൻസിലെ പ്യൂൺസിനെയാണ്. അയച്ചത്. എന്നിട്ട് അവർ എഴുതി കൊണ്ടുവന്നതൊക്കെ ടൈപ്പിസ്റ്റും പ്യൂണും കൂടിചേർന്നുകൊണ്ടാണ് ലിസ്റ്റിൽ ഉൾക്കൊള്ളിച്ചത്. എന്ത് എക്സ്പെർട്ടൈസാണ് ബഹുമാനപ്പെട്ട മന്ത്രി അവർക്കുള്ളത്. ഫിനാൻസാണോ രാജ്യം ഭരിക്കുന്നത്? അങ്ങനെ മുഴുവൻ മന്ത്രിമാരെയും തുലയ്ക്കുകയല്ലേ അങ്ങ് ചെയ്തത്. അങ്ങ് കൊണ്ടുവന്ന ഉപധനാഭ്യർത്ഥനകൾ പാസ്സാക്കിത്തരണമോ? ഒരിക്കലും സാധ്യമല്ല. ഒരു കാര്യംകൂടി ഞാൻ പറയട്ടെ, അങ്ങ് കുറച്ച് നല്ല കാര്യങ്ങളൊക്കെ ചെയ്തിട്ടുണ്ട്. ഇല്ലായെന്നൊന്നും ഞാൻ പറയുന്നില്ല. ഇവിടെ നേരത്തെ ശ്രീ. കെ. കുഞ്ഞിരാമൻ അത് പറഞ്ഞു. ഞങ്ങൾക്ക് ജയിക്കാനുള്ള അന്തരീക്ഷമുണ്ടാക്കി തന്നതുതന്നെ നല്ല കാര്യമാണ്. ഇപ്പോൾ അങ്ങ് ഭരണത്തിന്റെ വലിയ നേട്ടമൊക്കെ പറയുന്നുണ്ടല്ലോ. അങ്ങയുടെ കാലത്ത് ഇവിടെ കടമെത്രയാണ് വർദ്ധിച്ചത്? ഞങ്ങളുടെ ഭരണകാലത്ത് 1996-2001-ൽ കടബാധ്യത 92 ശതമാനമായി കുറച്ചു. 2006 വന്നപ്പോൾ നിങ്ങളുടെ കാലത്ത് 136 ശതമാനമാണ്. 2001 മുതൽ 2006 വരെ അഞ്ചുവർഷം ഞങ്ങൾ ഭരിച്ചപ്പോൾ വന്ന കടബാധ്യത 22,011 കോടി രൂപയാണ്.. താങ്കൾ ആ കടബാദ്ധ്യത നാലുവർഷംകൊണ്ട് 24,306 കോടി രൂപയാക്കി വർദ്ധിപ്പിച്ചില്ലേ? ഇവിടെ അങ്ങയുടെ ഭരണത്തിന്റെ നേട്ടം

LIBRARY ARCHIVES Kerala Legislative Assembly

പറയുന്നതുകേട്ടു. അങ്ങ് പറഞ്ഞുവല്ലോ റവന്യൂ കമ്മി കുറയ്ക്കുമെന്ന്. ഇപ്പോഴത്തെ റവന്യൂ കമ്മി 6,790.15 കോടി രൂപയാണ്. ഞങ്ങളുടെ കയ്യിൽ നിന്ന് അങ്ങ് അധികാരം ഏൽക്കുമ്പോഴുണ്ടായിരുന്ന റവന്യൂ കമ്മി 4,181.72 കോടി രൂപയായിരുന്നു. അത് ഇരട്ടി വർദ്ധിപ്പിച്ചു. എന്നിട്ട് കുറയ്ക്കുമെന്ന് പറയുന്നു; കുറയ്ക്കുമോ ? ഇപ്പോൾ 70,000 കോടി രൂപ കഴിഞ്ഞു. ഈ കടബാധ്യത ഒരു ലക്ഷം കോടി രൂപയായി സ്റ്റേറ്റിന് അനങ്ങാൻ കഴിയാത്ത സ്ഥിതിയുണ്ടാക്കി അങ്ങ് ഇറങ്ങിപ്പോകും. റോഡുകളുടെ കാര്യത്തിൽ എക്സ്പെർട്ടൈസ് ആയിട്ടുള്ള എഞ്ചിനീയർമാരും ഡിപ്പാർട്ടുമെന്റുമില്ലേ. എല്ലാം ധനകാര്യ വകുപ്പുമന്ത്രിയാണോ കൈകാര്യം ചെയ്യേണ്ടത് ? എന്നിട്ട് ഇഷ്ടമുള്ളയിടത്ത് കൊടുക്കുക, ഇഷ്ടമുള്ളയിടത്ത് തട്ടുക ; ഇതല്ലേ ചെയ്യുന്നത്. ബാക്കി കാര്യങ്ങൾ അവസാനം പറയാം. ചില കാര്യങ്ങളെക്കുറിച്ച് ഞാൻ എഴുതിത്തന്നിട്ടുണ്ട്. ഇവിടെ പ്രധാനപ്പെട്ട ഒരു കാര്യമാണല്ലോ ലോട്ടറി. ഈ ഗവൺമെന്റ് ചെയ്ത നല്ല കാര്യങ്ങളെയൊക്കെ പ്രതിപക്ഷം എതിർക്കുകയാണെന്ന് ശ്രീ. കെ. കുഞ്ഞിരാമൻ പറഞ്ഞു. മുഖ്യമന്ത്രി ചെയ്ത നല്ല കാര്യങ്ങളെ അനുകൂലിക്കുന്നു, ഞങ്ങൾ എതിർക്കുന്നില്ല. ശ്രീ. കെ. കുഞ്ഞിരാമൻ എതിർക്കുമോ ? അതാണ് എനിക്ക് ചോദിക്കുവാനുള്ളത്. നല്ലൊരു കാര്യമാണ് അദ്ദേഹം ചെയ്തത്.

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

നാല് കൊല്ലം കൊണ്ട് സംസ്ഥാനത്ത് 80,000 കോടി രൂപയുടെ അഴിമതി നടത്തിയ ധനകാര്യ മന്ത്രിയാണിത്. സംസ്ഥാനത്തിന്റെ ചരിത്രത്തിൽ ഇതു പോലൊരു ധനകാര്യ മന്ത്രി ഉണ്ടായിട്ടുണ്ടോ ? ഇന്ത്യാ രാജ്യത്തിന്റെ ചരിത്രത്തിൽ ഇത്രയും വലിയ അഴിമതി നടത്തിയ ഒരു സംസ്ഥാന ധനകാര്യ മന്ത്രി എന്ന പേര് അങ്ങേയ്ക്കായിരിക്കും എന്ന കാര്യത്തിൽ സംശയം വേണ്ട. ഒരു കാര്യം അങ്ങ് മനസ്സിലാക്കണം. ഇത് പറയുന്നത് ഞാൻ അല്ല. നാല് കൊല്ലം കൊണ്ട് 80,000 കോടി രൂപയുടെ അഴിമതി. ഈ അഴിമതിയുടെ കാര്യത്തിൽ എന്തൊരു പ്ലാനിംഗ് ആയിരുന്നു അങ്ങയുടേത്. ഞാൻ അങ്ങയുടെ പ്ലാനിംഗിനെ സമ്മതിക്കുന്നു. 2007 ജൂലൈ മാസം 23-ാം തീയതി നമ്മുടെ മുഖ്യമന്ത്രി ഒരു കോൺഫറൻസ് വിളിച്ചു. ശ്രീ. സിബി മാത്യുവിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അദ്ദേഹം മുമ്പ് പ്രതിപക്ഷത്തിരിക്കുമ്പോൾ പറഞ്ഞ കാര്യങ്ങളൊക്കെവച്ച് ഉദ്യോഗസ്ഥന്മാർ, വക്കീലന്മാർ തുടങ്ങിയവരുടെ ഒരു കോൺഫറൻസ് വച്ചു. ഇത് അങ്ങേയ്ക്ക് കൊള്ളുമെന്നും അങ്ങയുടെ പ്ലാൻ പരാജയപ്പെടുമെന്നും അങ്ങേയ്ക്ക് മനസ്സിലായി. അങ്ങ് എന്ത് ചെയ്തു ? ആ കോൺഫറൻസിനെ തുലച്ചു. പിന്നെ ആ കോൺഫറൻസ് ഉണ്ടായോ ? ആ കോൺഫറൻസ് ഇതിനുവേണ്ടി നടത്തിയതല്ലേ. അന്നുമുതൽ ഈ അഴിമതിക്ക് പ്ലാൻ ചെയ്യുന്ന ആളല്ലേ അങ്ങ്? അന്നുമുതൽ പ്ലാൻ ചെയ്യുന്നില്ലേ ? ഇപ്പോൾ അങ്ങയുടെ മുഖ്യമന്ത്രി പറയുന്നു നാല് കൊല്ലംകൊണ്ട് 80,000 കോടി രൂപയുടെ അഴിമതി യുണ്ടായിട്ടുണ്ടെന്ന്. ഞങ്ങളാണോ ആ നാല് കൊല്ലം ഭരിച്ചത് ? നാല് കൊല്ലം കൊണ്ട് 80,000 കോടി രൂപയുടെ അഴിമതി നടത്തി. അതിന്റെ നല്ലൊരു പങ്ക് മാർട്ടിൻ കൊണ്ടുപോയി. കുറച്ച് അങ്ങയുടെ പോക്കറ്റിലേയ്ക്കും വന്നു. ഇല്ലായെന്ന് പറയാൻ സാധിക്കുമോ ? അങ്ങയുടെ പോക്കറ്റിലേയ്ക്ക് വന്നിട്ടില്ലേ ?

LIBRARY ARCHIVES Kerala Legislative Assembly

ഞാൻ ആരോപിക്കുന്നു, അങ്ങയുടെ പോക്കറ്റിലേയ്ക്ക് വന്നിരിക്കുന്നു എന്ന്. ഇക്കാര്യത്തിൽ ഒരു ജുഡീഷ്യൽ അന്വേഷണം നടത്താൻ അങ്ങ് തയ്യാറാകണം, അങ്ങ് രാജിവയ്ക്കാൻ തയ്യാറാകണം, അങ്ങ് രാജിവച്ച് ഇറങ്ങിപ്പോകാൻ തയ്യാറാകണം. ....(ബഹളം)...............എന്താണ് ഇത് ? അല്ല സർ, സംസാരിക്കാൻ പാടില്ലേ ? എനിക്ക് സംസാരിക്കാൻ പാടില്ലേ ? ഞാൻ എഴുതി ക്കൊടുത്താണ് പറയുന്നത്.

ശ്രീ. വി. ശിവൻകുട്ടി : സർ, പോയിന്റ് ഓഫ് ഓർഡർ...............

മി. സ്പീക്കർ : ശ്രീ. ആര്യാടൻ മുഹമ്മദ്, ശ്രീ. വി. ശിവൻകുട്ടി പോയിന്റ് ഓഫ് ഓർഡർ ഉന്നയിക്കുന്നു.

ശ്രീ. വി. ശിവൻകുട്ടി : സർ, ബഹുമാനപ്പെട്ട അംഗം ശ്രീ. ആര്യാടൻ മുഹമ്മദ് യാതൊരു രേഖയുടെ പിൻബലമില്ലാതെയും നേരത്തെ തന്നെ ബഹുമാനപ്പെട്ട സ്പീക്കർക്ക് എഴുതിത്തരാതെയും ഏതാണ്ട് 80,000 കോടി രൂപയുടെ അഴിമതി ഡോ തോമസ് ഐസക്കിനുമേൽ ഉന്നയിക്കുകയും അദ്ദേഹത്തിന്റെ പോക്കറ്റിൽ ഇടും എന്നൊക്കെ പറഞ്ഞ് വളരെ മൈതാന പ്രസംഗം നടത്തുന്നതുപോലുള്ള അഴിമതി ആരോപണം ഉന്നയിക്കുകയാണ്. അത് രേഖയിൽ ഉണ്ടാകാൻ പാടില്ല. രേഖയിൽനിന്നും അത് നീക്കം ചെയ്യണം.

ശ്രീ. ആര്യാടൻ മുഹമ്മദ് : സർ, ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട സ്പീക്കറുടെ റൂളിംഗ് വേണം.

മി. സ്പീക്കർ : ശ്രീ. ആര്യാടൻ മുഹമ്മദ് എഴുതിത്തന്നുകൊണ്ടാണ് അത് ഉന്നയിക്കുന്നത്.

ശ്രീ. ആര്യാടൻ മുഹമ്മദ് : സർ, ഞാൻ റൂൾ നോക്കി. റൂൾ 285 അനുസരിച്ച് എഴുതിക്കൊടുത്താണ് പ്രശ്നം ഉന്നയിച്ചത്. ശ്രീ. വി. ശിവൻകുട്ടി അതൊക്കെ മനസ്സിലാക്കാൻ കഴിവുള്ള ആളാണ്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി എന്താണ് പറഞ്ഞത് ? പിദംബരത്തിന്റെ ഭാര്യ, പിദംബരം എന്നൊക്കെയല്ലേ പറഞ്ഞത്. അന്ന് നിയമം ഇല്ലായിരുന്നുവെന്ന് പറഞ്ഞു. ഇപ്പോൾ ഓർഡിനൻസ് ഉണ്ട്. ഞാൻ ചോദിക്കട്ടെ, ഈ ഓർഡിനൻസിൽ എന്താണ് ? ആക്ട് 98-ൽ 'എ' മുതൽ 'കെ' വരെയുള്ള 11 ഉപവകുപ്പുകൾ ഉൾപ്പെടുത്തി. അതിലില്ലെങ്കിൽ സെൻട്രൽ ആക്ടിൽ ഇല്ലേ. ഇനി ഇത് ഉൾപ്പെടുത്തിയേ പറ്റൂവെന്നുണ്ടെങ്കിൽ എന്തേ 2006-ൽ ഇത് കൊണ്ടുവരാത്തത് ? ഭേദഗതി കൊണ്ടുവരാതെ ഇത് തടയാൻ സാധിക്കുമോയെന്ന് പലപ്രാവശ്യം ഇവിടെ പറഞ്ഞതാണ്. ഇപ്പോൾ എങ്ങനെയാണ് തടഞ്ഞത് ? ഞാൻ അത് വിടുന്നു. ഇതുമാത്രമല്ല വേറെയുമുണ്ട് കാര്യങ്ങൾ. ചെക്ക്പോസ്റ്റുകളുടെ നവീകരണ ത്തിന്റേയും അഴിമതിവിരുദ്ധ ചെക്ക്പോസ്റ്റുകളുടെയും കാര്യം പറഞ്ഞല്ലോ. ഈ ചെക്ക്പോസ്റ്റുകളിലൂടെയാണ് പതിമൂന്ന് കോടി മുപ്പത് ലക്ഷം രൂപയുടെ കോഴികളെ കൊണ്ടുവന്നത്. കോതമംഗലത്തെ വർഗ്ഗീസ് സ്നേഹിതനാണല്ലോ. ആ വർഗ്ഗീസും കൂട്ടരും കൂടി അത് ചെയ്തിട്ട് അവസാനം എന്താണ് സംഭവിച്ചത്. പതിമൂന്ന് കോടി മുപ്പത് ലക്ഷം രൂപയുടെ കോഴിയിന്മേലുള്ള ടാക്സ് വെട്ടിച്ച്,

LIBRARY ARCHIVES Kerala Legislative Assembly

കള്ള ചെക്ക് കൊടുത്ത്, ആ കള്ള ചെക്ക് പിടിച്ച് അവസാനം വർഗ്ഗീസും മറ്റൊരു വർഗ്ഗീസും ഉൾപ്പെടെ മൂന്ന് പേരുംകൂടി ബാങ്കോക്കിലേയ്ക്ക് പോയി. മാസങ്ങൾ കഴിഞ്ഞിട്ടും അവരെ തൊടാൻ സാധിച്ചോ? ഇപ്പോൾ എന്താണ് സ്ഥിതി? ഇപ്പോൾ കേസ് എടുത്തുകാണും, ജാമ്യത്തിൽ വിട്ടും കാണും. ഒരു ബിനാമിയെ പിടിച്ചു. ഇതുമായി ബന്ധപ്പെട്ട് സസ്പെന്റ് ചെയ്ത ഉദ്യോഗസ്ഥരെ അങ്ങ് തിരിച്ചെടുത്തില്ലേ? ഈ പറയുന്ന വർഗ്ഗീസുമായി അങ്ങയുടെ ബന്ധം ആർക്കാണ് അറിയാത്തത്? ഏത് വർഗ്ഗീസ് ആയാലെന്താണ്? അങ്ങ് തന്നുരാൻ വർഗ്ഗീസ് എന്നാണ് പറയാറ് എന്നാണ് പറഞ്ഞത്. വേറൊരു കാര്യം സൂചിപ്പിക്കാനുള്ളത് ഇപ്പോൾ വാളയാർ ഗോപാലപുരം ചെക്ക്പോസ്റ്റിലാണ് Build own Operate (BOO) പദ്ധതി തുടങ്ങിയത്. സ്ഥലം ഗവൺമെന്റിന്റേതാണ്. പത്തോ അമ്പതോ ലക്ഷം നമുക്ക് വരുമല്ലോ. നമ്മുടെ സ്റ്റേറ്റിന് അതിന്റെ എക്സ്പെർട്ടൈസ് ഇല്ലല്ലോ. എന്നിട്ട് തമിഴ്നാട്ടിലെ മുതലാളിമാർക്ക് കൊടുത്തു; മൂന്ന് കൂട്ടർക്ക് കൊടുത്തു. ആ മെഷീന് ഏകദേശം കേട് വന്നിരിക്കുന്നു. അവിടെ മുഴുവൻ അഴിമതിയാണ്. ഇവിടെ അഴിമതിയുടെ കൊള്ളയാണ്. ഞങ്ങളുടെ കാലത്താണ് Build own Operate (BOO) പദ്ധതി തുടങ്ങിയതെങ്കിൽ എന്താകുമായിരുന്നു അവിടത്തെ സംസാരം? BOT നിങ്ങൾ തുടങ്ങി, ഇപ്പോൾ ഇതും നിങ്ങൾ തുടങ്ങി; ഇതല്ലേ സ്ഥിതി.

മി. സ്പീക്കർ : ശ്രീ. ആര്യാടൻ മുഹമ്മദ്, അങ്ങയുടെ പ്രസംഗം അവസാനിപ്പിക്കണം.

ശ്രീ. ആര്യാടൻ മുഹമ്മദ് : Sir, I am going to conclude. ഈ പറയുന്ന അഴിമതികളിൽ ആയിരക്കണക്കിന് കോടി രൂപയുടെ അഴിമതിയുണ്ട്. ഈ അഴിമതികളിൽ ധനകാര്യ വകുപ്പുമന്ത്രിക്ക് പങ്കുണ്ട്. ധനകാര്യ വകുപ്പുമന്ത്രി രാജിവയ്ക്കണം, അല്ലെങ്കിൽ മുഖ്യമന്ത്രിക്ക് ബാധ്യതയുണ്ട് ഇദ്ദേഹത്തെ സാക്ക് ചെയ്യാൻ. എന്നിട്ട് അന്വേഷണം നടത്തണം.

ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്) : സർ, ഈ ഭരണത്തിന്റെ അവസാന വർഷത്തിലേക്ക് കടക്കുമ്പോൾ അഭിമാനകരവും സന്തോഷകരവുമായിട്ടുള്ള കാര്യം കേരള സംസ്ഥാന സർക്കാരിന്റെ ധനസ്ഥിതി മാത്രമല്ല കേരളത്തിലെ പൊതുവെയുള്ള സാമ്പത്തിക നിലതന്നെ നേരത്തെയുള്ളതിനെക്കാൾ മെച്ചപ്പെട്ടിരിക്കുന്നു എന്നുള്ളതാണ്. ഞാൻ ഇത് എടുത്തുപറയാനുള്ള കാരണം ശ്രീ. കെ. എം. മാണി സഭയിൽ പറഞ്ഞത് വച്ചാണ്. അഖിലേന്ത്യാ ശരാശരിയേക്കാൾ താഴെയാണ് നമ്മുടെ നില, നമുക്ക് ഒന്ന് ഉയരണ്ടേ എന്നൊക്കെ അദ്ദേഹം പറയുകയുണ്ടായി. ഭരണം മാറുന്നതിന് അനുസരിച്ച് കയറുകയും ഇറങ്ങുകയും ചെയ്യുന്നതല്ല ഉൽപ്പാദനം എന്ന് പറയുന്നത്. അങ്ങനെയൊന്നും ഞാൻ അതിനെ കണക്കാക്കുന്നില്ല. പക്ഷേ 1947 മുതലുള്ള കേരളത്തിന്റെ സാമ്പത്തിക വളർച്ച പരിശോധിച്ചാൽ നമുക്കതിനെ രണ്ട് ഘട്ടങ്ങളായിട്ട് തിരിക്കാം; 1987-ന് മുമ്പും 1987-ന് ശേഷവും. 1987-ന് മുമ്പുള്ള 40 വർഷക്കാലം കേരളത്തിലെ ശരാശരി സാമ്പത്തിക വളർച്ച ഏതാണ്ട് 2% എന്ന നിലയിലായിരുന്നു. അതിൽ ഏറ്റവും മുരടിപ്പുള്ള കാലമായിരുന്നു 1973 മുതൽ 1987 വരെയുള്ള കാലം. ആ കാലഘട്ടമാണ് നമുക്കൊക്കെ

LIBRARY ARCHIVES Kerala Legislative Assembly

വലിയ ആശങ്ക ഉണ്ടാക്കിയത്. ഇങ്ങനെ കേരളം മുരടിച്ചുനിന്നാൽ നമ്മുടെ ക്ഷേമനേട്ടങ്ങൾ നിലനിറുത്താൻ പറ്റുമോ തുടങ്ങിയ കാര്യങ്ങളെ സംബന്ധിച്ച് ഒരുപാട് ചർച്ചകൾ ആരംഭിച്ചു. 1987 മുതലുള്ള രണ്ട് ദശാബ്ദ കാലത്തെ ഇന്നുവരെയുള്ള കാലം എടുത്തുകഴിഞ്ഞാൽ നമ്മുടെ സാമ്പത്തിക വളർച്ചയുടെ വേഗത കൂടി എന്നുമാത്രമല്ല ഈ രണ്ട് ദശാബ്ദത്തിൽ കേരളം വളർന്നിട്ടുള്ളത് ദേശീയ ശരാശരിയുടെ മുകളിലാണ്. അങ്ങനെയാണ് 1957-ൽ പ്രതിശീർഷ വരുമാനം ദേശീയ വരുമാനത്തേക്കാൾ 20 ശതമാനം താഴെയായിരുന്ന, 13-ാം സ്ഥാനം മാത്രം ഉണ്ടായിരുന്ന കേരളം ഇന്ന് 5-ാം സ്ഥാനത്തേയ്ക്ക് ഉയർന്നിട്ടുള്ളത്. ഞാൻ അതിന്റെ കാരണങ്ങളിലേയ്ക്കൊന്നും പോകുന്നില്ല. 1987-ന് ശേഷമുള്ള കാലയളവ് എടുത്തിട്ടുണ്ടെങ്കിൽ പൊതുവിൽ സാമ്പത്തിക വളർച്ചയുടെ വേഗത കൂടി വരികയാണ്. 6.8 ശതമാനമാണ് ആദ്യ ദശകത്തിലെങ്കിൽ ഇപ്പോൾ അത് 7.68 ശതമാനമായിട്ടുണ്ട്. ഇനി ആനുഷംഗികമായിട്ട് പറയുകയാണെങ്കിൽ കഴിഞ്ഞ 5 വർഷം എടുത്താൽ 10 ശതമാനത്തിനു മുകളിലാണ് കേരളത്തിന്റെ സാമ്പത്തിക വളർച്ച എന്നു പറയുമ്പോഴും ഈ വളർച്ചയ്ക്കുള്ളിൽ ഗൗരവമായിട്ടുള്ള ദൗർബല്യങ്ങളുണ്ട്. അത് നമ്മൾ മനസ്സിലാക്കി അതിനെതിരായിട്ടുള്ള പ്രതിരോധം തീർക്കാൻ നടപടിയെടുത്തു കഴിഞ്ഞാൽ നമുക്ക് ഈ വളർച്ച സ്ഥായിയാക്കി മാറ്റാൻ പറ്റും. അതിൽ ഏറ്റവും പ്രധാനപ്പെട്ട ദൗർബല്യങ്ങൾ എന്താണ്? ഒന്ന്, ഭീതിജനകമായ രീതിയിൽ കേരളത്തിൽ അസമത്വം കൂടിക്കൊണ്ടിരിക്കുകയാണ്. അതുപോലെ സാമൂഹ്യ സുരക്ഷിതത്വം. റോഡുകളുടെ പ്രാധാന്യവും പ്രസക്തിയും ഒക്കെ വരുന്നു. രണ്ട്, നമ്മുടെ കാർഷിക മേഖല ദുർബ്ബലമായി തുടരുകയാണ്. അപ്പോൾ കാർഷിക മേഖലയുടെ വളർച്ചയുടെ കണക്കുകളെക്കുറിച്ച് ശ്രീ. ആര്യാടൻ മുഹമ്മദ് ഉന്നയിക്കുന്ന ഒരു കാര്യമുണ്ട്; ഇപ്പോൾ വിളകളൊക്കെ കുറവല്ലേ എന്നുള്ളത്. കേരളത്തിലെ വിളകളുടെ പ്രത്യേകതയെന്താണ്? കേരളത്തിലെ വിളകളെല്ലാം ചിരകാല വിളകളാണ്. നട്ടു കഴിഞ്ഞാൽ അഞ്ചോ ആറോ ഏഴോ വർഷം കഴിഞ്ഞിട്ടു മാത്രമേ വിളവ് തരികയുള്ളൂ. കേരളത്തിന്റെ സാമ്പത്തിക ചരിത്രമെടുത്തിട്ടുണ്ടെങ്കിൽ 73 മുതൽ 87 വരെ ഭൂപരിഷ്കരണത്തെയെല്ലാം വളരെയേറെ പ്രകീർത്തിച്ച് ഒരുപാട് ആശങ്കയുണ്ടാക്കിയതാണ്. ഭൂപരിഷ്കരണം കഴിഞ്ഞിട്ട് കാർഷിക വളർച്ച ഒരു ശതമാനമായിരുന്നു. പിന്നീടാണ് വെളിപാടുണ്ടായത്. ഈ കാലയളവ് എന്നു പറയുന്നത് ചിരകാല വിളകളിലേയ്ക്കുള്ള വലിയ മാറ്റത്തിന്റെ കാലയളവാണ്. അതിന് ജസ്റ്റേഷൻ പീരീഡുണ്ട്. അങ്ങനെയാണ് 1987 മുതൽ വീണ്ടും വളർച്ച ഉയരാൻ കാരണം. രൂക്ഷമായ വിലത്തകർച്ചയുടെ കാലമുണ്ടല്ലോ, 1999 മുതൽ 2003 വരെയുള്ളത്. ആ കാലം എടുത്തിട്ടുണ്ടെങ്കിൽ, സ്ഥിരവിലയെടുത്താൽ കേരളത്തിൽ കാർഷിക വളർച്ച ഉണ്ടാവുകയാണ് ചെയ്തത്. വില തകർന്നെങ്കിലും മൊത്തം ഉൽപ്പാദനം-എത്ര ടൺ റബ്ബർ; എത്ര തേങ്ങ; എത്ര ടൺ കുരുമുളക് ഇതൊന്നും കുറയില്ല. കാരണം, അത് നേരത്തെ നടത്തുന്ന ഇൻവെസ്റ്റുമെന്റിനെ ആസ്പദമാക്കിയുള്ളതാണ്. അതു കൊണ്ട് സ്ഥിരവിലയെടുത്തുകഴിഞ്ഞാൽ വലിയ വിലത്തകർച്ചയുടെ കാലത്തും കേരളത്തിലെ കാർഷിക മേഖല വളരുന്നു. എന്നാൽ മറ്റൊന്നുണ്ടായി. ഈ കാലയളവിൽ ഇൻവെസ്റ്റുമെന്റില്ല. വെട്ടിമാറ്റുന്നതല്ലാതെ റീ-പ്ലാന്റിംഗ് ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly

ആ ഇൻവെസ്റ്റുമെന്റ് 2004-ന് ശേഷം വില ഉയരുമ്പോഴാണ് വരുന്നത്. അതു കൊണ്ട് ഞാൻ ഇന്നിപ്പോൾ പ്രവചിക്കുകയാണ്, 2010-ലെ സാമ്പത്തിക സർവ്വേ വരട്ടെ, കാർഷിക വളർച്ച വീണ്ടും നോക്കിക്കൊള്ളൂ. കാർഷിക മേഖലയുടെ ദൗർബ്ബല്യം ഇന്ന് ഒരു ദൗർബ്ബല്യമാണ്. അതുപോലെതന്നെ പുതിയ വളർച്ചാ സ്രോതസ്സുകൾ, അത് ടൂറിസമാകട്ടെ, ഐ.റ്റി. ആകട്ടെ ഇതൊക്കെ വേഗതയിൽ നമുക്ക് വളരാൻ പറ്റണം. കഴിഞ്ഞകാല ബഡ്ജറ്റുകൾ വളരെ ബോധപൂർവ്വം ഈ ലക്ഷ്യങ്ങളെ നോക്കിക്കൊണ്ടു തന്നെയാണ് തയ്യാറാക്കിയിട്ടുള്ളത്. ആര്യാടൻ സർ പറഞ്ഞത് പണം അനുവദിച്ചാൽ ചെലവാക്കില്ല, 26,000 കോടി രൂപയല്ലേ പോയിട്ടുള്ളത് എന്ന്. ബഡ്ജറ്റ് തയ്യാറാക്കുമ്പോൾ ഡെയ്‌ലി വേയ്സ് ആന്റ് മീൻസ് പ്രശ്നം വന്നുകഴിഞ്ഞാൽ നമ്മൾ റിസർവ് ബാങ്കിൽനിന്നും കൈ വായ്പ വാങ്ങും. ഉടനെ അത് തിരിച്ചു കൊടുക്കും. ഇതിന് ബഡ്ജറ്റിൽ വരവും ചെലവും കാണിച്ച് മിസലേനിയസ് ക്യാപ്പിറ്റൽ റസീപ്റ്റ് ആയിട്ട് ഒരു അനുമാനക്കണക്ക് എടുത്തു വയ്ക്കും. അതാണ് 22,000 വരുന്നത്. ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ 19,528 കോടി രൂപയായിരുന്നു സർക്കാരിന്റെ ചെലവ്. ഈ വർഷത്തെ ബഡ്ജറ്റ് പ്രകാരം 40,000 കോടി രൂപയായി; ഇരട്ടിയായി. നിങ്ങൾ 5 വർഷം ഭരിച്ചപ്പോൾ, 2000-2001-ലെ ഭരണം വരുമ്പോൾ 12,726 കോടി രൂപയായിരുന്നു സർക്കാരിന്റെ ബഡ്ജറ്റ് ചെലവ്. നിങ്ങളുടെ ഭരണം അവസാനിക്കുമ്പോൾ 19,528 കോടി രൂപ; 53 ശതമാനമാണ് വർദ്ധനവ്. 53 ശതമാനം വർദ്ധനയാണോ 103 ശതമാനം വർദ്ധനയാണോ കൂടുതൽ ?

ശ്രീ. കെ. എം. മാണി: സർ, അങ്ങ് ഈ പറഞ്ഞ 40,000 കോടി രൂപയിൽ എത്രയാണ് ഡെവലപ്മെന്റൽ എക്സ്പെന്റിച്ചർ; എത്രയാണ് ക്യാപ്പിറ്റൽ എക്സ്പെന്റിച്ചർ ?

ഡോ. തോമസ് ഐസക്: സർ, ഗംഭീരമായ ചോദ്യം. അങ്ങ് ചോദിച്ചതിൽ വളരെ നന്ദിയുണ്ട്. ഇതിൽ മൂലധന ചെലവ് മൊത്തം ചെലവിന്റെ 4.53 ശതമാനമാണ് 2000-2001-ൽ. 2005-2006 ആയപ്പോൾ അത് കുറഞ്ഞ് 4.18 ശതമാനമായി. ബഡ്ജറ്റ് ഇൻ ബ്രീഫ് എടുത്തു നോക്കിയാൽ മതി. കഴിഞ്ഞ വർഷം ആക്ച്വൽ എക്സ്പെന്റിച്ചർ 6.04 ശതമാനമാണ്. നിങ്ങളുടെ കാലത്ത് ഉണ്ടായിരുന്നതിനേക്കാൾ 50 ശതമാനം മൂലധന ചെലവിന്റെ വിഹിതം കൂടി.

ശ്രീ. കെ. എം. മാണി: സർ, എന്റെ കയ്യിലിരിക്കുന്നത് Report of the Comptroller and Auditor General of India, State Finances for the year 31st March 2009 ആണ്. ഇതിൽ ഡെവലപ്പ്മെന്റൽ എക്സ്പെന്റിച്ചർ, ക്യാപ്പിറ്റൽ എക്സ്പെന്റിച്ചർ എന്നിവയെക്കുറിച്ചൊക്കെ പറഞ്ഞിരിക്കുന്നത്, the position deteriorated for the year in 2008 and 2009 as the per capita expenditure, Developmental expenditure and Capital expenditure was lower than all the States average എന്നാണ്.

LIBRARY ARCHIVES Kerala Legislative Assembly

ഡോ. തോമസ് ഐസക് : സർ, ഞാൻ ഒരു കാര്യം പറയാം. മൊത്തം ബഡ്ജറ്റിലെ മൂലധന ചെലവ് എത്രയുണ്ടെന്ന് പറയുമ്പോൾ പ്രതിശീർഷ മൂലധന ചെലവ് എത്രയെന്ന് ചോദിച്ചാൽ എങ്ങനെയാണ് പറയാൻ പറ്റുന്നത്. യു.ഡി.എഫ്.-ന്റെ കാലത്ത് 4.18 ശതമാനം ആയിരുന്നു മൂലധന ചെലവ്. അത് 6.04 ശതമാനം ആയി. ഈ വർഷം സ്റ്റിമുലസ് പാക്കേജിന്റെ ബില്ലുകളൊക്കെ വന്നു തുടങ്ങിയിട്ടുണ്ടെങ്കിൽ അത് ബഡ്ജറ്റ് കണക്ക് പ്രകാരം 10.42 ശതമാനം ആകും.

ശ്രീ ആര്യാടൻ മുഹമ്മദ്: സർ, 2004-05 മുതൽ 2008-2009 വരെയുള്ളത് സി.എ.ജി.യുടെ ഫിനാൻസ് സ്റ്റേറ്റ്മെന്റിൽ കൊടുത്തിട്ടുണ്ട്. അതിൽ പറയുന്നത് സെന്ററിന്റെ സഹായം ഈ പറയുന്ന പീരീഡിൽ ഞങ്ങളുടെ കാലത്ത് 10 ശതമാനം, ഇപ്പോൾ 13 ശതമാനം. നിങ്ങളുടെ പിരീഡിൽ സ്റ്റേറ്റ് റവന്യൂ കുറവ്, സെന്ററിന്റെ എയ്ഡും ടാക്സ് വിഹിതവും കൂടുതൽ ; അത് ശരിയല്ലേ. അതുകൊണ്ടല്ലേ ഇങ്ങനെ വന്നത് ?

ഡോ. തോമസ് ഐസക് : സർ, ചെലവിനെക്കുറിച്ചാണ് ഇപ്പോൾ പറയുന്നത്. ചെലവിന്റെ കണക്ക് തീർന്നാൽ വരവിലേയ്ക്ക് വരാം. പദ്ധതി ചെലവ് 2005-06-ൽ 22.02 ശതമാനം. കഴിഞ്ഞ വർഷം ആക്ചൽ എക്സ്പെന്റിച്ചർ 24.95 ശതമാനം. ഈ വർഷം 25.3 ശതമാനം. ക്വാളിറ്റി ഓഫ് എക്സ്പെന്റിച്ചറിനെക്കുറിച്ച് മാണി സർ ചോദിച്ചല്ലോ ? അതിൽ സൂചിക രണ്ടെണ്ണം പ്രധാനമായിട്ടുണ്ട് ; നിങ്ങളുടെ മൂലധനചെലവ് കൂടുന്നുണ്ടോ എന്നും നിങ്ങളുടെ പദ്ധതി ചെലവ് കൂടുന്നുണ്ടോ എന്നുമുള്ളത്. ആര്യാടൻ സർ പറഞ്ഞ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളില്ലേ ? എത്രയാണ് കൊടുക്കുക എന്നുള്ളത് ഫിനാൻസ് കമ്മീഷന്റെ അവാർഡിന്റെയടിസ്ഥാനത്തിലാണ്. നിങ്ങളുടെ ഫിനാൻസ് കമ്മീഷൻ അവാർഡിന്റെയടിസ്ഥാനത്തിൽ ഞങ്ങൾ കൊടുത്തു. വരാൻ പോകുന്ന ഫിനാൻസ് കമ്മീഷൻ അവാർഡിനെക്കുറിച്ച് ഞാൻ പറയുന്നില്ല. പ്ലാൻ എക്സ്പെന്റിച്ചർ മാത്രമല്ല നോൺ-പ്ലാൻ എക്സ്പെന്റിച്ചറുമുണ്ട്. നോൺ പ്ലാൻ ഗ്രാന്റുകൾ നൽകുന്നുണ്ട്. അതുകൂടി കണക്കിലെടുക്കുമ്പോൾ 2005-2006-ൽ നിങ്ങൾ പഞ്ചായത്തിന് കൊടുത്തത് മൊത്തം ബഡ്ജറ്റിന്റെ 6.62 ശതമാനം. കഴിഞ്ഞ വർഷം ഞങ്ങൾ കൊടുത്തത് 7.88 ശതമാനം. ഇതാണ് ചെലവിനെക്കുറിച്ചുള്ള യാഥാർത്ഥ്യം. നിങ്ങളുടെ കാലത്ത് സർക്കാർ വികസനത്തിനും എല്ലാത്തിനുംവേണ്ടി ചെലവഴിച്ചതിന്റെ ഇരട്ടി വേഗതയിൽ ആ ചെലവുകൾ കഴിഞ്ഞ 5 വർഷക്കാലത്തിനിടയിൽ വർദ്ധിച്ചു. ഇത് പോരായെന്നാണ് എന്റെ അഭിപ്രായം. അപ്പോഴാണ് ഒരു ചോദ്യം വരുന്നത്. ഒരു കാര്യം പറയുന്നത് കടം ഇങ്ങനെ വർദ്ധിപ്പിച്ചില്ലേ എന്നുള്ളതാണ് ചോദ്യം. ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ 46,000 കോടി രൂപയാണ് കടം. ഇപ്പോൾ വച്ചിരിക്കുന്ന borrowals കൃത്യമായി നടന്നാൽ 78,327 കോടി രൂപയായി കൂടും ; 70 ശതമാനം കൂടും. നിങ്ങൾ അധികാരത്തിൽ വന്നപ്പോൾ എത്രയായിരുന്നു കടം ? 24,000 കോടി രൂപ. അതാണ് 49,929 കോടി രൂപയായി കൂടിയത്. 92 ശതമാനമാണ് നിങ്ങളുടെ ഭരണ കാലത്ത് കടം കൂടിയത്. ഇവിടെ കൂടിയത് 70 ശതമാനം. ഏതാണ് കൂടുതൽ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. ഡി. സതീശൻ : സർ, എഫ്.ആർ.ബി.എം ആക്ട് പാസ്സാക്കി, പണം കടമെടുക്കുന്ന കാര്യത്തിൽ ലിമിറ്റ് വച്ചിട്ടുണ്ട്. രണ്ട് കാര്യത്തിൽ എനിക്ക് സംശയമുണ്ട്; അതൊന്ന് തിരുത്തണം. രണ്ടാമത്തെ കാര്യം, കാപ്പിറ്റൽ എക്സ്പെൻഡിച്ചറിനെക്കുറിച്ച് പറഞ്ഞു. ലോക്കൽ ബോഡിക്ക് 6 ശതമാന മെന്നുള്ളത് 7 ശതമാനം ആക്കിയെന്നുപറഞ്ഞു; നാലുവർഷക്കാലം. ഈ വർഷത്തേത് വരാൻ പോകുന്നതേയുള്ളൂ. നാലു വർഷക്കാലവും ലോക്കൽ ബോഡികളുടെ പണം ചെലവാക്കാൻ വേണ്ടി അവർക്ക് സാധിച്ചത് അവസാനത്തെ രണ്ടോ മൂന്നോ മാസക്കാലം മാത്രമാണ്. എന്തു കാപ്പിറ്റൽ എക്സ്പെൻഡിച്ചറാണ് ഉണ്ടായിരുന്നത്. ഇപ്പോൾ അങ്ങ് സ്റ്റിമുലസ് പാക്കേജിന്റെ കാര്യം പറഞ്ഞു. സ്റ്റിമുലസ് പാക്കേജിന്റെ ബില്ലുകൾ വരും. സ്റ്റിമുലസ് പാക്കേജ് പ്രഖ്യാപിക്കൽ മാത്രമേയുള്ളൂ. 70 ശതമാനം ബില്ലുകളും കൊടുക്കേണ്ടത് ഏതു ഗവൺമെന്റായാലും വരാൻപോകുന്ന ഗവൺമെന്റാണ്. ഈ കാലഘട്ടത്തിൽ ഈ ബില്ലുകൾ ഒന്നും വരില്ല. ഇപ്പോൾ ബില്ലുകൾ വന്നു തുടങ്ങാൻ പോകുന്നതേയുള്ളൂ. ഈ നാലായിരം കോടിയോളം രൂപയുടെ ബില്ലിന്റെ പേയ്മെന്റ് മുഴുവൻ വരാൻ പോകുന്നത്, ഏതു ഗവൺമെന്റ് വന്നാലും അടുത്ത ഗവൺമെന്റിന്റെ കാലത്താണ്. ഇതല്ലേ യാഥാർത്ഥ്യം.

ഡോ. തോമസ് ഐസക് : സർ, ശരി, അപ്പോൾ എഫ്.ആർ.ബി.എം. ആക്ട് എന്നാണ് കേരളത്തിൽ വന്നത്. ഈ സർക്കാർ വന്നിട്ടാണോ ? നിങ്ങൾ വൈറ്റ് പേപ്പർ ഉടനെ ഇറക്കി. രണ്ടു ശതമാനമായി ഫിസ്ക്കൽ ഡെഫിസിറ്റ് കുറയ്ക്കുമെന്നുള്ളത് നടപ്പില്ലാത്ത കാര്യമാണ്. ഞാനും ആ നിയമസഭയിൽ ഉണ്ടായിരുന്നു. എന്നാണ് പാസ്സാക്കിയതെന്ന് അറിയാം. ഏതായാലും, എന്തു കാരണം കൊണ്ടാണെങ്കിലും നിങ്ങളുടെ ഭരണകാലത്ത് കടഭാരം ഇരട്ടിയായപ്പോൾ ഇപ്പോഴത്തെ ബോറോവൽസ് കംപ്ലീറ്റ് നടന്നാൽപോലും 70 ശതമാനം മാത്രമേ ഭരണത്തിൽ കടം കൂടിയിട്ടുള്ളൂ. ഇനി ഈ കടം നമ്മുടെ സംസ്ഥാന വരുമാനത്തിന്റെ ശതമാനമായി കണക്കാക്കിയാൽ എങ്ങനെയിരിക്കും ? നിങ്ങളുടെ ഭരണകാലത്ത് 2001-2002-ൽ 34.5 ശതമാനമായിരുന്നു ഡെബ്റ്റ് ജി.ഡി.പി. റേഷ്യോ, ജി.എസ്.ടി.പി. റേഷ്യോ. അത് നിങ്ങളുടെ ഭരണം അവസാനിച്ചപ്പോൾ 36.5 ശതമാനം ആയി; രണ്ടു ശതമാനം കൂടി. ഈ വർഷം എവിടെ എത്തിച്ചേരും ? മുപ്പത്തിരണ്ടു ശതമാനത്തിൽ എത്തിയിരിക്കും. എന്നിട്ടാണ് കടം കൂടി, വാങ്ങിച്ചു, മറിച്ചു എന്നൊക്കെ പറഞ്ഞുകൊണ്ടിരിക്കുന്നത്. അപ്പോഴാണ് ഇവിടെ വന്നിരിക്കുന്ന വേറൊരു വാദം, കേന്ദ്രസർക്കാർ വഴിവിട്ട് ഒരുപാട് സഹായിച്ചതുകൊണ്ടാണ് ഇതൊക്കെ ചെയ്യാൻ കഴിഞ്ഞിരിക്കുന്നത് എന്നാണ്. കണക്കു ഞാൻ പറഞ്ഞുതരാം. നിങ്ങളുടെ ഭരണത്തിന്റെ അവസാനവർഷം 2005-2006-ൽ സംസ്ഥാന റവന്യൂവിന്റെ 29.9 ശതമാനം, അതായത് മുപ്പതു ശതമാനമാണ് കേന്ദ്രസർക്കാർ തന്നത്. ഈ വർഷത്തെ കണക്ക് 25.6 ശതമാനം. ഇനി എമൗണ്ട് കൂടുന്നു എന്നുപറയുന്നു. എമൗണ്ട് വച്ചിട്ടല്ല കണക്കാക്കുന്നത്. സംസ്ഥാന വരുമാനം ഏതാണ്ട് 20 ശതമാനം വച്ചുകൂടി. ചില വർഷങ്ങളിൽ കുറഞ്ഞിട്ടുണ്ട്. ഇത് ഇവിടെങ്ങും നിൽക്കില്ലായിരുന്നു. അതിൽ ഏറ്റവും വലിയ കാരണക്കാരൻ ശ്രീ. ആര്യാടൻ മുഹമ്മദ് ആണ്. നിയമസഭയിൽ ഒരുമിച്ച് ഒരു നിലപാട് എടുക്കുന്നതിൽ തടസ്സം നിന്നത് അങ്ങാണ്; എൻട്രി ടാക്സിന്റെ

LIBRARY ARCHIVES Kerala Legislative Assembly

കാര്യത്തിൽ. എന്താണ് എൻട്രി ടാക്സിന്റെ പ്രശ്നം ? ഇന്നിപ്പോൾ സംസ്ഥാനത്തിന് പുറത്തുനിന്ന് സ്വന്തം ഉപയോഗത്തിനുവേണ്ടി എന്തുകൊണ്ടുവന്നാലും രണ്ടു ശതമാനം നികുതി കൊടുത്താൽ മതി. അതേ കാര്യം സംസ്ഥാനത്തിനുള്ളിൽ നിന്ന് വാങ്ങേണമെങ്കിൽ നാലോ പന്ത്രണ്ടരയോ ശതമാനം നികുതി കൊടുക്കണം. ഇന്നിപ്പോൾ സാർവ്വത്രികമായി ഏജൻസികൾ പ്രവർത്തിക്കുകയാണ്. വർക്ക് ഓർഡർ കൊടുത്താൽ നിങ്ങളുടെ പേരിൽ രണ്ട് ശതമാനം നികുതിക്ക് പുറത്തുനിന്നു വാങ്ങിക്കൊണ്ടുവരും. ആ രണ്ടു ശതമാനം നമുക്കും കിട്ടില്ല. മറ്റ് സംസ്ഥാനത്തിന് മാത്രമേ കിട്ടുകയുള്ളൂ. എന്റെ കണക്കുകൂട്ടലിൽ ഒരു പതിനയ്യായിരം കോടി രൂപ ട്രേഡ് ഷിഫ്റ്റ് ചെയ്യുന്നതിന്റെ ഫലമായിട്ട് ഉണ്ട്. അതൊന്നും ഇല്ലായിരുന്നെങ്കിൽ ഈ വരുമാനത്തിന്റെ വളർച്ച ഇങ്ങനെയൊന്നുമായിരിക്കില്ല. ഇതാണ് നമ്മുടെ മൊത്തത്തിലുള്ള ധനസ്ഥിതിയെക്കുറിച്ചുള്ള നില. ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി ചോദിച്ചു, ഇങ്ങനെ പോയാൽ ഈ സപ്ലിമെന്ററിയൊക്കെ പാസ്സാക്കിക്കഴിഞ്ഞ് ഈ വർഷം അവസാനം ആകുമ്പോൾ നമ്മൾ എവിടെ എത്തുമെന്ന്. ഞാൻ നവംബർ വരെയുള്ള കണക്കെടുത്തിട്ടുണ്ട്. നമ്മുടെ സംസ്ഥാനത്തിന്റെ ക്യുമുലേറ്റീവ് റവന്യൂ ആന്റ് എക്സ്പെൻഡിച്ചർ നോക്കാം. കഴിഞ്ഞ വർഷം നവംബർ മുപ്പതിന് 2064 കോടി രൂപയാണ് ചെലവ്. ഈ വർഷം നവംബർ മുപ്പതിന് 2882 കോടി രൂപ. കഴിഞ്ഞ വർഷം പ്ലാനിന്റെ മുപ്പത്തിയൊന്നു ശതമാനം ചെലവാക്കിയ സ്ഥാനത്ത് ഇപ്പോൾ 35 ശതമാനം ; ഇത് പോരായിരുന്നു, 60 ശതമാനം വേണ്ടിയിരുന്നു. എങ്കിലും കഴിഞ്ഞ വർഷത്തേക്കാൾ നാല് ശതമാനം കൂടുതലാണ്. റവന്യൂ ഡെഫിസിറ്റ് എത്രയാണ് ? കഴിഞ്ഞ വർഷം ഈ സമയത്ത് 2915 കോടി രൂപ, ഏതാണ്ട് മൂവായിരം കോടി രൂപ, ഈ വർഷം നവംബർ മുപ്പതിന് 1249 കോടി രൂപ. അതാണ് ഞാൻ ശേഖരിച്ചു എന്നു പറഞ്ഞത്, അത് അടിച്ചുവന്നില്ല. എന്നാലും നിയമസഭയിൽ പറയുന്നതല്ലേ ? ഈ റവന്യൂ ഡെഫിസിറ്റ് കൂടുകയില്ലായെന്നല്ല, കൂടും, കാരണം ഇനി വരാൻ പോകുന്ന മാസങ്ങളിൽ റവന്യൂ ചെലവിന്റെ ഫലമായി നമ്മുടെ വായ്പയിൽ നല്ലൊരു പങ്ക് വരാൻ പോകുന്നതേയുള്ളൂ. റവന്യൂ ചെലവ് കൂടും, റവന്യൂ ഡെഫിസിറ്റ് ഉയരും. പക്ഷേ ഞാൻ പറയുന്നു, ബഡ്ജറ്റിൽ പറഞ്ഞ 1.48 ശതമാനത്തേക്കാൾ കുറവായിരിക്കും കേരളത്തിന്റെ ഈ വർഷത്തെ റവന്യൂ ഡെഫിസിറ്റ്. ഫിസ്ക്കൽ ഡെഫിസിറ്റ്, 3.49 ശതമാനം വച്ചതിൽ മൂന്നു ശതമാനത്തിൽ അപ്പുറം പോകുകയില്ല. കാരണമെന്താണ് ? മൈതാനത്തു നിന്ന് പ്രസംഗിക്കുന്നതുപോലെ ഇങ്ങനെ വെറുതെ പറയരുത്, കാര്യം പറയൂ, ചെലവിന്റെ കണക്കല്ലേ ഞാൻ പറഞ്ഞത്. നിങ്ങളുടെ ഭരണകാലത്ത് ഇരട്ടിയാണ് ചെലവ് ഞങ്ങളുടെ ഭരണകാലത്ത് 70 ശതമാനംവരെ മാത്രമേ എത്തിയുള്ളൂ എന്നു ഞാൻ പറഞ്ഞപ്പോൾ നിങ്ങൾക്ക് മറുപടി ഉണ്ടായില്ലല്ലോ. പദ്ധതി കണക്കിന്റെയും ക്യാപ്പിറ്റൽ എക്സ്പെൻഡിച്ചറിന്റെയും കണക്ക് പറഞ്ഞല്ലോ.

ശ്രീ. കെ. എം. മാണി : സർ, സാറിയെല്ലാംകൂടി കൂട്ടിപ്പറഞ്ഞിട്ടു കാര്യമുണ്ടോ ? നിങ്ങൾ ഇതിനകത്ത് ഒരു ഡിസ്കഷൻ വയ്ക്കുകയാണെങ്കിൽ ഇന്നലെ ഹാജരാക്കിയ സ്റ്റേറ്റ് ഫിനാൻസ് വച്ച് നമുക്ക് വാദിക്കാം. ഇതിൽ നല്ല ക്ലിയർ ആയി പറഞ്ഞിട്ടുണ്ട് ; നിങ്ങളുടെ ഡെവലപ്മെന്റ് എക്സ്പെൻഡിച്ചറും ക്യാപ്പിറ്റൽ എക്സ്പെൻഡിച്ചറും വളരെ ലോ ആണെന്ന്. ഇതിന് വിപരീതമായി അങ്ങ് പറഞ്ഞാൽ എങ്ങനെയാണ് ?

LIBRARY ARCHIVES Kerala Legislative Assembly

ഡോ. തോമസ് ഐസക് : സർ, മൂലധനച്ചെലവും ഡെവലപ്മെന്റ് എക്സ്പെൻഡിച്ചറും, പ്ലാൻ എക്സ്പെൻഡിച്ചറും മൂന്നും മൂന്നാണ്.

ശ്രീ. കെ. എം. മാണി : സർ, അതറിയാം.

ഡോ. തോമസ് ഐസക് : സർ, അത് അറിയാമല്ലോ. നമ്മുടെ റവന്യൂ ഡെഫിസിറ്റിന്റെ നില ഇങ്ങനെയായിരിക്കുന്നതുകൊണ്ട് ചില അഡീഷണൽ എക്സ്പെൻഡിച്ചേഴ്സ് ഈ ധനകാര്യവർഷത്തിൽ എടുക്കുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്. അതിൽ റോഡിന്റെ കാര്യം ബഹുമാനപ്പെട്ട മെമ്പർമാർ പലരും പറയുകയുണ്ടായി. റോഡ് മെയിന്റനസിനുവേണ്ടി, അപ്ഗ്രഡേഷനുവേണ്ടി നമ്മൾ അഡീഷണലായി 1000 കോടി രൂപയാണ് ചെലവഴിക്കുന്നത്. അതിൽ 300 കോടി രൂപയുടെ വർക്കുകൾ ഇതിനകംതന്നെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ടെൻഡർ വിളിച്ച് വർക്കുകൾ ആരംഭിച്ചിട്ടുണ്ട്. ഇന്ന് അവിടെ പോയാൽ അതിന്റെ ഹീൽ ഉണ്ടാകും. 700 കോടി രൂപയിൽ 400 കോടി രൂപയുടേത് കൊടുത്തുകഴിഞ്ഞു. പക്ഷേ പി.ഡബ്ല്യു.ഡി ചെയ്യുമ്പോൾ വലിയ റോഡുകളാണ് എടുക്കാൻ കഴിയുന്നത്. എന്നാൽ ബഹുമാനപ്പെട്ട മെമ്പർമാർ പലരും പറഞ്ഞത് ചെറിയ റോഡുകൾക്ക്, ഗ്രാമീണ റോഡുകൾക്ക് പഞ്ചായത്തുകൾക്ക് കൊടുത്ത പണം പോരാ, ഈ മഴക്കാലത്തെല്ലാം തകർന്നുകിടക്കുകയാണെന്നുള്ളതാണ്. അതുകൊണ്ട് റോഡ് അപ്ഗ്രഡേഷനുവേണ്ടി ഓരോ മണ്ഡലത്തിലേയ്ക്കും 25 ലക്ഷം രൂപ എം.എൽ.എ. ഫണ്ടിന്റെ ഭാഗമായി അധികമായി അനുവദിക്കാൻ തീരുമാനിച്ചിരിക്കുകയാണ്. ....(ബഹളം)..........

ശ്രീ. ആര്യാടൻ മുഹമ്മദ്, ഇവിടെ ഞങ്ങളൊക്കെ എം.എൽ.എ.മാരായിട്ട് മുമ്പ് ഇരുന്നിട്ടുണ്ട്. ഓരോ റോഡിനുംവേണ്ടി നിങ്ങളുടെ അടുത്ത് വന്ന് എത്ര ചോദിച്ചിട്ടുണ്ടെന്ന് അറിയാം, നല്ല ഓർമ്മയുണ്ട്. [4.00 PM] പ്രസവാവധിക്കുവേണ്ടിയുള്ള സ്കീം നവംബർ ഒന്നുമുതൽ പ്രാബല്യത്തിൽ വന്നതാണ്. അതിന്റെ ചെലവിലേക്ക് 20 കോടി രൂപ കൂടുതലായി ചെലവഴിക്കുന്നതാണ്. ബീഡി തൊഴിലാളികളുടെ റിട്ടയർമെന്റ് ബെനിഫിറ്റ്, കയർ തൊഴിലാളികളുടെ റിട്ടയർമെന്റ് ആനുകൂല്യം, മൽസ്യത്തൊഴിലാളികളുടെ റിട്ടയർമെന്റ് ആനുകൂല്യം ഇതിനെല്ലാംകൂടി 20 കോടി രൂപ അഡീഷണലായി ഈ വർഷം ചെലവഴിക്കുന്നതാണ്. മുസ്സിരീസ് പൈതൃക പദ്ധതിക്ക് 20 കോടി രൂപയും തലശ്ശേരി പൈതൃക പദ്ധതിക്ക് 20 കോടി രൂപയും ഇതിന് പുറമെ പ്രോജക്ട് പൂർണ്ണമായി അംഗീകരിക്കപ്പെട്ടിട്ടില്ലെങ്കിലും ഇന്നത്തെ കരട് പദ്ധതിയുടെ ഭാഗമായി ആലപ്പുഴ സമഗ്ര ടൂറിസം പരിപാടിക്കുവേണ്ടി ഈ വർഷം തന്നെ പത്ത് കോടി രൂപയും അങ്ങനെ 50 കോടി രൂപ ഈ മേഖലയ്ക്ക് അഡീഷണലായിട്ട് ചെലവഴിക്കുന്നതാണ്. ഇപ്പോൾ ഒരു ഗഡു ഡി.എ. കുടിശ്ശികയായിട്ടുണ്ട്. ഫെബ്രുവരി മാസം മുതൽ ജീവനക്കാർക്ക് ഒരു ഗഡു ഡി.എ. കുടിശ്ശിക തീർത്ത് കൊടുക്കുന്നതാണ്. ഏതാണ്ട് 70 കോടി രൂപയുടെ അധികച്ചെലവ് ഇതിന്റെ ഫലമായി സർക്കാരിന് ഉണ്ടാകും. ഇത്തരത്തിലൊക്കെ നമ്മുടെ കാര്യങ്ങൾ പോയാൽപ്പോലും ഇന്നത്തെ രീതിയിൽ വരുമാനം ....

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. ഡി. സതീശൻ : സർ, നമ്മൾ സാധാരണ ബഡ്ജറ്റ് പ്രസംഗത്തിലും ബഡ്ജറ്റ് പാസ്സാക്കുന്ന സമയത്തും ഇത്തരം പ്രഖ്യാപനങ്ങൾ നടത്താറുണ്ട്. ഇപ്പോൾ അങ്ങ് 50 കോടി രൂപയുടെ പ്രഖ്യാപനം നടത്തി; ഞാൻ അതിനെ സ്വാഗതം ചെയ്യുന്നു. പക്ഷേ പണം എവിടെ നിന്നാണ് എന്ന് സൂചിപ്പിക്കുകപോലും ചെയ്യാതെ സപ്ലിമെന്ററി ഗ്രാന്റ് പാസ്സാക്കുന്ന സമയത്ത് 50 കോടി രൂപ അനൗൺസ് ചെയ്തത് ഓർഡറിലാണോ എന്നുള്ളതാണ് എന്റെ ചോദ്യം ?

ഡോ. തോമസ് ഐസക് : സർ, ഇത് ഇവിടെ പറയേണ്ട കാര്യമില്ല. ബഡ്ജറ്റിൽ അഡീഷണൽ ഓതറൈസേഷൻ കൊടുക്കാനുള്ള അധികാരം ധനകാര്യമന്ത്രിക്കുണ്ട്. ഇനിയാണ് ശ്രീ. ആര്യാടൻ മുഹമ്മദ് ഉന്നയിച്ച ആരോപണങ്ങളിലേയ്ക്ക് വരേണ്ടത്. അതിൽ ഇന്ന് രാവിലെ ഇവിടെ ശ്രീ. ഉമ്മൻചാണ്ടി ഗൗരവമായിട്ടുള്ള രണ്ട് പ്രസ്താവനകൾ നടത്തുകയുണ്ടായി. ഒന്ന്, ശ്രീ. പി. ചിദംബരം 2004-ൽ മന്ത്രിയായതിനുശേഷം നളിനി ചിദംബരം കേരളത്തിൽ കേസ് വാദിക്കാൻ വന്നില്ല എന്ന്. ഇപ്പോൾ തൽക്കാലം നാല് കേസുകളുടെ പേര് പറയാം. അങ്ങ് അന്വേഷിച്ചിട്ട് നാളെ പറഞ്ഞാൽ മതി. ഒന്ന്, റിട്ട് പെറ്റിഷൻ (സി)12189/07 പ്രകാരം ജോൺ കെന്നഡിക്കുവേണ്ടി ഹാജരായിട്ടുണ്ട്. 2007-ൽതന്നെ ഡബ്ല്യു.എ.631/07 പ്രകാരം ജോൺ റോസിനുവേണ്ടി ഹാജരായിട്ടുണ്ട്. റിട്ട് പെറ്റീഷൻ (സി) 30176/2006 പ്രകാരം ജോൺ റോസിനുവേണ്ടി ഹാജരായിട്ടുണ്ട്. ഡബ്ല്യു.എ.88/2007 പ്രകാരം ബാലാജിക്കുവേണ്ടി ഹാജരായിട്ടുണ്ട്. ഇങ്ങനെ നാല് കേസ്സുകളുടെ ലിസ്റ്റ് എന്റെ കൈവശമുണ്ട്. അങ്ങ് അത് പരിശോധിച്ചാൽമതി. ശ്രീ. ഉമ്മൻചാണ്ടി വളരെ ഖണ്ഡിതമായിട്ട് പ്രസ്താവിക്കുകയാണ് ശ്രീ. പി. ചിദംബരം മന്ത്രിയായതിനു ശേഷം നളിനി ചിദംബരം ഈ ലോട്ടറി മാഫിയായ്ക്കുവേണ്ടി വാദിക്കാൻ വന്നില്ലെന്ന്. വന്നതിന്റെ നാല് കേസ് അങ്ങോട്ട് പറഞ്ഞ് തന്നതാണ്.

ശ്രീ. കെ. എം. മാണി : സർ, അങ്ങ് പറഞ്ഞത് അഡ്വക്കസിക്ക് എതിരായിട്ടുള്ള കാര്യമാണ്. തന്നെ അപ്രോച്ച് ചെയ്യുന്ന ഏത് പ്രതിക്കുവേണ്ടിയും ഹാജരാവുകയെന്നതാണ് ഒരു അഡ്വക്കേറ്റിന്റെ ധർമ്മം.

ശ്രീ. ഉമ്മൻചാണ്ടി : സർ, ഞാൻ രാവിലെ പറഞ്ഞിടത്ത് തന്നെയാണ് നിൽക്കുന്നത്. സാന്റിയാഗോ മാർട്ടിനുവേണ്ടി ശ്രീ. പി. ചിദംബരം മന്ത്രിയായതിനുശേഷം അദ്ദേഹത്തിന്റെ ഭാര്യ കേസിന് വന്നിട്ടില്ല. ശ്രീ. കെ. എം. മാണി പറഞ്ഞത് വേറൊരു ചോദ്യം; അഡ്വക്കേറ്റ് എന്ന നിലയിൽ ആകാമോ ഇല്ലയോ എന്ന പ്രശ്നം. പക്ഷേ ഞാൻ ആ വാദമല്ല പറഞ്ഞത്. ഞാൻ വന്നിട്ടേയില്ല എന്ന് തന്നെയാണ് പറഞ്ഞത്. അവിടെത്തന്നെ ഞാൻ നിൽക്കുന്നു. എന്താണ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിക്ക് ഇതുസംബന്ധിച്ച് പറയാനുള്ളത് ?

ഡോ. തോമസ് ഐസക് : സർ, ഇതിൽ ഈ പറഞ്ഞവർ ലോട്ടറി മാഫിയുടെ ഭാഗമല്ലേ, സാന്റിയാഗോ മാർട്ടിനുമായിട്ട് ബന്ധമില്ലേ, അത്രയും മതി. അങ്ങ് പറഞ്ഞ കാര്യത്തെക്കുറിച്ച് രേഖയൊന്ന് പരിശോധിക്കാനുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഇത് കഴിഞ്ഞിട്ട് നോക്കാം. ഇപ്പോൾ പ്രതിപക്ഷ നേതാവ് പറയുന്നത് സാന്റിയാഗോ മാർട്ടിനുവേണ്ടി ഹാജരായിട്ടില്ലായെന്നു പറഞ്ഞുവെന്നുള്ളതാണ്. ശരി, നമുക്ക് പരിശോധിക്കാം. വീണിടത്ത് കിടന്ന് ഉരുളരുത് ....(ബഹളം)........ രണ്ടാമത്തെ പ്രസ്താവന, സിബി മാത്യുവിന്റെ റിപ്പോർട്ട് അയച്ചുകൊടുത്തത് 2010-ലാണ്, മുമ്പ് കൊടുത്തിട്ടില്ലെന്നുള്ളതാണ്. 2006-ൽ റിപ്പോർട്ട് സമർപ്പിച്ചു, അത് ഡിപ്പാർട്ടുമെന്റലായിട്ട് പരിശോധിച്ചു, പരിശോധിച്ചതിന്റെ അടിസ്ഥാനത്തിലുള്ള നയവും ഇവിടെ വച്ചിട്ടുണ്ട്. ആ റിപ്പോർട്ടിന്റെ രേഖ അവിടെയുണ്ട്. അത് ഞാൻ എഴുതിയിട്ടുണ്ട്, മുഖ്യമന്ത്രി വഴി ഫോർവേർഡ് ചെയ്യാൻ, അതിന്റെ ഡി.ഒ. ലെറ്റർ പുട്ട് അപ്പ് ചെയ്യാൻ. അങ്ങനെ മുഖ്യമന്ത്രി 10-11-2006-ൽ ഫോർവേർഡിംഗ് ലെറ്റർ വച്ച് എഴുതി. ആ കത്തിന്റെ ഒരു ഭാഗം ഞാൻ വായിക്കാം. In order to measure the depth of violation, Government ordered a Vigilance probe recently. It reveals large scale violation of Section 4 of Central Act even by the paper lotteries organs in the State on behaif of Sikkim and Bhoottan Governments. Copy of the report is enclosed എന്ന് പറഞ്ഞുകൊണ്ടുള്ളതാണ് ഫോർവേർഡിംഗ് ലെറ്റർ. അതിനെ ത്തുടർന്ന് ഞാൻ ശ്രീ. പാട്ടീലിന് കത്ത് അയച്ചു; ഇങ്ങനെ റിപ്പോർട്ട് അയച്ചിട്ടുണ്ടല്ലോ, വയലേഷൻ തുടരുകയാണ്, അതുകൊണ്ട് അടിയന്തരമായി നടപടി എടുക്കണം. അതിനുശേഷം നടപടിയുണ്ടാകാതെ വന്നു കഴിഞ്ഞപ്പോൾ ഇവിടുന്ന് വീണ്ടും കത്ത് അയച്ചു. ആ കത്തിൽ ചെറിയ കാര്യങ്ങൾ മാത്രമല്ല പറഞ്ഞിരിക്കുന്നത്, ഇവിടത്തെ കോടതികൾ രണ്ടും കേന്ദ്ര സർക്കാരിനേ അവകാശമുള്ളൂയെന്ന് പറയുന്നു. അഡീഷണൽ സോളിസിറ്റർ ജനറൽ കേരളത്തിൽ വന്ന് വാദിച്ചിരിക്കുന്നത് കേന്ദ്രത്തിന് മാത്രമേ നടപടിയെടുക്കാൻ അവകാശമുള്ളുയെന്നുള്ളതാണ്. ഇവരാണെങ്കിൽ നിയമലംഘനം നടത്തിക്കൊണ്ടിരിക്കുകയാണ്. അതുകൊണ്ട് ഇത് കേരള സർക്കാരിന് നേരത്തെ ശ്രീ. ഉമ്മൻചാണ്ടി മുഖ്യമന്ത്രിയായിരിക്കുമ്പോൾ എഴുതിയതുപോലെതന്നെ ഒരു സ്പെക്ടേറ്ററായി കണ്ടുനിൽക്കാനേ കഴിയുന്നുള്ളൂ. അടിയന്തരമായി ഇടപെടണം. അതിന് ഒരു അപ്പോയിൻമെന്റ് തരണം. അങ്ങനെ 22-1-2007-ൽ കാണുന്നു, കണ്ട് സംസാരിക്കുന്നത് റിപ്പോർട്ടിനെക്കുറിച്ചാണ്. സെക്രട്ടറിമാരടക്കം ഇരുന്നുകൊണ്ട് ഈ റിപ്പോർട്ട് വച്ചുകൊണ്ട് കേരളത്തിലെ പരാതികൾ എന്താണ് എന്ന് വിശദമായി പരിശോധിക്കുകയും അദ്ദേഹം മറുപടി പറയുകയും ചെയ്തു. മെമ്മോറാണ്ടം തരൂ എന്ന് പറഞ്ഞതനുസരിച്ച് മെമ്മോറാണ്ടം കൊടുക്കുന്നു. അതിന്റെ അടിസ്ഥാനത്തിൽ അക്നോളജ്മെന്റ് തന്നിട്ടുണ്ട്; നിങ്ങളുടെ കത്ത് കിട്ടി അതിന്റെ അടിസ്ഥാനത്തിൽ ഞങ്ങൾ പരിശോധിച്ചുകൊണ്ടിരിക്കുകയാണെന്ന്.

ശ്രീ. ഉമ്മൻചാണ്ടി : സർ, അങ്ങ് പറഞ്ഞത് മുഖ്യമന്ത്രിയുടെ കത്തിന്റെ കാര്യമാണ്. ഇവിടെ ചോദിച്ച ചോദ്യത്തിന്റെ മറുപടി എല്ലാം എന്റെ കൈയിലുണ്ട്. ഇത് പുതുതായിട്ടുള്ളതല്ല. പക്ഷേ രാജ്യസഭയിൽ 10-11-2010-ന് രാജ്യസഭാമെമ്പർ ഡോ. ടി. എൻ. സീമ ചോദിച്ച ചോദ്യത്തിന് കേന്ദ്ര ആഭ്യന്തര സഹമന്ത്രി പറഞ്ഞ മറുപടിയുണ്ട്. ആ മറുപടി പത്രങ്ങളിൽ എല്ലാം വന്നു. ഇതുവരെ കേരള ഗവൺമെന്റ് അതിനെ ചോദ്യം ചെയ്തില്ല എന്ന്. അതിനുള്ള മറുപടി എന്താണെന്ന് അറിയാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഡോ. തോമസ് ഐസക് : സർ, ചോദ്യം വായിക്കൂ.

ശ്രീ. ഉമ്മൻചാണ്ടി : സർ, ചോദ്യം വായിക്കാം. (b) Whether the Government of Kerala has submitted any report/report of investigation by the Vigilance Department about the violations ? ഇത് (ബി) ചോദ്യമാണ്. (എ) ആയി മറ്റൊരു ചോദ്യമുണ്ട്. അത് ഇവിടെ റെലവന്റ് അല്ലാത്തതുകൊണ്ട് ഞാൻ വായിക്കുന്നില്ല. Answer -- The Government of Kerala in its letter number 17612/81/10 TD (Taxes Department) dated 18-9-2010 written to the Central Government - has enclosed a copy of Vigilance Enquiry Report dated 16-10-06 about the violations. 16-10-2006-ലെ റിപ്പോർട്ട്, ഗവൺമെന്റിന്റെ ലെറ്റർ 17612/...... dated 18-9-2010. അടുത്ത ചോദ്യം

(c) If so when the report was received by the Government ? Answer-The said letter along with the report was received by the Government on 20-9-2010. എന്താണിത് ?.........(ബഹളം).......... ഇത് കോൺഗ്രസ് എം.പി. മാർ ആരും ചോദിച്ചിട്ട് വന്നതല്ല. ....(ബഹളം).............ശ്രീ. എം. വിജയകുമാർ,.... ഇവിടന്ന് അയച്ചു എന്നുപറഞ്ഞുള്ള മുഖ്യമന്ത്രിയുടെ കത്ത് എന്റെ കയ്യിലുണ്ട്. അതിനകത്ത് അങ്ങ് പറഞ്ഞത് തന്നെയുണ്ട്. ഇവിടെ മറുപടി അസംബ്ലിയിൽ തന്നതിനകത്ത് റിപ്പോർട്ട് അയച്ചുകൊടുത്തു എന്നുണ്ട്. പക്ഷെ കേന്ദ്രത്തിന്റെ മറുപടി ഇങ്ങനെ വന്നപ്പോൾ ....(ബഹളം)..........നിങ്ങൾ അറിയണം. രണ്ട് റിപ്പോർട്ടുണ്ട് ; ഒന്ന്, സിബി മാത്യുവിന്റെ ശരിയായ റിപ്പോർട്ട്. മറ്റൊന്ന്, സാന്റിയാഗോ മാർട്ടിനെ സംരക്ഷിച്ചുകൊണ്ട് നാല് പേജുള്ള മറ്റൊരു റിപ്പോർട്ടുണ്ടാക്കി. ബഹുമാനപ്പെട്ട മന്ത്രി, ഇവിടെ നിങ്ങൾ കോർട്ടിൽ കൊടുത്തത് ഈ റിപ്പോർട്ട് ആയിരുന്നു, അടുത്ത ദിവസം വരെ..... ഈ ഒരു റിപ്പോർട്ടിന്റെ സമ്മറി എന്തിനാണ് കോടതിയിൽ കൊടുത്തത് ? എന്താണ് ഉദ്ദേശിക്കുന്നത് ? നിങ്ങൾ അങ്ങനെ റിപ്പോർട്ട് അയച്ചിട്ടുണ്ടെങ്കിൽത്തന്നെ അത് ഈ സമ്മറി റിപ്പോർട്ടാണ്. അങ്ങേക്ക് നിഷേധിക്കാൻ പറ്റുമോ ? ഈ സമ്മറി റിപ്പോർട്ടാണ് കോടതിയിൽ ഗവൺമെന്റിനു വേണ്ടി കൊടുത്തത് എന്ന് ഞാൻ പറഞ്ഞാൽ അങ്ങേക്ക് നിഷേധിക്കാൻ പറ്റുമോ ?

ഡോ. തോമസ് ഐസക് : സർ, ഇത് രണ്ടും തമ്മിൽ കൂട്ടിക്കുഴയ്ക്കേണ്ട. അതവിടെ നിൽക്കട്ടെ. .....(ബഹളം)...കോടതിയിൽ എന്ത് സമർപ്പിക്കുന്നു എന്ന് തീരുമാനിക്കുന്നത് മന്ത്രിയോ സർക്കാരോ ഒന്നുമല്ല. മന്ത്രിക്കും സർക്കാരിനും വേണ്ടി എ.ജി.യും ബാക്കിയുള്ളവരുമാണ്. ....(ബഹളം)........... ഞാൻ നിങ്ങൾ പറഞ്ഞത് മുഴുവൻ കേട്ടില്ലേ; ....(ബഹളം)...... 2006-ൽ കേന്ദ്രത്തിന് ഇങ്ങനെ ഒരു റിപ്പോർട്ട് അയച്ചു തന്നിരുന്നോ എന്ന് ചോദിച്ചാൽ ഉത്തരം 'ഉണ്ട്' എന്നായിരിക്കും. അതിനു പകരം Has Kerala sent any Report എന്ന് ചോദിച്ചാൽ ഇവിടെ അസംബ്ലിയിൽ ഇരിക്കുന്നവർക്ക് അറിയാം, മറുപടി കൃത്യമായി ആ ചോദ്യത്തിനാണ്. ഇങ്ങനെ ഒരു കത്ത് കിട്ടി, 2010-ൽ കിട്ടി. അതിനർത്ഥം, ആ ഉത്തരത്തിൽനിന്ന് 2006-ൽ കിട്ടിയില്ല എന്ന് അർത്ഥമില്ല. അക്കാര്യത്തിൽ ഒരു സംശയവും വേണ്ട.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഉമ്മൻചാണ്ടി: സർ, ഞാൻ ഇക്കാര്യത്തിൽ മാത്രമല്ല ഏത് കാര്യത്തിലും ഈ സഭയിൽ പറഞ്ഞതിനകത്ത് തെറ്റ് വന്നിട്ടുണ്ടെങ്കിൽ പരസ്യമായി മാപ്പ് പറയാൻ തയ്യാറാണ്, പിൻവലിക്കാനും ഖേദം പ്രകടിപ്പിക്കാനും തയ്യാറാണ്. പക്ഷെ നിങ്ങൾ പോലും കാര്യങ്ങൾ അറിയാതെ സംസാരിക്കരുത്. ഇത് ഡോക്ടർ സീമ ചോദിച്ച ചോദ്യത്തിനുള്ള മറുപടിയാണ്. .....(ബഹളം)........... എനിക്ക് ഇതു സംബന്ധിച്ച് രണ്ട് ചോദ്യത്തിനും കൂടി അങ്ങ് മറുപടി തന്നാൽ മതി. ഒന്ന്, ഡോ. സീമ ചോദിച്ച ചോദ്യത്തിന് സംസ്ഥാന ഗവൺമെന്റ് റിപ്പോർട്ട് അയച്ചിട്ടില്ലെന്നുള്ള മറുപടി ഇവിടത്തെ എല്ലാ മാധ്യമങ്ങളിലും വന്നിട്ടും എന്തുകൊണ്ട് അത് ശരിയല്ലെന്ന് അങ്ങ് പറഞ്ഞില്ല. രണ്ട്, 2006-ൽ ഇങ്ങനെ ഒരു റിപ്പോർട്ട് അയച്ചിട്ടുണ്ടെങ്കിൽ എന്തിന് 2010-ൽ നിങ്ങൾ റിപ്പോർട്ട് അയച്ചു ?

ഡോ. തോമസ് ഐസക്: സർ, ...(ബഹളം).....ഞാൻ ഒന്ന് പറഞ്ഞോട്ടെ ജോസഫേ... ഇങ്ങനെ തുടങ്ങിയാലോ.... .....എൺപതിനായിരം കോടി രൂപയുടെ അഴിമതി ഞാൻ നടത്തിയെന്ന് പറഞ്ഞ് സംസാരിക്കുന്നവരെ ഞാൻ പരിഹസിക്കുകയാണെന്ന്. .... (ബഹളം).........

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി മറുപടി പറയട്ടെ.........(ബഹളം)..... ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി...........പ്ലീസ്........

ഡോ. തോമസ് ഐസക്: സർ, ചില കാര്യങ്ങളിലൊക്കെ അവിടെ ഒരഭിപ്രായം ഇവിടെ ഒരഭിപ്രായം; അങ്ങനെയിരുന്നോട്ടെ അഭിപ്രായങ്ങൾ പറഞ്ഞു പറഞ്ഞ്.......(ബഹളം)......ഞാൻ മറുപടി പറയാം.......... ഞാൻ മറുപടി പറയുകയാണ്. ഒന്ന്, പാർലമെന്റിൽ ഇങ്ങനെ ചോദ്യങ്ങൾ വരികയും ചോദ്യങ്ങൾക്കൊക്കെ ഇതുപോലെ കൃത്യമായ മറുപടികൾ വരികയും ചെയ്യുന്നുണ്ട്. അസംബ്ലിയിലാണെങ്കിലും ചോദ്യത്തിനാണ് മറുപടി നിങ്ങളുടെ ഉദ്ദേശം എന്താണെന്ന് നോക്കി അതിനല്ല മറുപടി പറയുന്നത്. ആ ചോദ്യത്തിന്റെ അർത്ഥം ഇത് മാത്രമാണ്. 2010-ൽ ഇങ്ങനെ ഒരു റിപ്പോർട്ട് കിട്ടി. 2006-ൽ കിട്ടിയിട്ടില്ലെന്ന് അതിനർത്ഥമില്ല. എന്നാണ് ആദ്യമായി നിങ്ങൾക്ക് കിട്ടിയത് എന്നാണോ ചോദ്യം, അല്ലല്ലോ. അങ്ങനെ തന്നെയാണ് ഉത്തരം പറയുന്നത്. അങ്ങയുടെ അഭിപ്രായം വേറെയാണെങ്കിൽ നിൽക്കട്ടെ. രണ്ടാമത് അങ്ങ് ചോദിച്ചല്ലോ .....(ബഹളം) ....ഇവിടെ ഒരുപാട് വിവാദങ്ങൾ നടക്കുന്നുണ്ട്. ഇതിന്റെ അർത്ഥം ഇതാണെന്ന് എനിക്ക് നല്ല ഉറപ്പുള്ളതുകൊണ്ടു തന്നെയാണ്. നേരത്തെ സംസ്ഥാന സർക്കാരിന് നടപടി എടുക്കാൻ അവകാശമുണ്ട് എന്ന് ഒരു സഹമന്ത്രിയെക്കൊണ്ട് അഭിപ്രായം പറയിപ്പിച്ചിട്ട് ഇവിടെ ഭൂമി മുഴുവൻ കുലുക്കിയല്ലോ. ചോദിച്ച ചോദ്യമെന്താണ് ? വ്യാജ ലോട്ടറികൾ നടത്തുകയാണെങ്കിൽ, അനധികൃത ലോട്ടറികൾ നടത്തുകയാണെങ്കിൽ നടപടിയെടുക്കാൻ അവകാശമുണ്ടോ ? ഉണ്ട്. സംശയമുണ്ടോ അക്കാര്യത്തിൽ. പക്ഷെ ഇന്ത്യാ സർക്കാരിന്റെ അംഗീകാരത്തോടുകൂടി ലോട്ടറികൾ നടത്തുകയാണെങ്കിൽ അതിനെതിരെ നടപടിയെടുക്കാൻ അവകാശമുണ്ടോ എന്ന് ചോദിച്ചാൽ, ആ ചോദ്യത്തിന് ഉത്തരം വേറെയായിരിക്കും. ആ ചോദ്യത്തിനുള്ള കൃത്യമായിട്ടുള്ള ഉത്തരം അങ്ങനെ. പക്ഷെ ഇപ്പറഞ്ഞപോലെ കേരള സർക്കാർ 2006-ൽ മുഖ്യമന്ത്രിയുടെ ആമുഖ കത്തോടുകൂടി ഈ റിപ്പോർട്ട് അയച്ചുകൊടുക്കുന്നു. ആ റിപ്പോർട്ട് അയച്ചതിന്റെ നടപടിക്രമങ്ങളുടെ ഫയലും ഞാൻ കൊണ്ടു വന്നിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഉമ്മൻചാണ്ടി : സർ, അവിടത്തെ ചോദ്യം Whether the Government of Kerala has submitted any report/report of investigation by the Vigilance Department about the violations ? സ്പെസിഫിക് ചോദ്യമല്ലേ ? അതിനുള്ള മറുപടി - The Government of Kerala in its letter No.... dated 18-9-2010, written to the Central Government - has enclosed a copy of Vigilance Enquiry Report, dated 16-10-2006 about the violations. 2010-ലെ റിപ്പോർട്ട് അയച്ചെന്നല്ല പറയുന്നത്, 2006-ലെ റിപ്പോർട്ട് അയച്ചെന്നാണ് പറയുന്നത്. ചോദ്യം വളരെ സ്പെസിഫിക്കാണ്. ....(ബഹളം)........ഞാൻ ആ പറഞ്ഞിടത്ത് തന്നെ നിൽക്കുകയാണ്. രണ്ടാമത്തെ ചോദ്യം, എന്തു കൊണ്ടാണ് നിങ്ങൾ ഇങ്ങനെ ഒരു റിപ്പോർട്ട് വന്നിട്ട്, ഒരു മന്ത്രി ഇത്രയും വിവാദങ്ങളിൽ കത്തി നിൽക്കുമ്പോൾ രാജ്യസഭയിലെ മാർക്സിസ്റ്റ് പാർട്ടിയുടെ ഒരു മെമ്പർക്ക് ഇങ്ങനെ ഒരു മറുപടി കൊടുത്തിട്ട് അത് ശരിയല്ലെന്ന് പത്രക്കാരോട് പറയുകയോ കേന്ദ്ര ഗവൺമെന്റിനെ എഴുതി അറിയിക്കുകയോ പോലും ചെയ്തില്ല. എന്താണ് അതിന്റെ അർത്ഥം ? രണ്ടാമത്തെ ചോദ്യം, എന്തിനാണ് പിന്നീട് രണ്ടാമത് നിങ്ങൾ അയച്ചുകൊടുത്തത് ?

ഡോ. തോമസ് ഐസക് : സർ, നിങ്ങൾ ഇങ്ങനെ ചോദിച്ചുകൊണ്ടിരുന്നാൽ ഞാൻ എങ്ങനെ മറുപടി പറയും ? അപ്പോൾ എന്തുകൊണ്ടാണ് മറുപടി പറയാതിരുന്നത് ? ഇത് നിഷേധിക്കുകയായിരുന്നു. എന്നെ സംബന്ധിച്ചിടത്തോളം so obvious. കാരണം എന്താണ് ? അങ്ങുംകൂടി ഒപ്പിട്ട് ഇങ്ങനെ മെമ്മോറാണ്ടം അയച്ചുതന്നിട്ടുണ്ടല്ലോ, എന്നിട്ടും നടപടിയെടുക്കാത്തത് ശരിയല്ല എന്നുപറഞ്ഞു കൊണ്ട് കൊടുത്തിരിക്കുന്നു. മൂന്ന് എം.പി.-മാരുടെ കോൺഫറൻസിൽ .... അതിന്റെ ഡേറ്റുകൾ ഞാൻ കടലാസ് നോക്കിയിട്ട് ഇപ്പോൾ കാണുന്നില്ല......... മൂന്ന് എം.പി.-മാരുടെ കോൺഫറൻസിന്റെ മിനിട്സിൽ, 11-11-2006, 3-2-2007, 30-6-2007 എന്നീ തീയതികളിൽ കേരള സർക്കാർ റിപ്പോർട്ട് കേന്ദ്ര സർക്കാരിന് അയച്ചുകൊടുത്തിരിക്കുന്നു, അതിൻമേൽ നടപടിയെടുക്കാൻ നിങ്ങൾ പരിശ്രമിക്കണമെന്ന് ഇത്ര obvious ആയ കാര്യത്തെക്കുറിച്ച് ഞങ്ങൾ അയച്ചു കൊടുത്തിട്ടുണ്ടെന്ന് പറയേണ്ട കാര്യമെന്താണ് ? ഞാൻ അങ്ങനെയാണ് എടുത്തത്. അങ്ങുതന്നെ ഒപ്പിട്ട് കേരള സർക്കാർ അയച്ചുകൊടുത്ത മെമ്മോറാണ്ടത്തെക്കുറിച്ച് പറഞ്ഞിട്ട് ഇങ്ങനെ വീണ്ടുവിചാരം വരുമെന്ന് ഞാൻ ധരിച്ചില്ല. അങ്ങനെ യായിരുന്നെങ്കിൽ ഞാൻ പറഞ്ഞേനെ.

ശ്രീ. ഉമ്മൻ ചാണ്ടി : സർ, എനിക്ക് യാതൊരു വീണ്ടുവിചാരവുമില്ല. ലോട്ടറിയുടെ കാര്യത്തിൽ കർശനമായ നടപടി വേണമെന്നുള്ളതാണ് എന്റെ അഭിപ്രായം. അത് കേന്ദ്രത്തെ അറിയിച്ചിട്ടുണ്ട്, നിങ്ങളുടെ കൂടെവന്ന് അറിയിച്ചിട്ടുണ്ട്. യാതൊരു മാറ്റവുമില്ല. പക്ഷേ എന്താണ് നിങ്ങൾക്ക് ഇതിൽ പറയാനുള്ളത് ?

ഡോ. തോമസ് ഐസക് : സർ, രണ്ടാമത്തെ കാര്യം, എന്തിനാണ് പിന്നെ ഇത് രണ്ടാമതും അയച്ചത് ? ഇവിടെ നടക്കുന്ന വിവാദങ്ങളുടെ പശ്ചാത്തലത്തിൽ കേരള സർക്കാർ ഇതുവരെ അയച്ചിട്ടുള്ള മുഴുവൻ കത്തുകളുമുണ്ട്. അതിന്റെ കൂടെ നേരത്തെ അയച്ചുകൊടുത്ത റിപ്പോർട്ടുംവച്ചു. ഇതാണ് അയച്ചു കൊടുത്തിരിക്കുന്നത്. അപ്പോൾ ഒരു പ്രശ്നം...............

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഉമ്മൻ ചാണ്ടി : സർ, ഈ രണ്ട് റിപ്പോർട്ട് വന്നത് എങ്ങനെയാണ് ? എന്റെ കയ്യിലിരിക്കുന്നതാണ് സിബി മാത്യുവിന്റെ റിപ്പോർട്ട്. സിബി മാത്യുവിന്റെ റിപ്പോർട്ടിന്റെ സമ്മറിയിൽ ഈ റിപ്പോർട്ടിലെ കാതലായ പ്രശ്നങ്ങളൊന്നുമില്ല. ഈ രണ്ട് റിപ്പോർട്ടുകളുംകൂടി ഇവിടെ ആരുടെയെങ്കിലും പരിശോധനയ്ക്ക് അങ്ങ് വിടാമോ ? വളരെ വ്യക്തമാകും. ഈ റിപ്പോർട്ടിൽ സിബി മാത്യു കണ്ടുപിടിച്ച കുറ്റങ്ങൾ മറച്ചുവച്ചുകൊണ്ട് ഒരു സമ്മറിയുണ്ടാക്കിയത് എന്തിനുവേണ്ടി ?

ഡോ. തോമസ് ഐസക് : സർ, കഷ്ടമാണ്. അങ്ങ് ഇങ്ങനെ വീണ്ടും വീണ്ടും അടിസ്ഥാനരഹിതമായ കാര്യങ്ങൾ പറഞ്ഞുകൊണ്ടിരിക്കുന്നത്. നിങ്ങൾ എന്നേക്കാൾ സീനിയറാണ്. നിങ്ങൾ ഇങ്ങനെ വികാരം കൊള്ളേണ്ട കാര്യമില്ല. .....(ബഹളം)....... സിബി മാത്യുവിന്റെ റിപ്പോർട്ടിൽ മെയിൻ ടെക്സ്റ്റ് ഉണ്ട്, അനക്സേഴ്സുണ്ട്. കോടതിയിൽ അഡ്വക്കേറ്റ് ജനറലിന്റെ ഓഫീസിൽനിന്ന് ഇപ്പോഴുള്ള കേസ്സിൽ കൊടുത്തപ്പോൾ അവർ ഈ മെയിൻ ടെക്സ്റ്റ് മാത്രമേ കൊടുത്തുള്ളു, അനക്സർ കൊടുത്തില്ല. അനക്സർ കൊടുത്തില്ലെന്ന് ആക്ഷേപം വന്നപ്പോൾ അനക്സർ കൊടുക്കാൻ തീരുമാനിച്ചു, അവർ കൊടുത്തു. ഇതാണ് ഉണ്ടായിട്ടുള്ളത്. Why can't you think ? ഇത്രയും റിപ്പോർട്ട് കേന്ദ്രത്തിന് അയച്ചുകൊടുക്കുകയും എം.പി.മാരുടെ കോൺഫറൻസിൽ ചർച്ച ചെയ്യുകയും വീണ്ടും വീണ്ടും റിമൈന്റർ അങ്ങുകൂടി അയയ്ക്കുകയും ചെയ്ത കാര്യത്തിൽ ഇങ്ങനെയാണ് ആ കാര്യം വന്നതെന്ന് ചിന്തിക്കാൻ പറ്റാത്തത് എന്താണ് ?

ശ്രീ. ഉമ്മൻ ചാണ്ടി : സർ, ആയിരം പേജുള്ള ഒരു റിപ്പോർട്ടിന് സമ്മറിയുണ്ടാക്കുന്നത് മനസ്സിലാക്കാം. പതിനേഴ് പേജുള്ള റിപ്പോർട്ടിന് നാല് പേജിന്റെ സമ്മറിയുണ്ടാക്കുക, അതിനകത്ത് കാതലായ പ്രശ്നങ്ങൾ വിട്ടുപോകുക. അതിനെക്കുറിച്ച് എന്താണ് പറയാനുള്ളത് ?

ഡോ. തോമസ് ഐസക് : Sir, I tell you, it is not summary. It is the main Report and the annexures. അനക്സേഴ്സ് ഒഴിവാക്കി മെയിൻ റിപ്പോർട്ട് കൊടുത്തു. ഇതാണ് ഉണ്ടായിട്ടുള്ളത്. ....(ബഹളം) ....

ശ്രീ. ഉമ്മൻ ചാണ്ടി : സർ, ഇത് ആരുടെ മുമ്പിലും ഹാജരാക്കാം. ഇത് സമ്മറിയാണ്.............(ബഹളം)............

ഡോ. തോമസ് ഐസക് : സർ, ഞാൻ പറയുന്നു, മന്ത്രിയല്ല കോടതിയിലെ കാര്യങ്ങൾ തീരുമാനിക്കുന്നത്. ....(ബഹളം).............നിങ്ങളുടെ കാലത്ത് എങ്ങനെയാണ് ? എ. ജി. കോടതിയിൽ എന്തൊക്കെ രേഖ എപ്പോഴൊക്കെ എങ്ങനെ ഹാജരാക്കണമെന്ന് തീരുമാനിക്കുന്നത് ഞാനാണോ ? രണ്ടാമത്തേത്, ചട്ടത്തെക്കുറിച്ചാണ്. ഇവിടെ പറഞ്ഞത് നേരത്തെ അയച്ച കത്തുകളൊക്കെ ചട്ടപ്രകാരമായിരുന്നില്ല, അതുകൊണ്ടാണ് കേന്ദ്രം പരിശോധിക്കാതിരുന്നത്. ചട്ട പ്രകാരം കത്തുകൊടുത്തു, ഉടനെ വാങ്ങി. It begs a question. 1998-ൽ നിയമം പാസ്സാക്കിയിട്ട് ചട്ടം ഉണ്ടാക്കാനായി 2010 വരെ കാത്തിരിക്കേണ്ടിവന്നത് എന്തുകൊണ്ടാണ് ? അത് പറയണ്ടേ ? അപ്പോൾ ചട്ടം ഉണ്ടാക്കാതെ കേന്ദ്രത്തിന്

LIBRARY ARCHIVES Kerala Legislative Assembly

നടപടിയെടുക്കാൻ പറ്റിയില്ലെങ്കിൽ പിന്നെ അതിൽനിന്ന് എത്തുന്ന അനുമാനം എന്താണ്? ലോട്ടറി മാഫിയയെ സംരക്ഷിക്കാൻവേണ്ടി ചട്ടം ഉണ്ടാക്കാതിരുന്നതല്ലേ എന്ന് ഞാൻ പറയുന്നില്ല. ....(ബഹളം)............

ശ്രീ. ഉമ്മൻ ചാണ്ടി : സർ, അങ്ങനെയാണ് അങ്ങേക്ക് പറയാനുള്ളതെങ്കിൽ 1-4-2010-ൽ ചട്ടം വന്നിട്ട് എന്തിന് ആറ്മാസം വരെ നിങ്ങൾ കാത്തിരുന്നു?

ഡോ. തോമസ് ഐസക് : സർ, എനിക്കറിയാം.........ഉമ്മൻ ചാണ്ടി സാർ ഇങ്ങനെയൊരു ചോദ്യം ഉന്നയിക്കുമെന്ന് അറിയാമായിരുന്നു. ചട്ടം വന്നു കഴിഞ്ഞ് രണ്ടുമാസത്തിനുള്ളിൽ ചട്ടപ്രകാരമുള്ള ആക്ഷേപം ആദ്യം സിക്കിം സർക്കാരിന് അയച്ചു. സംസ്ഥാനത്തിന് നേരിട്ട് ഭൂട്ടാൻ സർക്കാരിന് അയയ്ക്കാൻ പറ്റില്ല. രണ്ടാഴ്ച കാത്തിരുന്നു. അതിനുശേഷം രണ്ടാഴ്ച കഴിഞ്ഞപ്പോൾ കേന്ദ്രസർക്കാരിന് ചട്ടപ്രകാരം തന്നെ ഇപ്പോഴുള്ള ഈ പുസ്തകത്തിൽ എഴുതിയ രീതിയിൽതന്നെ റഫറൻസ് റെഗുലേഷൻ 2010-ലെ ഇന്നയിന്ന ക്ലോസ് പ്രകാരം ഇങ്ങനെയാണ് വേണ്ടത് എന്ന് എഴുതി. എന്നാൽ ചെയ്തില്ല. അതുകൊണ്ട് സിക്കിമിന് കത്തെഴുതി. സിക്കിമിന്റെ മറുപടി ഞങ്ങൾക്ക് തൃപ്തികരമല്ല, നടപടിയെടുക്കണമെന്ന് പറഞ്ഞ് എഴുതിയിട്ടുണ്ട് രണ്ടുമാസം കഴിഞ്ഞപ്പോൾ.

ശ്രീ. ഉമ്മൻ ചാണ്ടി : സർ, നമുക്കൊരു ഓർഡിനൻസ് കൊണ്ടുവരാൻ എന്തിനാണ് സിക്കിം ഗവൺമെന്റിന്റെ അനുവാദം? എന്തിനാണ് ഭൂട്ടാൻ ഗവൺമെന്റിന്റെ അനുവാദം? എന്താണിത്? ഇതൊക്കെ കബളിപ്പിക്കാനല്ലേ? ......(ബഹളം)... ഇവിടെ ഒരു ഓർഡിനൻസ് കൊണ്ടുവരാൻ ഭൂട്ടാൻ ഗവൺമെന്റിന്റെ അനുമതി വേണമെന്ന് പറഞ്ഞാൽ, എന്തിനാണ് ഭൂട്ടാൻ ഗവൺമെന്റിന്റെ അനുവാദം? അങ്ങ് എന്താണ് പറയുന്നത്?

ഡോ. തോമസ് ഐസക് : സർ, ഏതായാലും ചട്ടപ്രകാരമുള്ള ആക്ഷേപം മടക്കിവച്ചിട്ടുണ്ട്. ഇനി അറിയേണ്ടത് ഈ ഓർഡിനൻസ് എന്തേ നേരത്തെ ആയിക്കൂടായിരുന്നു, എന്തുകൊണ്ട് ഈ വകുപ്പ് നേരത്തെ ചേർക്കാൻ പാടില്ലായിരുന്നു എന്നുള്ളതാണ്. ആദ്യം അങ്ങ് പറഞ്ഞു തുടങ്ങ്. കാരണം ഈ നിയമം ഉണ്ടാക്കിയത് അങ്ങ് അല്ലേ? നിയമം ഉണ്ടാക്കിയപ്പോൾ എന്തുകൊണ്ട് ഈ ക്ലോസുകളൊക്കെ ഉൾപ്പെടുത്തിക്കൊണ്ട് നിയമം ഉണ്ടാക്കിയില്ല? മറുപടി പറയുക.........

ശ്രീ. ഉമ്മൻ ചാണ്ടി : സർ, യു.ഡി.എഫ്-ന്റെ കാലത്ത് ഓൺലൈൻ ലോട്ടറി നിരോധിച്ചു, ഒറ്റ നമ്പർ ലോട്ടറി നിരോധിച്ചു. ഒരു സ്ഥലത്തും അത് വയലേറ്റ് ചെയ്യാൻ ഞങ്ങൾ സമ്മതിച്ചിരുന്നില്ല. അന്യസംസ്ഥാന ലോട്ടറി നിരോധിക്കണമെങ്കിൽ സംസ്ഥാന ഗവൺമെന്റിന്റെ ലോട്ടറികൂടി നിരോധിക്കണമെന്ന് വന്നപ്പോൾ താത്ക്കാലികമായി ഞങ്ങൾ നിരോധിച്ചു. അതിനുശേഷം ടാക്സ് ഓൺ പേപ്പർ ലോട്ടറീസ് ബിൽ കൊണ്ടുവന്ന് ആക്ടാക്കി നികുതി വർദ്ധിപ്പിച്ചതിനു ശേഷം എനിക്ക് തീർത്തു പറയാൻ സാധിക്കും, ഇന്നത്തേതുപോലെ ജനങ്ങളെ കൊള്ളയടിക്കുന്ന സാഹചര്യം ഞങ്ങൾ അനുവദിച്ചിരുന്നില്ല. നിങ്ങൾക്ക് അത് പറയാൻ പറ്റുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഡോ. തോമസ് ഐസക് : സർ, അപ്പോൾ ഒരു കാര്യം, ഓൺലൈൻ ലോട്ടറിയെക്കുറിച്ചല്ല, ടാക്സ് ഓൺ പേപ്പർ ലോട്ടറീസ് നിയമത്തിലാണ് ഞങ്ങൾ ഒരു ഭേദഗതി വരുത്തിയത്. ഈ നിയമം ഉണ്ടാക്കിയത് അങ്ങാണല്ലോ ? ഈ ലോട്ടറി മാഫിയയെ പിടിക്കാൻ പറ്റുന്ന രീതിയിൽ എന്തുകൊണ്ട് ആ നിയമം ഉണ്ടാക്കിയില്ല ; ഈ ക്ലോസ് ഉൾപ്പെടുത്തിയില്ല? അന്ന് ഇവിടെ 2004-ൽ, ഉമ്മൻചാണ്ടി സാറിന് മറച്ചുവയ്ക്കാം. കാരണം നിങ്ങളുടെ റിക്കാർഡ് അതാണ്. നിങ്ങളുടെ റിക്കാർഡ് 544 കേസ്സ് എടുത്തിട്ട് ഇനി കേസ്സെടുക്കരുതെന്ന് സുപ്രീം കോടതി പറഞ്ഞിട്ട് കേരളത്തിൽനിന്ന് പോയിട്ട് ഇതിന്റെ അർത്ഥം അതുതന്നെയാണെന്ന് പറഞ്ഞതിനുശേഷവും പതിനാല് കേസ്സുംകൂടി എടുത്തിട്ട് 544 എണ്ണം പിൻവലിച്ചതല്ലേ ? നിങ്ങളുടെ റിക്കാർഡ് കോർട്ട് അലക്ഷ്യമാണെന്ന് പറഞ്ഞപ്പോൾ ഇപ്പോൾ എടുത്ത കേസ്സുകൾ മാത്രമല്ല, മുമ്പെടുത്ത കേസ്സുകളും ഭാവിയിലുണ്ടാകുന്ന കേസ്സുകളുമെല്ലാം ഞങ്ങൾ പിൻവലിക്കുന്നു എന്ന് പറഞ്ഞതല്ലേ ? അതിനുശേഷം ഡി.ജി.പി.യുടെ റിപ്പോർട്ടുണ്ട്. ഡി.ജി.പി. നിങ്ങൾക്ക് കത്തയച്ചു. ഇത് 'unheard' ആണ്, നിയമചരിത്രത്തിൽ ഇങ്ങനെയൊരു അഫിഡവിറ്റ് ആരും നൽകിയിട്ടില്ല. അതുകൊണ്ട് അഫിഡവിറ്റ് പിൻവലിക്കാൻ നടപടി സ്വീകരിക്കണമെന്ന് പറഞ്ഞിട്ട് ഉമ്മൻ ചാണ്ടി സാറേ, രണ്ടുവർഷം നിങ്ങൾ മുഖ്യമന്ത്രി ആയിരുന്നില്ലേ ? എന്തേ നടപടി സ്വീകരിക്കാതിരുന്നത് ? ആർക്കുവേണ്ടി ?

ശ്രീ. ഉമ്മൻ ചാണ്ടി : സർ, സാഹചര്യങ്ങളെല്ലാം അങ്ങേയ്ക്ക് അറിയാമായിരുന്നിട്ടും ....(ബഹളം)..........ഞങ്ങൾ അഫിഡവിറ്റ് കൊടുത്ത് പിറ്റേ ദിവസം ഇവിടത്തെ മുഴുവൻ ലോട്ടറിയും നിരോധിച്ചു. അത് അങ്ങ് പറയാത്തതെന്താ ?

ശ്രീ. കെ. എം. മാണി : സർ, ഞാൻ വളരെ സിമ്പിളായ ഒരു കാര്യം ചോദിച്ചോട്ടെ. അങ്ങ് നിയമസഭയിൽ പറഞ്ഞത് ലോട്ടറി ഇടപാടിനെ സംബന്ധിച്ചിടത്തോളം ഒരു എൻക്വയറിയുടെ ആവശ്യമേയില്ല, ഇത് നടത്തുകയില്ല, നടത്തേണ്ട കാര്യമില്ല എന്നാണ്. അങ്ങയുടെ മുഖ്യമന്ത്രി ഇതിൽ വലിയൊരു വെട്ടിപ്പ് നടന്നിട്ടുണ്ട്, ഇതിനെപ്പറ്റി സി.ബി.ഐ. അന്വേഷിക്കണമെന്ന് പറഞ്ഞ് കേന്ദ്രത്തിലേയ്ക്ക് എഴുതി. ഇത് രണ്ടിൽ ഏത് നിലപാടാണ് ശരി എന്ന് അങ്ങ് പറയാമോ ?

ഡോ. തോമസ് ഐസക് : സർ, ഇതിപ്പോൾ ഇങ്ങനെയൊരു ബഹളത്തിലേയ്ക്ക് പോകുകയാണെങ്കിൽ ആദ്യം ഞാനൊന്ന് പറഞ്ഞോട്ടെ. ഒരു പ്രസ്താവന ഞാൻ നടത്തിക്കോട്ടെ. ....(ബഹളം)......... ഞാൻ പറയാം........(ബഹളം)..... പറയാം. ഞാൻ ഒളിച്ചോടുന്നില്ല, ഇവിടെനിന്ന് പറയും. മാണിസാർ പറഞ്ഞ എല്ലാ ആരോപണങ്ങളും ഞാൻ പരിപൂർണ്ണമായി തള്ളിക്കളയുകയാണ്. ഇനി യിപ്പോൾ മാണിസാർ ചോദിച്ചതിനെപ്പറ്റി പറയാം. സി.ബി.ഐ. എൻക്വയറിക്കുള്ള ഡിമാന്റ് എന്നാണ് വന്നത് ; 2005-ൽ. റസൽ ജോയി ആണ് വക്കീൽ. വക്കീൽ റസ്സൽ ജോയി, പബ്ലിക്ക് ഇന്ററസ്റ്റ് ലിറ്റിഗേഷൻ കൊടുത്തു. അങ്ങാണ് മുഖ്യമന്ത്രി ; എന്തിനെക്കുറിച്ച് ? ഈ 544 കേസ്സുകൾ ഇല്ലാതാക്കിയതിനെക്കുറിച്ച്. നികുതിയെന്നുപറയുന്നത് നേരത്തെയുള്ള കോമ്പൗണ്ടിംഗ് രീതിയല്ല. പ്രൈസ് മണി കിഴിച്ച് ബാക്കിയുള്ള വരുമാനത്തിന്റെ

LIBRARY ARCHIVES Kerala Legislative Assembly

എട്ട് ശതമാനമാകട്ടേയെന്ന് പറഞ്ഞിട്ടും അത് പിരിക്കാൻ നടപടിയെടുക്കാത്തതിനെക്കുറിച്ച് സി.ബി.ഐ. എൻക്വയറി വേണമെന്ന് പറഞ്ഞു. രണ്ട് വർഷം അങ്ങ് മന്ത്രി ആയിരുന്നിട്ട് സി.ബി.ഐ. എൻക്വയറി വേണമെന്നൊരു അഫിഡവിറ്റ് കേരള സർക്കാരിന്റേതായി കൊടുത്തോ ? ...(ബഹളം).... ഞാൻ മറുപടി പറയാം. എനിക്ക് എന്റെ രീതിയിലേ മറുപടി പറയാൻ കഴിയുകയുള്ളൂ. നിങ്ങൾ ചോദിക്കുന്നതുപോലെ പറയാൻ ഞാൻ നിൽക്കുകയല്ല. ഞാൻ എന്റെ രീതിയിൽ മറുപടി പറയും.........(ബഹളം).... മാണിസാറെ, മാണിസാർ ചോദിക്കുന്ന ചോദ്യത്തിന്റെ രീതിയിൽ മറുപടി പറയണമെന്നില്ല. ഞാൻ എന്റെ രീതിയിലാണ് മറുപടി പറയുന്നത്. നിങ്ങൾക്ക് വേണ്ട കാര്യമല്ല പറയുക. ..(ബഹളം).... ഞാൻ എന്റെ രീതിയിലേ മറുപടി പറയുകയുള്ളൂ. .....(ബഹളം).... അങ്ങേയ്ക്ക് അറിയാവുന്ന കാര്യമല്ലേ, അവർ ഇറങ്ങി പോകാൻവേണ്ടി നിൽക്കുകയാണെന്ന് ......(ബഹളം)... നിങ്ങൾ നിൽക്കൂ, നിൽക്കൂ...പ്ലീസ്......

ശ്രീ. ഉമ്മൻ ചാണ്ടി : സർ, അങ്ങ് ഒരു കാര്യം പറഞ്ഞു. ഞങ്ങൾ ആ ടാക്സിനെ സംബന്ധിച്ചിടത്തോളം അസസ്സ്മെന്റ് നോട്ടീസ് കൊടുത്തപ്പോൾ അവർ കോടതിയിൽ നിന്ന് സ്റ്റേ വാങ്ങിച്ചു. ബഹുമാനപ്പെട്ട മന്ത്രീ, അങ്ങ് കാര്യങ്ങളിൽനിന്ന് മാറിപ്പോകുകയാണ്. അങ്ങയുടെ മുഖ്യമന്ത്രി അയച്ച കത്തിനകത്ത് കഴിഞ്ഞ നാല് കൊല്ലക്കാലത്തെ അഴിമതിയെക്കുറിച്ചാണ് പറഞ്ഞിരിക്കുന്നത്. യു.ഡി.എഫിന്റെ കാലത്തെക്കുറിച്ച് പറഞ്ഞിട്ടില്ല. അങ്ങ് ഞങ്ങൾ ചോദിച്ച ഒരു ചോദ്യത്തിനും മറുപടി പറഞ്ഞില്ല. അങ്ങ് ഒഴിഞ്ഞു മാറുകയാണ്. ഞാൻ രാവിലെ പറഞ്ഞിടത്ത് തന്നെ നിൽക്കുന്നു. പാർലമെന്റിൽ ചോദ്യത്തിന് മറുപടി വന്നിട്ട്, നിങ്ങളുടെ എം.പി.മാർ അറിഞ്ഞില്ലെങ്കിൽ മനസ്സിലാക്കാം. നിങ്ങൾ അറിഞ്ഞിട്ടും അതിനെ നിങ്ങൾ ചോദ്യം ചെയ്യുന്നില്ല. നിങ്ങൾ വീണ്ടും റിപ്പോർട്ട് കൊടുക്കുന്നു. അങ്ങ് ഇന്ന് പ്രതിക്കൂട്ടിൽ നിൽക്കുകയാണ്. സ്വന്തം മുഖ്യമന്ത്രിയുടെ മുമ്പിൽപ്പോലും അങ്ങേയ്ക്ക് രക്ഷയില്ല. ...(ബഹളം)... അങ്ങയുടെ മറുപടിയിൽ പ്രതിഷേധിച്ച് ശേഷിക്കുന്ന സഭാനടപടികൾ ഞങ്ങൾ ബഹിഷ്ക്കരിക്കുകയാണ്. ....(ബഹളം).........

ഡോ. തോമസ് ഐസക് : സർ, പ്രതിപക്ഷനേതാവ് ശ്രീ. ഉമ്മൻ ചാണ്ടി ഇന്ന് പ്രതിക്കൂട്ടിലാണ് ; ഈ 544 കേസ്സുകൾ പിൻവലിച്ചിട്ട് ലോട്ടറി മാഫിയയെ രക്ഷിച്ചതിന് ....(ബഹളം).........ഇറങ്ങിപ്പോകുന്നോ ......(ബഹളം)...... ഇനി ഇവർ പോയിട്ട് പറയാം. ....(ബഹളം)...

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷം ഒന്നടങ്കം തുടർന്നുള്ള സഭാനടപടികൾ ബഹിഷ്ക്കരിച്ചു.)

ഡോ. തോമസ് ഐസക് : സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഹോം മിനിസ്റ്റർക്ക് അയച്ച കത്ത് ഞാൻ വായിച്ചു. അതിലെന്താണ് പറഞ്ഞിരിക്കുന്നത് ? അതിൽ മാഫിയ ഈ പണമെല്ലാം ദുരുപയോഗപ്പെടുത്തുന്നതിന്റെ കാര്യങ്ങൾ വിശദീകരിക്കുമ്പോൾ കഴിഞ്ഞ നാല് വർഷക്കാലത്തിനിടയിൽ കേരളത്തിൽ നിന്നെടുത്ത തുക തന്നെ 80,000 കോടി രൂപ വരും, ഇവരിങ്ങനെ ദുരുപയോഗപ്പെടുത്തിയിട്ടുണ്ടാവാം. അതുകഴിഞ്ഞ് ഇന്ന് കാലത്ത് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞതുപോലെ കേരള സർക്കാർ ഇവർക്കെതിരായി ഉന്നയിച്ചിട്ടുള്ള

LIBRARY ARCHIVES Kerala Legislative Assembly

ആക്ഷേപങ്ങളെക്കുറിച്ച് അന്വേഷിക്കുന്നതിനുവേണ്ടിയാണ് ഈ അന്വേഷണം ആവശ്യപ്പെടുന്നത്. ഞാൻ നേരത്തെ പറഞ്ഞതുപോലെ സംസ്ഥാന സർക്കാർ ഹൈക്കോടതിയിൽ അഫിഡവിറ്റ് കൊടുത്തു. ഞാൻ അതിൽ എന്താണ് എഴുതിയതെന്നുള്ളത് വായിച്ചുകേൾപ്പിക്കാം. ഫയലിൽ ഇങ്ങനെ കേസ് ഉണ്ടെന്നറിഞ്ഞിട്ട് രണ്ടുവർഷമായി കേരള സർക്കാർ ഇടപെട്ടിട്ടില്ല. അതിൽ അഫിഡവിറ്റ് കൊടുത്തത് ഇങ്ങനെയാണ്. 'Statement of facts seen:- Please state specifically that the Government has no objection against an enquiry by CBI'. ഇത് 7-11-2006-ലാണ്. അപ്പോൾ കേരള സർക്കാർ അഫിഡവിറ്റ് കൊടുത്തിട്ടുണ്ട്. ആരാണ് എതിർത്തുനിന്നത് ? സ്വന്തം ഡി.ജി.പി. എഴുതുകയാണ്, കൊടുത്ത അഫിഡവിറ്റ് ഉന്നയിക്കാൻ നടപടിയെടുക്കണമെന്ന്. ഒരു ചെറുവിരൽ അനക്കിയില്ല. ഈ സർക്കാർ വന്നതിനുശേഷമാണ് ആ അഫിഡവിറ്റ് പിൻവലിക്കുന്നതിന് നടപടി സ്വീകരിക്കാൻ തീരുമാനിച്ചത്. ഈ നാല് വർഷത്തിനുമുമ്പുള്ള കളറിന്റെ വലിപ്പം എത്രയുണ്ടെന്ന് അറിയണമെങ്കിൽ 2004-ൽ അന്നത്തെ ലോട്ടറി ഡയറക്ടർ ഏതാണ്ട് 100 പേജ് വരുന്ന കൊള്ളയെക്കുറിച്ചുള്ള റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. അത് അന്ന് ശ്രീ. എ. കെ. ആന്റണി കേന്ദ്ര സർക്കാരിന് അയച്ചുകൊടുത്തിട്ടുള്ളതാണ്. അന്നുമുതലുള്ള കൊള്ളയെടുത്തോളൂ. എന്തിനാണ് കേരളത്തിൽ ഇത് നിർത്തുന്നത് ? ലോട്ടറി ഇവിടെ മാത്രമല്ലല്ലോ ? 11 സംസ്ഥാനങ്ങളിൽ അധികൃതമായിട്ട് നടത്തുന്നുണ്ടല്ലോ. ഇതൊന്നുമില്ലാത്ത, നിരോധിച്ച തമിഴ്നാട്ടിൽ കള്ള ലോട്ടറി സാന്റിയാഗോ മാർട്ടിൻ നടത്തുന്നുണ്ടല്ലോ. ഇന്ത്യയിൽ നടക്കുന്ന ഭീമമായ കൊള്ളയ്ക്ക് ആരാണ് ഇന്ത്യാരാജ്യത്ത് സംരക്ഷണം കൊടുക്കുന്നത് ? കേരള സർക്കാരാണോ ? നളിനി ചിദംബരവും, ചിദംബരവും 2004 മുതൽ കേരളത്തിൽ നിന്ന് ഇങ്ങനെ കത്തുകൾ അയച്ചിട്ട് ഒരു നടപടി പോട്ടെ, ഒന്ന് ഭൂട്ടാനോടോ, സിക്കിമിനോടോ ചോദിക്കാമായിരുന്നല്ലോ. ഇന്നേവരെ ചോദിക്കാത്തവർ, ഇനി കേരള സർക്കാരൊക്കെ എഴുതുന്നത് മോശമായിരിക്കാം ; പോട്ടെ. സി.ആന്റ് എ.ജി.യുടെ 5 റിപ്പോർട്ടുകളുണ്ട് ; മേഘാലയ ലോട്ടറിയുടെ തട്ടിപ്പിനെക്കുറിച്ച്, സിക്കിം ലോട്ടറിയുടെ തട്ടിപ്പിനെക്കുറിച്ച്, കർണ്ണാടക ലോട്ടറിയുടെ വിൽപ്പനയെക്കുറിച്ച്. ഈ സി. ആന്റ് എ.ജി. റിപ്പോർട്ടുണ്ടായിട്ടുപോലും ഇന്നേവരെ ഒരു നടപടിയും എടുക്കാതിരുന്നത് മണിക്ബാൽ സുബ്ബ, ലോട്ടറി രാജാവ് കോൺഗ്രസ്സിന്റെ എം.പി.യായിട്ട് മൂന്നുവട്ടം വന്നതുകൊണ്ടാണോ, അതോ സാന്റിയാഗോ മാർട്ടിനും ഡി.എം.കെ.-യുമൊക്കെയായിട്ടുള്ള ബന്ധത്തിന്റെ ഫലമായിട്ടാണോ, അതോ ചിദംബരത്തിന് എല്ലാമുള്ള നിക്ഷിപ്ത താൽപ്പര്യത്തിന്റെ ഭാഗമായിട്ടാണോ എന്നുള്ളത് ആരുവേണമെങ്കിലും പോയി അന്വേഷിക്കട്ടെ. അതാണ് അന്വേഷിക്കേണ്ടത്. കേരള സർക്കാർ ആവശ്യപ്പെടുന്നത് കേരളത്തിൽനിന്നും കേരളത്തിനുപുറത്തുനിന്നും ഇത്തരത്തിൽ ജനങ്ങളെ കൊള്ളയടിച്ചുകൊണ്ടിരിക്കുന്നവരെ സംരക്ഷിച്ചുവന്ന ഇന്ത്യാരാജ്യത്തെ ആളുകളാരാണ് എന്നുള്ളതാണ്. 2-ജി സ്പെക്ട്രത്തെ ഒക്കെ വെല്ലുവിളിക്കുന്ന രീതിയിലുള്ള അഴിമതിക്കഥകളായിരിക്കാം വരുന്നത്. അന്വേഷണം നടക്കട്ടെ. ശ്രീ. ഉമ്മൻ ചാണ്ടിയാണ് ഇത്തരത്തിൽ ഒരു അന്വേഷണം വേണ്ടെന്ന് പറഞ്ഞത്. ഇതിൽ വേറെ രണ്ട് കാര്യങ്ങൾ പറഞ്ഞത് ഒന്ന്, നടുപ്പുണി

LIBRARY ARCHIVES Kerala Legislative Assembly

ചെക്ക്പോസ്റ്റിലൂടെയുള്ള കോഴിയുടെ കള്ളക്കടത്ത് വന്നതാണ്. ചെക്ക്പോസ്റ്റ് വഴി കോഴിയെ കൊണ്ടുവരുമ്പോൾ അവിടെയൊക്കെ ഒരുപാട് ഇടപാടുകൾ വേറെ പലതും നടക്കുന്ന സ്ഥലമാണ്. അതുകൊണ്ട് കർശനമായി പറഞ്ഞിരുന്നു ഡ്രാഫ്റ്റ് മാത്രമേ സ്വീകരിക്കാൻ പാടുള്ളൂവെന്ന്. എന്നാൽ 2009 നാലാം മാസം മുതൽ അന്ന് നിലവിലുണ്ടായിരുന്ന ചില വിരുതന്മാരിൽ ഒരാൾ, കോതമംഗലത്തുകാരൻ തന്നെ, അയാൾ പേ ഓർഡർ ചെക്കുകൾ ഡ്രാഫ്റ്റ് ആണെന്ന് പറഞ്ഞ് സ്വീകരിക്കാൻതുടങ്ങി. ആ പേ ഓർഡർ ചെക്ക് പ്രത്യക്ഷത്തിൽ കണ്ടുകഴിഞ്ഞാൽ ഡ്രാഫ്റ്റാണെന്നേ തോന്നുകയുള്ളൂ; ന്യൂ ജനറേഷൻ ബാങ്കുകളുടേതാണ്. അവർ ആ രീതിയിലാണ് മൊത്തത്തിൽ ഉണ്ടാക്കിയിട്ടുള്ളത്. ഏതെങ്കിലും സാധാരണക്കാരൻ കണ്ടാൽ അത് ഡ്രാഫ്റ്റാണെന്ന് വിചാരിക്കും. 2009 നാലാം മാസം മുതൽ തുടങ്ങിയ ഏർപ്പാടാണ്. ആദ്യത്തെ അഞ്ചാറ് മാസക്കാലം കൃത്യമായിട്ട് പേ ഓർഡർ ചെക്കിന് പണം അടച്ചുകൊണ്ടിരുന്നു. നിലവിൽ അന്നുണ്ടായിരുന്ന ആളുകൾ ട്രാൻസ്ഫറായിപ്പോയി. പുതിയ ആളുകൾ വന്നപ്പോൾ ഉള്ള ട്രെഡിഷൻ എന്താണ്? ഈ ചെക്ക് വാങ്ങിക്കുകയെന്നതാണ്. അവർ ആ പരിപാടി തുടർന്നുകൊണ്ടിരുന്നു. അങ്ങനെ വന്നപ്പോഴാണ് നമ്മൾ തിരിച്ചറിഞ്ഞ് ഇവരെ പിടിച്ചത്. ഇതിനെത്തുടർന്ന് ഇതിന്റെ ഗൂഢസംഘക്കാർ കേരളം വിട്ടുപോയി. അതിന്റെ പേരിൽ രണ്ടുപേരെ പിടിച്ചിട്ടുണ്ട്. എന്നാൽ ഇതിലെ മെയിൻ പ്രതികൾ ഇന്നും കേരളത്തിന് പുറത്തായതുകൊണ്ട് അവരെ extradite ചെയ്യുന്നതിനുള്ള നടപടികൾ പോലീസ് സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. അതാണ് അക്കാര്യം സംബന്ധിച്ച് പറയാനുള്ളത്. ഇവിടെ വെയ് ബ്രിഡ്ജുകൾ ചെക്ക്പോസ്റ്റുകളിൽ വയ്ക്കുന്നതിനെക്കുറിച്ച് പറഞ്ഞു. ശ്രീ. ആര്യാടൻ മുഹമ്മദ് സമിതിയിലെ അംഗമാണല്ലോ. ഞങ്ങളൊരുമിച്ച് ഈ ചെക്ക്പോസ്റ്റുകളെല്ലാം പോയി കണ്ട് സബ്ജക്ട് കമ്മിറ്റി കൂട്ടായി അംഗീകരിച്ചിട്ടുള്ള കാര്യമാണ് ഭൂ അടിസ്ഥാനത്തിലാണ് വേണ്ടതെന്നുള്ളത്. ശ്രീ. ആര്യാടൻ മുഹമ്മദ് തന്നെയാണ് പറഞ്ഞത് സർക്കാർ വെയ് ബ്രിഡ്ജ് സ്ഥാപിച്ച് നടപ്പാക്കിയാൽ ഒരാഴ്ച കഴിയുമ്പോൾ കേടാകും, റിപ്പയർ ചെയ്യില്ല, പിന്നെ കിടന്നുപോകും. അങ്ങനെ സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടിൽ റെക്കമെന്റ് ചെയ്തിട്ടുള്ളതാണ്. എന്നുവച്ചാൽ ചെക്ക്പോസ്റ്റ് റിഫോംസ് കഴിഞ്ഞ നാല് വർഷമായി നടന്നു വരുന്നത് സബ്ജക്ട് കമ്മിറ്റി എല്ലാ ചെക്ക്പോസ്റ്റുകളും പരിശോധിച്ച് കാലാകാലങ്ങളിൽ തരുന്ന നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിലാണ്. നികുതി വകുപ്പിന് എന്തെങ്കിലും ചെയ്യാനുള്ള ആഗ്രഹമുണ്ടെങ്കിൽ ഞങ്ങളത് സാധാരണഗതിയിൽ സബ്ജക്ട് കമ്മിറ്റിയിൽ വയ്ക്കും, ചർച്ച ചെയ്യും, അതിന്റെ അടിസ്ഥാനത്തിൽ ചെയ്യുന്നതാണ്. പക്ഷേ ചെക്ക് പോസ്റ്റുകളിൽ വെയ് ബ്രിഡ്ജുകൾ വേണ്ടത്ര ഫലപ്രദമായി പ്രവർത്തിക്കുന്നുവെന്ന് പറയാൻ കഴിയില്ല. കുമിളിയിൽ ഞാൻ അസംബ്ലിയിൽ പറഞ്ഞതുപോലെതന്നെ പ്രവർത്തിക്കുന്നില്ല. അതിന് ചില പ്രശ്നങ്ങളുണ്ട്. അത് ഞങ്ങൾ പ്രായോഗികമായി പരിഹരിക്കാൻ ശ്രമിക്കുകയാണ്. സത്യം എന്താണ്? ഇവർക്ക് നിഷേധിക്കാൻ കഴിയില്ല. അവരുടെ കാലത്താണ് 50 ശതമാനം മൊത്തം ചെലവ് എല്ലാംകൂടി വർദ്ധിച്ചപ്പോൾ ഇരട്ടിയിലേറെയായി കൂടുന്നു. അതിൽതന്നെ മൂലധനച്ചെലവ് കൂടുന്നു, പദ്ധതി ചെലവ് കൂടുന്നു. ഈ രീതിയിൽ ആനുകൂല്യങ്ങൾ നൽകിയിട്ടുള്ള ഏതെങ്കിലും കാലമുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

അപ്പോൾ എന്തെങ്കിലുമൊരു പുകമറ സൃഷ്ടിക്കാൻവേണ്ടിയുള്ള ബഹളത്തി നപ്പുറത്തേയ്ക്കൊരു അർത്ഥമില്ല. ഈ ആരോപണങ്ങളൊക്കെ ഞാൻ പാടേ തള്ളിക്കളയുന്നു. സപ്ലിമെന്ററി ഡിമാന്റ് പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: സ്റ്റേഷനറിയും അച്ചടിയും മറ്റു ഭരണപരമായ സർവ്വീസുകളും എന്ന XIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 22,50,00,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ.......

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു ; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്ക്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 2,08,73,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ.......

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു ; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

നഗരവികസനം എന്ന XXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 5,00,00,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ.......

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു ; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1,00,23,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ.......

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു ; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

സാമൂഹിക വികസനം എന്ന XXXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 42,79,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ.......

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു ; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

തൊഴിലും തൊഴിലാളിക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 10,00,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ.......

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു ; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 7,02,45,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ.......

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു ; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 14,31,00,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ.......

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു ; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

മൽസ്യബന്ധനം എന്ന XXXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1,00,00,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ.......

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു ; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

വൈദ്യുത പദ്ധതികൾ എന്ന XXXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 2000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ.......

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു ; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ചർച്ച കൂടാതെ പാസ്സാക്കേണ്ട ഉപധനാഭ്യർത്ഥനകൾ

നീതിന്യായനിർവ്വഹണം എന്ന III-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 7,64,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ.......

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു ; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

കാർഷികാദായനികുതിയും വിൽപ്പന നികുതിയും എന്ന V-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 4,31,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ.......

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു ; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

പെൻഷനും പലവകയും എന്ന XVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 10,10,00,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ.......

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു ; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

നഷ്ടപരിഹാരവും അവകാശകൈമാറ്റവും എന്ന XLIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 92,77,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ.......

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു ; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ഓർഡർ....ഓർഡർ....സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8-30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2010 ഡിസംബർ മാസം 29-ാം തീയതി ബുധനാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിലേയ്ക്കായി സഭ വൈകുന്നേരം 4.44-ന് പിരിഞ്ഞു.)

LIBRARY ARCHIVES Kerala Legislative Assembly